# പ്രവാചക സന്ദേശം

## (പഴയനിയമ പ്രവാചകന്മാർ – ഒരു പഠനം)

(Malayalam)

---

**PRAVAJAKA SANDESAM**

(Old Testament Prophets - A Study)

**Fr. V. M. James** M.A., B.D., M. Th.

Mount Horeb Asram, St. Besil Bible School,

Sasthamcotta

| | | |
|---|---|---|
| Published by | : | **Divyabodhanam Publications**<br>Orthodox Seminary, P.B. 98, Kottayam |
| First Published | : | February 1987 |
| Second Edition | : | August 2003 |
Copyright reserved
| | | |
|---|---|---|
| Number of copies | : | 3000 |
| Available at | : | Orthodox Seminary and Other Christian Bookshops. |
| D.T.P. | : | Sophia Print House, Kottayam Ph. 2303237 |
| Printed at | : | Catholicate Press, Devalokam |

Price: **Rs. 40/-**

ദിവ്യബോധനം ഗ്രന്ഥാവലി – 13


# പ്രവാചക സന്ദേശം

## (പഴയനിയമ പ്രവാചകന്മാർ – ഒരു പഠനം)

ഫാ. വി. എം. ജയിംസ്

ദിവ്യബോധനം പബ്ലിക്കേഷൻസ്
സോഫിയാ സെന്റർ
ഓർത്തഡോക്സ് സെമിനാരി
കോട്ടയം – 686 001

വില: 40.00



## റവ. ഫാ. വി. എം. ജെയിംസ്

കൊല്ലം ഭദ്രാസനത്തിൽ വൈദികനായി പ്രവർത്തിക്കുന്നു.
ശാസ്താംകോട്ട മൗണ്ട് ഹോറേബ് ആശ്രമാംഗം.
കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് ധനതത്വശാസ്ത്രത്തിൽ
എം. എ. ബിരുദവും സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന്
ബി. ഡി., എം. റ്റി. എച്ച്. എന്നീ വേദശാസ്ത്രബിരുദങ്ങളും
കരസ്ഥമാക്കി.
ശാസ്താംകോട്ട സെന്റ് ബേസിൽ
ബൈബിൾ സ്കൂൾ & ഓറിയന്റേഷൻ സെന്ററിന്റെ ഡയറക്ടർ.

# പ്രസ്താവന

വാത്സല്യമുള്ളവരേ,

അളവറ്റ ദൈവകൃപയാൽ, 'ദിവ്യബോധനം' പരിപാടിയുടെ പ്രഥമഘട്ടം, ഞങ്ങളുദ്ദേശിച്ചതിലധികം വിജയകരമായി പര്യവസാനിച്ചിരിക്കുന്നു. നമ്മുടെ വിശ്വാസ സംബന്ധമായ പത്തു പാഠപുസ്തകങ്ങൾ എഴുതിയുണ്ടാക്കി പ്രസിദ്ധീകരിച്ചു എന്നുള്ളത് തന്നെ ഒരു വലിയ നേട്ടമാണ്.

1984 -ൽ മാത്രം ആരംഭിച്ച ഈ പരിപാടിയിൽ 49 കേന്ദ്രങ്ങൾ പ്രവർത്തിച്ചു. 230 സ്ത്രീകളും 210 പുരുഷന്മാരും പഠിച്ചു. മുഴുവൻ കോഴ്സ് (10 വിഷയങ്ങൾ) പൂർത്തിയാക്കിയവർക്ക് 1986 ആഗസ്റ്റ് 9-ാം തീയതി യോഗ്യതാ സർട്ടിഫിക്കറ്റുകളും പരിശുദ്ധ ബാവാ തിരുമനസു കൊണ്ട് നൽകി.

ഇനി രണ്ടാം ഘട്ടം ആരംഭിച്ചിരിക്കുകയാണ്. പ്രാഥമിക പഠനത്തിനുള്ള രണ്ടാമത്തെ ബാച്ചിലേക്ക് വിദ്യാർത്ഥീ - വിദ്യാർത്ഥിനികളെ സ്വീകരിക്കുന്നതു കൂടാതെ, ആദ്യഘട്ടം പൂർത്തിയാക്കിയവർക്കു വേണ്ടിയുള്ള പുതിയ കോഴ്സുകൾ ആരംഭിക്കുന്നു.

സഭാവിശ്വാസത്തിൽ സഭാംഗങ്ങൾക്കുള്ള അറിവിനെ ആഴപ്പെടുത്തുകയാണ് രണ്ടാം ഘട്ടത്തിന്റേയും ഉദ്ദേശ്യം. സാമാന്യം വിദ്യാഭ്യാസമുള്ള എല്ലാ മാതാപിതാക്കന്മാർക്കും യുവജനങ്ങൾക്കും ഇത് ഒരു പോലെ പ്രയോജനകരമായിരിക്കും. സൺഡേസ്ക്കൂൾ അദ്ധ്യാപകർക്ക് ഈ പഠനം ഒരു പ്രാഥമിക ആവശ്യം തന്നെയാണ്.

കുറെ കൊല്ലങ്ങൾ കൊണ്ട് പതിനായിരക്കണക്കിനാളുകൾ ഈ പഠന പദ്ധതി പൂർത്തിയാക്കുമെന്നും, അങ്ങനെ സഭാംഗങ്ങളുടെ പൊതുവേയുള്ള വിശ്വാസജീവിതത്തിനു വലിയ പുരോഗതിയുണ്ടാകുമെന്നുമാണു ഞങ്ങളുടെ പ്രത്യാശ. ക്രിസ്തുവിന്റെ മനഷ്യാവതാരത്തിൽ പ്രത്യക്ഷപ്പെട്ട ദൈവസ്നേഹത്തെ ആഴമായറിഞ്ഞ്, ആ സ്നേഹത്തിൽ വേരൂന്നി വളർന്നു ജീവിപ്പാൻ ഈ പുസ്തകങ്ങൾ പരിശുദ്ധാത്മ കൃപയാൽ അനേകർക്ക് ഉപകരണങ്ങളായിത്തീരട്ടെ, ദൈവം തമ്പുരാൻ നിങ്ങളെ ഏവരേയും വാഴ്ത്തി അനുഗ്രഹിക്കുമാറാകട്ടെ.

**ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്**
പ്രസിഡന്റ്, ദിവ്യബോധനം

കോട്ടയം
പരിശുദ്ധ തോമാശ്ലീഹായുടെ ദുഖ്റോനൊപ്പെരുന്നാൾ
ജൂലൈ 2, 1986

# പ്രസാധകക്കുറിപ്പ്

**ദി**വ്യബോധനം ഗ്രന്ഥാവലിയിൽ 13 -ാമത്തെ ഗ്രന്ഥമായ 'പ്രവാചക സന്ദേശം' പുനപ്രസിദ്ധീകരിക്കുകയാണ്. മോശ മുതൽ മലാഖി വരെയുള്ള പഴയനിയമകാല പ്രവാചകന്മാരുടെ ജീവിതം, ആദർശം, വ്യക്തിത്വം, സന്ദേശം, ദൈവദർശനം എന്നിവയിലേക്കു വെളിച്ചം വീശുന്ന ഈ ഗ്രന്ഥം ആധുനികകാലഘട്ടത്തിലെ പഴയനിയമ പഠനത്തിൽ വളരെ പ്രയോജനം ചെയ്യുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. പുതിയ യിസ്രായേലാകുന്ന സഭയിൽ വചനം ജഡരൂപത്തിൽ അവതരിപ്പിച്ച യേശുക്രിസ്തുവിന്റെ പ്രവാചകദൗത്യം നിറവേറ്റുന്നതിൽ സഭാംഗങ്ങളെ സഹായിക്കാൻ ഈ ഗ്രന്ഥപഠനം സഹായകമാകുമെന്നു കരുതുന്നു.

ബൃഹത്തായ പഴയനിയമ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളുന്ന സന്ദേശം സംക്ഷിപ്തമായി തയ്യാറാക്കി അവതരിപ്പിക്കുന്നതിൽ ഗ്രന്ഥകാരന്റെ പരിശ്രമം അഭിനന്ദനമർഹിക്കുന്നു. ബ. വി. എം. ജെയിംസ് അച്ചൻ കൂടുതൽ ഈടുറ്റ ഗ്രന്ഥങ്ങൾ ഇനിയും രചിക്കുവാൻ ഇടയാകട്ടെ എന്ന് ആശംസിക്കുന്നു.

ഈ വിഷയം ഒരു ഗ്രന്ഥരൂപത്തിൽ അവതരിപ്പിക്കുന്നതിനു ഗ്രന്ഥകാരനെ സഹായിക്കുന്നതിൽ ദിവ്യബോധനം ഡയറക്ടറും സണ്ടേസ്കൂൾ ഡയറക്ടർ ജനറലുമായ ബഹു. ജോഷ്വാ അച്ചൻ വളരെ കാര്യമായ പങ്കു വഹിച്ചിട്ടുണ്ട്. സെമിനാരിയിലെ പഴയനിയമത്തിലെ പ്രൊഫസ്സറായ ബ. ഡോ. കെ. എ. ജോർജ്ജ് ശെമ്മാശന്റെ വിദഗ്ദ്ധോപദേശം ഈ ഗ്രന്ഥത്തിനു മാറ്റു കൂട്ടിയിട്ടുണ്ട്. ഇവരോടുള്ള കടപ്പാടു രേഖപ്പെടുത്തുന്നു.

ദിവ്യബോധനം പ്രവർത്തനങ്ങൾക്കു നിർലോപമായ അനുഗ്രഹാശ്ശിസ്സുകൾ നൽകിക്കൊണ്ടിരിക്കുന്ന ഈ പ്രസ്ഥാനത്തിന്റെ രക്ഷാധികാരി കൂടിയായിരിക്കുന്ന പ. മോറാൻ മാർ ബസ്സേലിയോസ്സ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനിയോടുള്ള വിധേയത്വവും ആദരവും വിനയപുരസരം സമർപ്പിക്കുന്നു. ഈ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ മേൽനോട്ടം വഹിക്കുന്ന പ്രസ്ഥാനം പ്രസിഡണ്ടും സെമിനാരി പ്രിൻസിപ്പലുമായ റവ. ഡോ. കെ. എം. ജോർജ്ജച്ചൻ, ഡയറക്ടർ റവ. ഫാ. റ്റി. ജെ. ജോഷ്വാ, വൈസ് പ്രസിഡണ്ട് റവ. ഫാ ജേക്കബ് കുര്യൻ, രജിസ്ട്രാർ റവ. ഫാ. ഡോ. ജോൺ പണിക്കർ, കോ-ഓർഡിനേറ്റർ റവ. ഫാ. ജേക്കബ് മാത്യു, സെൻട്രൽ ഓർഗനൈസർ പ്രൊഫ. വർഗീസ് മാത്യു എന്നിവരടങ്ങുന്ന ദിവ്യബോധനം കേന്ദ്രകമ്മിറ്റിയാണ് ഈ പ്രസ്ഥാനത്തിന്റെ അനുദിനപ്രവർത്തനങ്ങളെ നിയന്ത്രിച്ചു നടത്തിവരുന്നത്. വൈദികസെമിനാരിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ഈ

പദ്ധതിയുടെ പഠനനിലവാരത്തിന്റെ ഉത്തരവാദിത്വം സെമിനാരി ഫാക്കൽട്ടി യിൽ നിക്ഷിപ്തമാണ്. പ്രാദേശികതലത്തിലും യൂണിറ്റു തലത്തിലും പല അദ്ധ്യാപകരും സംഘാടകരും ഈ പ്രസ്ഥാനത്തിന്റെ നടത്തിപ്പിനായി പ്രവർത്തിക്കുന്നുണ്ട്. അവർക്കെല്ലാം പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ദിവ്യബോധനം പദ്ധതിയുടെ ജീവനാഡിയായി ആരംഭം മുതൽ പ്രവർത്തിച്ച കോ-ഓർഡിനേറ്റർ റവ. ഫാ. സി. സി. ചെറിയാനച്ചനോ ടുള്ള കൃതജ്ഞത നിസ്സീമമാണ്.

ഈ ഗ്രന്ഥത്തിന്റെ ഡി. റ്റി. പി. ഭംഗിയായി ചെയ്തു തന്ന സോഫിയാ പ്രിന്റു ഹൗസിനും അച്ചടി വളരെ ഭംഗിയായും കൃത്യമായും നിർവഹിച്ച കാതോലിക്കേറ്റ് പ്രസിനും നന്ദി.

സർവോപരി, സകല നന്മകൾക്കും കാരണഭൂതനായ സർവശക്തനായ ദൈവത്തിനു സ്തുതി അർപ്പിച്ചുകൊണ്ട് ഈ ഗ്രന്ഥം കൂടി ദിവ്യബോധനം ഗ്രന്ഥാവലിയിൽ പ്രസിദ്ധീകരിക്കുന്നു.

ദിവ്യബോധനം കേന്ദ്രകമ്മിറ്റിക്കു വേണ്ടി

**ഫാ. ജേക്കബ് മാത്യു**
(കോ-ഓർഡിനേറ്റർ)

വാങ്ങിപ്പുപെരുന്നാൾ
15 - 08 - 2003

# വാങ്മുഖം

ഭാഗികമായി പ്രവാചകന്മാർ വെളിപ്പെടുത്തിയ ദൈവത്തെ, പുത്രൻ തമ്പുരാൻ പൂർണ്ണമായി വെളിപ്പെടുത്തി. പഴയനിയമ പ്രവചന പശ്ചാത്തലത്തിൽ നിന്നുകൊണ്ടു മാത്രമേ ക്രിസ്തുവിനെക്കുറിച്ചു പൂർണ്ണമായി ഗ്രഹിക്കുവാൻ സാധിക്കുകയുള്ളൂ. ആകയാൽ പഴയനിയമ പ്രവാചകന്മാരെയും അവരുടെ പ്രബോധനങ്ങളെയും ശരിയായി പഠിക്കേണ്ടിയിരിക്കുന്നു. അതിനുള്ള ഒരു ചെറിയ ശ്രമമത്രേ 'പ്രവാചക സന്ദേശം.'

മോശ, ശമുവേൽ, ഏലിയാവ്, ഏലിശ, യെശയ്യാവ്, യിരെമ്യാവ്, യെഹെസ്കേൽ, ദാനിയേൽ, ഹോശേയ, യോവേൽ, ആമോസ്, ഓബദ്യാവ്, യോനാ, മീഖാ, നാഹൂം, ഹബക്കുക്, സെഫന്യാവ്, ഹഗായി, സെഖര്യാവ്, മലാഖി എന്നീ പ്രവാചകന്മാരെക്കുറിച്ച് 24 പാഠങ്ങളിലായി ചുരുക്കമായി മാത്രം പ്രതിപാദിച്ചിരിക്കുന്നു. കാലക്രമമനുസരിച്ചാണു പ്രവാചകന്മാരെക്കുറിച്ച് പരിഗണിച്ചിട്ടുള്ളത്. എന്നാൽ കാലത്തെ സംബന്ധിച്ച് പണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസങ്ങൾ നിലനിൽക്കുന്നു. അറിവിന്റെയും സ്ഥലത്തിന്റെയും പരിമിതി മൂലം എല്ലാക്കാര്യങ്ങളും പൂർണ്ണമായി ഇവിടെ സ്പർശിക്കുവാൻ കഴിഞ്ഞിട്ടില്ല.

ദൈവത്തിന്റെ അരുളപ്പാടുകൾ കാലാകാലങ്ങളിൽ അറിയിപ്പാൻ ദൈവത്താൽ നിയോഗിക്കപ്പെട്ടവരാണ് പ്രവാചകന്മാർ (എബ്രാ. 1:1). എന്തെല്ലാം കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടി വന്നിട്ടും അവർ അവരുടെ ധർമ്മങ്ങളിൽ നിന്നും പിൻമാറാതെ പ്രവർത്തിച്ചു. ഉടമ്പടി ലംഘിച്ച് ദൈവത്തിൽ നിന്നും അകന്ന സ്വന്തജാതിയെ ദൈവം സ്വീകരിപ്പാൻ തക്കവണ്ണം അനുതാപത്തിന്റെ പ്രധാന സന്ദേശം എല്ലാവരും മുഴക്കി. അനുതാപത്തിന്റെ രണ്ടു വശങ്ങളായി വിശുദ്ധിയേയും നീതിപ്രവർത്തികളേയും ചൂണ്ടിക്കാട്ടി. ആരാധനാജീവിതത്തിലൂടെ ദൈവസ്നേഹത്തെക്കുറിച്ചും സൽപ്രവർത്തികളിലൂടെ മനുഷ്യസ്നേഹത്തെക്കുറിച്ചും പഠിപ്പിച്ചു. ചരിത്രസംഭവങ്ങൾ ചൂണ്ടിക്കാണിച്ചും ശിക്ഷയിലൂടെ രക്ഷിക്കുന്ന ദൈവത്തെക്കുറിച്ചും ചരിത്രത്തിൽ പ്രവർത്തിക്കുന്ന ദൈവത്തെക്കുറിച്ചും ബോദ്ധ്യപ്പെടുത്തി. ദൈവികജീവിതത്തിൽ കഷ്ടതയ്ക്കുള്ള പ്രാധാന്യവും അതു സഹിക്കുന്നവർക്കു ദൈവതേജസ്സിലുള്ള പങ്കിനെക്കുറിച്ചും അവർ പ്രഘോഷിച്ചു. ഇപ്രകാരം ശ്രേഷ്ഠതരമായ സന്ദേശവാഹികളായ പ്രവാചകന്മാരെക്കുറിച്ചു പഠിച്ച് പ്രചോദനമുൾക്കൊണ്ട് ദൈവതേജസ്സിൽ പങ്കാളികളാകുവാൻ എല്ലാവർക്കും ഇടയാകണം.

'പ്രവാചകസന്ദേശ' രചനയിൽ വേണ്ടതായ മാർഗനിർദ്ദേശം നൽകിയ എന്റെ പ്രിയപ്പെട്ട ഗുരു ബ. ഡോക്ടർ കെ. എ. ജോർജ് ശെമ്മാശനോടുള്ള നന്ദിയും കടമയും രേഖപ്പെടുത്തുന്നു. ഇതൊരു പുസ്തകമായി

ത്തീരുവാൻ ഇടയായത് ബ. ജോഷ്വാച്ചന്റെ സഹായത്താലും സഹകരണത്താലുമാണ്. കയ്യെഴുത്തുപ്രതി മുഴുവൻ വായിച്ച് ആശയവും ഭാഷയും തിരുത്തുവാൻ അച്ചൻ വളരെ ത്യാഗം എടുത്തു. ബ. അച്ചനോടുള്ള നന്ദിയും വലുതാണ്. പ്രോത്സാഹനം തന്ന ദിവ്യബോധന പാഠപദ്ധതിയുടെ എല്ലാ പ്രവർത്തകരോടുമുള്ള നന്ദിയും അറിയിക്കുന്നു.

എല്ലാറ്റിലും ഉപരി ഇതിന് ഇടയാക്കിത്തീർത്ത സർവ്വശക്തനായ ദൈവത്തെ മഹത്വപ്പെടുത്തുന്നു. പ്രവാചകസന്ദേശത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് ദൈവമഹത്വത്തിൽ പങ്കുചേരാൻ ദിവ്യബോധന പഠിതാക്കൾക്കും മറ്റു വായനക്കാർക്കും ദൈവം സംഗതിയാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടും പ്രത്യാശിച്ചുകൊണ്ടും വിനയപൂർവ്വം ഇതു സമർപ്പിക്കുന്നു.

**ഫാ. വി. എം. ജയിംസ്**

കൊല്ലം, മായൽത്തൊ.
2 - 2 - 87

# ഉള്ളടക്കം


| | | | |
|---|---|---|---|
| പ്രസ്താവന | | | 5 |
| പ്രസാധകക്കുറിപ്പ് | | | 6 |
| വാങ്മുഖം | | | 8 |

യൂണിറ്റ് 1

**പ്രവാചകസന്ദേശത്തിന് ഒരു ആമുഖം**

| | | | |
|---|---|---|---|
| പാഠം | 1. | പ്രവാചകന്മാരും പ്രവചനങ്ങളും | 12 |
| | 2. | യിസ്രായേലിലെ പ്രവചനചരിത്രം | 18 |
| | 3. | പ്രവാചക പദവികളും ധർമ്മങ്ങളും | 22 |
| | 4. | പ്രവാചകന്മാരോടുള്ള പ്രതികരണം | 29 |
| | 5. | പ്രവാചകന്മാരുടെ കാലം | 32 |
| | 6. | പ്രവചനങ്ങളിലെ മുന്തിയ ചിന്തകൾ | 42 |

യൂണിറ്റ് 2

**മോശ മുതൽ ഏലിശാ വരെ**

| | | | |
|---|---|---|---|
| പാഠം | 1. | പ്രവാചകന്മാരിൽ പ്രമുഖനായ മോശ | 46 |
| | 2. | മോശയുടെ ദൈവദർശനം | 50 |
| | 3. | ശമുവേൽ | 54 |
| | 4. | ഏലിയാവ് | 59 |
| | 5. | ദൈവത്തിന്റെ പ്രതിനിധിയും യിസ്രായേലിന്റെ പ്രത്യാശയുമായ താപസശ്രേഷ്ഠൻ | 64 |
| | 6. | ഏലിശാ | 68 |

യൂണിറ്റ് 3

**ആമോസ് മുതൽ യെഹസ്കേൽ വരെ**

| | | | |
|---|---|---|---|
| പാഠം | 1. | ആമോസും ഹോശേയായും | 73 |
| | 2. | യെശയ്യാവ് | 79 |
| | 3. | മീഖാ, നാഹും | 85 |
| | 4. | ഹബക്കുക്ക്, സെഫന്യാവ് | 90 |

5. യിരെമ്യാവ് 95
6. യെഹസ്ക്കേൽ 101

## യൂണിറ്റ് 4
## യെശയ്യാവ് (II) മുതൽ ദാനിയേൽ വരെ

പാഠം 1. യെശയ്യാവ് രണ്ടാമൻ 108
2. ഹഗ്ഗായി – സെഖര്യാവ് ഒന്നാമൻ 113
3. യെശയ്യാവ്, ഓബദ്യാവ് 119
4. മലാഖി, സെഖര്യാവ് രണ്ടാമൻ 124
5. യോവേൽ, യോനാ 129
6. ദാനിയേൽ 135

# യൂണിറ്റ് 1

# പ്രവാചകസന്ദേശത്തിന് ഒരു ആമുഖം

## പാഠം 1

## പ്രവാചകന്മാരും പ്രവചനങ്ങളും

❑ പ്രവാചകന്മാർ ❑ പ്രവാചകസമൂഹം ❑ പ്രവാചകൻ എന്ന പദം ❑ പ്രവാചക വിളി ❑ പ്രവചനം യിസ്രായേലിലും അയൽ സംസ്ക്കാരങ്ങളിലും

ദൈവം മനുഷ്യനെ സൃഷ്ടിയുടെ മകുടമായി തേജസ്സും ബഹുമാനവും അണിയിച്ച് (സങ്കീ. 8:4) ദൈവരൂപത്തിലും സാദൃശ്യത്തിലും (ഉല്പ. 1:26, 27) സൃഷ്ടിച്ചു. അഹങ്കാരം മൂലം വീണുപോയ (യെശ. 4:12-15) മാലാഖമാരുടെ പൈശാചികപ്രേരണയാലും ദൈവദത്തമായ സ്വാതന്ത്ര്യത്തിന്റെ സ്വാർത്ഥപരമായ ദുർവിനിയോഗം മൂലവും മനുഷ്യൻ ദൈവത്തിൽ നിന്ന് അകലുകയും തന്മൂലം നമ്മിലുള്ള ദൈവരൂപത്തിനു കോട്ടം സംഭവിക്കുകയും ചെയ്തു. ദൈവത്തിൽ നിന്നും അകന്ന മനുഷ്യൻ തമ്മിൽ തമ്മിലും അകന്നു. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം പുതുക്കുവാനും മനുഷ്യനെ പരസ്പരം നിരപ്പിക്കുവാനും ജനതകൾക്കു പ്രകാശവും മാതൃകയുമാകുവാനുമായി ദൈവം ഇസ്രായേലിനെ ഒരു പ്രത്യേക സമൂഹമായി വിളിച്ചു; ദൈവത്തോടുള്ള ബന്ധത്തിൽ നിലനില്ക്കുവാനും തന്മൂലം ലഭിക്കുന്ന കൃപയിലൂടെ വിശുദ്ധിയിലൂടെയും നന്മയിലൂടെയും ദൈവതേജസ്സിലേക്ക് വളരുവാനുമായി തെരഞ്ഞെടുത്തു. പിതാക്കന്മാർ, പ്രവാചകന്മാർ, വിജ്ഞാനികൾ എന്നിവർ മുഖാന്തിരമായി അവരെ വഴിനടത്തി.

### പ്രവാചകന്മാർ

യഹൂദമത ചരിത്രത്തിൽ പ്രവാചകന്മാരുടെ സ്ഥാനം അതിശ്രേഷ്ഠമാണ്. പിതാവാം ദൈവത്തിന്റെ വചനമായ പുത്രൻ തമ്പുരാന്റെ മനുഷ്യാവതാരത്തിന് മുമ്പ് ദൈവതേജസ്സ് ലോകത്തിനു പ്രധാനമായും വ്യക്തമായും വെളിപ്പെടുത്തിയിട്ടുള്ളത് പ്രവാചകന്മാരാണ്. 'ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധം വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തിരം പിതാക്കന്മാരോട് അരുളിച്ചെയ്തിട്ട് ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോടു അരുളിച്ചെയ്തിരിക്കുന്നു' (എബ്രാ. 1:1).

യഹൂദന്മാർ സത്യദൈവത്തെ മറന്ന് സാമുദായികവും മതപരവുമായി

അധഃപതിച്ചു ജീവിച്ചപ്പോൾ അവർക്ക് ദൈവഹിതം വെളിപ്പെടുത്തി സത്യ ദൈവത്തിലേക്ക് തിരിക്കുവാൻ പരിശ്രമിച്ചവരത്രേ പ്രവാചകന്മാർ. ക്രി. മു. 8-ാം നൂറ്റാണ്ടിനു ശേഷമാണ് പ്രവാചകപുസ്തകങ്ങൾ രചിക്കപ്പെട്ട തെങ്കിലും അതിനു മുമ്പുതന്നെ പ്രവചനവരം ലഭിച്ചിരുന്നവർ ഉണ്ടായി രുന്നു. അബ്രാഹാം (ഉല്പ. 20:7), മോശ (ആവ. 34:12; ഹോശ. 12:13), അഹറോൻ (പുറ. 7:1), നാഥാൻ (2 ശമു. 7:2), ഗാദ്ദ് (2 ശമു. 24:11), അഹീയാ (1 രാജാ. 11:29) തുടങ്ങിയവർ ഇങ്ങനെയുള്ളവർ ആയിരുന്നു. മിറിയാമ്മും (പുറ. 15:20) ദബോറായും (ന്യായാ. 4:4) പ്രവാചകിമാരായിരുന്നു. രാജാ ക്കന്മാരുടെ കാലത്തുണ്ടായിരുന്നതിൽ പ്രധാനപ്പെട്ട മൂന്നു പ്രവാചകന്മാ രായിരുന്നു ശമുവേലും, ഏലിയാവും, ഏലിശായും. അഹിയാവ് (1 രാജാ. 14:18), മിഖിയാവ് (1 രാജാ. 22:8) ഇവർ ഗ്രന്ഥങ്ങൾ രചിച്ചിട്ടില്ലെങ്കിലും രാഷ്ട്രീയവും സാമുദായികവും മതപരവുമായ കാര്യങ്ങൾക്ക് ഒരു ദൈവിക നില കൈവരുത്തുന്നതിന് തീക്ഷ്ണതയോടെ പ്രവർത്തിച്ചവരത്രേ. രാജ കീയ വാഴ്ചയോടു കൂടിയാണ് എബ്രായരുടെ ഇടയിൽ പ്രവചനപ്രസ്ഥാ നത്തിനു പ്രാധാന്യമുണ്ടായത്. ഇസ്രായേലിലെ ആദ്യ രാജാവായ ശൗലിനെ രാജാവായി അഭിഷേകം ചെയ്യുന്നതിൽ ശമുവേൽ പ്രവാചകന്റെ പങ്കും തുടർന്നുള്ള പാരമ്പര്യവും ഈ പ്രസ്ഥാനത്തിന്റെ പ്രാധാന്യത്തിനും നിലനില്പിനും പ്രോത്സാഹനത്തിനും കാരണമായിരിക്കണം.

### പ്രവാചകസമൂഹം

പ്രവാചകസമൂഹം ഒരു പ്രസ്ഥാനമായി രൂപംകൊള്ളുന്നതിനു മുമ്പ് മോശയുടെ കാലത്ത് പാളയത്തിൽ എഴുപതു പ്രവാചകന്മാരുടെ ഒരു സംഘത്തെക്കുറിച്ച് നാം വായിക്കുന്നുണ്ട് (സംഖ്യാ. 11:24-26). ശമുവേൽ പ്രവാചകന്റെ കാലത്ത് പ്രവാചകന്മാരുടെ സംഖ്യ വളരെ വർദ്ധിച്ചുവന്നു. അന്നുമുതൽ പ്രവാചകന്മാർ അവരുടെ ശിഷ്യന്മാരുമായി ഒരുമിച്ചു താമ സിച്ചതായി പരാമർശമുണ്ട്. അവരെയെല്ലാം ഒരു പ്രവാചകസമൂഹമായി (Prophetic guild) അവർക്കുവേണ്ട പരിശീലനങ്ങൾ ശമുവേൽ നൽകിയി രുന്നു. ഏലിശാ പ്രവാചകന്റെ കാലത്ത് ഇങ്ങനെയുള്ളവരെ കാണുന്നുണ്ട്. ഇപ്രകാരമുള്ള സമൂഹങ്ങൾ രാമ (1 ശമു. 19:19), ബെഥേൽ (2 രാജാ. 2:3), യറീഹോ (2 രാജാ. 2:5), ഗിൽഗാൽ (2 രാജാ. 4:38) എന്നീ സ്ഥലങ്ങളിൽ ഉണ്ടായിരുന്നു. പ്രവാചകനെ 'ഗുരു'വെന്നും (1 ശമു. 10:12) 'യജമാന' നെന്നും (2 രാജാ. 2:3, 5) പ്രവാചകസമൂഹത്തിൽപ്പെട്ടവരെ പ്രവാചകശി ഷ്യന്മാരെന്നും (2 രാജാ. 2:3, 5) സാധാരണയായി വിളിച്ചിരുന്നു. പഠനം, പ്രബോധനം ഇവയായിരുന്നു ഇവരുടെ പ്രധാന ജോലി. പിൽക്കാലത്ത്, ഉപജീവനമാർഗമായി കരുതി പലരും ഈ സമൂഹത്തിൽ ചേരുവാനിട യായതോടു കൂടി ഈ പ്രസ്ഥാനം ദുഷിക്കുവാനിടയായി. ഈ പശ്ചാത്ത ലത്തിലാണ് അമസ്യാ പുരോഹിതൻ ആമോസ്സിനെ നോക്കുന്നത്; 'എടോ

ദർശകാ യഹൂദാ ദേശത്തിലേക്ക് ഓടിപ്പൊയ്ക്കൊൾക; അവിടെ പ്രവചിച്ച് അഹോവൃത്തി കഴിച്ചുകൊൾക' (ആമോ. 7:12). താൻ അത്തരത്തിൽ പ്രവചനം ജീവിതമാർഗ്ഗമാക്കിയവരുടെ കൂട്ടത്തിൽപ്പെട്ടവനല്ല എന്നും ആമോസ് പ്രതിവചിച്ചു. 'ഞാൻ പ്രവാചകനുമല്ല. പ്രവാചകശിഷ്യനുമല്ല' (ആമോ. 7:14). രാജാക്കന്മാരെയും മറ്റ് അധികാരികളെയും പ്രീണിപ്പിച്ച് വ്യാജപ്രവചനം നടത്തിയിരുന്നവർ പല കൊട്ടാരങ്ങളിലും ഉണ്ടായിരുന്നു. ഇവർ സത്യദൈവത്തെ മറന്നു വിഗ്രഹങ്ങളെ സേവിച്ച് വിഗ്രഹാരാധനയെ പ്രോത്സാഹിപ്പിച്ചു. ഇങ്ങനെയുള്ളവരോടാണ് ഏലിയാ പ്രവാചകൻ പോരാടി അവരെ തോല്പിച്ച് യഹോവ തന്നെ സത്യദൈവം എന്നു കർമേൽ മലമേൽ വച്ചു ഘോഷിച്ചത് (1 രാജാ. 18:19-40).

## പ്രവാചകൻ എന്ന പദം

എബ്രായർ പ്രവാചകന്മാരെക്കുറിക്കുവാൻ നാലു പദങ്ങളാണ് ഉപയോഗിച്ചിരുന്നത്. (1) നാബി, (2) റോയേ, (3) ഹോസേ, (4) ഈഷ്എലോഹീം.

പ്രവാചകൻ എന്നതിനുള്ള എബ്രായപദം 300 പ്രാവശ്യത്തിലധികം പഴയനിയമത്തിൽ കാണപ്പെടുന്നു. 'നാബി' എന്ന എബ്രായ പദത്തിന് പ്രവാചകൻ എന്നർത്ഥം. ഇതിന്റെ സുറിയാനി പദം 'ന്ബീയോ' എന്നാണ്. നാബി എന്ന പദപ്രയോഗത്തിന്, മുമ്പ് ദർശകൻ എന്ന അർത്ഥത്തിൽ (1 ശമു. 9:9) 'റോയേ', 'ഹോസേ', എന്നീ പദങ്ങൾ മാറി മാറി ഉപയോഗിച്ചിരുന്നു (2 ശമു. 24:11; 2 രാജാ. 17:13; യെശ. 29:10; 30:9-10, മീഖ. 3:7; ആമോ. 7:12-14). ഏലിയാവ്, ഏലിശാ ഇവരെ സംബന്ധിച്ച് ദൈവമനുഷ്യൻ - ദൈവപുരുഷൻ ഈ അർത്ഥമുള്ള ഈഷ് ഏലോഹീം എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. ദൈവമനുഷ്യൻ എന്നതിന് ദൈവാത്മാവുള്ളവൻ എന്നാണർത്ഥം (1 ശമു. 9:9; ആമോ. 7:12-14). ഇവ വായിക്കുമ്പോൾ റോയേ, ഹോസേ, നാബി എന്നീ പേരുകൾ പര്യായങ്ങളായി തോന്നുമെങ്കിലും വാസ്തവത്തിൽ അത് പര്യായപദങ്ങളല്ല എന്നാണ് സൂക്ഷ്മപഠിതാക്കളുടെ അഭിപ്രായം. ധാതുക്കളുടെ അക്ഷരാർത്ഥം നോക്കിയിട്ടു റോയേ വസ്തുനിഷ്ഠമായ കാഴ്ചയേയും ഹോസേ സ്വപ്നം, ദർശനം ഇവയേയും കുറിക്കുന്നു എന്നതാണ് പണ്ഡിതമതം. ദൈവാത്മാവിൽ പ്രേരിതരായി ദൈവവചനം ഘോഷിക്കുന്നവർ എന്നയർത്ഥത്തിലാണ് നാബി എന്ന് ഉപയോഗിച്ചിരുന്നത്.

'നാബി' എന്ന പദത്തിന്, അക്കേദിയൻ, അറബി ഭാഷകളിലെ 'വിളിക്കുക' (to call), പ്രഖ്യാപിക്കുക (to announce) എന്നുള്ളതിന്റെ ധാതുവുമായി ബന്ധമുണ്ട് എന്നു കരുതപ്പെടുന്നു. അരുളപ്പാടു പ്രസ്താവിക്കുന്നവൻ (1 രാജാ. 22:8, 18) എന്നും, ഉറക്കെ ആവർത്തിച്ചു ശക്തമായി പറയുന്നവൻ (1 രാജാ. 18:29) എന്നുമുള്ള അർത്ഥത്തിലും നാബി എന്ന പദം

ഉപയോഗിച്ചിരിക്കുന്നു. അഹറോനെ മോശയുടെ പ്രവാചകൻ എന്നു വിളിക്കുന്നു (പുറ. 4; 15, 16:7; 1). ദൈവത്തിന്റെ ദൂതിനെ വിളിച്ചറിയിക്കുകയാണ് പ്രവാചകധർമ്മം (1 രാജാ. 21:17; ആമോ. 7:15; യെശ. 6:8–9; 40:1). പഴയനിയമ പ്രവാചകന്മാർ സത്യദൈവത്തിന്റെ പ്രതിനിധികളായി ദൈവഹിതം ഗ്രഹിച്ച് ദൈവത്തിന്റെ ആലോചനയും ഇഷ്ടവും നിർദ്ദേശവും ശാസനയും നേതാക്കന്മാരെയും സാധാരണജനങ്ങളേയും അറിയിക്കുന്നവരായി വർത്തിച്ചു; അറിയിക്കുവാനായി വിളിക്കപ്പെട്ടവരാണ് എന്ന ബോദ്ധ്യത്തിൽ ജീവിച്ചു.

## പ്രവാചകവിളി

ഒരു പ്രവാചകൻ – യഥാർത്ഥ പ്രവാചകനായിത്തീരുന്നത് സ്വന്തം കഴിവു കൊണ്ടോ, പ്രയത്നം കൊണ്ടോ അല്ല; പിന്നെയോ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടതു കൊണ്ടാണ്; ദൈവത്താൽ വിളിക്കപ്പെട്ടതു കൊണ്ടാണ്; ഒഴിഞ്ഞുമാറുവാൻ കഴിയാത്ത നിലയിൽ ദൈവത്താൽ പിടിക്കപ്പെട്ടതുകൊണ്ടത്രേ. ‘സിംഹം ഗർജിച്ചിരിക്കുന്നു. ആർ ഭയപ്പെടാതിരിക്കും? യഹോവയായ കർത്താവ് അരുളിച്ചെയ്തിരിക്കുന്നു: ആർ പ്രവചിക്കാതിരിക്കും?’ (ആമോ. 3:8) എന്നാണ് ആമോസ് ചോദിക്കുന്നത്. ആമോസ് അമസ്യാ പുരോഹിതനോട് ‘ഞാൻ പ്രവാചകനല്ല, പ്രവാചക ശിഷ്യനുമല്ല; ഇടയനും, കാട്ടത്തിപ്പഴം പെറുക്കുന്നവനും അത്രേ. ഞാൻ ആടുകളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ യഹോവ എന്നെ പിടിച്ചു; നീ ചെന്ന് എന്റെ ജനമായ യിസ്രായേലിനോട് പ്രവചിക്കുക എന്ന് യഹോവ എന്നോടു കല്പിച്ചു’ (ആമോ. 7:14, 15) എന്നു പറഞ്ഞു.

‘ഞാൻ ആരെ അയയ്ക്കേണ്ടു, ആർ നമുക്കുവേണ്ടി പോകും’ (യെശ. 6:8) എന്നുള്ള യഹോവയുടെ ചോദ്യത്തിനുത്തരമായിട്ടാണ് യെശയ്യാവിന്റെ പ്രവാചക പുറപ്പാട്. ‘ഞാൻ ഇനി അവനെ ഓർക്കുകയില്ല. അവന്റെ നാമത്തിൽ സംസാരിക്കുകയുമില്ല എന്നു പറഞ്ഞാലോ അത് എന്റെ അസ്ഥികളിൽ അടക്കപ്പെട്ടിട്ട് എന്റെ ഹൃദയത്തിൽ തീ കത്തുംപോലെ ഇരിക്കുന്നു’ (യിരമ്യാ. 20:9) എന്നത്രേ യിരമ്യാ പ്രവാചകന്റെ വാക്കുകൾ. മേലുദ്ധരിച്ചവയെല്ലാം പ്രവാചകന്മാരുടെ ദൈവവിളിയെക്കുറിച്ചുള്ള ബോദ്ധ്യത്തെ വെളിവാക്കുന്നവയാണ്. ‘യഹോവയുടെ അരുളപ്പാട് എനിക്കുണ്ടായതെന്തെന്നാൽ’ (യിരെ. 1:4) എന്നാണ് പ്രവാചകന്മാർ ഓരോരുത്തരും പ്രസ്താവിക്കുന്നത്. ദൈവത്തിൽ നിന്നും ലഭിച്ച പ്രേരണാശക്തി അവരുടെ ഉള്ളിൽ നിന്ന് അവരെ പ്രവാചക ദൗത്യത്തിനായി തള്ളിക്കൊണ്ടിരുന്നു. മറ്റുള്ളവരിൽ നിന്ന് നിന്ദയും പീഡയും സഹിക്കുന്നതിന് അത് അവരെ പ്രാപ്തരാക്കുകയും ചെയ്തു. യിരെമ്യാവിന്റെ വാക്കുകൾ അതിന് ഉദാഹരണമത്രേ. ‘യഹോവേ നീ എന്നെ സമ്മതിപ്പിക്കുകയും ഞാൻ സമ്മതിച്ചു

പോകയും ചെയ്തു. നീ ബലം പ്രയോഗിച്ചു ജയിച്ചിരിക്കുന്നു; ഞാൻ ഇട വിടാതെ പരിഹാസവിഷയമായിരിക്കുന്നു; എല്ലാവരും എന്നെ പരിഹസി ക്കുന്നു. സംസാരിക്കുമ്പോഴൊക്കെയും ഞാൻ നിലവിളിച്ച് സാഹസ ത്തെയും ബലാല്കാരത്തെയും കുറിച്ച് ആവലാതി പറയേണ്ടിവരുന്നു; അങ്ങനെ യഹോവയുടെ വചനം എനിക്ക് ഇടവിടാതെ നിന്ദയ്ക്കും പരി ഹാസത്തിനും ഹേതുവായിരിക്കുന്നു' (യിരെ. 20:7, 8).

പല പ്രവാചകന്മാരും തങ്ങളുടെ വിളിയിൽ നിന്ന് ഒഴിഞ്ഞുമാറുവാൻ പരിശ്രമിക്കുകയുണ്ടായി. തങ്ങൾ അനുഭവിക്കേണ്ട എതിർപ്പുകൾ സഹ നാതീതമാണെന്ന് അവർ ഭയപ്പെട്ടു. യെശയ്യാവ് തന്റെ ദർശനത്തിൽ ഭയന്നു വിറച്ചു (യെശ. 6:5). യിരമ്യാവ് താൻ സംസാരിപ്പാനറിഞ്ഞുകൂടാത്ത ഒരു ബാലനാണ് എന്നു പറഞ്ഞ് ഒഴിയാൻ പരിശ്രമിച്ചു (യിരെ. 1:6). യഹോവ യുടെ കൈ (യിരെ. 15:17, യെഹ. 1:3; 8:1) പ്രവാചകന്മാർക്കു ഭാരമായി ത്തോന്നി. നിനവയെക്കുറിച്ചു വിരോധമായി പ്രസംഗിക്കുന്നതിന് ഭയപ്പെട്ട് തർശിശിലേക്ക് യോന പോകുന്നു (യോന 1:1 മു). എന്നാൽ വിളിയെ നിഷേധിച്ചതിൽ അനുതപിച്ചു (യോനാ 2). ഒഴിഞ്ഞുമാറുവാൻ ശ്രമിച്ചതി ലേറെ ശക്തിയോടെ പ്രവാചകന്മാർ യഹോവയുടെ അരുളപ്പാടിനെ അറി യിച്ച് വിളിച്ച വിളിക്ക് വിശ്വസ്തരായി പ്രവർത്തിച്ചു. കാരണം 'പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനു ഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതത്രേ' (2 പത്രോ. 1:21).

## പ്രവചനം ഇസ്രായേലിലും അയൽ സംസ്ക്കാരങ്ങളിലും

പുരാതന ഇസ്രായേലിൽ മാത്രമല്ല പ്രവചനം കാണുന്നത്. ഇസ്രായേ ലിന്റെ അയൽസംസ്ക്കാരങ്ങളിലും ഈ പ്രതിഭാസം ഉണ്ടായിരുന്നതായി പഴയനിയമ വേദഗ്രന്ഥത്തിൽ നിന്നും പുരാവസ്തു ഗവേഷണത്തിൽ നിന്നും മനസ്സിലാക്കാം. മോവാബിലെ ബെയോറിന്റെ മകനായ ബിലയാ മിന് ദൈവാത്മപ്രേരണയാൽ ദർശനവും അരുളപ്പാടും ലഭിച്ചു (സംഖ്യ 24:2 മു.). കനാൻ ദേവനായ ബാലിന്റെ ഒരു വൃന്ദം പ്രവാചകന്മാരെ ആഹാബു രാജാവും ഇസബേൽ രാജ്ഞിയും ചേർന്നു സംരക്ഷിച്ചു (1 രാജാ. 18:19). ഫെലിസ്ത്യരുടെ ഇടയിൽ പ്രവാചകന്മാർ ഉണ്ടായിരുന്ന തായി യെശയ്യാവ് രേഖപ്പെടുത്തിയിട്ടുണ്ട് (യെശ. 2:6).

1933 -നു ശേഷം പുരാവസ്തു ഗവേഷകന്മാർ യുഫ്രട്ടീസ് നദിയുടെ സമീപം, ഇന്നത്തെ ഇറാക്കിന്റെ അതിർത്തിയിൽ സ്ഥിതിചെയ്തിരുന്ന പുരാതന നഗരമായ മാറിയിലെ രാജാവിന്റെ ഗ്രന്ഥശേഖരത്തിൽ നിന്ന് ഇരുപതിനായിരത്തോളം വരുന്ന ഫലകങ്ങൾ കണ്ടെടുത്തു. അവ ഏക ദേശം മൂവായിരത്തി എഴുനൂറു വർഷങ്ങൾ പഴക്കമുള്ളവ (ബി. സി. 1700)

എന്ന് സൂക്ഷ്മ പരിശോധനയിൽ തെളിഞ്ഞിട്ടുണ്ട്. ഇവയിൽ ഏറിയ പങ്കും പ്രവചനങ്ങളെ കുറിക്കുന്നവയായിരുന്നു. ഇവയിൽ അഞ്ച് എണ്ണം പ്രവാചകൻ രാജാവിനു നൽകിയ സന്ദേശത്തിന്റെ രൂപത്തിലാണ്. ദേവപ്രതിഷ്ഠയുടെ മുമ്പിൽ സാഷ്ഠാംഗപ്രണാമം ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് പ്രവാചകനു ദൈവദർശനവും അരുളപ്പാടും ലഭിക്കുന്നത്. അതിനുശേഷം പ്രവാചകൻ യാഗം കഴിക്കുന്നതായും അതിൽനിന്നും മനസ്സിലാക്കുന്നു. ഇസ്രായേൽ പ്രവാചകന്മാരുടെ യാഗത്തെപ്പറ്റി പഴയനിയമത്തിലുള്ള പരാമർശത്തിന് ഇതു കൂടുതൽ പ്രകാശം നല്കുന്നുണ്ട്. ശമുവേൽ പ്രവാചകന്റെ യാഗത്തെക്കുറിച്ചും (1 ശമു. 9:14 മു) കർമ്മേൽ മലയിൽ ഏലിയാവിന്റെ യാഗത്തെക്കുറിച്ചും ബാലിന്റെ പ്രവാചകന്മാരുടെ യാഗത്തെക്കുറിച്ചും (1 രാജാ. 18:20–40) നമുക്കു കാണാം.

സംഗീതത്താൽ പ്രചോദിതരായി ഹർഷോന്മാദത്തിന് (ecstacy) വശംവദരായി പ്രവചിക്കുന്ന രീതിയെക്കുറിച്ചു നാം വായിക്കുന്നു (1 ശമു. 10:9–13). പ്രവചനത്തിനു മുമ്പ് വിവശതയിൽ ആകുന്ന അനുഭവത്തെക്കുറിച്ച് ഹെസ്സക്കിയേൽ പ്രവാചകനും പറഞ്ഞിട്ടുണ്ട്.

ഈ ഹർഷോന്മാദ പ്രവചന പ്രതിഭാസം പുരാതന ഇസ്രായേലിലും അയൽ സംസ്ക്കാരങ്ങളിലും മാത്രമല്ല ഭാരതത്തിലും ധാരാളമായി ഉണ്ടായിരുന്നു. പിൽക്കാലത്ത് ഹർഷോന്മാദ അനുഭവം എബ്രായ പ്രവചനത്തിന്റെ പ്രധാന ഘടകമല്ലാതെ വന്നു.

## ഇസ്രായേല്യ പ്രവചനത്തിന്റെ പ്രത്യേകത

ഇസ്രായേല്യ പ്രവാചകന്മാർ ഹർഷോന്മാദത്തിനും ദർശനങ്ങൾക്കും പ്രാധാന്യം കൽപിച്ചില്ല. എന്നാൽ അവർ ആത്മപ്രചോദനം ഉൾക്കൊണ്ടിരുന്നു. എബ്രായ സംസ്ക്കാരത്തിന്റെയും, വിശ്വാസാനുഷ്ഠാനങ്ങളുടെയും അടിസ്ഥാനത്തിൽ ധാർമിക മൂല്യങ്ങളെ ഉയർത്തിപ്പിടിച്ചു. ഇതിൽ അവർ വളരെ ത്യാഗങ്ങളും കഷ്ടനഷ്ടങ്ങളും സഹിക്കേണ്ടിവന്നിട്ടുണ്ട്. പ്രത്യേക ദൗത്യത്തിനായി ദൈവത്താൽ വിളിക്കപ്പെട്ടവരെന്ന ബോധ്യത്തോടെ അവർ വർത്തിച്ചു. സമകാലീന സംഭവങ്ങളെയും ജീവിതാനുഭവങ്ങളെയും ദൈവത്തിന്റെ അടിസ്ഥാനത്തിൽ അവർ വിലയിരുത്തി.

### ചോദ്യങ്ങൾ

1. എബ്രായ പ്രവചനത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?
2. പ്രവചന പ്രതിഭാസം യഥാർത്ഥമായി നിലനിന്നിരുന്നു എന്ന വേദപുസ്തക ചിന്തയെ എങ്ങനെ ഉറപ്പിക്കാം?

## പാഠം 2

# യിസ്രായേലിലെ പ്രവചനചരിത്രം

❑ പ്രവചനചരിത്രം ❑ പ്രവചനഗ്രന്ഥങ്ങളും അവയുടെ വിഭജനവും (a) വാമൊഴി പ്രവാചകന്മാരും ലിഖിതപ്രവാചകന്മാരും (b) ആദ്യകാല പ്രവാചകന്മാരും, പിൽകാല പ്രവാചകന്മാരും (കാനോനിക പ്രവാചക ന്മാരും) (c) വലിയ പ്രവാചകന്മാരും ചെറിയ പ്രവാചകന്മാരും.

സ്ഥലകാലപരിധിക്കുള്ളിൽ ഉള്ള സകലതിനും ഒരു ചരിത്രം ഉണ്ട്. കുറെയൊക്കെ അറിയാൻ സാധിക്കുമെങ്കിലും അതിലേറെ അജ്ഞാത മാണ്. ഒരുവിധത്തിൽ ഭൂതകാലത്തിലേക്കുള്ള തിരിഞ്ഞുനോട്ടവും വില യിരുത്തലും അതിന്റെ അടിസ്ഥാനത്തിലുള്ള ഭാവിനിയന്ത്രണവുമാണ് ചരിത്രപഠനം കൊണ്ട് ഉദ്ദേശിക്കുന്നത്. യിസ്രായേലിലെ പ്രവചന പ്രസ്ഥാ നത്തിനും അതിന്റേതായ ഒരു ചരിത്രമുണ്ട്.

### പ്രവചനചരിത്രം

യിസ്രായേലിലെ പിൽക്കാല എഴുത്തുകളിലാണ് പല എബ്രായ നേതാ ക്കന്മാരെയും പ്രവാചകരായി ചിത്രീകരിച്ചിരിക്കുന്നത്. സമകാലീനന്മാർ ആ പേരു വിളിച്ചിരുന്നില്ല. പ്രവാചക പ്രസ്ഥാനത്തിനു പിൽക്കാലത്തു ലഭിച്ച അംഗീകാരത്തിന്റെ അടിസ്ഥാനത്തിലാണ് പഴയനിയമ നേതാക്ക ന്മാരിൽ പലരേയും പ്രവാചകന്മാരെന്ന് വിളിച്ചിരിക്കുന്നത് എന്നാണ് പണ്ഡിതമതം. പഞ്ചഗ്രന്ഥങ്ങളുടെ പിന്നിൽ ഉണ്ടെന്നു കരുതുന്ന നാലു പാരമ്പര്യ രേഖകളിൽ 'ഇ' (Elohist) പാരമ്പര്യക്കാരാണ് പ്രവാചക ആശ യത്തിനു പ്രാധാന്യം കൊടുത്തിരിക്കുന്നത് എന്നാണ് അവയുടെ സൂക്ഷ്മ പഠിതാക്കളുടെ അഭിപ്രായം. ' E' രേഖയനുസരിച്ച് അബ്രാഹാം പ്രവാച കനായിരുന്നു. പ്രവാചകൻ കഴിക്കുന്ന പ്രാർത്ഥന ഫലവത്താണ് എന്ന ആശയം ഇതിന്റെ പിന്നിൽ കാണാം (ഉല്പ. 20:7, ആമോ. 7:2, 5 മു). ഈജിപ്റ്റിൽ നിന്നും യിസ്രായേൽ ജനതയെ സ്വതന്ത്രമാക്കിയ മോശയെ പ്രവാചകനായിട്ടാണ് ചിത്രീകരിക്കുന്നത് (ആവ. 18:15, 18; ഹോശ. 12:13).

ശമുവേൽ പ്രവാചകന്റെ കാലം മുതൽ പ്രവാചക സമൂഹങ്ങൾ രൂപം കൊണ്ടു (1 ശമു. 19:19). രാജവാഴ്ചയോടു കൂടിയാണ് യിസ്രായേലിൽ പ്രവചനപ്രസ്ഥാനം പ്രാധാന്യം അർഹിച്ചത്. യിസ്രായേലിലെ ഒന്നാമ ത്തെയും രണ്ടാമത്തെയും രാജാക്കന്മാരായ ശൗൽ, ദാവീദ് എന്നിവരെ ദൈവകല്പനയാൽ തെരഞ്ഞെടുത്ത് അഭിഷേകം ചെയ്തത് ശമുവേൽ പ്രവാചകനാണ് (1 ശമു. 10:1; 12:1; 16:13). രാജസ്ഥാനത്തു നിന്നും ദൈവ കല്പനയാൽ ശൗലിനെ നീക്കിയതും ശമുവേൽ പ്രവാചകൻ തന്നെ (1 ശമു. 15:23). ദാവീദിനു ശേഷം ശലോമോൻ രാജാവിനെ വാഴിക്കുന്നതിലും

അവന് ഉപദേശം കൊടുക്കുന്നതിലും നാഥാൻ പ്രവാചകൻ പ്രധാന പങ്കു വഹിച്ചു (1 രാജാ. 1: 11-39).

രാജവാഴ്ചയിൽ പ്രവാചകന്മാരുടെ പങ്കുനിമിത്തം പ്രവാചകന്മാർക്കു കൊട്ടാരത്തിൽ പ്രധാന സ്ഥാനം ലഭിച്ചിരുന്നു. ആരാധനാകാര്യത്തിലും (1 രാജാ. 18:30; 2 രാജാ. 4:23; 2 ദിന. 11:2-4; 2 ശമു 7; 24:18) ഭരണപരമായ ഉപദേശത്തിലും (1 രാജാ. 22: 7-8) പ്രവാചകനു പങ്കുണ്ടായിരുന്നു. അതേ സമയം ധാരാളം കള്ളപ്രവാചകന്മാർ ഈ സ്ഥാനത്തെ ചൂഷണം ചെയ്തു വന്നു (1 രാജാ. 18:19). രാജപ്രീതിക്കും, സ്വാർത്ഥതയ്ക്കും വേണ്ടി അവർ വ്യാജപ്രവചനം നടത്തി. എന്നാൽ സത്യപ്രവാചകന്മാരാകട്ടെ മുഖം നോക്കാതെ ദൈവഹിതം മാത്രം വെളിപ്പെടുത്തി. ദാവീദു രാജാവിന്റെ തെറ്റു ചൂണ്ടിക്കാണിക്കുവാൻ നാഥാൻ പ്രവാചകൻ മടിച്ചില്ല (2 ശമു. 12:7). ഈ ധൈര്യം ഏലിയാ പ്രവാചകനിലും കാണാം (1 രാജാ. 21:19).

യഹൂദന്മാരുടെ ആരാധനയുടെയും യാഗകർമ്മാനുഷ്ഠാനങ്ങളുടെയും പൊള്ളത്തരത്തെ ആമോസ് തുടങ്ങിയ പ്രവാചകന്മാർ എടുത്തുകാട്ടി (ആമോ. 5:21-24; ഹോശ. 6.6; യെശ. 7:10-15; 58:1-7, മീഖ 6:6-8, യിരെ. 6:20; 7:21-23). അക്രമം നടത്തുകയും നീതിയും ന്യായവും ഉപേക്ഷിക്കുകയും ചെയ്യുന്നവർ ദൈവത്തെ അനാദരിക്കുന്നവരാണ്. അങ്ങനെയുള്ളവരുടെ ആരാധന നിരർത്ഥകമാണ്. ദൈവം അവയെ വെറുക്കുന്നു. അതായതു ഭക്തിപ്രകടനങ്ങളും അധർമ്മപ്രവർത്തികളും തമ്മിൽ പൊരുത്തപ്പെടുകയില്ല. ധർമ്മ പ്രവണതകളോടു കൂടിയ ഭക്തിപ്രകടനങ്ങൾക്കേ അർത്ഥമുള്ളൂ. അവയെ മാത്രമേ ദൈവം കൈക്കൊള്ളുകയുമുള്ളൂ എന്ന് അവർ തറപ്പിച്ചു പറഞ്ഞു.

സ്രഷ്ടാവും, പരിപാലകനും വീണ്ടെടുപ്പുകാരനായ ദൈവത്തിൽ നിന്നും അകന്നുപോയ യിസ്രായേൽ ജനതയെ അവരുടെ തിന്മകൾ മൂലം ശിക്ഷിക്കുമെന്ന് 8-ാം നൂറ്റാണ്ടിലെ പ്രവാചകന്മാർ വിളിച്ചറിയിച്ചു. സമൂഹത്തിലെ എളിയവരേയും ദരിദ്രരേയും ചൂഷണം ചെയ്യുകയും പീഡിപ്പിക്കുകയും ചെയ്ത അധികാരികൾക്കും സമ്പന്നവിഭാഗത്തിനും എതിരായും പ്രവാചകന്മാർ ദൈവത്തിന്റെ ശിക്ഷ പ്രഖ്യാപിച്ചു. ശിക്ഷാവിധിക്കു ശേഷം അവശേഷിക്കുന്ന ജനത്തിലെ വിശ്വസ്ഥശേഷിപ്പിനുണ്ടാകുന്ന ആശ്വാസകാലത്തെ സംബന്ധിച്ചും അവൻ അറിയിച്ചു (യെശ. 1:24-27). ബാബിലോന്യ ആക്രമണത്തോടു കൂടി രാജവാഴ്ച അവസാനിച്ചു. വിശുദ്ധ നഗരമായ യരുശലേമും ദേവാലയവും നശിപ്പിക്കപ്പെട്ടു. അനവധി ആളുകളെ കൊല ചെയ്തു. അനേകരെ അടിമകളാക്കി കൊണ്ടുപോയി. അങ്ങനെ പ്രവാചക മുന്നറിയിപ്പ് നിറവേറിയതായി കണ്ടു ജനങ്ങൾ നിരാശയിലാണ്ടു. അവർക്കു സ്വാതന്ത്ര്യത്തിന്റെയും പ്രത്യാശയുടെയും ദൂതിനെ അറിയിച്ച് ജനങ്ങളെ ധൈര്യപ്പെടുത്തി (യെശ. 40:1, 27; 43:25-44:5).

ബി. സി. 538 -ൽ പ്രവാസത്തിൽ നിന്നും മടങ്ങിവന്നതിനു ശേഷം പ്രവാചകന്മാരുടെ പ്രവർത്തനഫലമായി ദേവാലയം പുതുക്കിപ്പണിതു. മോശൈക ന്യായപ്രമാണം അനുസരിക്കുവാനും മതപരമായ ആത്മാർത്ഥത കാണിപ്പാനും പ്രബോധിപ്പിച്ചു. പ്രവാസത്തിനു മുമ്പുള്ള പ്രവാചകന്മാർ അർത്ഥം മനസ്സിലാക്കാതെയുള്ള യാഗകർമ്മാനുഷ്ഠാനങ്ങളെ കുറ്റപ്പെടുത്തിയെങ്കിൽ പ്രവാസത്തിനു ശേഷമുള്ള പ്രവാചകന്മാർ ധാർമ്മിക പ്രമാണങ്ങളോടൊപ്പം (യെശ. 58:6, 7) തന്നെ ദേവാലയത്തിലെ ആരാധനയേയും കർമ്മാനുഷ്ഠാനങ്ങളേയും അർത്ഥവത്തായി ആചരിക്കുവാൻ ഉൽസാഹിപ്പിച്ചു. ദൈവജനത്തെ നശിപ്പിക്കുന്നവർക്കു ശിക്ഷ കൊടുക്കുമെന്നും (യെശ. 63:1-6) ജാതികൾ സത്യദൈവത്തിലേക്കു തിരിയുമെന്നുമുള്ള (സെഖ. 2:11) പ്രവചനങ്ങൾ ഈ കാലത്തുണ്ടായിട്ടുണ്ട്.

മലാഖി പ്രവചനത്തോടു കൂടി ( B.C. 460-450). എബ്രായ പ്രവചന പ്രസ്ഥാനം തീർന്നുവെന്ന് യഹൂദന്മാർ വിശ്വസിച്ചതായി മക്കാബിയരുടെ പുസ്തകത്തിൽ കാണുന്നു (4:46; 9:27). യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിനു മുമ്പ് ഏലിയാ പ്രവാചകൻ പ്രത്യക്ഷപ്പെടും എന്നു മാലാഖി പ്രവചനത്തിൽ കാണുന്നു (4:5). ഈ പ്രതീക്ഷ ബാറാസിറായുടെ അപ്പോക്രിഫാ പുസ്തകത്തിലും കാണുന്നു (48:10). കുംറാൻ സന്യാസിസമൂഹത്തിലും ഈ പ്രത്യാശയുണ്ടായിരുന്നു. മോശയ്ക്കു തുല്യനായ ഒരു പ്രവാചകൻ അന്ത്യകാലത്തു എഴുന്നേല്ക്കുമെന്നു (ആവ. 18:15 മു) അവർ വിശ്വസിച്ചു. യോഹന്നാൻ സ്നാപകനിൽ ഏലിയായേയും (മത്താ. 11:10-14) ക്രിസ്തുവിൽ അന്ത്യകാല പ്രവാചകനെയും ക്രൈസ്തവർ ദർശിക്കുന്നു (അപ്പോ. പ്ര. 3:22-26).

പുതിയനിയമത്തിലും പ്രവാചകന്മാരെക്കുറിച്ചും പ്രവചനത്തെക്കുറിച്ചും ധാരാളം പരാമർശമുണ്ട്. വരും കാര്യങ്ങളെക്കുറിച്ചു പറയുന്നതുകൂടാതെ ആത്മപ്രചോദിതമായ ഉപദേശങ്ങൾ നൽകുകയായിരുന്നു അവരുടെ ദൗത്യം. ക്ളൗദ്യോസിന്റെ കാലത്തുണ്ടായ ക്ഷാമത്തെപ്പറ്റി അഗബോസ് പ്രവചിക്കുന്നുണ്ടല്ലോ (അപ്പോ. 11:27, 28; 21, 21:10-11). പുതിയനിയമ പ്രവചനത്തിലൂടെ പ്രധാനമായും സഭയുടെ ആത്മീക വർദ്ധനയാണ് ഉദ്ദേശിക്കുന്നത് (1 കൊരി. 14:2, 24, 31). പ്രവചനത്തിന്റെ പേരിൽ മുതലെടുത്ത കള്ളപ്രവാചകന്മാർ പുതിയനിയമകാലത്തും വളർന്നുവരുവാനുള്ള സാധ്യത അപ്പോസ്തോലന്മാർ കണ്ടതുകൊണ്ട് ഭാവി ദർശന പ്രവചനത്തെ പൊതുവേ നിരുൽസാഹപ്പെടുത്തി. പ്രവചനവരം ഇന്നും അസാധ്യമല്ല. എന്നാൽ അതിശ്രേഷ്ഠപരമായ സ്നേഹത്തിലൂടെ മറ്റെല്ലാ ആത്മീയവരങ്ങളും പൂർത്തീകരിക്കപ്പെട്ടു (1 കൊരി. 13). ആകയാൽ നാം എല്ലാവരും സ്നേഹത്തിന്റെ പ്രവാചകന്മാരാകുവാൻ പുതിയനിയമ പിതാക്കന്മാരും പഠിപ്പിച്ചു. കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളണമെന്ന്

ക്രിസ്തുവും അവിടുത്തെ അപ്പോസ്തോലന്മാരും താക്കീതു നൽകി (മത്താ. 24:24, 2 പത്രോ. 2:1–19, 1 യോഹ. 4:1).

## പ്രവചനഗ്രന്ഥവും അവയുടെ വിഭജനവും

### (a) വാമൊഴി പ്രവാചകന്മാരും ലിഖിത പ്രവാചകന്മാരും

ആദ്യകാലങ്ങളിൽ പ്രവചനങ്ങൾ എഴുതപ്പെട്ടിരുന്നില്ല. പ്രവചനങ്ങൾ എഴുതാത്ത പ്രവാചകന്മാരെ വാമൊഴി പ്രവാചകന്മാർ എന്നും, പ്രവചനങ്ങൾ എഴുതിയവരെ ലിഖിത പ്രവാചകന്മാർ എന്നും വിളിക്കുന്നു.

### (b) ആദ്യകാല പ്രവാചകന്മാരും പിൽക്കാല പ്രവാചകന്മാരും

യശയ്യാവ്, യിരമ്യാവ്, യെഹെസ്ക്കേൽ, ആമോസ് തുടങ്ങിയ ഗ്രന്ഥങ്ങളെയാണ് നാം സാധാരണയായി പ്രവചനഗ്രന്ഥങ്ങൾ എന്ന് വിളിക്കുന്നത്. എന്നാൽ യോശുവാ, ന്യായാധിപന്മാർ 1, 2, ശമുവേൽ, 1, 2 രാജാക്കന്മാർ എന്നീ പുസ്തകങ്ങളും യഹൂദാ കാനോനനുസരിച്ച് പ്രവചനഗ്രന്ഥങ്ങളാണ്.

യോശുവാ മുതൽ രണ്ടു രാജാക്കന്മാർ വരെയുള്ള പുസ്തകങ്ങൾ എഴുതിയത് പ്രവാചകന്മാരാണെന്ന് യഹൂദന്മാർ വിശ്വസിക്കുന്നു. ഇവരെ ആദ്യകാലപ്രവാചകന്മാർ (Former prophets) എന്നു വിളിക്കുന്നു. പാരമ്പര്യമനുസരിച്ച് യോശുവായുടെ പുസ്തകം യോശുവായും, ന്യായാധിപന്മാർ, 1, 2, ശമുവേൽ ഇവ ശമുവേൽ പ്രവാചകനും 1, 2, രാജാക്കന്മാർ യിരെമ്യാ പ്രവാചകനും രചിച്ചതായി കരുതുന്നു. സുറിയാനി പാരമ്പര്യവും യഹൂദാ പാരമ്പര്യത്തിൽ ഉറച്ചുനില്ക്കുന്നു.

യെശയ്യാവ്, യിരമ്യാവ്, യെഹെസ്കേൽ, ആമോസ് തുടങ്ങിയ പ്രവാചകന്മാരെ പിൽക്കാലപ്രവാചകന്മാർ (Latter prophets) എന്നാണ് വിളിക്കുന്നത്. പിൽക്കാലപ്രവചനങ്ങൾ നാലു ചുരുളുകളിലായി എഴുതപ്പെട്ടിരുന്നു. ഒന്നാമത്തേതിൽ യെശയ്യാവും (ലൂക്കോ. 4:17) രണ്ടാമത്തേതിൽ യിരമ്യാവും മൂന്നാമത്തേതിൽ യെഹെസ്കിയേലും നാലാമത്തേതിൽ ഹോശയ, യോവേൽ, ആമോസ്, ഓബദ്യാവ്, യോന, മീഖാ, നഹൂം, ഹബക്കുക്, സെഫന്യാവ്, ഹഗായി, സെഖര്യാവ്, മലാഖി എന്നീ 12 പുസ്തകങ്ങളും എഴുതിയിരുന്നു. പിൽക്കാല പ്രവാചകന്മാരെ കാനോനിക പ്രവാചകന്മാർ എന്നും വിളിക്കുന്നുണ്ട്.

### (c) വലിയ പ്രവാചകന്മാരും ചെറിയ പ്രവാചകന്മാരും

കാനോനിക പ്രവാചകന്മാരെ വലിയ പ്രവാചകന്മാർ (Major prophets) എന്നും ചെറിയ പ്രവാചകന്മാർ (Minor Prophets) എന്നും രണ്ടായി തിരിച്ചിരിക്കുന്നു. പുസ്തകങ്ങളുടെ വലിപ്പം മാത്രം കണക്കിലെടുത്തു

കൊണ്ടുള്ള ഒരു വിഭജനമാണിത്. ഒന്നും, രണ്ടും, മൂന്നും ചുരുളുകളിലുള്ള യെശയ്യാവ്, യിരെമ്യാവ്, യെഹെസ്ക്കേലും വലിയ പ്രവാചകന്മാരും നാലാമത്തെ ചുരുളിലുള്ള ഹോശയ്യാ മുതൽ മലാഖി വരെയുള്ള 12 പുസ്തകങ്ങളുടെ രചയിതാക്കൾ ചെറിയ പ്രവാചകന്മാരും ആയി അറിയപ്പെടുന്നു. പുസ്തകങ്ങളുടെ ആശയവും പ്രസക്തിയും കണക്കിലെടുത്താൽ മേൽപ്പറഞ്ഞ വിഭജനം ശരിയല്ല എന്നു മനസ്സിലാകും. ഉദാഹരണമായി ആമോസും ഹോശയായും പ്രവർത്തനപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കളാണ്. ആശയങ്ങളും ഉപദേശങ്ങളും കണക്കിലെടുക്കുമ്പോൾ യെശയ്യാവ് ആമോസിനോടും യിരെമ്യാവ് ഹോശയായോടും കടപ്പെട്ടിരിക്കുന്നതായി സൂക്ഷ്മപഠനത്തിൽ മനസ്സിലാക്കാം. അങ്ങനെ ചെറിയ പ്രവാചകന്മാരുടെ വലിയ ദൗത്യത്തെ മനസ്സിലാക്കാൻ സാധിക്കും.

ദാനിയേൽ, വിലാപങ്ങൾ ഇവ പ്രവചനങ്ങളിലല്ല 'എഴുത്തുകളിലാണ്' (കിത്തുബിം) യഹൂദന്മാർ ഉൾപ്പെടുത്തിയിരിക്കുന്നത്.

**ചോദ്യങ്ങൾ**

1. യിസ്രായേലിലെ പ്രവചനചരിത്രം ചുരുക്കിയെഴുതുക.
2. പ്രവചനഗ്രന്ഥങ്ങളെ ഏതെല്ലാം വിധത്തിൽ തരംതിരിച്ചിരിക്കുന്നു?

## പാഠം 3

# പ്രവാചക പദവികളും ധർമ്മങ്ങളും

❑ മദ്ധ്യവർത്തി ❑ യിസ്രായേലിന്റെ മധ്യസ്ഥൻ ❑ ദൈവത്തിന്റെ മനുഷ്യൻ ❑ ദൈവത്തിന്റെ ആലോചനാ സമിതിയംഗം ❑ ദൈവദാസൻ ❑ ദൈവദൂതൻ ❑ ദൈവത്താൽ അയയ്ക്കപ്പെട്ടവൻ ❑ ദൈവത്തിന്റെ അറിയിപ്പുകാരൻ ❑ന്യായപ്രമാണ വ്യാഖ്യാതാവ് ❑ സാമൂഹ്യപരിഷ്ക്കർത്താവ്

ഏതൊരു പദവിയോടും ചേർന്ന്, അതിന്റെ ഉത്തരവാദിത്വവുമുണ്ട്. പ്രവാചക പദവിയോട് ചേർന്ന് പ്രവാചക ധർമ്മങ്ങളുണ്ട്. വിവിധ ധർമ്മങ്ങൾ പ്രവാചകർ നിറവേറ്റിയതായി പഴയനിയമത്തിൽ കാണാം. അവയെല്ലാം പരിശോധിച്ചാൽ പ്രവാചകദൗത്യത്തിന്റെ വിവിധ വശങ്ങൾ മനസ്സിലാക്കാം.

## മദ്ധ്യവർത്തി (Mediator)

ദൈവത്തിനും മനുഷ്യനും മദ്ധ്യേ പ്രവർത്തിക്കുവാനാണ് ദൈവം പ്രവാചകനെ വിളിക്കുന്നത്. ഈ അർത്ഥത്തിലാണ് മോശ പ്രവാചകൻ ആകുന്നത് (സംഖ്യ 12:6–8). യിസ്രായേലിന്റെ വിടുതലിനായി ദൈവത്താൽ വിളിക്കപ്പെട്ട മോശയ്ക്കു ദൈവം നൽകിയ പദവിയാണ് ദൈവത്തിനും ജനത്തിനും മധ്യവർത്തിയായിരിക്കുക എന്നത്. ദൈവം മോശയോടു കൂടി ഇരുന്നു (പുറ. 3:12). ദൈവവുമായി മുഖാമുഖം സംസാരിച്ച ഏകപ്രവാചകൻ എന്ന പേരു അദ്ദേഹത്തിനു ലഭിച്ചു (സംഖ്യ. 12:8, ആവ. 34:12). 'ദീർഘദർശിമാരിൽ തലവൻ' എന്നും വിളിക്കപ്പെടുന്നു. ദൈവഹിതം വെളിപ്പെടുത്തുവാനായി മോശയെപ്പോലുള്ള പ്രവാചകന്മാരെ തുടർന്നും അയയ്ക്കുമെന്നു യഹോവ കല്പിച്ചു (ആവ. 18:15–19). ദൈവവുമായുള്ള നിരന്തര ബന്ധത്തിലും ഐക്യത്തിലും ജനങ്ങളെ നിലനിർത്തുകയെന്നതാണ് പ്രവാചകന്റെ ധർമ്മം. ഹോറേബു പർവ്വതത്തിൽ വച്ച് മോശയ്ക്കുണ്ടായ ദൈവിക വെളിപാടുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു. ദൈവത്തിനും തന്റെ ജനത്തിനും ഇടയിൽ മധ്യവർത്തിയായും നിയമപാലകനായും നിയമവ്യാഖ്യാതാവായും മോശയെ കാണുന്നു (ആവ. 5:27). സത്യപ്രവാചകന്മാർ എല്ലാവരും തന്നെ ഈ വിധ ധർമ്മങ്ങൾ പാലിച്ചവരായിരുന്നു.

## യിസ്രായേലിന്റെ മദ്ധ്യസ്ഥൻ (Intercessor of Israel)

എബ്രായചരിത്രത്തിന്റെ പ്രാരംഭം മുതലേ പ്രവാചകന്റെ മദ്ധ്യസ്ഥധർമ്മം മനസ്സിലാക്കിയിരുന്നു. സോദോം ഗോമോറെക്കു വേണ്ടി അബ്രഹാം മദ്ധ്യസ്ഥത അണയ്ക്കുന്നു (ഉല്പ. 18:16–33). അബിമേലേക്കിന്റെ ജീവനു വേണ്ടി ഒരു പ്രവാചകനായി അബ്രഹാം മദ്ധ്യസ്ഥത അണയ്ക്കുന്നു (ഉല്പ. 20:7). ശമുവേലിന്റെ പ്രവാചകവൃത്തിയിലും ഇതുപോലെയുള്ള മദ്ധ്യസ്ഥപ്രാർത്ഥനകളും പ്രവർത്തനങ്ങളും കാണാം (1 ശമു. 7:5; 12:19, 23). ഏലിയാ പ്രവാചകൻ ശൂനേംകാരിയുടെ മരിച്ച മകനു വേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന നടത്തി ഉയിർപ്പിക്കുന്നു (2 രാജാ. 4:8–37). വിശുദ്ധന്മാരുടെ മദ്ധ്യസ്ഥപ്രാർത്ഥന എന്നും ഫലവത്താണ്. അവരുടെ ഭൗതികാവശിഷ്ടം പോലും ശക്തിയുള്ളതാണ് എന്ന് ഏലിശായുടെ ശവക്കല്ലറയിൽ കൊണ്ടിട്ട മനുഷ്യജഡം പ്രവാചകന്റെ അസ്ഥികളിൽ സ്പർശിച്ചപ്പോൾ ഉയിർത്തെഴുന്നേറ്റ സംഭവം അനുസ്മരിപ്പിക്കുന്നു (2 രാജാ. 13:20–21). എന്നാൽ മദ്ധ്യസ്ഥപ്രാർത്ഥനയുടെ പേരിൽ മുതലെടുത്ത് അവയെ പണസമ്പാദന മാർഗങ്ങളാക്കി അധഃപതിപ്പിക്കുന്ന പ്രവണതയെ ഇല്ലാതാക്കേണ്ടതാണ്. അതോടൊപ്പം വിശുദ്ധന്മാരുടെ മദ്ധ്യസ്ഥപ്രാർത്ഥനയുടെ പ്രാധാന്യം വിസ്മരിക്കയുമരുത്. ഇവിടെ നമ്മുടെ പ്രവാചകധർമ്മം ഉണരണം.

## ദൈവത്തിന്റെ മനുഷ്യൻ (Man of God)

ദൈവവും പ്രവാചകനും തമ്മിലുള്ള ഉറ്റബന്ധത്തെ സൂചിപ്പിക്കുന്ന പദവിയാണിത്. ഈ പദവിയോടു ചേർന്ന ഉത്തരവാദിത്വം ദൈവത്തോടു ചേർന്നും തന്മൂലമുണ്ടാകുന്ന ദൈവികശക്തിയിലും നിയോഗത്തിലും ജീവിക്കുക എന്നതാണ്. 'യഹോവയായ കർത്താവ് പ്രവാചകന്മാരായ തന്റെ ദാസന്മാർക്കു തന്റെ രഹസ്യം വെളിപ്പെടുത്താതെ ഒരു കാര്യവും ചെയ്കയില്ല' എന്നുള്ള ആമോസിന്റെ വാക്കുകൾ ഇതു വെളിവാക്കുന്നു (ആമോ. 3:7). ദൈവവുമായുള്ള സാമീപ്യത്തിന്റെ അടിസ്ഥാനം വിശുദ്ധിയാണു എന്നു പ്രവാചകന്മാർ തങ്ങളുടെ ജീവിതത്തിലൂടെ പഠിപ്പിക്കുന്നു (പുറ. 19:10 – 25). വിശുദ്ധിയാണ് പ്രവാചകദൗത്യത്തിന്റെ സാന്മാർഗിക അടിസ്ഥാനവും. ആദ്ധ്യാത്മികതയും പ്രവാചകധൈര്യത്തിന്റെ രഹസ്യവും അതു തന്നെ. പ്രവാചകധർമ്മവും ഭക്തിയും ഒന്നിച്ചു പോകുന്നതാണ്. നാഥാൻ ദാവീദിനെതിരായും (2 ശമു. 12:7) ഏലിയാവ് ആഹാബിനും ഇസബേലിനും എതിരായും (1 രാജാ. 18:18; 21:21–23) പ്രവചിച്ചു. പ്രവാചകന്മാർ എല്ലാം തന്നെ ഇപ്രകാരം ധൈര്യത്തോടു കൂടി പ്രവചനധർമ്മം നിറവേറ്റാൻ സാധിച്ചത് അവരെല്ലാവരും ദൈവപുരുഷരായി (2 രാജാ. 4:7, 9, 21, 22, 27) നിലകൊണ്ടതിനാലത്രെ.

## ദൈവത്തിന്റെ ആലോചനാ സമിതിയംഗം (Member of the Council of God)

'ദൈവത്തിന്റെ ആലോചനാസഭയിലെ അംഗത്വം ദൈവം പ്രവാചകന്മാർക്കു കൊടുത്തിട്ടുണ്ട്. ദൈവത്തിന്റെ ആലോചനാസഭയിലെ അംഗമായി ചിത്രീകരിക്കുന്നതിലൂടെ (യിരെ. 23: 21, 22) പ്രവാചകനും ദൈവവുമായുള്ള അടുപ്പത്തെ കാണിക്കുന്നു. വിശുദ്ധിയിലൂടെ ദൈവത്തിന്റെ സന്നിധിയിൽ എത്തി വിശുദ്ധന്മാരോടു ചേർന്നുനില്ക്കുന്നവർക്ക് ദൈവം തന്റെ രഹസ്യം വെളിപ്പെടുത്തിക്കൊടുക്കും (ആമോ 3:7). ഈ രഹസ്യവെളിപാടിനെയത്രെ പ്രവാചകന്മാർ അറിയിക്കുന്നത്. യിസ്രായേലിലെ ദുഷിച്ച പ്രവാചകന്മാരെക്കുറിച്ചുള്ള അരുളപ്പാടിലൂടെയാണ് ഈ പ്രവാചക പദവിയെപ്പറ്റിയും അതിന്റെ ഉത്തരവാദിത്വത്തെക്കുറിച്ചും യിരെമ്യാവിനു വെളിപ്പെട്ടത് (യിരെ. 23:18, 22). വിശുദ്ധിയിലും വിനയത്തിലും ജീവിക്കുന്നതുമൂലം ദൈവം തന്റെ ആലോചന തന്റെ ഭക്തന്മാർക്കു പറഞ്ഞു കൊടുക്കും. അവർ അതു പ്രസ്താവിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യും. സത്യപ്രവാചകന്മാർ എല്ലാവരും തന്നെ ഈ പദവിയിൽ നിലകൊണ്ടിട്ടുണ്ട്'.

## ദൈവദാസൻ (Servant of God)

ദൈവദൃഷ്ട്യാ നോക്കുമ്പോൾ പ്രവാചകന്മാർ ദൈവത്തിന്റെ ദാസന്മാരാണ്. ദൈവത്തോടു പുലർത്തുന്ന വിശ്വസ്തതയും ഭക്തിയുമാണ് പ്രവാചകന്മാരെ ഈ പേരിന് അർഹരാക്കിത്തീർത്തത്. പ്രവാചകന്മാർക്കു പൊതുവേ ഈ പേരു നൽകിയിരിക്കുന്നതായി കാണാം (1 രാജാ. 14:18; 18:36, 2 രാജ. 9:7; 14:25; യെശ. 20:3; യിരെ. 7:25; ആമോ. 3:7). ദൈവശുശ്രൂഷ എന്ന ധർമ്മമാണ് ഈ പദവിയിലൂടെ എടുത്തുകാട്ടുന്നത്. ഈ ആശയത്തെ ഉയർത്തിക്കാണിക്കുന്നത് രണ്ടാം യെശയ്യാവാണ്. കഷ്ടപ്പെടുന്ന യഹോവയുടെ ദാസനിലൂടെ (Suffering Servant of Yahweh) തെരഞ്ഞെടുപ്പിന്റെയും വിളിക്കപ്പെട്ട ജനത്തിന്റെ ഉടമ്പടിയുടെയും പാരമ്പര്യങ്ങൾ (Election - Covenant Traditions) കോർത്തിണക്കുവാൻ രണ്ടാം യെശയ്യാവിനു കഴിഞ്ഞു. രാജാവും പുരോഹിതനും, പ്രവാചകനുമായ ദൈവപുത്രൻ തന്റെ പ്രവാചകപദവിയും ധർമ്മവും കണ്ടെത്തിയത് ദൈവദാസനിലാന് എന്നത് പ്രത്യേകം ശ്രദ്ധേയമത്രേ (യെശ. 42:1; 52:13; ഫിലി. 2:6–8).

## ദൈവദൂതൻ (Messenger of God)

പ്രവാചകന്മാർക്കു ധാരാളമായി പിൽക്കാല പ്രവചനങ്ങളിൽ കാണുന്ന ഈ വിശേഷണങ്ങൾ (ഹഗാ. 1:13; മലാ. 3:1) അവർ ദൈവത്തിന്റെ ദൗത്യനിർവഹകരാണെന്ന ആശയം വെളിപ്പെടുത്തുന്നു. പ്രവാചകന്മാർക്കു സ്വന്തവും സ്വതന്ത്രവുമായ ഒരു ദൗത്യമില്ലായിരുന്നു. ദൈവം ഏല്പിക്കുന്ന ജോലി നിറവേറ്റുന്നവർ മാത്രമായിരുന്നു അവർ. ഈ ഉൾക്കാഴ്ച എല്ലാ പ്രവാചകന്മാർക്കും ഉണ്ടായിരുന്നു. യിസ്രായേൽ ജനത്തെ ഫറവോന്റെ അടിമത്വത്തിൽ നിന്ന് വിടുവിച്ചു ദൈവത്തിന്റെ വഴിയിൽക്കൂടി നടത്തി വാഗ്ദത്തത്തിലേക്കു നയിക്കുക എന്ന ദൗത്യമാണ് ദൈവം മോശയെ ഏല്പിച്ചത് (പുറ. 3:10). ദൈവികമായ കാര്യങ്ങൾ മോശയ്ക്കു വേണ്ടി സംസാരിക്കുക എന്നതാണു ദൈവം അഹരോനെ ഏല്പിച്ച ദൗത്യം (പുറ. 7:1). സത്യദൈവമായ യഹോവയ്ക്കു വേണ്ടി തീഷ്ണതയോടു കൂടി പോരാടുക എന്നതായിരുന്നു ഏലിയാവിന്റെ ദൗത്യം (1 രാജാ. 17–19). നിനവെയുടെ മാനസാന്തരത്തിനായി പ്രസംഗിക്കുകയായിരുന്നു യോന ചെയ്തത്. ഇങ്ങനെ ഓരോ പ്രവാചകനും ഓരോ പ്രത്യേകദൗത്യം നിർവഹിപ്പാനുണ്ടായിരുന്നു. അവർ അതിന് ഊന്നൽ കൊടുക്കുകയും ചെയ്തു.

## 6. ദൈവത്താൽ അയയ്ക്കപ്പെട്ടവൻ

തങ്ങൾ ദൈവത്താൽ അയയ്ക്കപ്പെട്ടവർ ആണ് എന്ന ബോധം എല്ലാ പ്രവാചകന്മാർക്കും ഉണ്ടായിരുന്നു. 'ഞാൻ ആരെ അയയ്ക്കേണ്ടു? ആർ

നമുക്കുവേണ്ടി പോകും?' എന്ന് യഹോവ ചോദിക്കുമ്പോൾ, 'അടിയൻ ഇതാ, അടിയനെ അയയ്ക്കേണമേ ' എന്നു യെശയ്യാവു മറുപടി പറയുന്നു (യെശ. 6:8–9). അങ്ങനെയാണ് യെശയ്യാവിനെ അയയ്ക്കുന്നത്. 'യഹോവ എന്നെ അയച്ചിരിക്കുന്നു' എന്നു യിരെമ്യാവും സാക്ഷിക്കുന്നു (യിരെ. 26:15). യോനയെ നിനവയിലേയ്ക്ക് അയയ്ക്കുന്നു (യോന 1:2). ദൈവം കാണിക്കുന്നതും കേൾപ്പിക്കുന്നതും അറിയിക്കുന്നതുമായവ പ്രസം ഗിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നതായിരുന്നു പൊതുവായ പ്രവാചകധർമ്മം.

## 7. ദൈവത്തിന്റെ പ്രഖ്യാപകൻ (Herald of God)

ദൈവം എന്ത് അരുളുന്നു എന്നും, എന്തു ചെയ്യുന്നുവെന്നും, എന്തു ചെയ്യാൻ പോകുന്നുവെന്നും പ്രഖ്യാപിക്കുക പ്രവാചകധർമ്മം ആണ്. വർത്തമാന സംഭവങ്ങളെപ്പറ്റിയും ഭാവികാര്യങ്ങളെപ്പറ്റിയും പ്രവാചകന്മാർ സംസാരിച്ചിരുന്നു. ഭാവികാര്യങ്ങൾ മുൻകൂട്ടി സംസാരിക്കുന്നതിലും ഉപരി ദൈവത്തിനു വേണ്ടി സംസാരിക്കുന്നവരാണു പ്രവാചകന്മാർ. അരുളപ്പാ ടുകൾ വഴിയും (1 ശമു. 3:10) ദർശനങ്ങൾ മുഖാന്തരവും (യെശ. 5:1) പ്രതീകാത്മ പ്രവർത്തനങ്ങൾ മൂലവുമാണു ദൈവഹിതം പ്രവാചകർക്ക് വെളിപ്പെട്ടത്. അവർ അതു ജനങ്ങളെ അറിയിക്കുകയും ചെയ്തു. യെശ യ്യാവിലും യെരെമ്യാവിലും, യെഹെസ്ക്കേലിലും ധാരാളം പ്രതീകാത്മക കർമങ്ങൾ (Symbolic actions) കാണാം. യെശയ്യാവ് മൂന്നു വർഷം നഗ്ന നായും, ചെരിപ്പില്ലാതെയും നടന്നുകൊണ്ടു ജനങ്ങളെ അശ്ശൂര്യർ പ്രവാ സികളാക്കും എന്ന് അറിയിച്ചു (യെശ. 20). യിരെമ്യാവിന്റെ കയ്യിലെ ചണ നൂൽക്കച്ച (യിരെ. 13:1–11), മൺകുടം (യിരെ. 19:1–11), യെഹസ്ക്യാവിന്റെ കയ്യിലെ മൂർച്ചയുള്ള വാൾ (യെഹെ. 5:1–4) യാത്രക്കോപ്പ് (യെഹെ. 12:1 –16) തുടങ്ങിയവയും ശക്തമായ പ്രതീകങ്ങൾ തന്നെ.

മ്ശിഹായുടെ വരവിനെക്കുറിക്കുന്ന അറിയിപ്പുകൾ വളരെ പ്രധാന പ്പെട്ടവയാണ് (യെശ. 9:6–7; 11:1; സെഖ. 9.9). മശിഹായെക്കുറിച്ചുള്ള പ്രവാ ചകന്മാരുടെ അറിയിപ്പുകൾ യേശുമശിഹായിൽ പൂർത്തീകരിക്കപ്പെടു കയും ചെയ്തു (യെശ. 61:1–3; cf ലൂക്കോ. 4:17–20).

തങ്ങൾക്കു ലഭിക്കാവുന്ന പ്രീതിയോ, അപ്രീതിയോ കണക്കിലെടു ക്കാതെ ദൈവഹിതപ്രകാരം ശുഭോദർക്കവും (2 ശമു. 7:8–16) ശിക്ഷാ സൂചകവുമായ (2 ശമു. 12:1–12) മൊഴികൾ പ്രവാചകർ അറിയിച്ചു. ചില പ്പോൾ വ്യക്തികളെ സംബന്ധിച്ചും (ആമോ. 7:17) മറ്റു ചിലപ്പോൾ ഒരു വിഭാഗത്തെപ്പറ്റിയും (ആമോ. 4:1–3) വേറെ ചിലപ്പോൾ ഒരു രാജ്യത്തെ ക്കുറിച്ചും അതിലെ ജനങ്ങളെപ്പറ്റിയും (യെശ. 4:1–8) ഉള്ള ദൈവത്തിന്റെ മനസ്സാണ് അറിയിച്ചത്. ആമോസിനു മുമ്പുള്ള പ്രവചനമൊഴികൾ

പ്രധാനമായും രാജാക്കന്മാരോടായിരുന്നു. ആമോസ് മുതൽ യെരുശലേമിന്റെ നാശം (ബി. സി. 587) വരെയുള്ളവ പ്രധാനമായും അധികാരികളെയും പ്രമാണികളേയും രാഷ്ട്രത്തെ പൊതുവേയും ബാധിയ്ക്കുന്നവയായിരുന്നു. പ്രവാസത്തിനു ശേഷമുള്ള യഹൂദ ജനത്തോട് അവർക്കു വിടുതൽ ലഭിക്കുമെന്നുള്ള പ്രത്യാശാവചനങ്ങളായിരുന്നു (യെശയ്യാ 40:1).

## 8. ന്യായപ്രമാണ വ്യാഖ്യാതാവ് (Interpreter of Law)

മോശ പ്രധാനമായും ന്യായപ്രമാണ ദാതാവായിരുന്നെങ്കിൽ പില്ക്കാല പ്രവാചകന്മാർ ന്യായപ്രമാണത്തിന്റെ വ്യാഖ്യാതാക്കളും വിശ്വാസപാലകരും വഴികാട്ടികളും ആയിരുന്നു. ന്യായപ്രമാണത്തിന്റെ തണലിൽ ബാഹ്യമായ ആചാരാനുഷ്ഠാനങ്ങളുടെ മാത്രം പ്രാധാന്യത്തിലും പെരുപ്പത്തിലും അവയുടെ ആന്തരീക അർത്ഥവും ലക്ഷ്യവും നഷ്ടപ്പെട്ടു. അപ്പോൾ ന്യായപ്രമാണത്തെയും ആചാരാനുഷ്ഠാനങ്ങളെപ്പറ്റിയും ശരിയായി വ്യാഖ്യാനിച്ച് അവയുടെ അർത്ഥവും ആത്മീയതയും എടുത്തുകാട്ടുവാൻ അവർ യത്നിച്ചു; പ്രത്യേകമായി ആരാധനയുടെ പശ്ചാത്തലത്തിൽ അങ്ങനെ ജനങ്ങളെ ദൈവത്തിലേയ്ക്കു തിരിയുവാൻ പ്രേരിപ്പിച്ചു (1 ശമു. 15:22). സാമൂഹ്യനീതിയില്ലാത്ത ജനത്തിന്റെ ആരാധന ദൈവത്തിന് അനിഷ്ടമാണ്. മറുതലിക്കുന്ന ജനത്തെ സോദോം ഗോമോറാ നിവാസികളോടു തുല്യപ്പെടുത്തി. മാനസാന്തരത്തിനായി അവർക്കു ന്യായപ്രമാണത്തെ ശരിയായി പഠിപ്പിച്ചുകൊടുത്തു. നീതിയും ധർമ്മവും വിട്ടകന്ന് യാഗവും പ്രാർത്ഥനയും ധൂപവും ഉപവാസവും ഉത്സവാചരണവും, സഭായോഗങ്ങളും യഹോവ വെറുക്കുന്നു എന്ന് ഉറക്കെപ്പറഞ്ഞു (യെശ: 1:10–15; 58:3–6).

സമൂഹത്തിലെ അന്യായവും, തിന്മയും, പീഡനവും, ചൂഷണവും നീക്കിക്കളയാത്ത ജനത്തിന്റെ ആരാധന പ്രയോജനരഹിതമാണ് എന്നു പ്രവാചകന്മാർ ശക്തിയായി പറഞ്ഞു (യെശ. 1:16–17; 58:6–7; യിരെ. 7:21–23; ആമോ. 5:21–24; ഹോശേ. 6:6; മീഖ 6:6–8). ആരാധനയും ആചാരാനുഷ്ഠാനങ്ങളും ആവശ്യമല്ല എന്നല്ല അവർ പഠിപ്പിച്ചത്. പ്രത്യുത അവ അർത്ഥവത്തും പ്രയോജനകരവും ദൈവത്തിനു പ്രസാദകരവുമാകണമെങ്കിൽ അവയോടൊപ്പം വിശുദ്ധി, നീതി, ന്യായം, ദയ, കരുണ, സ്നേഹം തുടങ്ങിയ സുകൃതങ്ങളും സമൂഹത്തിൽ പാലിക്കപ്പെടണം. ദൈവനീതിയും സാമൂഹ്യനീതിയും ഒന്നിച്ചു പോകുന്നവയാകണം. അതിന് യുക്തമായ വിധത്തിൽ പ്രവാചകന്മാർ ന്യായപ്രമാണത്തെയും പാരമ്പര്യങ്ങളെയും വ്യാഖ്യാനിച്ചു. ന്യായപ്രമാണ പാലകർക്കു രക്ഷയും ന്യായപ്രമാണ നിഷേധികൾക്ക് ശിക്ഷയും പ്രഖ്യാപിച്ചു (1 ശമു. 12:14–15, 24–25). അങ്ങനെ സമൂഹത്തിൽ ഉപദേശങ്ങൾ നൽകുന്ന ഉപദേഷ്ഠാക്കളായും (Preachers and Teachers) പ്രവർത്തിച്ചു (1 ശമു. 12:23).

പ്രവാചകന്മാർ എല്ലാം തന്നെ യിസ്രായേലിനു വേണ്ടിയും അതിലെ ജനങ്ങൾക്കു വേണ്ടിയും മധ്യസ്ഥപ്രാർത്ഥന നടത്തുന്നവരായിരുന്നു (ആമോ. 7:1–6; യിരെ. 7:16; 11:14; 15:1). കഷ്ടപ്പെടുന്ന ദൈവത്തിന്റെ ദാസനെ മദ്ധ്യസ്ഥനായിട്ടാണ് ദ്വിതീയ യെശയ്യാവു ചിത്രീകരിക്കുന്നത് (യെശ. 53:12). പ്രവാചകന്റെ വിശുദ്ധിയിലൂടെയും സമർപ്പണത്തിലൂടെയും ലഭിക്കുന്ന പ്രാതിനിധ്യസ്വഭാവമാണ് തന്റെ മധ്യസ്ഥധർമ്മത്തിന്റെ അടിസ്ഥാനം. മദ്ധ്യസ്ഥപ്രാർത്ഥനകൾ വഴി പ്രവാചകന്മാർ യിസ്രായേലിന്റെ പ്രതിനിധികളായി ദൈവത്തിന്റെ മുമ്പിലും ദൈവഹിതം ജനങ്ങൾക്കു വെളിപ്പെടുത്തുന്നതുമൂലം ദൈവത്തിന്റെ പ്രതിനിധിയായി ജനങ്ങളുടെ മുമ്പിലും പ്രവർത്തിച്ചു.

### 10. സാമൂഹ്യപരിഷ്ക്കർത്താവ് (Social Reformer)

സാമൂഹ്യപരിഷ്ക്കരണവും പ്രവാചകധർമ്മത്തിൽ ഉൾപ്പെട്ടിരുന്നു. രാഷ്ട്രീയകാര്യങ്ങളിൽ ദൈവഹിതം രാജാക്കന്മാർക്കും ജനങ്ങൾക്കും വെളിപ്പെടുത്തിക്കൊടുത്തു. എബ്രായ പാരമ്പര്യത്തിൽ ആത്മീയമെന്നോ ഭൗതികമെന്നോ ഉള്ള വേർതിരിവ് ഉണ്ടായിരുന്നില്ല. പൗരസ്ത്യ ദർശനത്തിന്റെ ഒരു അടിസ്ഥാന ചിന്തയാണിത്. സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങൾ ജീവിതത്തിൽ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന മണ്ഡലങ്ങളായിട്ടാണ് പരിഗണിച്ചിരുന്നത്. ആകയാൽ ഈ രംഗങ്ങളെല്ലാം പ്രവാചകന്റെ ദൗത്യനിർവ്വഹണ രംഗങ്ങളുമായിത്തീർന്നു. സമൂഹത്തിലെ ദുഷിപ്പുകളെ ദുരീകരിക്കുന്നതിനു കഠിനമായി പരിശ്രമിച്ചു. അനീതി, അസാന്മാർഗികം, അക്രമം, വിഗ്രഹാരാധന, ലോകമയത്വം തുടങ്ങിയവയ്ക്കെതിരെ ധീരംധീരം പോരാടി. വിശുദ്ധി, സത്യം, നീതി, സ്നേഹം, കരുണ, സൽപ്രവൃത്തികൾ ഇവക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള ആരാധനാജീവിതത്തിലൂടെയാണ് സാമൂഹ്യപരിഷ്ക്കരണത്തിന് അവർ തുനിഞ്ഞത്. കൂടാതെ നീതിയുള്ള ഒരു ദൈവത്തിൽ വിശ്വസിച്ചിരുന്നതുകൊണ്ടു കൂടിയാണ് അതിനായി പ്രവർത്തിച്ചത്. കേവലം സാമൂഹ്യപരിഷ്ക്കർത്താവ് എന്ന നിലയിലല്ല, പ്രത്യുത ദൈവഇഷ്ടം ഭൂമിയിൽ നിറവേറ്റാൻ പ്രത്യേക ദൗത്യങ്ങളുമായി ദൈവം നിയോഗിച്ചവർ എന്ന നിലയിലത്രേ അവർ പ്രവർത്തിച്ചത്.

മേൽവിവരിച്ച പദവികളും ധർമ്മങ്ങളും പ്രവാചകന്മാരുടെ സമകാലീന ജനങ്ങൾ വേണ്ടവിധം മനസ്സിലാക്കിയിരുന്നില്ല. ഈവിധ പ്രവാചക പദവികളെയും ധർമ്മങ്ങളെയും വേണ്ടവിധത്തിൽ മനസ്സിലാക്കി പ്രതികരിക്കുക എന്നത് നാം ഓരോരുത്തരുടെയും പ്രവാചകധർമ്മമായി കരുതണം.

### ചോദ്യങ്ങൾ

1. പ്രവാചക പദവികളുടെയും ധർമ്മങ്ങളുടെയും അടിസ്ഥാനത്തിൽ

നാം ഓരോരുത്തരുടെയും പ്രവാചകദൗത്യങ്ങൾ എന്തെല്ലാം?

2. വിശുദ്ധന്മാരുടെ മദ്ധ്യസ്ഥത സഭയുടെ കാതലായ വിശ്വാസത്തിൽപ്പെടുന്നു എന്ന് പ്രവാചകന്മാരുടെ ജീവിതവുമായി ബന്ധപ്പെടുത്തി എഴുതുക. ഇതിൽ കടന്നുകൂടാവുന്ന ദുഷിപ്പുകൾ എന്ത്? അവയെ എങ്ങനെ ശുദ്ധീകരിക്കാം?

3. പ്രവചന പുസ്തകങ്ങളിലെ മശിഹാ പ്രവചനങ്ങൾ ഏതെല്ലാം?

## പാഠം 4

# പ്രവാചകന്മാരോടുള്ള പ്രതികരണം

❑ പ്രതികരണം പഴയനിയമ കാലത്ത് ❑ പ്രവാചകന്മാരുടെ പ്രത്യേകതകൾ

പ്രവാചക ദൗത്യത്തിന് എക്കാലത്തും പ്രസക്തിയുണ്ട്. പഴയനിയമ കാലത്തു മാത്രമല്ല ആധുനികകാലത്തും അതിന്റെ സാംഗത്യം കാണാം. പഴയനിയമ കാലത്ത് പ്രവാചകന്മാരോടും അവരുടെ സന്ദേശത്തോടുമുള്ള പ്രതികരണം പലപ്പോഴും പ്രോൽസാഹജനകമായിരുന്നില്ല. എങ്കിലും അതിനെ വകവയ്ക്കാതെ പ്രവാചകന്മാർ അവരുടെ വിളിക്കനുസൃതമായി വിശ്വസ്തതയോടെ വർത്തിച്ചു.

പ്രത്യാശയുടെയും രക്ഷയുടെയും സന്ദേശം പ്രഖ്യാപിച്ചപ്പോൾ അവർക്ക് രാജകീയ പിന്തുണയും പ്രോൽസാഹനവും ലഭിച്ചു. എന്നാൽ ന്യായവിധിയുടെയും ശിക്ഷയുടെയും ദൂത് പ്രഖ്യാപിച്ചപ്പോൾ രൂക്ഷമായ എതിർപ്പും ഉപദ്രവവും നേരിടേണ്ടിവന്നു. യിസ്രായേലിനെ വിമർശിച്ച ഏലിയാവിനെ ആഹാബു രാജാവ് കണ്ടത് ശത്രുതാഭാവത്തോടെയാണ്. അതുപോലെ യിസ്രായേലിനും, യെരോബയാമിനും എതിരായി സംസാരിച്ച ആമോസിനെ തുടർന്നു സംസാരിപ്പാൻ ബഥേലിലെ പുരോഹിതനായ അമസ്യാവ് അനുവദിച്ചില്ല. അയാൾ ആമോസിനോടു പറഞ്ഞു. 'എടോ, ദർശകാ യഹൂദ ദേശത്തിലേക്ക് ഓടിപ്പൊയ്ക്കൊൾക: അവിടെ പ്രവചിച്ച് അഹോവൃത്തി കഴിച്ചുകൊൾക; ബഥേലിൽ ഇനി പ്രവേശിക്കരുത്' (ആമോ. 7:12, 13). പ്രവാചകനായ യശയ്യാവിനു നേരിട്ട ദുരന്തം വലുതായിരുന്നു. പാരമ്പര്യം അനുസരിച്ച് അദ്ദേഹം വാളാൽ കൊല്ലപ്പെട്ടു. യിരമ്യാ പ്രവാചകനെ ചെളിക്കുണ്ടിൽ താഴ്ത്തുകയും ആമത്തിലിടുകയും ചെയ്തു (യിരെ. 8:6; 20:2). ഊരിയാ പ്രവാചകനെ വാൾ കൊണ്ടു കൊന്നുകളഞ്ഞു (യിരെ. 26:23).

ഇസ്രായേല്യർ പ്രവാചകന്മാരെ ഉപദ്രവിക്കുകയും കൊല്ലുകയും ചെയ്തു എന്ന് അവരുടെ പിൻതലമുറക്കാർ സമ്മതിക്കുന്നുണ്ട്. യേശു ക്രിസ്തുവും ഈ വിമർശനം തന്നെ നടത്തി (മത്താ. 23:30; 31). കർത്താവു പറയുകയാണ് 'അതുകൊണ്ട് ഞാൻ പ്രവാചകന്മാരെയും ജ്ഞാനിക ളെയും ശാസ്ത്രിമാരെയും നിങ്ങളുടെ അടുക്കൽ അയയ്ക്കുന്നു; അവ രിൽ ചിലരെ നിങ്ങൾ ക്രൂശിച്ചുകൊല്ലുകയും ചിലരെ നിങ്ങളുടെ പള്ളിക ളിൽ ചമ്മട്ടികൊണ്ടടിക്കുകയും പട്ടണത്തിൽ നിന്നു പട്ടണത്തിലേക്കു ഓടി ക്കുകയും ചെയ്യുന്നു' (മത്താ. 23:34). കർത്താവ് വീണ്ടും 'യറുശലേമേ, യെറുശലേമേ, പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുക്കൽ അയച്ചി രിക്കുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളെ' എന്നു വിളിച്ചു ഭർത്സി ക്കുന്നു (മത്താ. 23:37).

പ്രത്യാശയും സുരക്ഷിതത്വവും പ്രസംഗിച്ച കള്ളപ്രവാചകന്മാർക്ക് രാജകീയ സംരക്ഷണവും പൊതുജനപ്രീതിയും ലഭിച്ചു (1 രാജാ. 18:19). എന്നാൽ കാലം അവരുടെ വ്യാജം വെളിപ്പെടുത്തി. യഹോവയുടെ സത്യ പ്രവാചകന്മാർ പ്രസ്താവിച്ചപോലെ യറുശലേമിന് നാശം ഭവിച്ചു. അപ്പോൾ കള്ളപ്രവാചകന്മാരുടെ പൊള്ളത്തരം അറിയുവാനിട വന്നു (വിലാ. 2:14). ജനത്തിന്റെ അധർമ്മവും, അവിശ്വസ്തതയും നിമിത്തമാണ് യറുശലേമിന്റെ നാശവും ബാബിലോണിലെ പ്രവാസവും എന്ന് പ്രവാസ കാല പ്രവാചകന്മാർ ഓർമ്മിപ്പിച്ചു (യെശ. 42:24; 43:22-24).

പ്രവാസകാല പ്രവചനത്തോടു കൂടി പ്രവാചകന്മാരുടെ സ്ഥാനം ഉയർന്നു. യറുശലേമിന്റെ നാശവും പ്രവാസവും സംഭവിക്കുമെന്നു പ്രവാ ചകന്മാർ മുന്നറിയിപ്പു നൽകിയിരുന്നതാണ്. അവ അപ്രകാരം സംഭവിച്ചു കണ്ടപ്പോൾ സത്യപ്രവാചകന്മാരെപ്പറ്റിയുള്ള ആദരവും അവരോടുള്ള ഭക്തിയും വർദ്ധിച്ചു. അതുകൊണ്ട് അവരുടെ പ്രവചനവാക്കുകൾ ശേഖ രിച്ചു വയ്ക്കുവാനും പിൻതലമുറകൾക്കു വേണ്ടി സൂക്ഷിക്കുവാനും ഉൽസാഹം വർദ്ധിച്ചു.

പ്രവാചകപദവി ഉയർന്നതോടെ അവരെപ്പറ്റി പുതിയ വീക്ഷണവും ഉണ്ടായി. മോശൈക ന്യായപ്രമാണത്തിന്റെ ശരിയായ വ്യാഖ്യാതാക്കളായി അവരെ കരുതി. തെറ്റായ വഴിയിൽ നിന്നു ജനത്തെ പിന്തിരിപ്പിച്ച് സത്യ ത്തിന്റെയും നീതിയുടെയും മാർഗത്തിൽ ചരിക്കുവാൻ പ്രേരണ നൽകുന്ന നേതാക്കളായി കണ്ടു. മോശയിൽക്കൂടി ലഭിച്ച ദൈവിക വെളിപാടിലും വിശ്വാസത്തിലും ഉറച്ചുനിൽക്കുന്നതിനും സത്യദൈവത്തോടു ചേർന്നു നിൽക്കുന്നതിനും ജനത്തെ പ്രേരിപ്പിക്കുന്നവരായി അവർ അംഗീകരിക്ക പ്പെട്ടു.

### പ്രവാചകന്മാരുടെ പ്രത്യേകത

പ്രവാചകന്മാരെപ്പറ്റി സാധാരണയായുള്ള ചിന്ത ഭാവികാര്യങ്ങളെപ്പറ്റി പറയുന്നവർ എന്നാണ്. ഭാവിയെപ്പറ്റി പറയുന്നവർ സമൂഹത്തിൽ പലരുണ്ടല്ലോ; ജോത്സ്യന്മാർ, പ്രശ്നക്കാർ, ഹസ്തരേഖാ വിദഗ്ദ്ധന്മാർ, വാനനിരീക്ഷകർ തുടങ്ങിയവർ. എന്നാൽ പഴയനിയമ പ്രവാചകന്മാർ ഇവരിൽ നിന്നു വ്യതിരിക്തരായിരുന്നു. വിശ്വാസത്തിലും വീക്ഷണത്തിലും സമീപനത്തിലും ലക്ഷ്യത്തിലും എല്ലാം അവർ വ്യത്യസ്തത പുലർത്തി.

1. ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സ്രഷ്ടാവായ ദൈവത്തിനു പ്രപഞ്ചത്തെപ്പറ്റിയും ജനങ്ങളെപ്പറ്റിയും പൂർണ്ണമായ ഒരു ലക്ഷ്യമുണ്ടെന്ന് അവർ വിശ്വസിച്ചു.

2. ചരിത്രത്തെ ദൈവത്തിന്റെ പ്രവർത്തന മണ്ഡലമായി അവർ കണ്ടു. സ്രഷ്ടാവും, രക്ഷകനും, വീണ്ടെടുപ്പുകാരനുമായി ദൈവം ചരിത്രത്തിൽ പ്രവർത്തിക്കുന്നു. ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ചരിത്രസംഭവങ്ങളെ പ്രവാചകന്മാർ വിലയിരുത്തി.

3. മാറ്റമില്ലാത്ത ദൈവത്തിലുള്ള വിശ്വാസമാണ് അവർക്ക് ഭാവിയെപ്പറ്റി പ്രവചിക്കുവാൻ പ്രചോദനം നൽകിയത്. ഭൂതകാല ചരിത്രത്തിൽ നിന്നു ഭാവിയുടെ നിഗൂഢതയിലേക്ക് എത്തിനോക്കുവാൻ അവർക്കു കഴിയുമായിരുന്നു.

4. അവർ വർത്തമാനകാല ചരിത്രത്തെ ഗൗരവപൂർവ്വം വീക്ഷിച്ചു. ദൈവത്തിന്റെ ദിവ്യപരിപാലനയുടെയും ധാർമ്മിക വ്യാപാരത്തിന്റെയും വെളിച്ചത്തിൽ വർത്തമാനകാല സംഭവങ്ങളെ വ്യാഖ്യാനിച്ചു. ദൈവത്തിന്റെ കാഴ്ചപ്പാടിലൂടെയാണ് അവർ വസ്തുതകളേയും സംഭവങ്ങളേയും വിലയിരുത്തിയത്.

5. ഭൗതികവും ബൗദ്ധികവുമായ മണ്ഡലങ്ങളിലൂടെ ആത്മികതലത്തിലേക്ക് അവർക്ക് കടക്കുവാൻ കഴിഞ്ഞു. അതിനുള്ള ഉൾക്കാഴ്ച അവർക്കുണ്ടായിരുന്നു. ഇന്നുള്ള ചിന്ത ആത്മികതലത്തെ അകറ്റി നിറുത്തിക്കൊണ്ടു കേവലം യുക്തിയുടേയും ബുദ്ധിയുടേയും നിരാസമാണ്.

ബുദ്ധിയും യുക്തിയും ഉപേക്ഷിക്കണമെന്ന് അർത്ഥമില്ല. അവയിൽക്കൂടി അവയ്ക്കപ്പുറത്തേയ്ക്കു കടക്കുവാനുള്ള കഴിവാണ് പ്രവാചകന്മാർ ആർജ്ജിച്ചത്. ഒരു ഉദാഹരണം ഉദ്ധരിക്കാം. അരാം രാജാവിന്റെ സൈന്യങ്ങളെ കണ്ട് ഏലിശാ പ്രവാചകന്റെ ഭൃത്യൻ ഭയപരവശനായി. അവന്റെ ബാഹ്യനേത്രങ്ങളും, അവയ്ക്കു ചേർന്ന യുക്തിയുമാണ് അവനെ ഈ അവസ്ഥയിലെത്തിച്ചത്. എന്നാൽ ഏലിശാ പ്രവാചകൻ തന്റെ അന്തർനേത്രം കൊണ്ട്, സഹായത്തിനും സംരക്ഷണത്തിനും ലഭ്യമാകുന്ന

യഹോവയുടെ വലിയ സൈന്യത്തെ കണ്ടു. ഭൃത്യന്റെ അന്തർനേത്രവും തുറന്ന്, അതു കാണുവാൻ അവനെ സഹായിച്ചു (2 രാജാ. 6:8–23).

6. നിത്യനായ ദൈവത്തോടുള്ള ബന്ധത്തിൽ സകലത്തേയും വിശകലനം ചെയ്തുകൊണ്ട് അവർ തങ്ങളുടെ ദൗത്യം നിർവഹിച്ചു. അവർ ദൈവസന്നിധിയിലേക്കും, ദൈവസംസർഗത്തിലേക്കും പ്രവേശിച്ചവരാണ്. അതാണു അവരുടെ സന്ദേശത്തിൽ മുറ്റി നിൽക്കുന്ന മൗലികത. സ്ഥല കാല പരിമിതികൾക്കതീതമായ സന്ദേശം അവരിൽ നിന്നും ശ്രവിക്കാം. സനാതനമായ സത്യമാണ് അവർ ഉത്ഘോഷിച്ചത്.

**ചോദ്യങ്ങൾ**

1. പ്രവാചകന്മാരോടുള്ള പ്രതികരണങ്ങൾ എന്തായിരുന്നു?
2. പ്രവാചക ദൗത്യത്തിന്റെ സവിശേഷതകൾ പ്രതിപാദിക്കുക.

## പാഠം 5

# പ്രവാചകന്മാരുടെ കാലം

❑ ആദ്യകാല പ്രവാചകന്മാർ ❑ പ്രവാസത്തിനു മുമ്പുള്ള പ്രവാചകന്മാർ ❑ പ്രവാസത്തിലുള്ള പ്രവാചകന്മാർ ❑ പ്രവാസത്തിനു ശേഷമുള്ള പ്രവാചകന്മാർ ❑ പ്രവാചകന്മാർ നൂറ്റാണ്ടുകളിലൂടെ - പട്ടിക ❑ പ്രവാചകന്മാരുടെ ജീവിത കാലപട്ടിക ❑ പ്രവാചകന്മാരും രാജാക്കന്മാരും - പട്ടിക

പ്രവാചകന്മാരുടെ കാലം കൃത്യമായി നിർണയിക്കാനാവില്ല. പ്രവാചകന്മാരുടെ പേരുമായി ബന്ധമുള്ള രാജാക്കന്മാരുടെ കാലഘട്ടം, പുസ്തകത്തിലെ ചില സംഭവങ്ങൾ, മറ്റ് ആന്തരീയ തെളിവുകൾ മുതലായവയുടെ വെളിച്ചത്തിലാണ് പ്രവാചകന്മാരുടെ ഏകദേശമായ കാലം നിർണയിച്ചിരിക്കുന്നത്. പ്രവാചക കാലങ്ങളുടെ കാര്യത്തിൽ പണ്ഡിതന്മാർ തമ്മിൽ ചിലപ്പോൾ അഭിപ്രായവ്യത്യാസങ്ങൾ ഉള്ളതിനാലാണ് പല പുസ്തകങ്ങളിലും പ്രവാചകകാലത്തിൽ ചില വ്യത്യാസങ്ങൾ കാണുന്നത്. ആ വ്യത്യാസങ്ങൾ ഒരു പരിധി വരെ ഇതിലും കണ്ടേക്കാം. പ്രവാചകകാലത്തെ സംബന്ധിച്ച് ഏകദേശമായ ഒരു ധാരണയ്ക്ക് ഇതു മതിയാകുമെന്നു കരുതുന്നു.

വേദപുസ്തകത്തിലെ ക്രമം അനുസരിച്ചല്ല പ്രവാചകന്മാരെക്കുറിച്ച്

ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്; പ്രത്യുത കാലക്രമമനുസരിച്ചാണ്.

## 1. ആദ്യകാല പ്രവാചകന്മാർ

ആദ്യകാല പ്രവാചകന്മാരെക്കുറിച്ചു നാം നേരത്തെ പ്രതിപാദിക്കുകയുണ്ടായി. ഇവിടെ പ്രധാനമായും മോശ, ഏലിയാവ്, ശമുവേൽ ഇവരെക്കുറിച്ച് മാത്രമേ പരാമർശിക്കുന്നുള്ളു.

### (a) മോശ

ബി. സി 13-ാം നൂറ്റാണ്ടാണ് മോശൈകകാലം. ബി. സി. 1300 നും 1200 നും ഇടയ്ക്കാണ് യിസ്രായേല്യരുടെ മിസ്രയീമിൽ നിന്നുള്ള പുറപ്പാടു കാലം (Exodus Period) എന്നു കരുതുന്നു. പുരാവസ്തു ഗവേഷണത്തിന്റെ വെളിച്ചത്തിലും ഈ കാലനിർണയം ശരിയാണ്. സേതി ഒന്നാമന്റെ കാലം മുതൽ (1313-1301) മകൻ രാമ്സേസ് രണ്ടാമന്റെ കാലം വരെയുള്ള (1301 -1234) ഈജിപ്ഷ്യൻ രേഖകളിൽ നിന്നും (ഹബീറു, അപീറു) എബ്രായരെ സംബന്ധിച്ചുള്ള പരാമർശമുണ്ട്. പിത്തോമിന്റെയും രാമ്സേസിന്റെയും പേരിലുള്ള പട്ടണങ്ങൾ പണിതത് അവരാണ് എന്നു വിശ്വസിക്കപ്പെടുന്നു. പഴയനിയമ പണ്ഡിതന്മാർ അധികവും ചിന്തിക്കുന്നത് യിസ്രായേല്യരെ പീഡിപ്പിച്ച ഫറവോൻ സേതി ഒന്നാമനോ അല്ലെങ്കിൽ രാമ്സേസു രണ്ടാമനോ ആണെന്നാണ്. പുറപ്പാടു കാലത്തെ ഫറവോൻ രാമ്സേസ് രണ്ടാമൻ (1301-1234) അല്ലെങ്കിൽ മെർ-നെഫ്താ (1234-1222) ആണെന്നു കരുതുന്നു.

### (b) ശമുവേൽ

ബി. സി. 10-ാം നൂറ്റാണ്ടിലാണ് ശമുവേൽ പ്രവാചകൻ ജീവിച്ചിരുന്നത്. ശമുവേലിന്റെ കാലത്താണ് യിസ്രായേലിൽ രാജവാഴ്ച തുടങ്ങിയത്. ഒന്നാമത്തെ രാജാവായി ശൗലിനേയും അവനു ശേഷം ദാവീദിനേയും (1000 -961) അഭിഷേകം ചെയ്തതു ശമുവേലാണ്. പ്രവാചകനും ന്യായാധിപനും, പുരോഹിതനുമായ ശമുവേൽ യിസ്രായേലിലെ ന്യായാധിപന്മാരെയും രാജാക്കന്മാരെയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയാണ്.

### (c) ഏലിയാവ്

ബി. സി. 9-ാം നൂറ്റാണ്ടിലാണ് ഏലിയാ പ്രവാചകനും തന്റെ ശിഷ്യനായ ഏലിശായും ജീവിച്ചിരുന്നത്. ഏലിയാവിന്റെ കാലത്ത് യിസ്രായേലിലെ രാജാവ് ആഹാബായിരുന്നു (869-850).

## പ്രവാസത്തിനു മുമ്പുള്ള പ്രവാചകന്മാർ

ബി. സി. എട്ടാം നൂറ്റാണ്ടിൽ നാലു പ്രവാചകന്മാർ യിസ്രായേലിലും

യഹൂദ്യയിലുമായി പ്രവർത്തിച്ചു. ആമോസ്, ഹോശയ്യാ, യെശയ്യാവ്, മീഖാ.

### (a) ആമോസ്

8-ാം നൂറ്റാണ്ടിലെ ധാർമ്മികാധഃപതനത്തിനും സാമൂഹ്യദോഷങ്ങൾക്കു മെതിരെ അദ്ദേഹം പോരാടി. ഊസ്സിയാ രാജാവിന്റെയും (786-742) യെരോസയാം രണ്ടാമന്റെയും (788-743) കാലത്താണ് ഇദ്ദേഹം ജീവിച്ചത് (ആമോ. 1:1). പ്രവചനകാലഘട്ടം 760-നും 745 -നും മധ്യേയാണ് എന്നു കരുതുന്നു.

### (b) ഹോശേയ

ആമോസിന്റെ അവസാന കാലത്ത് രംഗപ്രവേശം ചെയ്യുന്നു. വടക്കൻ രാജ്യത്തിന്റെ അധഃപതനത്തിനു ശേഷം (ca 722 ബി. സി.) ഈ പ്രവാചകന്റെയും പ്രവൃത്തിയെപ്പറ്റി ഒന്നും പുസ്തകത്തിൽ കാണാത്തതിനാൽ അതിനു മുമ്പാണു പ്രവാചകൻ പ്രവർത്തിച്ചിരുന്നത് എന്നു കരുതാം. ഏകദേശം ബി. സി. 725 വരെ പ്രവർത്തനം തുടർന്നു.

### (c) ഒന്നാം യെശയ്യാവ് (യെശ. 1-39)

ഇദ്ദേഹം ആമോസിന്റെയും ഹോശേയായുടെയും സമകാലീനനായിരുന്നു (ഹോശേയ 1:1, ആമോസ് 1:1, യെശ. 1:1, 6:1). 1 മുതൽ 39 വരെയുള്ള അദ്ധ്യായങ്ങളുടെ ഗ്രന്ഥകർത്താവാണിദ്ദേഹം. ഉസ്സിയാവു, യോഥാം, ആഹാസ്, ഹിസ്കിയാവ് രാജാക്കന്മാരുടെ കാലത്താണ് ഇദ്ദേഹം പ്രവചിച്ചത്.

### (d) മീഖാ

ഒന്നു മുതൽ മൂന്നു വരെയുള്ള അദ്ധ്യായങ്ങളുടെ ഗ്രന്ഥകർത്താവായ ഇദ്ദേഹം ഒന്നാം യെശയ്യായുടെ സമകാലീനനായിരുന്നു. യോഥാം, ആഹാസ്, ഹിസ്കിയാവ് എന്നീ രാജാക്കന്മാരുടെ കാലത്തു പ്രവചിച്ചതായി കാണുന്നു (മീഖാ 1:1, മീഖാ 2:1-5; യെശ. 5:8 മു., മീഖാ 5:9-14, യെശ. 2:6 മു) എന്നീ ഭാഗങ്ങൾ വായിച്ചാൽ മീഖായും യെശയ്യാവും തമ്മിലുള്ള ആശയപരമായ അടുപ്പത്തെക്കുറിച്ചു മനസ്സിലാക്കാം. 4 മുതൽ 7 വരെയുള്ള അദ്ധ്യായങ്ങൾ ബി. സി. 5-ാം നൂറ്റാണ്ടിൽ മറ്റൊരാൾ എഴുതിയതായി പണ്ഡിതന്മാർ കരുതുന്നു. അവയും 1 മുതൽ 3 വരെയുള്ള ഭാഗങ്ങളോടു ചേർത്തു ക്രമീകരിച്ചതിനാൽ മീഖായുടേതായി അറിയപ്പെടുന്നു.

## ഏഴാം നൂറ്റാണ്ടിൽ ജീവിച്ചവർ

### (1) നഹൂം

നഹൂം 3:8 മുതൽ തേബ്സിന്റെ നാശത്തെ സംബന്ധിച്ചു കാണുന്നു.

അതു ബി. സി. 663 -ൽ ആയിരുന്നു. നിനെവയുടെ നാശത്തെക്കുറിച്ചും പ്രവചിച്ചിട്ടുണ്ട്. ബി. സി. 625 -ൽ മേദ്യർ നിനെവയെ ആക്രമിച്ചു. 612 -ൽ ബാബിലോണ്യ ആക്രമണത്തിൽ നിനെവ വീണു. ഇതിൽനിന്നും 625 നും മുമ്പേ, 612 നോട് അടുപ്പിച്ചോ ആണ് ഇദ്ദേഹം പ്രവചനം നടത്തിയിരുന്നതെന്ന് അനുമാനിക്കാം.

### (2) ഹബക്കുക്

ഇദ്ദേഹവും ബി. സി. 7-ാം നൂറ്റാണ്ടിൽ ജീവിച്ച പ്രവാചകനാണ്. ദുഷ്ടതയുടെ അറുതിയെ സംബന്ധിച്ചുള്ള പരാമർശം അസ്സീറിയായെപ്പറ്റിയാകാം. അല്ലെങ്കിൽ യഹൂദയുടെ ദുഷ്ടതയെക്കുറിച്ചോ ബാബിലോണ്യ ആക്രമണത്തെയും പറ്റിയോ ആയിരിക്കാം. ബി. സി. 612 -ൽ അസ്സിറിയായുടെ ശക്തി ക്ഷയിച്ചു. ബി. സി. 587 -ൽ ബാബിലോൺ യഹൂദയെ ആക്രമിച്ചു. അതിനു മുമ്പ് പ്രവചനം നടന്നതായി കണക്കാക്കാം.

### (3) സെഫന്യാവ്

ബി. സി. 7-ാം നൂറ്റാണ്ടിൽ ജീവിച്ച മറ്റൊരു പ്രവാചകനാണു സെഫന്യാവ്. യോശിയാ രാജാവിന്റെ കാലത്താണ് ഇദ്ദേഹം പ്രവചിച്ചത് (1:1). യോശിയാവിന്റെ ഭരണകാലം ബി. സി. 640 നും 609 നും ഇടയിലാണ്. 640 മുതൽ 626 വരെ പ്രവചനകാലമായി പൊതുവേ കരുതുന്നു. 626 -ൽ അശൂരിന്റെ ശക്തി പെട്ടെന്ന് ക്ഷയിക്കുന്നു. ഇതുവരെയാണ് സെഫന്യാവിന്റെ പ്രവർത്തനസമയം എന്നു കരുതാം.

### (4) യിരെമ്യാവ്

ബി. സി. 7 -ാം നൂറ്റാണ്ടിന്റെ അവസാനത്തിലും 6 -ാം നൂറ്റാണ്ടിന്റെ ആരംഭത്തിലും ജീവിച്ചു പ്രവർത്തിച്ച പ്രവാചകനാണ് യിരെമ്യാവ് (627-587). യോശിയാ രാജാവിന്റെ വാഴ്ചയുടെ 13 -ാം വർഷത്തിലാണ് യിരെമ്യാവു പ്രവചനമാരംഭിച്ചത്. യെഹോയാക്കിമിന്റെ കാലത്തും (ബി. സി. 609) സെദക്കിയാവിന്റെ കാലത്തും (597-587) ഇദ്ദേഹം പ്രവചനം നടത്തിയതായി വിശ്വസിക്കുന്നു. നെബുഖദ്നേസറിന്റെ യെരുശലേമിന്മേലുള്ള ഒന്നും, രണ്ടും ആക്രമണകാലത്തും (ബി. സി. 597, 587) യിരെമ്യാവ് പ്രവചിച്ചതായി പറയപ്പെടുന്നു. പ്രവാചകനെ ഈജിപ്തിലെ പ്രവാസത്തിലേക്കു കൊണ്ടുപോകയും അവിടെ വച്ചു മരിക്കയും ചെയ്തു.

## പ്രവാസകാല പ്രവാചകന്മാർ (587-539)

ഇസ്രായേൽ മക്കളെ ബലമായി പിടിച്ചുകൊണ്ടുപോയി ബാബിലോണിൽ പാർപ്പിച്ച കാലം ആണ് പ്രവാസകാലം (ബി. സി. 587-539, 2 രാജാ. 25:21). ഹബക്കുക്, യിരെമ്യാവ് ഇവർ പ്രവാസകാലത്തിനു മുമ്പുള്ള

പ്രവാചകന്മാരാണെങ്കിലും അവരുടെ പ്രവചനം പ്രവാസത്തിന്റെ ആരംഭ കാലത്തും നടന്നതായി കാണാം. രണ്ടു പേരും 587 വരെ പ്രവചനം നടത്തിയതായി കാണുന്നു.

### (a) യെഹെസ്ക്കേൽ

ബി. സി. 6 -ാം നൂറ്റാണ്ടിൽ ജീവിച്ച പ്രവാചകനാണിദ്ദേഹം. ബാബിലോൺ പ്രവാസകാലത്ത് പ്രവാസികളുടെ ഇടയിൽ പ്രവർത്തിച്ചു. ബാബിലോണിൽ കേബാർ നദീതീരത്തിരുന്നതായി പരാമർശമുണ്ട് (1:1). യെഹോയാഖിൻ രാജാവിന്റെ കാലത്താണു താൻ പ്രവചനം നടത്തിയത് (598). 598 നും 571 നും മധ്യേയാണ് പ്രവാചകൻ പ്രവർത്തിച്ചത് എന്നു പൊതുവേ അനുമാനിക്കുന്നു.

### (b) രണ്ടാം യെശയ്യാവ് (40–55)

യെശയ്യാവ് 40 മുതൽ 55 വരെയുള്ള അദ്ധ്യായങ്ങളുടെ ഗ്രന്ഥകർത്താവിനെ രണ്ടാം യെശയ്യാവ് എന്ന പേരിൽ വിളിക്കുന്നു. പ്രവാസികളുടെ ഇടയിൽ പ്രവചിച്ച രണ്ടാമത്തെ പ്രവാചകനാണിദ്ദേഹം ബി. സി. 6 -ാം നൂറ്റാണ്ടിന്റെ മധ്യഘട്ടമത്രെ പ്രവചനകാലം. ബാബിലോൺ അടിമത്തത്തിൽ നിന്നുമുണ്ടാകുന്ന വിടുതലിനെ പ്രവാചകൻ വിളിച്ചറിയിച്ചു. പേർഷ്യൻ രാജാവായ കോരേഗിനെപ്പറ്റി പരാമർശിച്ചിട്ടുണ്ട് (44:28; 45:1–8).

ബാബിലോണിന്റെ വീഴ്ചയും, കോരശിന്റെ വിജയവും പ്രവാസത്തിൽ നിന്നുള്ള വിടുതലും ബി. സി. 539 -ൽ ഉണ്ടായി. 40 മുതൽ 48 വരെയുള്ള അദ്ധ്യായങ്ങളിൽ കോരേശു രാജാവിന്റെ പ്രവർത്തനത്തെപ്പറ്റി പറയുന്നതിനാൽ അവ 550 നും 539 നും ഇടയ്ക്കു രചിച്ചതായി കരുതുന്നു. 49 മുതൽ 55 വരെ അദ്ധ്യായങ്ങളിൽ അടിമത്വത്തിനു ശേഷമുള്ള പുതിയ സമൂഹത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നു.

## പ്രവാസത്തിനു ശേഷമുള്ള പ്രവാചകന്മാർ

ബി. സി. 539 -ൽ പ്രവാസം അവസാനിച്ചു (എസ്രാ. 1). പ്രവാസത്തിൽ നിന്നും മടങ്ങിവന്ന ജനങ്ങൾക്കു പ്രവാചകന്മാർ പുതുധൈര്യം പകർന്നു കൊടുത്തു.

### (a) ഹഗ്ഗായി

ബാബിലോൺ പ്രവാസത്തിനു ശേഷമുള്ള പ്രവാചകനാണു ഹഗ്ഗായി. പ്രവാസത്തിൽ നിന്നും മടങ്ങിവന്ന ജനത്തെ ദേവാലയത്തിന്റെ പുനർനിർമാണത്തിനായി ആഹ്വാനം ചെയ്തു. അടിമത്തത്തിൽ നിന്നും മടങ്ങി വന്നതിനു ശേഷം 18 വർഷങ്ങൾ കഴിഞ്ഞപ്പോൾ ദേവാലയത്തിന്റെ പുനർനിർമാണ പ്രവർത്തനം ആരംഭിച്ചു (എസ്രാ 4:1–5:24). ഹഗ്ഗായി

പ്രവാചകന്റെ പ്രവർത്തനകാലം ബി. സി. 521 നോട് അടുത്താണ് എന്നാണ് പണ്ഡിതരുടെ നിഗമനം. ദാര്യാവേശ് രാജാവിന്റെ കാലത്താണ് (ബി. സി. 522–486) പ്രവാചകൻ ജീവിച്ചത്.

### (b) ഒന്നാം സെഖര്യാവ് (1–8)

സെഖര്യാവ് പ്രവാസത്തിനു ശേഷമുള്ള പ്രവാചകനും ഹഗ്ഗായിയുടെ സമകാലീനനുമാണ് (എസ്രാ 5:1; 6:14). ബി. സി. 521 നും 519 നും മദ്ധ്യേയാണ് പ്രവർത്തനഘട്ടം. ദേവാലയത്തിന്റെ പുനർനിർമാണത്തിനായി ജനങ്ങളെ ആഹ്വാനം ചെയ്തു പ്രോത്സാഹിപ്പിച്ചു. സെഖർയ്യാവ് 1 മുതൽ 8 വരെയുള്ള അദ്ധ്യായങ്ങൾ ഈ കാലഘട്ടത്തിലുണ്ടായി. ദാര്യാവേശ് രാജാവിന്റെ കാലത്താണ് ഇദ്ദേഹം ജീവിച്ചത്.

### (c) മൂന്നാം യെശയ്യാവ് (56–66)

രണ്ടാം യെശയ്യാവ് പ്രവാസകാലത്തു പ്രവർത്തിച്ചുവെങ്കിൽ മൂന്നാം യെശയ്യാവ് പ്രവാസത്തിനു ശേഷം പ്രവാസത്തിൽ നിന്നും മടങ്ങിവന്ന പുതിയ സമൂഹത്തിലാണ് പ്രവർത്തിച്ചത്. 56 മുതൽ 66 വരെയുള്ള അദ്ധ്യായങ്ങൾ മൂന്നാമതൊരാൾ എഴുതിയതാണെന്ന് ഇന്നു പൊതുവേ അംഗീകരിക്കുന്നു. പ്രവർത്തനരംഗം യെരുശലേം ആണ്. ദേവാലയം ബലിയനുഷ്ഠാനം ഇവയെല്ലാം ഉള്ള കാലമാണ് പ്രവാചകൻ ചിത്രീകരിച്ചിരിക്കുന്നത്. ആകയാൽ ഏകദേശം 519 –നോട് അടുത്താണ് ഈ എഴുത്തുകാരന്റെ കാലം.

### (d) ഓബദ്യാവ്

21 വാക്യങ്ങൾ മാത്രമുള്ള ഏറ്റം ചെറിയ പുസ്തകം. ഇതിന്റെ എഴുത്തുകാലത്തെ സംബന്ധിച്ച് വ്യക്തമായ തെളിവുകളില്ല. 1:14, 15 വാക്യങ്ങളിൽ ഏദോമിനെതിരായി പ്രവചിച്ചിട്ടുണ്ട്. ഇതിന്റെ കാലഘട്ടം ബി. സി. 475 നും 450 നും ഇടയ്ക്കായിരിക്കണം. 15a, 16–21 ഈ വാക്യങ്ങൾ – യഹൂദയെ സംബോധന ചെയ്തുകൊണ്ടുള്ളത് – ബി. സി. 425 നും 400 നും ഇടയിൽ രചിച്ചു എന്നാണ് പണ്ഡിതമതം. യിരെ. 49:7–22 ഓബദ്യാവ് 1–10 വരെ വളരെ സാമ്യമുണ്ട്. രണ്ടുപേർക്കും ഒരു പൊതുമൂലരേഖയുമായി ബന്ധമുണ്ടായിരുന്നിരിക്കണം.

### (e) മലാഖി

പേർഷ്യൻ ഭരണകാലത്താണ് ഇതിന്റെ ഉൽഭവം. ഗ്രന്ഥകർത്താവിനെപ്പറ്റി ഒന്നും അറിവില്ല. 3:1 –ൽ കാണുന്ന 'എന്റെ ദൂതൻ' എന്നുള്ളതിന്റെ വാക്കിനാലാണു പ്രവചനം അറിയപ്പെടുന്നത്. 1:8 ൽ ഗവർണ്ണറുടെ പരാമർശം. 1:10 –ൽ ദേവാലയപണി കഴിഞ്ഞ സൂചന. ഇവയിൽ നിന്ന്

മനസ്സിലാകുന്നത് ഇതു ബി. സി. 516 -നും, 515 -നും ഇടയിൽ എഴുതിയ തെന്നാണ്.

### (f) രണ്ടാം സെഖര്യാവ്

ഗ്രീക്കു ഭരണകാലത്തുള്ളതാണ് ഈ പ്രവചനം. 9 മുതൽ 14 വരെ അദ്ധ്യായങ്ങൾ 4-ാം നൂറ്റാണ്ടിന്റെ അവസാനമോ 3-ാം നൂറ്റാണ്ടിന്റെ ആരം ഭത്തിലോ എഴുതിയതായിരിക്കണം. രണ്ടാം സെഖര്യാവിനെ വെളിപ്പാടു പ്രവാചകനായി (apocalyptic prophet) കരുതുന്നു. രണ്ടാം നൂറ്റാണ്ടിന്റെ മധ്യത്തിൽ മക്കാബിയരുടെ കാലവുമായി ബന്ധിപ്പിച്ചു ചിന്തിക്കുന്ന പണ്ഡി തന്മാരുമുണ്ട്.

### (g) യോവേൽ

പ്രവാസത്തിനു ശേഷമുള്ള പ്രവചനമാണ്. 3:1 മുതൽ പരിശോധി ച്ചാൽ യെരൂശലേം, യഹൂദാ ഇവ മാത്രമാണു രാജ്യത്തിന്റെ ഭാഗങ്ങൾ എന്നു കാണാം. ബി. സി. 332 -ൽ അലക്സാണ്ടർ ചക്രവർത്തിയുടെ ആക്രമണത്തിനു തൊട്ടുമുമ്പുള്ള കാലവിവരണമാണിതിലുള്ളതെന്നു ചിന്തിക്കുന്നു.

### (h) യോന

പ്രവാസത്തിനു ശേഷമുള്ള പുസ്തകമാണിത്. എന്നാൽ ഇതിലെ പ്രതി പാദ്യം പുരാതനപാരമ്പര്യത്തിന്റെ അടിസ്ഥാനത്തിൽ ആണ്. 2 രാജാ. 14:25 ൽ യെരോബയാം രണ്ടാമന്റെ കാലത്തു (ബി. സി. 788-743) അമി ത്ഥായിയുടെ മകനായ യോനയെ സംബന്ധിച്ച് പരാമർശമുണ്ട്. യോനാ പ്രവാചകൻ ആമോസിന്റെ സമകാലീനനാണ് എന്നും വിശ്വസിക്കപ്പെടുന്നു. നിനെവ അശൂരിന്റെ തലസ്ഥാനമായിക്കാണുന്നതും ഈ കാലഘട്ടത്തി ലാണ്. 7-ാം നൂറ്റാണ്ടിൽ നിനെവ നഗരം നശിപ്പിക്കപ്പെട്ടു. 8/7 നൂറ്റാണ്ടിലെ പാരമ്പര്യത്തിന്റെ അടിസ്ഥാനത്തിൽ ബി. സി. 400 -നും 300 -നും ഇടയ്ക്ക് എഴുതപ്പെട്ടതായി ഊഹിക്കുന്നു.

### (i) ദാനിയേൽ

എബ്രായ കാനോനനുസരിച്ച് ദാനിയേലിനെ പ്രവാചകരുടെ ഗണ ത്തിൽ ചേർത്തിട്ടില്ല. എഴുത്തുകളുടെ ഗണത്തിലാണ് ചേർത്തിരിക്കുന്നത്. ഗ്രീക്കു പരിഭാഷയായ സെപ്റ്റ്വജിന്റിൽ ഇതിനെ പ്രവാചകഗണത്തിൽ എണ്ണിയിരിക്കുന്നു. യഥാർത്ഥത്തിൽ ഇതു വെളിപ്പാടു സാഹിത്യത്തി ലുൾപ്പെട്ടതാണ്. ബി. സി. 2-ാം നൂറ്റാണ്ടിൽ പ്രവചനവും വെളിപ്പാടും തുല്യ മായി കരുതിയിരുന്ന ഒരു ചിന്തയിൽ നിന്നാണ് ഇതിനെ പ്രവാചകഗണ ത്തിൽ ചേർക്കുവാനിടയായത്. ബി. സി. 175 മുതൽ 163 വരെ ഭരിച്ചിരുന്ന

സെലൂക്യ രാജാവായ അന്തിയോക്കസ് എപ്പിഫാനിയോസ്സിന്റെ പീഡന കാലത്തെഴുതിയതാണിത് എന്നാണ് അതിലെ നിഗൂഢഭാഷാപ്രയോഗ ത്തിൽ നിന്നും ഗ്രഹിക്കാവുന്നത്.

### ചോദ്യങ്ങൾ

1. പ്രവാചകന്മാരുടെ പട്ടിക കാലക്രമം അനുസരിച്ച് എഴുതുക? അവ രുടെ ഏകദേശ കാലങ്ങൾ ഏവ?
2. പ്രവാചകന്മാരുടെ പട്ടിക വേദപുസ്തകക്രമം അനുസരിച്ച് എഴു തുക?

## പ്രവാചകന്മാർ നൂറ്റാണ്ടുകളിലൂടെ

| നൂറ്റാണ്ട് ബി. സി. | കാലം | പ്രവാചകന്മാർ |
|---|---|---|
| 13 | 1300 - 1200 | മോശ |
| 10 | 1000 - 900 | ശമുവേൽ |
| 9 | 900 - 800 | ഏലിയാവ് |
| | | ഏലിശാ |
| 8 | 800 - 700 | ആമോസ് |
| | | ഹോശേയ |
| | | യെശയ്യ 1 (1-39) |
| | | മീഖാ (1-3) |
| 7 | 700 - 600 | നാഹൂം |
| | | ഹബക്കുക് |
| | | സെഫന്യാവ് |
| | | യിരെമ്യാവ് |
| 6 | 600 - 500 | യെഹെസ്കേൽ |
| | | യെശയ്യാവ് II (40-55) |
| | | ഹഗായി |
| | | സെഖര്യാവ് (1-8) |
| | | യെശയ്യാവ് III (56-66) |
| 5 | 500 - 400 | ഓബദ്യാവ് |
| | | മലാഖി |
| 4 | 400 - 300 | യോവേൽ |
| | | യോന |
| 3 | 300 - 200 | സെഖര്യാവ് II (9-14) |
| 2 | 200 - 100 | ദാനിയേൽ |

# പ്രവാചകന്മാരുടെ ജീവിതകാല പട്ടിക

## പ്രവാസത്തിനു മുമ്പ്

| | നൂറ്റാണ്ട് ബി. സി. | യിസ്രായേലിൽ | യെരുശലേമിൽ |
|---|---|---|---|
| അശൂര്യൻ ഭരണകാലം | 8 | ആമോസ് ca 760-750 | ഒന്നാം യെശയ്യാവ് ca 740-700 |
| | | ഹോശേയ ca 750-725 | മീഖാ (1-3) ca 724 |
| | 7 | യോനയുടെ ചരിത്രം ca 612 നു മുമ്പ് | സെഫന്യാവ് ca 640-624 |
| | | | യിരെമ്യാവ് ca 627-587 |
| | | | നാഹൂം ca. 612 |
| | | | ഹബക്കൂക് ca 612-587 |

## പ്രവാസകാലത്ത്

| | | ബാബിലോണിൽ | യെരുശലേമിൽ |
|---|---|---|---|
| കൽദായ ഭരണകാലം (Babylon) | 6 | യെഹെസ്കേൽ ca 597-571 | യിരെമ്യാവ് 587 വരെ |
| | | രണ്ടാം യെശയ്യാവ് ca 550-539 | ഹബക്കൂക് 587 വരെ |

## പ്രവാസത്തിനു ശേഷം

| | | | യെരുശലേമിൽ |
|---|---|---|---|
| പേർഷ്യൻ ഭരണകാലം | 6 | | ഒന്നാം സെഖര്യാവ് (1-8) ca 521-519 |
| | | | ഹഗ്ഗായി ca 521 |
| | | | മൂന്നാം യെശയ്യാവു (56-66) ca. 519 |
| | | | മലാഖി ca 516-515 |
| | 5 | | ഓബദ്യാവ് ca 475-400 |
| | | | മീഖാ (4-7) 5-ാം നൂറ്റാണ്ട് |
| ഗ്രീക്ക് ഭരണകാലം | 4 | | യോവേൽ ca 332 |
| | | | യോനാ ca 400-300 ചരിത്രം 8/7 -ാം നൂറ്റാണ്ടിലേത് |
| | 3 | | രണ്ടാം സെഖര്യാവ് 9-14 |

| | | |
|---|---|---|
| മക്കാബിയരുടെ കാലം | 2 | ദാനിയേൽ ca 175-163 |

# പ്രവാചകന്മാരും രാജാക്കന്മാരും

| പ്രവാചകന്മാർ (വേദപുസ്തക ക്രമമനുസരിച്ച്) | അവരുടെ കാലത്തുള്ള രാജാക്കന്മാർ |
|---|---|
| യെശയ്യാവ് | ഉസ്സിയാവ് 786-742 (ബി. സി.) |
| | യോഥാം 742-735 (ബി. സി.) |
| | ആഹാസ് 735-715 (ബി. സി.) |
| | ഹിസ്കീയാവ് 715-687/6 (ബി. സി.) |
| യിരെമ്യാവ് | യോശീയാവ് 640-609 |
| | യെഹോയാക്കീം 609/8 |
| | സിദെക്കിയാവ് 597-587 |
| യെഹസ്കേൽ | യെഹോയാഖിൻ 598 |
| ദാനിയേൽ | യെഹോയാക്കിം |
| ഹോശേയ | ഊസ്സിയാവ്, യോഥാം |
| | ആഹാസ്സ്, ഹിസ്കിയാവ് |
| യോവേൽ | രാജാവിന്റെ പേരു പറയുന്നില്ല |
| ആമോസ് | ഊസ്സിയാവ് |
| | യിസ്രായേൽ രാജാവായ |
| | യെരോബായാം II 788-743 |
| ഓബദ്യാവ് | രാജാവിന്റെ പേരു പറയുന്നില്ല |
| യോനാ | രാജാവിന്റെ പേരു പറയുന്നില്ല |
| മീഖാ | യോഥാം, ആഹാസ്, ഹിസ്കീയാവ് |
| നാഹൂം | രാജാവിന്റെ പേരു പറയുന്നില്ല |
| ഹബക്കുക് | രാജാവിന്റെ പേരു പറയുന്നില്ല |
| സെഫന്യാവ് | യോശീയാവ് |
| ഹഗ്ഗായി | ദാര്യാവേശ് (522-486) |
| സെഖര്യാവ് | ദാര്യാവേശ് (522-486) |
| മലാഖി | രാജാവിന്റെ പേരു പറയുന്നില്ല |

## പാഠം 6

# പ്രവചനങ്ങളിലെ മുന്തിയ ചിന്തകൾ

❑ ദൈവത്തെക്കുറിച്ചുള്ള ചിന്തകൾ ❑ തെരഞ്ഞെടുപ്പും ഉടമ്പടിയും ❑ ദൈവനീതിയും പാപത്തിന്റെ ശിക്ഷയും ❑ അനുതാപവും ദൈവത്തിന്റെ രക്ഷയും

പ്രവാചകന്മാരുടെ സന്ദേശം പൊതുവായി കണക്കിലെടുത്തു പ്രധാനമായി ഉയർന്നു നില്ക്കുന്ന ചില ചിന്തകൾ പരിശോധിക്കുകയാണ് ഈ പാഠത്തിൽ ചെയ്യുന്നത്.

പ്രവാചക ചിന്തകളുടെ ആവിഷ്കരണത്തിനു പ്രധാനമായും അവരുടെ വാക്കുകളും പ്രതീകാത്മകമായ പ്രവൃത്തികളും മാദ്ധ്യമമാക്കി 'യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു' എന്നുള്ള പ്രസ്താവനയോടെയാണു പ്രവചനങ്ങളെല്ലാം നടത്തിയിട്ടുള്ളത്. അവരുടെ സന്ദേശം ദൈവത്തിൽ നിന്നുള്ളവയെന്ന് ആഴമായ ആത്മബോധം അവർക്കുണ്ടായിരുന്നു (ആമോസ് 3:8, 7:15, യെശ. 6:8). യഹോവയുടെ വാക്കുകൾ ശക്തമെന്ന് അവർ വിശ്വസിച്ചു. സന്ദേശം പലപ്പോഴും വാക്കുകളിൽ കൂടി മാത്രം ആവിഷ്കരിക്കാവുന്നതല്ലായിരുന്നു. അപ്പോൾ പ്രതീകങ്ങളിൽക്കൂടിയും പ്രവൃത്തികളിൽ കൂടിയും ആശയപ്രകടനം നടത്തി. ജനത്തിലുണ്ടാകുന്ന ബന്ധനത്തെ സൂചിപ്പിക്കുവാൻ പ്രവാചകൻ തന്നെ കൈകൾ ബന്ധിച്ചും നഗ്നപാദനായും നടക്കുന്നു. ചില പ്രവാചകന്മാർ തങ്ങളുടെ മക്കൾക്കു പ്രതീകാത്മകമായ പേരുകൾ നൽകി പ്രവചനം നടത്തി (ഹോശയാ, യെശയ്യാ). എങ്ങനെയും ദൈവസന്ദേശം ജനഹൃദയത്തിൽ പകരുക എന്ന ചുമതലയാണ് അവർ നിർവഹിച്ചത്.

### 1. ദൈവത്തെക്കുറിച്ചുള്ള ചിന്തകൾ

യിസ്രായേല്യരുടെ പാരമ്പര്യചിന്തകളിലും വിശ്വാസത്തിലും ഊന്നി നിന്നുകൊണ്ട് അവയ്ക്ക് ആഴമായ ആത്മീകാർത്ഥവും പ്രസക്തിയും നൽകുവാൻ അവർ യത്നിച്ചു. കാലത്തിന്റെ വെല്ലുവിളികൾക്കനുസൃതമായി പൂർവിക വിശ്വാസത്തെ പുനഃപരിശോധിക്കുന്നവരും പുനരാവിഷ്കരിക്കുന്നവരും ആയിരുന്നു. ഏകദൈവ വിശ്വാസം ആദ്യമായി രൂപപ്പെട്ടതു യിസ്രായേല്യരിലാണ്. അതിൽ പ്രവാചകന്മാർ വലിയ പങ്കു വഹിച്ചു. അന്യദൈവ വിശ്വാസത്തിനെതിരെ അവർ ശക്തമായി സംസാരിച്ചു.

ദൈവത്തിന്റെ വിശുദ്ധി, നീതി, സ്നേഹം, കരുണ, ശക്തി, മഹത്വം, ചരിത്രത്തിലുള്ള വ്യാപാരം ഇവയെക്കുറിച്ചു പ്രവാചകന്മാർ ഏകവിശ്വാസത്തിലായിരുന്നു. ദൈവത്തോടുള്ള ബന്ധത്തിൽ മനുഷ്യനും പ്രപഞ്ചവും

വളരണമെന്നും ദൈവത്തിൽ നിന്നു മാറിപ്പോയാൽ നാശം ഭവിക്കുമെന്നും അവർ പഠിപ്പിച്ചു.

ദൈവം ചരിത്രത്തിൽ വ്യാപരിച്ചു സ്വയം വെളിപ്പെടുത്തുന്നവനാണെന്ന് അവർ വിശ്വസിച്ചു. ആകയാൽ ദൈവീക വെളിപാട്, കല്പന ഇവ അവർക്കു തർക്കവിഷയങ്ങളായിരുന്നില്ല. എന്നാൽ ദൈവീക വെളിപാടു സ്വീകരിക്കുന്നതിനും പ്രതികരിക്കുന്നതിനും ലളിതപൂർണമായ വിശ്വാസവും വിശുദ്ധിയും സമർപ്പണവും ആവശ്യമാണെന്ന് അവർ കരുതി. മോശയ്ക്കു ലഭിച്ച കല്പനകളും വെളിപാടും തന്നെയാണ് അടിസ്ഥാനമായിട്ടുള്ളതെന്ന് അവർ അംഗീകരിച്ചു. പ്രകൃതിയിലൂടെയും ചരിത്ര സംഭവങ്ങളിലൂടെയും ഉള്ള ദൈവീക വെളിപാടിനെ മനസ്സിലാക്കി അതു ജനങ്ങൾക്ക് അവർ വ്യാഖ്യാനിച്ചു കൊടുത്തു.

## 2. തെരഞ്ഞെടുപ്പും ഉടമ്പടിയും

ചരിത്രത്തിൽ വ്യാപരിക്കുന്ന ദൈവം യിസ്രായേൽ ജനതയുമായി പ്രത്യേക ബന്ധം പുലർത്തി. തെരഞ്ഞെടുപ്പും ഉടമ്പടിയും വളരെ ശക്തീകരണം നൽകി പ്രവാചകന്മാർ പ്രഘോഷിക്കുന്നതാണ്. തെരഞ്ഞെടുപ്പും ഉടമ്പടിയും സംബന്ധിച്ചുള്ള വാക്കുകൾ പ്രവാചകന്മാർ ആവർത്തിച്ചനുസ്മരിപ്പിച്ചു. ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷയിലും പുതിയ തെരഞ്ഞെടുപ്പും പുതിയ ഉടമ്പടിയും ഉണ്ടാകുമെന്ന സൂചന ചിലർ നൽകുന്നുണ്ട് (യിരെ. 31:31–34).

## 3. ദൈവനീതിയും പാപത്തിന്റെ ശിക്ഷയും

ദൈവനീതിയെക്കുറിച്ച് ഉറക്കെ ചിന്തിക്കുന്നവരായിരുന്നു പ്രവാചകന്മാർ. ദൈവത്തിന്റെ വിശുദ്ധിയെക്കുറിച്ചു ഉൽഘോഷിച്ചതുപോലെ ദൈവനീതിയെക്കുറിച്ചും അവർ ആവർത്തിച്ചു പ്രസ്താവിച്ചു. ദൈവനീതിയും സാമൂഹ്യനീതിയും തമ്മിൽ സാരമായ ബന്ധം അവർ ദർശിച്ചു. ബി. സി. എട്ടാം നൂറ്റാണ്ടിലെ പ്രവാചകന്മാർ പ്രത്യേകിച്ചും സാമൂഹ്യനീതിയുടെ വക്താക്കളായിരുന്നു. ദൈവത്തിന്റെ കാഴ്ചപ്പാടിൽ നിന്നു മനുഷ്യനേയും അവന്റെ പ്രവൃത്തികളേയും പ്രവാചകന്മാർ വിലയിരുത്തി. അങ്ങനെയാണു പാപത്തെക്കുറിച്ചുള്ള അവരുടെ രൂക്ഷമായ വിമർശനം ഉയർന്നുവന്നത്. ദൈവവും മനുഷ്യനുമായി ബന്ധപ്പെടുന്ന എല്ലാ തലങ്ങളും മാനങ്ങളും അവർ കാര്യമായി കണക്കിലെടുത്തു. ദൈവബന്ധം, കേവലം ബാഹ്യമായ കർമ്മാനുഷ്ഠാനങ്ങളിൽ ഒതുക്കാവുന്നതല്ല. അങ്ങനെയായാൽ അനുഷ്ഠാനപരമായ ലംഘനം മാത്രമാണു പാപം എന്നു വരും. ബാഹ്യമായ കർമ്മങ്ങൾ മാത്രമാണു മതജീവിതം എന്ന സാമാന്യ സങ്കല്പത്തെ പ്രവാചകന്മാർ തകർത്തുകളഞ്ഞു. നീതിപ്രവൃത്തികൾ വെടിഞ്ഞ

ആചാരാനുഷ്ഠാനങ്ങൾ പ്രയോജനരഹിതമെന്ന് അവർ ചൂണ്ടിക്കാണിച്ചു. ഉദാഹരണമായി പറയുമ്പോൾ ഉപവാസത്തിന്റെ യഥാർത്ഥസ്വഭാവം എന്തെന്ന് യെശയ്യാവു വെളിപ്പെടുത്തുന്നത് നോക്കാം (യെശ. 58).

അനുഷ്ഠാനങ്ങളും ആചാരങ്ങളും അർത്ഥവത്താകണം. അവ ദൈവ മഹത്വത്തിനും മനുഷ്യന്റെ സാമൂഹ്യനന്മയ്ക്കും ഉതകണം. ദൈവമഹ ത്വത്തിനു ചേരാത്തതും മനുഷ്യനന്മയ്ക്കും സാമൂഹ്യഭദ്രതയ്ക്കും ഹാനി വരുന്നതും എല്ലാം പാപമായി പ്രവാചകന്മാർ പഠിപ്പിച്ചു. ഇന്നു പലരും ചെയ്യുന്നതുപോലെ ആത്മീകമെന്നും ഭൗതികമെന്നുമുള്ള വേർതിരിവ് പ്രവാചകന്മാർക്കുണ്ടായിരുന്നില്ല. എല്ലാ പ്രാപഞ്ചികതലങ്ങളിലും മനുഷ്യ ബന്ധങ്ങളിലും പ്രവർത്തനങ്ങളിലും മനുഷ്യൻ ദൈവസംസർഗം അനു ഭവിക്കണം എന്നത്രെ അവർ ചിന്തിച്ചത്. അതിന് ഏതെങ്കിലും വിധത്തിൽ വിഘാതമായി വരുന്നതെല്ലാം പാപമെന്നു പ്രവാചകന്മാർ വിവക്ഷിച്ചു. പാപത്തെപ്പറ്റിയുള്ള അവരുടെ നിർവചനത്തിൽ മുന്നിട്ടു നില്ക്കുന്നതു മനുഷ്യന്റെ ദൈവത്തോടുള്ള അനുസരണക്കേടും മറുതലിപ്പുമാണ്.

### 4. അനുതാപവും ദൈവത്തിന്റെ രക്ഷയും

ദൈവം വിശുദ്ധനും നീതിമാനും എന്നതുപോലെ സ്നേഹസമ്പന്നനും ആകുന്നു. ഹോശയ്യാ തുടങ്ങിയ പ്രവാചകന്മാർ ദൈവസ്നേഹത്തിന്റെ വക്താക്കളായിരുന്നു. മനുഷ്യൻ അനുതപിക്കുമ്പോൾ ദൈവം മനസ്സലിവും സ്നേഹവും കാട്ടുന്നു. അനുതാപം എന്നതുകൊണ്ടു പ്രവാചകന്മാർ ഉദ്ദേ ശിക്കുന്നതു പാപത്തെക്കുറിച്ചുള്ള ദുഃഖവും അതിൽനിന്നു പിന്തിരിഞ്ഞു ദൈവത്തിങ്കലേക്കുള്ള തിരിച്ചുവരവുമാണ്. തെറ്റിപ്പോയ ജനം അനുത പിച്ചു ദൈവത്തിങ്കലേക്കു തിരിവാൻ പ്രവാചകന്മാർ ആഹ്വാനം ചെയ്തു. യോനായുടെ വലിയ ദൗത്യം അതായിരുന്നുവല്ലോ. അശുദ്ധിയിൽ നിന്നും തിന്മയിൽ നിന്നും അകന്നു വിശുദ്ധിയിലും സുകൃതങ്ങളിലും ജീവിക്കണം എന്നുള്ളതാണു പ്രവാചകന്മാർ ഉൽബോധിപ്പിച്ചത്. പ്രവാചകപരമ്പരയുടെ അവസാനത്തെ കണ്ണിയായ യോഹന്നാൻ സ്നാപകനും ചെയ്തത് അതാ യിരുന്നുവല്ലോ. മാനസാന്തരത്തിന്റെ ഫലം കായിച്ചു ദൈവകല്പനകൾ പ്രമാണിച്ചു ജീവിക്കുന്നതാണു യഥാർത്ഥ അനുതാപ ജീവിതം.

സൃഷ്ടാവായ ദൈവം അനുതപിക്കുന്നവരെ രക്ഷിക്കുന്ന ചിത്രം ശ്രദ്ധേ യമാണ്. യുഗാന്ത്യപരമായ ഒരു മാനം പ്രവാചകന്മാർ ഈ വിശ്വാസത്തിനു നൽകി. യുഗാന്ത്യത്തിൽ എല്ലാ ജാതികളും ദൈവത്തിങ്കലേക്കു തിരിയു മെന്നും സകല ജഡത്തിന്മേലും ദൈവാത്മാവിനെ പകരും എന്നുമുള്ള വിശ്വാസം പ്രവാചകന്മാർ നിലനിർത്തി. രക്ഷയുടെ പൂർണതയിലേക്കു സകലരേയും കൊണ്ടുവരുവാനാണു പ്രവാചകന്മാർ പ്രയത്നിച്ചത്.

## ചോദ്യങ്ങൾ

1. പ്രവചന ചിന്തകളുടെ ആവിഷ്ക്കരണത്തിനായി ഉപയോഗിച്ച മാർഗങ്ങൾ എന്തെല്ലാം?
2. പ്രവാചകന്മാരിൽ പൊന്തിനില്ക്കുന്ന സത്യങ്ങൾ ഏതെല്ലാം? അവയ്ക്ക് ഇന്നുള്ള പ്രസക്തി വിലയിരുത്തുക.

# യൂണിറ്റ് 2

# മോശ മുതൽ ഏലിശാ വരെ

## പാഠം 1

## പ്രവാചകന്മാരിൽ പ്രമുഖനായ മോശ

- ❑ പ്രവാചകന്മാരിൽ തലവൻ ❑ ജീവിതത്തിലെ സുപ്രധാന സംഭവങ്ങൾ
- ❑ വ്യക്തിത്വത്തിന്റെ സവിശേഷതകൾ

### 1. പ്രവാചകന്മാരിൽ തലവൻ

യഹൂദ പാരമ്പര്യത്തിലും, ക്രൈസ്തവ പാരമ്പര്യത്തിലും മോശയെ പ്രവാചകന്മാരിൽ പ്രമുഖനായി കരുതുന്നു. പുതിയനിയമത്തിൽ മോശയെക്കുറിച്ചുള്ള പരാമർശങ്ങൾ വളരെയധികം കാണാം (മത്താ. 17:3; യോഹ. 3:14; അ. പ്ര. 7:20–44; എബ്രാ. 3:2–5; 11:23–29). മോശയുടെ പുസ്തകങ്ങളിൽ നിന്നുള്ള വായന യഹൂദ – ക്രൈസ്തവാരാധനകളിൽ നിർബന്ധമായിരുന്നു.

'പ്രവചന പ്രസ്ഥാനം' യിസ്രായേലിൽ മോശയ്ക്കു ശേഷമാണുണ്ടായതെങ്കിലും ദൈവത്തിന്റെ ഹിതവും ആലോചനയും വെളിപ്പെടുത്തിയതിൽ മോശയ്ക്കുള്ള സ്ഥാനം അദ്വിതീയമാണ്. അതുകൊണ്ട് അദ്ദേഹം യിസ്രായേല്യ നേതാക്കന്മാരിൽ ആരേക്കാളും തല ഉയർന്നു നിൽക്കുന്നു. യിസ്രായേൽ ജനതയുടെ സജീവചരിത്രം കുറിക്കുന്നത് മോശയുടെ കാലം മുതൽക്കാണ് എന്ന് ഓർക്കണം. അബ്രഹാമിന്റെ വിളിയും തുടർന്നുള്ള ഗോത്രപിതാക്കന്മാരുടെ ചരിത്രവും യിസ്രായേല്യരെ ഒരു ജനത (Nation) യാക്കിത്തീർക്കുന്നതിനുള്ള പശ്ചാത്തല സംഭവങ്ങളായി കരുതിയാൽ മതി. അബ്രഹാമ്യ സന്തതികളെ വാഗ്ദത്തദേശത്തേക്കു നയിപ്പാൻ ദൈവം മോശയെ വിളിച്ചു നിയോഗിക്കുന്നതു മുതൽ യിസ്രായേൽ ജാതിയുടെ ചരിത്രം യഥാർത്ഥത്തിൽ ആരംഭിക്കുന്നു. ദൈവത്തെ അഭിമുഖം ദർശിപ്പാനും ദൈവത്തിൽ നിന്നു നേരിട്ട് അരുളപ്പാടു ലഭിക്കാനും കഴിഞ്ഞു എന്നതാണ് മോശയുടെ വലിയ ഔന്നത്യം. യിസ്രായേല്യരെ ഒരു ജനതയായി സംഘടിപ്പിക്കുവാനും ദൈവത്തിന്റെ കല്പന നേരിട്ടു വാങ്ങി കൊടുക്കുവാനും കഴിഞ്ഞു എന്നതിനാൽ അദ്ദേഹത്തെ 'പ്രവാചകന്മാരിൽ തലവൻ' എന്നു വിശേഷിപ്പിക്കുന്നു.

### 2. ജീവിതത്തിലെ സുപ്രധാന സംഭവങ്ങൾ

ബി. സി. 1250 –നോട് അടുത്തു ജീവിച്ച മോശയുടെ ജീവിതം സംഭവ

ബഹുലമായിരുന്നു. വളരെ സംക്ഷിപ്തമായി മാത്രം നമുക്കു പരിശോധിക്കാം.

**ദൈവകരുതലിൽ വളർന്നു:** ജനനം മുതൽക്കേ ദൈവകരുതലിന്റെ അനുഭവം കാണ്മാനുണ്ട്. അടിമത്വവീടായ ഈജിപ്തിൽ വച്ച് അമ്റാമിന്റെയും യോക്കേബോദിന്റെയും മകനായി ജനിച്ചു. യിസ്രായേല്യരുടെ വംശനാശത്തിനായി ഫറവോനും കൂട്ടരും ആസൂത്രിതമായി പ്രവർത്തിച്ചിരുന്ന ഒരു കാലമായിരുന്നു. യിസ്രായേല്യരുടെ ആൺകുഞ്ഞുങ്ങളെ നിഗ്രഹിക്കുവാനുള്ള പദ്ധതി നടപ്പാക്കിക്കൊണ്ടിരുന്നു. മോശയുടെ മാതാപിതാക്കൾ തീക്ഷ്ണമായ ദൈവവിശ്വാസമുള്ളവരും ദൈവഭക്തിയുള്ളവരുമായിരുന്നത് മോശയുടെ വ്യക്തിത്വത്തെ വളരെ സ്വാധീനിച്ചു. അവർ പൈതലിനെ 3 മാസം ഒളിവിൽ സംരക്ഷിച്ചു. പിന്നീട് ഞാങ്ങണപ്പെട്ടിയിൽ പൈതലിനെ നദിയിൽ ഒഴുക്കി. ദൈവത്തിന്റെ അത്ഭുതകരമായ സംരക്ഷണം അവിടെ ലഭിച്ചു. ഫറവോന്റെ പുത്രിയുടെ ദൃഷ്ടിയിൽപ്പെട്ട പൈതലിനെ അവൾ കൊണ്ടുപോയി വളർത്തി 'വെള്ളത്തിൽ നിന്നും വലിച്ചെടുത്തു' എന്നയർത്ഥത്തിൽ മോശ എന്നു പൈതലിനു പേരിട്ടു. നശിപ്പിക്കുവാനായി കരുതിയിരുന്നവരെ കൊണ്ടു തന്നെ സംരക്ഷണം നൽകി എന്നതിൽ ദൈവത്തിന്റെ വലിയ കരുതൽ കാണ്മാൻ കഴിയും. മോശയുടെ ജീവിതത്തിൽ ഉടനീളം ദൈവത്തിന്റെ അത്ഭുതമാർന്ന കരുതലും സംരക്ഷണവും ദൃശ്യമാണ്.

വളർന്നുവന്നവനായ മോശ സ്വന്തകഴിവിൽ ആശ്രയിച്ചതിന്റെ ഫലമായി മിദ്യാനിലേയ്ക്കു പലായനം ചെയ്യേണ്ടി വന്നു. സ്വസഹോദരങ്ങളെ കഷ്ടപ്പെടുത്തുന്ന മിസ്രയിമ്യരെ ചെറുത്തു നിൽക്കുവാനും യിസ്രായേല്യരെ വിമോചിപ്പിക്കുവാനും മോശ ആഗ്രഹിച്ചു. എന്നാൽ അതിനുള്ള തന്റെ ആദ്യശ്രമം പരാജയമടഞ്ഞു. കാരണം ദൈവനിയോഗമില്ലാതെ സ്വന്തബുദ്ധിയിലും ശക്തിയിലും ആശ്രയിച്ചതുകൊണ്ടായിരുന്നു. തന്റെ ഭുജബലത്തിൽ ഒരു മിസ്രയീമ്യനെ അടിച്ചുകൊന്ന മോശയ്ക്ക് മരുഭൂമിയിൽ അഭയം തേടേണ്ടിവന്നു. ദൈവനിയോഗമില്ലാത്ത എല്ലാ പ്രവർത്തനങ്ങളും പരാജയമടയും എന്നതിന്റെ തെളിവാണിത്. എന്നാൽ മിദ്യാനിലേയ്ക്കുള്ള ഈ ഒളിച്ചോട്ടം മോശയ്ക്ക് പ്രയോജനമുള്ളതാക്കി തീർക്കാൻ ദൈവം പ്രവർത്തിച്ചു. യിത്രോവിന്റെ ഭവനത്തിൽ എത്തുന്നതിനും വിലപ്പെട്ട പല ഉപദേശങ്ങളും ലഭിക്കുന്നതിനും മുഖാന്തിരമായി. മാത്രമല്ല അവിടെ തന്റെ കുടുംബജീവിതത്തിനും തുടക്കം കുറിച്ചു.

## ഹോറേബിൽ വച്ചുള്ള വെളിപാടും നിയോഗവും (പുറ. 3)

ആടുകളെ മേയിച്ചുകൊണ്ടിരുന്ന മോശയ്ക്ക് ഹോറേബ് പർവതത്തിൽ വച്ചു യഹോവ മുൾപ്പടർപ്പിൽ പ്രത്യക്ഷനായി. യിസ്രായേൽ ജനത്തെ

വിമോചിപ്പിയ്ക്കാനുള്ള ചുമതല അവനു നൽകി. വിനയപൂർവം യഹോവയുടെ നിയോഗം പ്രാപിച്ച മോശ അതിനായി സ്വയം സമർപ്പിച്ചു. ദൈവത്തിന്റെ ശക്തിയിലും നടത്തിപ്പിലും മാത്രം ആശ്രയം വച്ചുകൊണ്ട് വലിയ ഒരു വിമോചനപ്രസ്ഥാനത്തിനു മോശ തുടക്കം പ്രഖ്യാപിച്ചു.

സ്വന്ത ശക്തിയിൽ ആശ്രയിച്ച് ആദ്യം പരാജയമടഞ്ഞ മോശ തന്റെ പരിമിതികളും പരിചയങ്ങളും ദൈവസന്നിധിയിൽ സമ്മതിച്ചുകൊണ്ടു ദൈവശക്തിയിൽ മാത്രം ആശ്രയിച്ചു പ്രവർത്തിച്ചു. സ്വന്തജനത്തിന്റെ കഷ്ടതയിൽ പങ്കുചേരുവാൻ ആഗ്രഹിച്ച മോശ (പുറ. 2:11) അവരെ വിമോചിപ്പിക്കുന്നതിനുള്ള ദൗത്യവുമായി മിസ്രയീമിലെത്തി. അവന്റെ സഹായത്തിനു ദൈവം അഹറോനെ നൽകി. തുടരെ തുടരെയുണ്ടായ പത്തു ബാധകൾക്കു ശേഷമാണ് യിസ്രായേല്യരെ വിമുക്തരാക്കുന്നത്. മോശയുടെ നേതൃത്വം ജനമെല്ലാം അംഗീകരിച്ചു. വാഗ്ദത്ത ദേശത്തേക്കു പുറപ്പെട്ടു. മരുഭൂമിയിൽക്കൂടിയുള്ള അവരുടെ പ്രയാണത്തിൽ യഹോവ അവർക്ക് സഹായവും സംരക്ഷണയും നൽകി. അതിശയകരമായി ചെങ്കടൽ കടക്കുന്നതും വിജനപ്രദേശത്ത് മന്നായും കാടപ്പക്ഷിയും ഭക്ഷണമായി ലഭിച്ചതും കുടിപ്പാൻ പാറയിൽ നിന്നു വെള്ളം ലഭിച്ചതും ദൈവത്തിന്റെ അത്ഭുതമാർന്ന പ്രവൃത്തികളായി ജനം വിശ്വസിച്ചു.

മാർഗ്ഗമധ്യേ തന്റെ ചുമതലാഭാരം കുറയ്ക്കുന്നതിനു ന്യായാധിപന്മാരെ നിയമിക്കുകയുണ്ടായി(പുറ. 18:14ff). സഹസ്രാധിപതിയെയും ശതാധിപതികളെയും ദശാധിപതികളെയും മോശ അവരോധിച്ചു. അധികാര വികേന്ദ്രീകരണത്തിനുള്ള മനസ്സ് അതിൽകൂടി മോശ വെളിപ്പെടുത്തി. തന്റെ വ്യക്തിത്വത്തിലേക്ക് വെളിച്ചം വീശുന്ന ഒരു സംഭവമത്രേ ഇത്.

## സീനായ് ഉടമ്പടി (പുറ. 19)

യിസ്രായേൽ ജനം മരുഭൂമിയിൽ പാളയമിറങ്ങി. മോശ സീനായി പർവതത്തിൽ ദൈവത്തിന്റെ അടുക്കൽ കയറിച്ചെന്നു. പർവതത്തിൽ പ്രത്യക്ഷപ്പെട്ടവനായ ദൈവം യിസ്രായേൽ മക്കളോട് തന്റെ ഉടമ്പടി അറിയിച്ചു. 'ആകയാൽ നിങ്ങളെന്റെ വാക്കു കേട്ടനുസരിക്കുകയും നിയമം പ്രമാണിക്കുകയും ചെയ്താൽ നിങ്ങളെനിക്ക് സകല ജാതികളിലും വച്ച് പ്രത്യേക സമ്പത്തായിരിക്കും. ....... നിങ്ങൾ എനിക്ക് പുരോഹിത രാജത്വവും വിശുദ്ധരുമായിരിക്കുന്നു' (പുറ. 19:5-6).

തുടർന്നു ദൈവം തന്റെ ജനമായ യിസ്രായേലിനു ന്യായപ്രമാണ സംഹിത കൊടുത്തു. പത്തു കല്പനകളിൽ സമാഹരിച്ചിരിക്കുന്ന ദൈവത്തിന്റെ പ്രമാണം മനുഷ്യന്റെയും സർവ ബന്ധങ്ങളെയും സ്പർശിക്കുന്നവയായിരുന്നു (പുറ. 20:1-17, ആവ. 5: 6-21).

### മദ്ധ്യസ്ഥത അണയ്ക്കുന്ന മോശ

മോശയുടെ അസാന്നിദ്ധ്യത്തിൽ യിസ്രായേൽക്കാർ യഹോവയെ മറന്ന് ബിംബാരാധനയ്ക്കു (കാളക്കുട്ടി) മുതിർന്നു (പുറ. 32). രോഷാകുലനായ മോശ ജനങ്ങളുടെ പാപം ക്ഷമിക്കുന്നതിനായി മദ്ധ്യസ്ഥത അപേക്ഷിച്ചു. 'അയ്യോ ഈ ജനം മഹാപാതകം ചെയ്തു. ..... എങ്കിലും നീയവരുടെ പാപം ക്ഷമിക്കണമേ. അല്ലെങ്കിൽ നീയെഴുതിയ നിന്റെ പുസ്തകത്തിൽ നിന്നും എന്റെ പേര് മായിച്ചു കളയേണമേ.' ഈ വാക്കുകളിൽ മോശയുടെ ഹൃദയത്തിന്റെ വിശിഷ്ടഭാവങ്ങൾ പ്രതിധ്വനിക്കുന്നു. കാരുണ്യവാനായ ദൈവം മോശയുടെ അപേക്ഷ കൈക്കൊണ്ട് ജനത്തോട് കരുണ ചെയ്തു.

ദൈവമുഖം കാണ്മാനുള്ള മോശയുടെ അദമ്യമായ ആഗ്രഹം ഒരുവിധത്തിൽ ദൈവം സാധിച്ചു കൊടുത്തു. പിളർന്ന പാറയുടെ മറവിൽ നിന്നുകൊണ്ട് യഹോവയുടെ തേജസ്സ് കടന്നുപോയപ്പോൾ പിൻഭാഗം മാത്രം കാണ്മാൻ മോശയെ അനുവദിച്ചു (പുറ. 33:20-23). ദൈവമഹത്വത്തെ പൂർണ്ണമായ വിധത്തിൽ ഒരു മനുഷ്യനും ദർശിക്കുവാൻ സാധ്യമല്ലാത്തതാണ്.

ദൈവ സംസർഗം മൂലം മോശയുടെ മുഖം പ്രകാശിതമായി. മുഖകാന്തി കണ്ട് ജനം ഭയപ്പെട്ടുപോയി. അതുകൊണ്ട് മൂടുപടം ഇട്ടുകൊണ്ടാണ് പിന്നീടു മോശ ജനത്തോട് സംസാരിച്ചത്.

### മോശയുടെ അന്ത്യം (ആവ. 34)

വാഗ്ദത്ത നാട്ടിൽ പ്രവേശിക്കുവാനുള്ള ഭാഗ്യം മോശയ്ക്കു ലഭിച്ചില്ല. നേബോ പർവ്വതത്തിൽ പിസ്ഗായുടെ മുകളിൽ നിന്നു വാഗ്ദത്തദേശം അദ്ദേഹം നോക്കിക്കണ്ടു. അതിനുശേഷം നൂറ്റിയിരുപതാം വയസ്സിൽ അവിടെ വച്ചു മരിച്ചു. 'യഹോവ അഭിമുഖമായി അറിഞ്ഞ മോശയെപ്പോലെ പ്രവാചകൻ പിന്നെ യിസ്രയേലിൽ ഉണ്ടായിട്ടില്ല' (ആവ. 34:12).

### 3. വ്യക്തിത്വത്തിന്റെ സവിശേഷതകൾ

അസാധാരണമായ വ്യക്തിമാഹാത്മ്യം ഉള്ളവനായിരുന്നു മോശ. അദ്ദേഹത്തിൽ ഉയർന്നു നിൽക്കുന്ന ചില സവിശേഷതകൾ നമുക്ക് പിൻപറ്റുവാൻ യോഗ്യമായവയാണ്.

A. ലൗകികമായ സുഖസൗകര്യങ്ങളേക്കാൾ (കൊട്ടാരത്തിലെ) സ്വന്ത ജനത്തോടു കൂടി കഷ്ടപ്പെടുവാൻ ഇഷ്ടപ്പെടുന്നവനായിരുന്നു (പുറ. 2:11 - എബ്രാ. 11:24).

B. മറ്റുള്ളവരുടെ ആലോചനയെ അംഗീകരിക്കുന്നതിനു സന്നദ്ധനാ

യിരുന്നു. അധികാരവികേന്ദ്രീകരണം നടത്തി. മറ്റുള്ളവരെ സഹപ്രവർത്ത കരായി അംഗീകരിക്കുവാനുള്ള സന്നദ്ധത ഉണ്ടായിരുന്നു.

C. പൂർവ്വ പിതാക്കന്മാരെ ആദരിക്കുന്നതിനും അവരുടെ ഓർമ്മ നില നിർത്തുന്നതിനും ശ്രമിച്ചു. യൗസേഫിന്റെ അസ്ഥികൾ മിസ്രയേമിൽ നിന്നു കനാൻ ദേശത്തേക്ക് കൊണ്ടുപോയി സംസ്ക്കരിച്ചത് ഇതിന്റെ തെളി വാണ്.

D. തന്റെ വിജയത്തിനു എപ്പോഴും ദൈവത്തോട് കൃതജ്ഞനായിരുന്നു. അമാലേക്യരെ പരാജയപ്പെടുത്തിയ ശേഷം യാഗപീഠം പണിത് യഹോ വയെ ആരാധിച്ചു.

E. മോശ യിസ്രായേലിന്റെ വിമോചകൻ, ന്യായാധിപൻ, നേതാവ്, ന്യായപ്രമാണ ദാതാവ് എന്നീ നിലകളിലെല്ലാം അവിസ്മരണീയനാണ്.

**ചോദ്യങ്ങൾ**

1. പ്രവാചകന്മാരിൽ തലവനായി മോശയെ കരുതുന്നത് എന്തു കൊണ്ട്?
2. മോശയുടെ ജീവിതത്തിലെ സുപ്രധാന സംഭവങ്ങൾ ഏവ?
3. മോശയുടെ വ്യക്തിത്വത്തെ സ്വാധീനിച്ച ഘടകങ്ങൾ എന്തെല്ലാം? ആ ജീവിതത്തിൽ നിന്നു നമുക്ക് പഠിക്കുവാനുള്ള തത്വങ്ങൾ എന്തെല്ലാം?

## പാഠം 2

# മോശയുടെ ദൈവദർശനം

❑ യഹോവ മാത്രം യിസ്രായേലിന്റെ ദൈവം ❑ അവിടുന്ന് സർവശക്തനും സംരക്ഷകനും നിസ്തുലനുമാണ് ❑ മനുഷ്യരുമായി ഉടമ്പടി ചെയ്യുന്ന വൻ

ദൈവത്തെ അഭിമുഖം ദർശിച്ച പ്രവാചകൻ എന്ന നിലയ്ക്ക് ദൈവ ത്തെക്കുറിച്ചുള്ള മോശയുടെ ദർശനം വളരെ പ്രാധാന്യം അർഹിക്കുന്നു. വളരെ സംഗ്രഹമായി മാത്രം പ്രധാന ആശയങ്ങൾ പരിശോധിക്കുകയാണ്.

### 1. യഹോവ മാത്രം യിസ്രായേലിന്റെ ദൈവം

ദൈവം സ്വയം വെളിപ്പെടുത്തുന്നവനാണ്. ദൈവത്തിന്റെ സ്വയം

വെളിപ്പെടുത്തലിൽ കൂടിയാണ് മോശയ്ക്കു ദൈവത്തെക്കുറിച്ച് അറിയുവാൻ കഴിഞ്ഞത്. ഹോറേബിൽ വച്ചും സീനായിയിൽ വെച്ചും സ്വയം പ്രത്യക്ഷപ്പെട്ടവനായ ദൈവം തന്നെക്കുറിച്ചുള്ള സത്യം മോശയും മനസ്സിലാക്കത്തക്കവിധം വ്യക്തമാക്കിക്കൊടുത്തു.

മുൾപടർപ്പിൽ പ്രത്യക്ഷപ്പെട്ട ദൈവം തന്റെ നാമം ചോദിച്ചപ്പോൾ വെളിപ്പെടുത്തിയത് 'ഞാനാകുന്നവൻ ഞാനാകുന്നു' (പുറ. 3:14) എന്നാണ്. ഈ പേരിലൂടെ ദൈവത്തിന്റെ സാരാംശത്തെയല്ല (Essence) പ്രവർത്തനത്തെയും ശക്തിയെയുമാണ് വെളിപ്പെടുത്തുന്നത്. അതായത് ദൈവമാരായിരുന്നു എന്നതു തന്റെ പ്രവർത്തനത്തിലൂടെയും താൻ വെളിപ്പെടുത്തുന്ന ശക്തിയിലൂടെയുമാണ് വെളിപ്പെടുത്തേണ്ടത്.

ഈ ദൈവം അബ്രഹാമിന്റെയും യിസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമായ യഹോവയെന്ന് മോശ ഗ്രഹിച്ചു (പുറ. 6:2, 3). മിദ്യാനിൽ 'യഹോവാ വിശ്വാസം' ഉണ്ടായിരുന്നതായി പണ്ഡിതന്മാർ കരുതുന്നു (പുറ. 18:10–12). പഞ്ചഗ്രന്ഥത്തിലെ നാല് മൂലരേഖകളിൽ (J.E.D.P) 'ജെ' എന്ന രേഖ യഹോവ, എന്ന നാമം അതിപുരാതനമായി കരുതുന്നു. എന്നാൽ 'ഈ', 'പി' എന്ന രേഖകൾ യഹോവ എന്ന നാമം മോശയുടെ കാലത്തോടു ചേർത്ത് മാത്രമാണ് പറയുന്നത്. 'ജെ' രേഖയുടെ കർത്താക്കളായ യൂദാഗോത്രക്കാർ മിസ്രയീമിലെ അടിമത്തത്തിൽ ആയിരുന്നില്ലെന്നും അവർ മിദ്യാനിൽ പാർത്ത് യഹോവയെ ആരാധിച്ചിരുന്നതായും കരുതുന്നു. അവരിൽ നിന്നുമാണ് മോശയ്ക്ക് യഹോവ തന്നെ ദൈവം എന്ന ചിന്ത ലഭിച്ചത് എന്നു ചില പണ്ഡിതന്മാർ അനുമാനിക്കുന്നു.

ഏകദൈവ വാദം പൂർണ്ണമായി കാണുന്നില്ല. അന്യദൈവങ്ങളെ നിഷേധിച്ചതായി പറയുന്നില്ല. മറ്റ് ജനങ്ങൾക്ക് അവരുടെ ദൈവങ്ങൾ ഉള്ളതായി അംഗീകരിച്ചു. എന്നാൽ യിസ്രായേൽക്കാർക്ക് യഹോവ മാത്രമാണ് അവരുടെ ദൈവമെന്ന് മോശ പഠിപ്പിച്ചു (പുറ. 20:2, 3). യഹോവ യിസ്രായേൽ ചരിത്രത്തിൽ പ്രവർത്തിച്ച് അവരെ ഉദ്ധരിച്ചതിൽക്കൂടി തന്റെ മഹത്വം വെളിപ്പെടുത്തി. യിത്രോവിന്റെ വാക്കുകൾ ശ്രദ്ധിക്കുക, 'നിങ്ങളെ മിസ്രയീമിന്റെ കൈയിൽ നിന്നും ഫറവോന്റെ കൈയ്യിൽ നിന്നും രക്ഷിച്ചു. .... വിടുവിച്ചിരിക്കുന്ന യഹോവ സ്തുതിക്കപ്പെടുമാറാകട്ടെ. യഹോവാ സകല ദേവന്മാരിലും വലിയവനെന്ന് ഞാനിപ്പോൾ അറിയുന്നു' (പുറ. 18:10, 11). യിസ്രായേലിലെ ഏകദൈവ സിദ്ധാന്തത്തിന് അടിത്തറയിട്ടത് മോശയാണെന്നു പറയാം.

## 2. ദൈവം സർവ്വശക്തനും, സംരക്ഷകനും നിസ്തുലനുമാണ്

യഹോവയായ ദൈവം സർവ്വശക്തനെന്ന് (എൽശാദായ്) മോശ വിശ്വസിച്ചു. ദൈവം തന്നെ ഇത് വെളിപ്പെടുത്തിയതാണ് (പുറ. 6:2, 3).

സർവ്വശക്തനായ ദൈവത്തിലുള്ള വിശ്വാസമാണ് യിസ്രായേൽ ജനതയെ വിമോചിപ്പിക്കുന്നതിനും വാഗ്ദത്ത ദേശത്തേയ്ക്ക് നയിക്കുന്നതിനും മോശയ്ക്ക് ദൈവം നൽകിയത്. സർവ്വശക്തനായ ദൈവം തന്റെ ജന ത്തിന് ഫറവോന്റെ സൈന്യത്തിൽ നിന്നും മറ്റെല്ലാ ശത്രുക്കളിൽ നിന്നും സംരക്ഷണം നൽകി. മരുഭൂമിയിൽ മന്നായും പാറയിൽ നിന്നും വെള്ളവും നൽകുവാൻ ഈ ദൈവത്തിന് സാധിക്കും. ദൈവത്തെ അവിശ്വസിക്കു ന്നവർക്ക് തക്ക ശിക്ഷ ലഭിക്കുകയും ചെയ്യും.

ഈ ദൈവം ജനങ്ങളുടെ കഷ്ടതയിൽ മനസ്സലിയുന്നവനാണ്. അവി ടുന്ന് പ്രസ്താവിച്ചു ‘മിസ്രയീമിലുള്ള എന്റെ ജനത്തിന്റെ കഷ്ടത ഞാൻ കണ്ടു, ഊഴിയ വിചാരകന്മാർ നിമിത്തമുള്ള അവരുടെ നിലവിളിയും കേട്ടു. ഞാനവരുടെ സങ്കടങ്ങൾ അറിയുന്നു. അവരെ മിസ്രയീമ്യരുടെ കൈയിൽ നിന്ന് വിടുവിപ്പാനും ആ ദേശത്തു നിന്ന് നല്ലതും വിശാലവുമായ ദേശ ത്തേയ്ക്ക്...... അവരെ കൊണ്ടുപോകാനും ഞാൻ വന്നിരിക്കുന്നു’ (പുറ. 3:8). തന്റെ ജനത്തിന്റെ നിലവിളി കേൾക്കുന്ന ദൈവത്തെക്കുറിച്ച് മോശ വിശ്വസിക്കുകയും വെളിപ്പെടുത്തുകയും ചെയ്തു.

ഈ ദൈവം അവരുടെ വഴികാട്ടിയും ആയിരുന്നു. അവരുടെ പ്രയാ ണത്തിൽ യഹോവ അവരുടെ മുമ്പായി പൊയ്ക്കൊണ്ടിരുന്നു. ‘അവർ രാവും പകലും യാത്ര ചെയ്യുവാൻ തക്കവണ്ണം’ അവർക്ക് വഴികാട്ടേണ്ട തിന്, പകൽ മേഘസ്തംഭത്തിലും രാത്രി അഗ്നിസ്തംഭത്തിലും യഹോവ അവർക്കു മുമ്പായി പൊയ്ക്കൊണ്ടിരുന്നു (പുറ. 13:21, 22). വ്യക്തികൾക്കും ജനതയ്ക്കും ദൈവം വഴികാട്ടിയായി അവരെ നയിക്കുന്നു. വിശുദ്ധിയിൽ ജീവിക്കുന്തോറും ദൈവസാന്നിധ്യവും നടത്തിപ്പും കൂടുതലായി അനുഭ വിക്കാൻ കഴിയും.

യഹോവയായ ദൈവം നിസ്തുലനാണ്. യിസ്രായേല്യർക്ക് ചുറ്റുമുള്ള ജനങ്ങൾ ദേവനേയും ദേവിയേയും ആരാധിച്ചിരുന്ന കാലത്താണ് ദേവിയെ കൂടാതെയുള്ള ഒരു അതുല്യ ദൈവത്തെ മോശ മനസ്സിലാക്കിയത്. രണ്ടാം കല്പനയിൽ കൂടി ദൈവത്തിന്റെ അതുല്ല്യത വെളിപ്പെടുത്തിയിട്ടുണ്ടല്ലോ. ദൈവത്തിന്റെ സ്ഥാനത്ത് മറ്റൊന്നിനെയും പ്രതിഷ്ഠിക്കുവാൻ പാടില്ലാ എന്നിരിക്കെ കാളക്കുട്ടിയെ ഉണ്ടാക്കി ജനം ആരാധിച്ചപ്പോൾ മോശയുടെ കോപം കത്തിജ്വലിച്ചു.

### 3. മനുഷ്യരുമായി ഉടമ്പടി ചെയ്യുന്നവൻ

ദൈവം അതിവിശുദ്ധനാണ് എന്ന കാര്യം മോശയ്ക്ക് ബോധ്യമായി. അവിടുന്ന് വിശുദ്ധനാകയാൽ അവിടുത്തെ സന്നിധിയിൽ നിൽക്കുന്നവരും വിശുദ്ധരായിരിക്കണം എന്ന് മോശ വിശ്വസിച്ചു (പുറ. 3:5). ‘ഞാൻ വിശു ദ്ധനാകയാൽ നിങ്ങളും വിശുദ്ധനായിരിക്കണം’ (ലേവ്യ. 11:44, 45). ഈ

കല്പന ആവർത്തിച്ചു കേൾക്കാം.

എങ്കിലും വിശുദ്ധനായ ദൈവം യിസ്രായേല്യരുമായി ബന്ധപ്പെടുവാൻ സന്നദ്ധനായി. സകല ജാതികളിലും വച്ച് അവരെ തന്റെ സ്വന്തജനമായി തന്നെ തിരഞ്ഞെടുത്തു. അവരുമായി ഒരുടമ്പടി ചെയ്തു. അവർ ദൈവത്തിന്റെ വാക്ക് കേൾക്കുകയും നിയമം പ്രമാണിക്കുകയും ചെയ്താൽ അവർ സകല ജാതികളിലും വച്ച് ദൈവത്തിന് ഒരു പ്രത്യേക സമ്പത്തായിരിക്കും (പുറ. 19:5, 6). ജനം ദൈവത്തോട് അനുസരണയും വിശ്വസ്തതയും പാലിക്കുമ്പോൾ ദൈവം തന്റെ വാഗ്ദത്തം നിറവേറ്റുന്നു. യിസ്രായേല്യർ സ്വയമായി കരുതിയത് അവർ ഒരു ഉടമ്പടി സമൂഹം (Covenant Community) എന്ന നിലയിലാണ്. പുരാതന കാലത്ത് ഉടമ്പടികൾ മുദ്രവച്ചിരുന്നതു യാഗങ്ങൾ നടത്തി അതിൽ പങ്കുചേരുന്നതിലൂടെയായിരുന്നു. ദൈവം യിസ്രായേല്യരുമായി ഉടമ്പടി ചെയ്തപ്പോൾ അതും ഉറപ്പാക്കിയത് യാഗത്തിൽക്കൂടെയായിരുന്നു. യേശുക്രിസ്തു പെസഹാ സമയത്ത് ഇത് പുതിയ ഉടമ്പടിക്കുള്ള എന്റെ രക്തമാകുന്നു എന്നു പറഞ്ഞിട്ടുള്ളത് ഈ പശ്ചാത്തലത്തിൽ ഓർക്കേണ്ടതാണ്.

ദൈവത്തോടുള്ള ഉടമ്പടി വിശുദ്ധിയിലും വിശ്വസ്തതയിലും കൂടെ സംരക്ഷിക്കേണ്ടവയാണ്. അശുദ്ധനായ മനുഷ്യനു ദൈവത്തിന്റെ വിശുദ്ധിയുടെ പൂർണ്ണത കണ്ടിട്ടു ജീവിപ്പാൻ സാധിക്കയില്ല. അതുകൊണ്ട് അഗ്നിയിൽ ദൈവം പ്രത്യക്ഷനായപ്പോൾ ചുറ്റും പുക കൊണ്ട് നിറയുന്നു. 'യഹോവ തീയിൽ സീനായ് പർവ്വതത്തിൽ ഇറങ്ങുകയാൽ അതു മുഴുവനും പുക കൊണ്ട് മൂടി' (പുറ. 19:18).

ദൈവത്തിന്റെ തേജസ്സിനെക്കുറിച്ചു മോശയ്ക്കു ബോധ്യമായിരുന്നു. ദൈവവിശുദ്ധിയാണ് അവിടുത്തെ തേജസ്സിന്റെ അടിസ്ഥാനം. വിശുദ്ധിയിലൂടെ പ്രകാശിക്കുന്നതാണ് പ്രകാശമായും മഹത്വമായും കാണുന്നത്. ദൈവതേജസ്സ് കാണുവാനുള്ള മോശയുടെ ആഗ്രഹത്തെക്കുറിച്ചു മുമ്പേ നാം കണ്ടതാണ്. വിശുദ്ധിയിൽക്കൂടി ദൈവസന്നിധിയിൽ നിൽക്കുന്നവർക്ക് ദൈവം തന്നെ പ്രകാശവും തേജസ്സും നൽകുന്നു. അതുകൊണ്ടാണ് ദൈവസന്നിധിയിൽ നിന്ന് ഇറങ്ങിവന്ന മോശയുടെ മുഖം പ്രകാശിച്ചത് (പുറ. 34:29). ദൈവതേജസ്സിനും ദിവ്യസ്വഭാവത്തിനും പങ്കാളികളായിത്തീരാനാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്.

ദൈവത്തെക്കുറിച്ച് മുകളിൽ കണ്ട വിധത്തിലുള്ള ചില സത്യങ്ങൾ മോശ ഗ്രഹിച്ചു എന്നുള്ളത് സത്യമാണ്. എന്നാൽ ദൈവം മനുഷ്യബുദ്ധിക്കും യുക്തിക്കും അതീതനാകുന്നു എന്ന വസ്തുത മോശ അംഗീകരിച്ചു. മുൾപ്പടർപ്പിൽ പ്രത്യക്ഷനായ ദൈവത്തിന്റെ പേര് ചോദിച്ചപ്പോൾ അത് വെളിപ്പെടുത്തുന്നില്ല (പുറ. 3:14). ഒരു വസ്തുവിന്റെ പേരിന് അതിന്റെ

സാരാംശവുമായി ബന്ധമുണ്ട്. ദൈവത്തിന്റെ സാരാംശത്തെ ഗ്രഹിപ്പാൻ മനുഷ്യനു സാധ്യമല്ലെന്നും എന്നാൽ അവിടുത്തെ പ്രവർത്തനത്തിലൂടെ ദൈവശക്തിയെ മനസ്സിലാക്കാൻ സാധിക്കും.

അപരിമേയനായ ദൈവത്തെ മനുഷ്യൻ മനസ്സിലാക്കുന്നത് ദൈവം സ്വയം വെളിപ്പെടുത്തുന്നതിൽക്കൂടിയാണല്ലോ. ദൈവസാന്നിധ്യം വെളിപ്പെടുത്തുന്നതിനു ബാഹ്യമായ ചില ഉപാധികൾ ഉപയോഗിച്ചിട്ടുണ്ട്. അഗ്നി, പുക, മേഘം തുടങ്ങിയവ. വിശുദ്ധിയിലൂടെ ദൈവസന്നിധിയിലേക്ക് ഉയരുന്നവർക്ക് മാത്രമേ ദൈവത്തെക്കുറിച്ച് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. ദൈവത്തിന്റെ പ്രത്യക്ഷതയുടെ ആരംഭം തീയിൽക്കൂടിയാണല്ലോ? അതു കടന്നു പുകയും മേഘവും പിന്നിട്ട് പ്രകാശത്തിന്റെ പാരമ്യ അനുഭവത്തിൽ എത്തുന്നു. അപ്പോഴും ഒരു അന്ധകാരമാണ് – ദിവ്യാന്ധകാരം (Divine Darkness) ബുദ്ധിക്കും യുക്തിക്കും അതീതമായ ഒന്ന് എന്നു സാരം. അതായത് ദൈവത്തെ ബുദ്ധിപരമായി അറിയുക എന്നതിനുപരി ജീവിതത്തിൽക്കൂടി അനുഭവിച്ചറിയേണ്ടതാണ്.

**ചോദ്യങ്ങൾ**

1. മോശയുടെ ദൈവദർശനം സ്വന്തജീവിത അനുഭവവുമായി ബന്ധപ്പെട്ടിരുന്നു. തെളിയിക്കുക.
2. മോശയിൽക്കൂടി ലഭിച്ച ദൈവിക വെളിപാടും ക്രിസ്തുവിൽക്കൂടി ഉണ്ടായ വെളിപാടും തമ്മിൽ താരതമ്യപ്പെടുത്തുക.

## പാഠം 3

# ശമുവേൽ

❑ പ്രവാചകനും പുരോഹിതനും, ന്യായാധിപനും ❑ ശമുവേലിന്റെ ജീവിതത്തിൽ നിന്നുള്ള പാഠങ്ങൾ

ശമുവേലിന്റെ ഒന്നാം പുസ്തകത്തിലാണ് ശമുവേൽ പ്രവാചകനെക്കുറിച്ചു പറഞ്ഞിരിക്കുന്നത്. ശമുവേൽ എഫ്രയീം മലനാട്ടിൽ രാമയിൽ (രാമാഥയീം സോഫീമിൽ) നിന്നുള്ളവനായിരുന്നു. എൽക്കാനായും ഹന്നായും ആയിരുന്നു പിതാവും മാതാവും.

## 1. പ്രവാചകനും, പുരോഹിതനും, ന്യായാധിപനും – ജനനവും വളർച്ചയും

ശമുവേൽ, പ്രാർത്ഥനയുടെ ഫലമായി ലഭിച്ച സന്തതിയായിരുന്നു (1 ശമു. 1:20). ശമുവേൽ എന്ന വാക്കിന്റെ അർത്ഥം തന്നെ 'ദൈവം കേട്ടു' എന്നത്രെ. മുലകുടി മാറിയപ്പോൾ ശമുവേൽ ബാലനെ ശീലോമിലെ പുരോഹിതനായ ഏലിയുടെ അടുക്കൽ കൊണ്ടുചെന്നു ദൈവത്തിനു സമർപ്പിച്ചു (1 ശമു. 1:24–28). ശമുവേൽ ദൈവഭയമുള്ളവനായി ജീവിച്ചു.

ശമുവേൽ ബാലൻ ഏലിയുടെ മുമ്പാകെ യഹോവയ്ക്കു ശുശ്രൂഷ ചെയ്തു വളർന്നു. ബാലനായ ശമുവേലിനെ ദൈവം വിളിച്ച് ഏലിയുടെ ഭവനത്തിനു വരാനിരിക്കുന്ന നാശത്തെക്കുറിച്ച് അറിയിച്ചു. ഏലിയുടെ പുത്രന്മാർ ദൈവത്തിന്റെ വഴിവിട്ടു നടന്നതു മൂലമത്രേ അവരുടെ നാശം സംഭവിച്ചത്. അങ്ങനെ ചെറുപ്പം മുതൽ ശമുവേൽ ദൈവശബ്ദം കേൾക്കുന്നവനായി വളർന്നു (1 ശമു. 3:3–21). പ്രവചനവും ദർശനവും അധികം ഇല്ലായിരുന്ന കാലത്താണു ശമുവേലിനു ദൈവം പ്രത്യക്ഷപ്പെട്ട് അരുളപ്പാടുകൾ കൊടുത്തത്. ശമുവേൽ ദർശകനായും പ്രവാചകനായും അറിയപ്പെട്ടു (1 ശമു. 9:9).

### മനംതിരിവിനായുള്ള ആഹ്വാനം

യിസ്രായേല്യർക്ക് ഫെലിസ്ത്യരിൽ നിന്നു വളരെ ശത്രുത ഉണ്ടായി. യിസ്രായേല്യർ സത്യദൈവത്തിൽ നിന്നും വളരെ അകന്നു അന്യദൈവങ്ങളെ ആരാധിച്ചിരുന്ന കാലമായിരുന്നു. ഇതിനെതിരായി ശമുവേൽ ശബ്ദമുയർത്തി. പൂർണ്ണഹൃദയത്തോടെ യഹോവയിങ്കലേക്ക് തിരിഞ്ഞ് അന്യദൈവങ്ങളെ ആരാധിക്കുന്നതു മതിയാക്കുക എന്നുള്ള ശമുവേലിന്റെ ആഹ്വാനം ജനങ്ങൾ സ്വീകരിച്ചു. അങ്ങനെ ജനങ്ങൾ സത്യദൈവത്തിലേക്കു തിരിഞ്ഞ് അവനെ മാത്രം സേവിക്കുവാൻ തുടങ്ങി. ശമുവേൽ ജനങ്ങൾക്കു വേണ്ടി യഹോവയോടു പ്രാർത്ഥിച്ചു.

### ജനങ്ങൾക്കു വേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥന

ശമുവേൽ പ്രവാചകൻ ജനങ്ങളുടെ പാപത്തിനു വേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നു. അവർ മിസ്പയിൽ ഒന്നിച്ചു കൂടി ഉപവസിച്ചു പ്രാർത്ഥിച്ചു (1 ശമു. 7:6). മോശയുടെ മദ്ധ്യസ്ഥപ്രാർത്ഥന പോലെ ശമുവേലിന്റെ മദ്ധ്യസ്ഥപ്രാർത്ഥനയെക്കുറിച്ച് പഴയനിയമത്തിൽ പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്. യിരെമ്യാ പ്രവാചകന്റെ വാക്കുകൾ ശ്രദ്ധിക്കുക, 'യഹോവ എന്നോട് അരുളിച്ചെയ്തത്: മോശെയും ശമുവേലും എന്റെ മുമ്പാകെ നിന്നാലും എന്റെ മനസ്സ് ഈ ജനത്തിങ്കലേക്ക് ചായ്കയില്ല' (യിരെ. 15:1). സങ്കീർത്തനക്കാരന്റെ വാക്കുകളും ഇവിടെ പ്രസക്തമാണ്:

'അവന്റെ പുരോഹിതന്മാരിൽ മോശെയും അഹരോനും അവന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്നവരിൽ ശമുവേലും ഇവർ യഹോവയോട് അപേക്ഷിച്ചു; അവൻ അവർക്ക് ഉത്തരമരുളി' (സങ്കീ. 99.6).

## യിസ്രായേലിലെ അവസാനത്തെ ന്യായാധിപൻ

യിസ്രായേലിലെ ന്യായാധിപന്മാരുടെ ചങ്ങലയിലെ അവസാനത്തെ കണ്ണിയാണ് ശമുവേൽ. 'അവൻ യിസ്രായേലിനു ജീവപര്യന്തം ന്യായപാലനം ചെയ്തു. ...' ബെഥേൽ, ഗിൽഗാൽ, മിസ്പാ, രാമ എന്നിവിടങ്ങളിലെല്ലാം ശമുവേലിനു ന്യായപാലനകേന്ദ്രങ്ങൾ ഉണ്ടായിരുന്നു (1 ശമു. 7:6, 16, 17). ശമുവേലിനു ശേഷം യിസ്രായേലിൽ ന്യായാധിപന്മാരില്ലായിരുന്നു. ശമുവേലിന്റെ അവസാന കാലം മുതൽ യിസ്രായേലിൽ രാജവാഴ്ച ആരംഭിച്ചു.

## പുരോഹിതനായ ശമുവേൽ

പ്രവാചകനും, ന്യായാധിപനും ആയ ശമുവേൽ പൗരോഹിത്യ ധർമ്മവും നിർവഹിച്ചു. ഇക്കാര്യത്തിൽ മോശയും ശമുവേലും ഒരുപോലെയായിരുന്നു. ശമുവേൽ യിസ്രായേലിനു വേണ്ടി യാഗം കഴിച്ചു പ്രാർത്ഥിച്ചു (1 ശമു. 7:8–9). യഹോവ ശമുവേലിന്റെ യാഗവും പ്രാർത്ഥനയും സ്വീകരിച്ചു. യിസ്രായേൽ ജനതയെ ഫെലിസ്ത്യരുടെ കയ്യിൽ നിന്നു വിടുവിക്കുകയും ഫെലിസ്ത്യരെ തോല്പിക്കുകയും ചെയ്തു.

മതപരമായും സാമൂഹ്യമായും വളരെ ഉയർന്ന ഒരു സ്ഥാനം ശമുവേലിനുണ്ടായിരുന്നു. താൻ യാഗം കഴിക്കുക മാത്രമല്ല; യാഗഭക്ഷണത്തെ അനുഗ്രഹിക്കുകയും ചെയ്തിരുന്നു. ശമുവേൽ സന്നിഹിതനാകുമ്പോൾ താൻ യാഗഭക്ഷണത്തെ അനുഗ്രഹിക്കുന്നതു വരെയും ജനങ്ങൾ ക്ഷമയോടെ കാത്തിരുന്നു (1 ശമു. 9:13). ശമുവേൽ യാഗസദ്യയ്ക്കു പ്രത്യേകം അതിഥികളെ ക്ഷണിക്കുകയും അവർക്കു പ്രത്യേക സ്ഥാനവും ബഹുമാനവും കൊടുക്കുകയും ചെയ്തിരുന്നു (1 ശമു. 9:22–24).

## ശമുവേലും രാജവാഴ്ചയും

ശമുവേലിന്റെ കാലത്താണ് യിസ്രായേലിൽ രാജവാഴ്ച ആരംഭിച്ചത്. യിസ്രായേലിനെ ദൈവം ഒരു ജാതിയാക്കിത്തീർത്തു അവരെ വഴി നടത്തി. അവർ ദൈവഭരണത്തിൽ (Theocracy) ആയിരുന്നു. പുരോഹിതന്മാരുടെയും, പ്രവാചകന്മാരുടെയും, ന്യായാധിപന്മാരുടെയും നേതൃത്വത്തിൽ ദൈവം അവരെ വഴിനടത്തി. യിസ്രായേലിലെ അവസാനത്തെ ന്യായാധിപനായ ശമുവേൽ വൃദ്ധനായപ്പോൾ തന്റെ മക്കളെ ന്യായാധിപ ജോലി ഏല്പിച്ചു. എന്നാൽ അവർ ദൈവത്തിന്റെ വഴി വിട്ടകന്നു ദുരാഗ്രഹികളായി കൈക്കൂലി വാങ്ങി ന്യായം മറിച്ചുകളഞ്ഞു (1 ശമു. 8:1–3). ഈ

പശ്ചാത്തലത്തിൽ യിസ്രയേൽമക്കൾ തങ്ങളെ വാഴേണ്ടതിന് ഒരു രാജാവിനു വേണ്ടിയുള്ള ആഗ്രഹം ശമുവേലിനെ അറിയിച്ചു (1 ശമു. 8:4–5). ശമുവേൽ ദൈവകല്പന പ്രകാരം ശൗലിനെ യിസ്രായേലിലെ ആദ്യത്തെ രാജാവായി അഭിഷേകം ചെയ്തു (1 ശമു. 10:1; 17–24). അങ്ങനെ യിസ്രായേലിൽ രാജവാഴ്ചയ്ക്കു (monarchy) തുടക്കം കുറിക്കുവാൻ ശമുവേൽ കാരണക്കാരനായി.

ശമുവേൽ ദൈവത്തിന്റെ വചനങ്ങൾ രാജാവിനേയും ജനങ്ങളേയും അറിയിച്ചു. ദൈവത്തോടു വിശ്വസ്തത പുലർത്തി ജീവിപ്പാൻ ജനത്തെ അദ്ദേഹം ആഹ്വാനം ചെയ്തു. യഹോവയുടെ കല്പന അനുസരിക്കാതിരുന്ന ശൗലിനെ രാജസ്ഥാനത്തു നിന്നും നീക്കി (1 ശമു. 15:23; 16:1) പകരം ദാവീദിനെ രാജാവായി അഭിഷേകം ചെയ്തു (1 ശമു 16:1b, 13). ഇവിടെയും ശമുവേൽ പ്രധാനപങ്കു വഹിച്ചു.

## അനുസരണത്തിന്റെ പ്രാധാന്യം

ദൈവത്തെ അനുസരിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചു ശമുവേൽ ശൗലിന്റെ ജീവിതത്തിൽക്കൂടി പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ദൈവത്തിന്റെ കല്പനയ്ക്കു വിരുദ്ധമായി, യുദ്ധത്തിൽപ്പിടിച്ച ആടുമാടുകളെ സൂക്ഷിച്ചതു ദൈവത്തിനു യാഗം കഴിപ്പാനായിട്ടായിരുന്നു എന്ന് ശൗൽ പറഞ്ഞു. അതിനു മറുപടിയായിട്ട് ശമുവേൽ ഇപ്രകാരം പറഞ്ഞു: 'യഹോവയുടെ കല്പന അനുസരിക്കുന്നതു പോലെ ഹോമയാഗങ്ങളും ഹനനയാഗങ്ങളും യഹോവയ്ക്കു പ്രസാദമാകുമോ? ഇതാ അനുസരിക്കുന്നത് യാഗത്തേക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസ്സിനേക്കാളും നല്ലത്' (1 ശമു. 15:22). ദൈവകല്പന അനുസരിച്ചും ദൈവഇഷ്ടം ചെയ്തും ജീവിക്കുമ്പോൾ നടത്തുന്ന യാഗകർമ്മാനുഷ്ഠാനങ്ങൾ മാത്രമേ ദൈവം സ്വീകരിക്കുകയുള്ളൂ എന്നാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. പിൽക്കാല പ്രവാചകന്മാർ പ്രത്യേകിച്ചും ബി. സി. 8–ാം നൂറ്റാണ്ടിൽ പ്രവാചകന്മാർ ഈ സത്യം ഊന്നിപ്പറയുകയുണ്ടായി. അനുസരണക്കേടു മൂലം ശൗലിന്റെ മേലുള്ള ദൈവാത്മാവു നഷ്ടപ്പെട്ടു. ദുരാത്മാവ് അവന്മേൽ വന്നു (1 ശമു. 18:10). ദൈവത്തോടുള്ള അനുസരണയിൽ ജീവിക്കുമ്പോൾ ദൈവാത്മാവും തൽഫലമായി സ്നേഹഭാവവും, അതു നഷ്ടമാകുമ്പോൾ ദുരാത്മാവും തൽഫലമായി അസൂയയും, വിദ്വേഷവും പകയും പിണക്കവും എല്ലാം ഉണ്ടാകുന്നു എന്ന് കാണാം.

## ശമുവേലിന്റെ മരണാനന്തര ജീവിതം

ശമുവേൽ വൃദ്ധനായി മരിച്ചു. യിസ്രായേൽ മക്കൾ അവനു വേണ്ടി വിലാപം കഴിച്ചു. രാമയിൽ അവനെ അടക്കം ചെയ്തു (1 ശമു. 25:1). മരണാനന്തരം ആത്മാവു ജീവിക്കുന്നു എന്ന് ശമുവേലിന്റെ ജീവിതകഥ നമ്മെ

പഠിപ്പിക്കുന്നു. ഫെലിസ്ത്യർ യിസ്രായേല്യരെ ആക്രമിച്ചു. ശൗൽ വളരെ വിഷമിച്ചു. അദ്ദേഹം ഒരു വെളിച്ചപ്പാടത്തിയുടെ സഹായത്താൽ മരിച്ച ശമുവേലിന്റെ ഉപദേശം തേടുന്നു. ശമുവേൽ വെളിച്ചപ്പാടത്തിക്കു പ്രത്യ ക്ഷപ്പെട്ടു. ശൗലിന്റെ അന്ത്യത്തെ സംബന്ധിച്ചു പറഞ്ഞു. അതുപോലെ സംഭവിക്കുകയും ചെയ്തു (1 ശമു. 28).

## ശമുവേലിന്റെ ജീവിതത്തിൽ നിന്നുള്ള പാഠങ്ങൾ

പ്രവാചകനും, ന്യായാധിപനും പുരോഹിതനുമായി ദൈവശുശ്രൂഷ നടത്തി ജനങ്ങളെ നയിച്ച ശമുവേലിന്റെ ജീവിതത്തിൽ നിന്നും പല പാഠ ങ്ങൾ പഠിക്കുവാനുണ്ട്.

1. മാതാപിതാക്കളുടെ പ്രാർത്ഥനയുടേയും കണ്ണുനീരിന്റെയും ഫല മായുണ്ടാകുന്ന സന്തതികൾ അനുഗ്രഹിക്കപ്പെടും.

2. ദൈവസന്നിധിയിലും അവിടുത്തെ കൃപയിലും വളരുന്നവരെ ദൈവം വിളിച്ചു തന്റെ സന്ദേശം അറിയിക്കും.

3. ദൈവാത്മാവിൽ വളരുമ്പോൾ നമ്മുടെ യഥാർത്ഥ ജീവിതധർമ്മം നിറവേറ്റാൻ കഴിയും. അതായത് ദൈവത്തിന്റെ ദൂതിനെ സ്വീകരിച്ചു പകർന്നുകൊടുക്കാനും, ദൈവത്തെ ആരാധിച്ചു ശുശ്രൂഷിപ്പാനും നീതി നടത്തുവാനും സാധിക്കും എന്നർത്ഥം.

4. ദൈവകല്പന നിരസിച്ചുകൊണ്ടുള്ള ജീവിതം പ്രയോജനരഹിതവും നാശകരവുമാണ്.

5. ദൈവാത്മാവിൽ ജീവിച്ചവർ മരണാനന്തരവും ദൈവവുമായുള്ള ബന്ധത്തിൽ ജീവിക്കുകയും നമ്മെ സഹായിക്കുകയും ചെയ്യും.

**ചോദ്യങ്ങൾ**

1. രാജാവിനെ വാഴിച്ചു കിട്ടണമെന്ന യിസ്രായേല്യരുടെ ആഗ്രഹം എന്തുകൊണ്ട് ദൈവത്തിന് അനിഷ്ടമായി?
2. പ്രവാചകപദവിയിലേക്ക് ഉയരുവാൻ ശമുവേലിനെ നയിച്ച സാഹ ചര്യങ്ങൾ എന്തെല്ലാം?

## പാഠം 4

# ഏലിയാവ്

❑ പ്രവാചക ജീവിതത്തിലെ വൈരുദ്ധ്യാനുഭവങ്ങൾ ❑ സാധാരണ ക്കാരന്റെ അസാധാരണ ശക്തി ❑ പ്രത്യക്ഷപ്പെടലും ഒളിച്ചിരിപ്പും ❑ ആശക്കെതിരെയുള്ള പ്രത്യാശ ❑ ഒരു വാതിൽ അടയുമ്പോൾ മറ്റൊന്നു തുറക്കുന്നു ❑ സന്തോഷത്തിന്റെ നടുവിലെ അപ്രതീക്ഷിത വൈഷമ്യം ❑ ശത്രുഭീതിയും ധൈര്യവും ❑ കർമ്മേലിലെ തീഷ്ണതയും അതിനു ശേഷമുള്ള തളർച്ചയും ❑ ഗുഹയിലെ ഒളിച്ചിരിപ്പും പുറത്തേക്കുള്ള വിളിയും ❑ മരിക്കുവാനാഗ്രഹിച്ചവൻ മരണത്തെ മറികടക്കുന്നു ❑ അപ്ര ത്യക്ഷനായവൻ പ്രത്യക്ഷപ്പെടുന്നു

ബി. സി. 9-ാം നൂറ്റാണ്ടിൽ യിസ്രായേലിൽ ജീവിച്ച ശ്രേഷ്ഠപ്രവാച കനാണ് ഏലിയാവ്. യോർദ്ദാന്റെ കിഴക്ക് ഗിലയാദിലെ തിശ്ബിയിൽ നിന്നു ള്ളവനായിരുന്നു. യിസ്രായേലിന്റെ വടക്കേ രാജ്യത്ത് ആഹാബു രാജാ വിന്റെയും അവന്റെ മകനായ അഹസിയാ രാജാവിന്റെയും കാലത്താണ് ഏലിയാവ് തന്റെ പ്രവാചകദൗത്യം നിറവേറ്റിയത്. ഏലിയാവ് എന്ന പേരിന്റെ അർത്ഥം 'യഹോവ എന്റെ ദൈവം' എന്നാണ്. യഹോവയോ ടുള്ള പൂർണമായ വിശ്വാസവും വിശ്വസ്തതയും യഹോവയ്ക്കു വേണ്ടി യുള്ള തീഷ്ണതയുമാണ് ഈ പേരു കൊണ്ട് അർത്ഥമാക്കുന്നത്. പ്രവാ ചകനെക്കുറിച്ച് 1 രാജാ. 17-19:21; 2 രാജാ. 1-2:11; മത്താ. 17:1-12; മർക്കോ. 9:2-13; ലൂക്കോ. 9:28-36 വരെയുള്ള ഭാഗങ്ങളിൽ വിവരിച്ചിരിക്കുന്നു. പ്രവാ ചകന്റെ ജീവിതത്തിൽ വൈരുദ്ധ്യം നിറഞ്ഞ ദ്വന്ദഭാവങ്ങൾ വളരെ കാണ്മാ നുണ്ട്.

### 1. സാധാരണക്കാരന്റെ അസാധാരണ ശക്തി

കേവലം ഒരു സാധാരണ മനുഷ്യനായിട്ടാണ് ഏലിയാവിനെപ്പറ്റി ആദ്യ മായി നാം വായിക്കുന്നത്. 'ഗിലയാദിലെ തിശ്ബിയിൽ നിന്നുള്ള തിശ്ബി യനായ ഏലിയാവ്' (1 രാജാ. 17:1). ഏലിയാവു നമുക്ക് സമസ്വഭാവമുള്ള വനായിരുന്നു എന്നു യാക്കോബ് ശ്ലീഹാ സാക്ഷിക്കുന്നു (യാക്കോ. 5:17a). എങ്കിലും അവൻ അസാധാരണ വ്യക്തിയായിരുന്നു എന്നു അദ്ദേഹം തുടർന്നു പറയുന്നു. മഴ പെയ്യാതിരിക്കേണ്ടതിന് അവൻ പ്രാർത്ഥനയിൽ അപേക്ഷിച്ചു. മൂന്നു സംവത്സരവും ആറു മാസവും ദേശത്തു മഴ പെയ്തില്ല. അവൻ വീണ്ടും പ്രാർത്ഥിച്ചപ്പോൾ ആകാശത്തു നിന്നു മഴ പെയ്തു. ഭൂമിയിൽ ധാന്യം വിളഞ്ഞു (യാക്കോ. 5:17-18, 1 രാജാ. 17:1). സത്യദൈവത്തിലുള്ള വിശ്വാസവും ആശ്രയവും ദൈവശക്തിയുമാണ് ഈ സാധാരണ മനുഷ്യന്റെ അസാധാരണ ശക്തിയുടെ രഹസ്യം.

## 2. പ്രത്യക്ഷപ്പെടലും ഒളിച്ചിരിപ്പും (1 രാജാ. 17:1–6)

ദൈവനിയന്ത്രണത്തിലും കല്പനയിലും നയിക്കപ്പെട്ട ഏലിയാവ് ദൈവകല്പനയനുസരിച്ച് ആഹാബു രാജാവിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട് വരാനിരിക്കുന്ന ഭയങ്കരമായ വരൾച്ചയേയും ക്ഷാമത്തേയും കുറിച്ച് പ്രവചിച്ചു. ഉടനെ തന്നെ കെരീത്ത് തോട്ടിന്നരികെ പോയി ഒളിച്ചിരിക്കുവാനുള്ള കല്പനയും ദൈവത്തിൽ നിന്നു ലഭിച്ചു. ചിലപ്പോൾ പ്രത്യക്ഷപ്പെടുവാനും മറ്റു ചിലപ്പോൾ ഒളിച്ചിരിപ്പാനുമത്രേ ദൈവകല്പന. പ്രത്യക്ഷപ്പെടുന്നത് സ്വയപ്രകടനത്തിനോ ഒളിച്ചിരിക്കുന്നതു ഭയം മൂലമോ ആകരുത്. ഈ ഒളിച്ചിരിപ്പ് ദൈവശക്തിക്കായുള്ള കാത്തിരിപ്പും വെളിപ്പെടുത്തൽ ദൂത് അറിയിപ്പാനും നിറവേറ്റാനുമുള്ള അവസരവുമാണ്.

## 3. ആശയ്ക്കെതിരെയുള്ള പ്രത്യാശ

ദൈവത്തിൽ പൂർണമായി വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നവർക്കു മാത്രമേ ആശയ്ക്കെതിരെ പ്രത്യാശിക്കുവാൻ സാധിക്കുകയുള്ളു എന്ന് ഏലിയാവ് നമ്മെ പഠിപ്പിക്കുന്നു. ദേശത്തു വരൾച്ച വന്നപ്പോൾ വെള്ളമുള്ള കെരീത്ത് തോട്ടിന്നരികെ ദൈവം ഏലിയാവിനെ നയിച്ചു. അപ്പം തട്ടിക്കൊണ്ടു പോകുന്ന കാക്ക രാവിലെയും വൈകിട്ടും ഏലിയാവിന് അപ്പവും ഇറച്ചിയും കൊത്തിക്കൊണ്ടു വന്നു. ഏലിയാവു തോട്ടിൽ നിന്നു കുടിക്കുകയും ചെയ്തു (1 രാജാ. 17:6). ഏലിയാവിന്നരികെ വന്ന കാക്ക നമ്മെ പഠിപ്പിക്കുന്നതു ദൈവമക്കൾക്കു പ്രതീക്ഷയ്ക്കു വകയില്ലാത്ത സമയത്തിലും വിധത്തിലും അത്യാവശ്യത്തിനുള്ള സഹായം ലഭിക്കും എന്നാണ്.

കെരീത്ത് തോട്ടിന്നരികെയിരിക്കുന്ന ഏലിയാവിന്റെ ഭക്ഷണരീതിയിൽ നിന്നും ചില പാഠങ്ങൾ നമുക്കു പഠിക്കുവാനുണ്ട്. 1. ഭക്ഷണത്തിലുള്ള മിതത്വവും മിതഭക്ഷണത്തിലുള്ള സംതൃപ്തിയും. രണ്ടു നേരത്തെ സാധാരണ ഭക്ഷണം കൊണ്ട് താൻ അതീവ സംതൃപ്തനാണ്. 2. ഭക്ഷിക്കുന്നതു ജീവിക്കുവാൻ; ജീവിക്കുന്നതു ഭക്ഷിക്കുവാനല്ല. പലരുടേയും ജീവിതം കണ്ടാൽ ജീവിക്കുന്നതു ഭക്ഷിക്കുവാൻ വേണ്ടിയെന്നു തോന്നിപ്പോകും. ഏലിയാവിനു മിതഭക്ഷണത്തിൽ സംതൃപ്തനാകാൻ സാധിച്ചത് താൻ ശീലിച്ച തീക്ഷ്ണമായ നോമ്പു മൂലമാണ്. നോമ്പിന്റെയും ഉപവാസത്തിന്റെയും പ്രാധാന്യം വളരെയാണ്. മനുഷ്യന്റെ അന്വേഷണത്തിൽ വറ്റിയ തോടുകൾ മാത്രം കാണുമ്പോൾ വറ്റാത്ത തോടു കാണിച്ചു തരുവാൻ ദൈവത്തിനു സാധിക്കും. ദൈവം നയിക്കുന്ന വഴിയെ ഏലിയാവിനെപ്പോലെ നാമും പോകണം. ജീവിക്കുവാൻ വെള്ളം മാത്രമല്ല അപ്പവും ദൈവം നൽകും. ഏലിയാവിനു ദൈവം കൊടുത്ത അപ്പവും വെള്ളവും വി. കുർബാനയുടെ മുൻകുറിയായി പിതാക്കന്മാർ ചിന്തിക്കുന്നു.

### 4. ഒരു വാതിൽ അടയുമ്പോൾ മറ്റൊന്നു തുറക്കുന്നു (1 രാജാ. 17: 7-16)

ദൈവകല്പനയും ഇഷ്ടവും പൂർണമായി അനുസരിക്കുന്നവരുടെ ജീവിതത്തിൽ ഒരു വാതിൽ അടയുമ്പോൾ മറ്റൊരു വാതിൽ ദൈവം തുറന്നുകൊടുക്കും. കെരീത്തിലെ വെള്ളം വറ്റിയപ്പോൾ കാക്കയുടെ വരവും നിന്നു. അപ്പോൾ ഏലിയാവിനെ പുലർത്തുവാനായി ദൈവം സരഫ്തയിലെ ഒരു വിധവയെ ഒരുക്കിയിരുന്നു (1 രാജാ. 17:7-16). സരഫ്തയിലേക്കു പോകുവാൻ ഏലിയാവിനോടു കല്പിച്ചു. സരഫ്ത എന്നതിനു പരിശോധനാ സ്ഥലം എന്നർത്ഥം. ദൈവം നമ്മേയും ഓരോ സ്ഥാനത്തും സ്ഥലത്തും അയയ്ക്കുമ്പോൾ വേണ്ട ക്രമീകരണങ്ങൾ ചെയ്തതിനു ശേഷമേ അയയ്ക്കുകയുള്ളു. ദൈവത്തിൽ പൂർണമായി വിധേയപ്പെട്ട് അനുസരിക്കുമ്പോഴേ അവ അനുഭവിക്കാൻ സാധിക്കുകയുള്ളു. അല്ലായെങ്കിൽ വാതിലുകൾ അടഞ്ഞുതന്നെയിരിക്കും. ദൈവകല്പന അനുസരിക്കുക എന്നതാണ് പുതിയ വാതിലുകൾ തുറക്കുവാനുള്ള മാർഗം.

ദൈവപുരുഷന്റെ കല്പന അനുസരിക്കുന്നതു മൂലം സരഫ്തയിലെ വിധവയുടെ അടഞ്ഞവാതിൽ തുറക്കുന്നു. ഉള്ള മാവു കൊണ്ട് അടയുണ്ടാക്കി ഒരു നേരം ഭക്ഷിച്ചിട്ടു മരിക്കുവാൻ ആഗ്രഹിച്ച വിധവയും മകനും ദൈവപുരുഷന്റെ വാക്കനുസരിച്ച് സ്വാർത്ഥത മറന്നു പ്രവർത്തിച്ചതുമൂലം ക്ഷാമകാലത്തു ക്ഷേമമായി ജീവിച്ചു. ദൈവം അയയ്ക്കുന്നവരെ കരുതുന്നവരെ ദൈവം കരുതിക്കൊള്ളും. 'ഒരു പ്രവാചകൻ എന്ന നിലയിൽ ഒരു പ്രവാചകനെ കൈക്കൊള്ളുന്നവനു പ്രവാചകന്റെ പ്രതിഫലം ലഭിക്കും. നീതിമാനെ നീതിമാൻ എന്ന നിലയിൽ കൈക്കൊള്ളുന്നവനു നീതിമാന്റെ പ്രതിഫലം ലഭിക്കും' (മത്താ. 10:40-41).

### 5. സന്തോഷത്തിന്റെ നടുവിലെ അപ്രതീക്ഷിത വൈഷമ്യം

സരഫ്ത തികച്ചും പ്രവാചകന് ഒരു പരിശോധനസ്ഥലം തന്നെയായിരുന്നു. ക്ഷാമകാലത്തു ദൈവം ക്ഷേമമായി കരുതി എന്നു സന്തോഷിച്ചിരിക്കുമ്പോൾ അപ്രതീക്ഷിതമായി ഒരു വൈഷമ്യം നേരിട്ടു. വിധവയുടെ മകൻ പെട്ടെന്നു രോഗഗ്രസ്തനായി മരിച്ചു. ദൈവപുരുഷനെ അവൾ കുറ്റം പറയുന്നു. 'അയ്യോ ദൈവപുരുഷാ..... എന്റെ പാപം ഓർപ്പിക്കേണ്ടതിനും എന്റെ മകനെ കൊല്ലേണ്ടതിനും ആകുന്നുവോ നീ എന്റെ അടുക്കൽ വന്നത്' (1 രാജാ. 17:18). എന്തൊരു നന്ദികേട്. ഒരു നേരത്തെ അപ്പം ഭക്ഷിച്ചിട്ടു മരിക്കുവാനിരുന്ന അമ്മയും മകനും ദൈവത്തിന്റേയും ദൈവപുരുഷന്റെയും സഹായത്താൽ പിന്നെയും ജീവിക്കുവാൻ ഇടയായതിൽ സന്തോഷിക്കേണ്ടിയിരുന്നവൾ പറഞ്ഞ വാക്കുകളിൽ അവൻ പരിഭവിച്ചില്ല.

കരുതുകയും സഹായിക്കുകയും ചെയ്യുന്ന ദൈവത്തിലുള്ള ആശ്രയത്താൽ അവൻ വിധവയുടെ മകനെ ഉയിർപ്പിച്ച് ദൈവമഹത്വം കാണിച്ചുകൊടുത്തു. പരിശോധനകളിലൂടെ കടത്തിവിട്ടാണ് ദൈവം തന്റെ മക്കളെ മഹത്വത്തിലേക്കു വരുത്തുന്നത്.

സന്തോഷം അപ്രതീക്ഷിതമായ ദുഃഖമായി മാറും. പരിശോധനകൾ ഏറിവരും. സരഫ്തയിലെ വിധവയെപ്പോലെ പാഴ്‌വാക്കുകൾ പറയാതെ ഏലിയാവിനെപ്പോലെ ദൈവാശ്രയത്തിൽ പരിശോധനകളെ തരണം ചെയ്യുവാൻ പ്രശ്നങ്ങളെ ദൈവകരങ്ങളിൽ സമർപ്പിക്കണം. അപ്രതീക്ഷിത സംഭവങ്ങൾ ജീവിതത്തിൽ പ്രതീക്ഷിച്ചുകൊണ്ട് ഉണർന്നും പ്രാർത്ഥിച്ചും ജാഗ്രതയോടിരുന്നേ മതിയാവൂ.

## 6. ശത്രുഭീതിയും ധൈര്യവും

ദേശത്തുണ്ടാകുന്ന ക്ഷാമത്തെക്കുറിച്ചു പറഞ്ഞ പ്രവാചകനെ നശിപ്പിക്കുവാനുള്ള ആഹാബു രാജാവിന്റെ അന്വേഷണശ്രമം വിഫലമായി. വർഷങ്ങൾ മൂന്നു കഴിഞ്ഞു. രാജാവിനെ ഭയന്നു കഴിയുമ്പോഴാണ് മഴയുടെ ദൂതുമായി രാജാവിന്റെ മുമ്പിൽ വീണ്ടും പ്രത്യക്ഷപ്പെടുവാനുള്ള ദൈവകല്പന ലഭിക്കുന്നത്. രാജാവിനെ അഭിമുഖീകരിക്കുവാനുള്ള ധൈര്യം ദൈവത്തിൽ നിന്നും ലഭിച്ചു. യിസ്രായേലിനെ കഷ്ടപ്പെടുത്തുന്നവനെന്നു രാജാവു പ്രവാചകനെ സംബോധന ചെയ്തപ്പോൾ അതു രാജാവു തന്നെയാണ് എന്നു സധൈര്യം പ്രതിവചിച്ചു. സത്യദൈവത്തെ വിട്ടകന്നു ബാലിനെ ആരാധിക്കുന്നതാണ് കഷ്ടതയുടെ കാരണം എന്നു ചൂണ്ടിക്കാണിച്ചു (1 രാജാ. 18:17–18).

## 7. കർമേലിലെ തീക്ഷ്ണതയും അതിനു ശേഷമുള്ള തളർച്ചയും (1 രാജാ. 18:20–19:10)

സത്യദൈവത്തിനു വേണ്ടിയുള്ള ഏലിയാവിന്റെ തീക്ഷ്ണതയാണ് തന്നെക്കുറിച്ചുള്ള ഓർമ്മ ഇന്നും മനുഷ്യഹൃദയങ്ങളിൽ തങ്ങിനിർത്തുന്നത്. കർമ്മേലിലെ യാഗത്തിൽ ബാൽ ദൈവമല്ലെന്നും സത്യദൈവം യഹോവയാണെന്നും ഏലിയാവു തെളിയിച്ചു. ബാലിന്റെ 450 പ്രവാചകന്മാരെയും ഏലിയാവു വെട്ടിക്കൊന്നു. സത്യദൈവത്തിനു വേണ്ടി നാം തീക്ഷ്ണതയോടു കൂടി പ്രവർത്തിക്കുമെങ്കിൽ ദൈവം തന്റെ ഭക്തന്മാർക്കു വേണ്ടിയും തീക്ഷ്ണതയോടു കൂടി പ്രവർത്തിക്കും. സത്യദൈവം യഹോവ തന്നെയെന്നും പ്രകൃതിയുടെ നിയന്ത്രണം തനിയ്ക്കാണ് എന്നും ബോധ്യം വരുമാറ് യാഗത്തിന്റെ അവസാനം ദേശത്തു വലിയ മഴ പെയ്യിക്കുന്നു. മഴ ആഹാബിനെ തടയാതിരിപ്പാൻ ആഹാബിനു മുമ്പായി ഏലിയാവ് ഓടി സംരക്ഷണം നൽകി (1 രാജാ. 18:41–46).

കർമ്മേൽ മലയിലെ യാഗത്തിനു ശേഷം ബാലിന്റെ പ്രവാചകന്മാരെ കൊന്നതിനു പകരം വീട്ടാൻ ഇസബേൽ രാജ്ഞി തീരുമാനിച്ചു. രാജാവിന്റെയും 450 പ്രവാചകന്മാരെയും ഭയപ്പെടാതെ ധൈര്യവാനായി നിന്ന പ്രവാചകൻ ഒരു സ്ത്രീയെ ഭയന്നോടുന്നു, നിരാശക്കടിമപ്പെടുന്നു. മരിച്ചാൽ കൊള്ളാമെന്നു പോലും ആഗ്രഹിച്ചു ഒരു ചൂരച്ചെടിയുടെ ചുവട്ടിൽ തളർന്നുകിടന്നു. അപ്പോൾ ദൈവദൂതൻ തട്ടിയുണർത്തി അടയും വെള്ളവും കൊടുത്ത് ശക്തിപ്പെടുത്തി. അത് തിന്നിട്ട് താൻ യാത്ര തുടർന്നു 40 ദിവസം കൊണ്ടു ഹോറേബു പർവതത്തിൽ ചെന്നു. ഈ നാല്പതു ദിവസം താൻ നോമ്പനുഷ്ഠിച്ചു ശക്തിപ്രാപിച്ചു. ഹോറേബിൽ ഒരു ഗുഹയിൽ താൻ രാപാർത്തു. അവിടെയും ദൈവം ഏലിയാവിനെ വിളിച്ചു. ധൈര്യവാനായ ഏലിയാവ് ഓടിത്തളർന്നു നിരാശാജനകമായ വാക്കുകൾ തന്റെ വായിൽ നിന്നു ഉതിർന്നുവീണു. സൈന്യങ്ങളുടെ ദൈവമായ യഹോവക്കു വേണ്ടി ഞാൻ വളരെ ശുഷ്കാന്തിച്ചിരിക്കുന്നു. യിസ്രായേൽ മക്കൾ നിന്റെ നിയമത്തെ ഉപേക്ഷിച്ച് നിന്റെ യാഗപീഠങ്ങളെ ഇടിച്ച് നിന്റെ പ്രവാചകന്മാരെ വാൾകൊണ്ടു കൊന്നു കളഞ്ഞു. ഞാൻ ഒരുത്തൻ മാത്രം ശേഷിച്ചിരിക്കുന്നു. അവർ എനിക്കും ജീവഹാനി വരുത്തുവാൻ നോക്കുന്നു (1 രാജാ. 19:10). മരിക്കുവാൻ ആഗ്രഹിച്ചവൻ ഇപ്പോൾ മരിക്കുവാൻ ഭയക്കുന്നു. എന്തൊരു വൈരുദ്ധ്യം.

## 8. ഗുഹയിലെ ഒളിച്ചിരിപ്പും പുറത്തേക്കുള്ള വിളിയും (1 രാജാ. 19:11–21)

ഹോറേബിലെ ഗുഹയിൽ ഒളിച്ചിരുന്നവനെ ദൈവം വിളിച്ചു. 'ഏലിയാവെ നിനക്കിവിടെന്തു കാര്യം?' എന്നു ചോദിച്ചു (1 രാജാ. 19:9). ഗുഹയ്ക്കു വെളിയിൽ വരുവാനും യഹോവയുടെ മുമ്പിൽ നിൽക്കാനും ആവശ്യപ്പെടുന്നു. ഗുഹയ്ക്കകത്തിരിപ്പാൻ ആഗ്രഹിച്ചവനെ പുറത്തേക്കു വിളിച്ചു. കൊടുങ്കാറ്റിനും ഭൂകമ്പത്തിനും തീയ്ക്കും ശേഷം യഹോവ പ്രത്യക്ഷപ്പെട്ടു മൃദുസ്വരത്തിൽ അവനോടു സംസാരിച്ചു. ചില ജോലികൾ ഏല്പിച്ചു. ആരാം രാജാവായി ഹസായേലിനേയും യിസ്രായേൽ രാജാവായി യേഹുവിനേയും തന്റെ ശിഷ്യനായി ഏലിശായേയും അഭിഷേകം ചെയ്യാൻ ദൈവം ആവശ്യപ്പെട്ടു.

## 9. മരിക്കുവാനാഗ്രഹിച്ചവൻ മരണത്തെ മറികടക്കുന്നു (2 രാജാ. 2:1–11)

പലപ്പോഴും ധൈര്യം നഷ്ടപ്പെട്ട ഏലിയാവ് മരിച്ചാൽ കൊള്ളാമെന്ന് ആഗ്രഹിച്ചു. മരണമാഗ്രഹിച്ചവൻ മരണത്തെ മറികടന്നു. യഹോവയായ ദൈവം ഏലിയാവിനെ ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്ക് എടുത്തു. അങ്ങനെ മരണം കൂടാതെ എടുക്കപ്പെട്ടവനായി ഹാനോക്കിന്റെ

കൂട്ടുകാരനായിത്തീർന്നു. താൻ സ്വർഗ്ഗത്തിലേക്ക് എടുത്തുകൊണ്ടപ്പോൾ തന്റെ പുതപ്പ് ഏലിശായുടെ മേൽ വീഴുകയും ഏലിയാവിന്റെ ഇരട്ടി ആത്മാവോടു കൂടി പ്രവർത്തിക്കുകയും ചെയ്തു.

### 10. അപ്രത്യക്ഷനായവൻ പ്രത്യക്ഷപ്പെടുന്നു

സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടതു മൂലം അപ്രത്യക്ഷനായ ഏലിയാവ് വീണ്ടും പ്രത്യക്ഷനായി. പഴയനിയമ കാലത്തു അപ്രത്യക്ഷനായവൻ പുതിയനിയമ കാലത്തു പ്രത്യക്ഷനായി. മറുരൂപമലയിൽ കർത്താവിന്റെ മുമ്പിൽ മോശയോടു കൂടി ഏലിയാവും പ്രത്യക്ഷപ്പെട്ടു (വി. മത്താ. 17:1–12). അങ്ങനെ ഏലിയാവ് കർത്താവിന്റെ കഷ്ടാനുഭവത്തെക്കുറിച്ചു സംസാരിച്ചു (ലൂക്കോ. 9:30–31). ദൈവത്തോടുകൂടി നടക്കുന്നവരെ ദൈവം വിളിച്ചു തന്റെ കൂടെ വസിപ്പിക്കും. അവർ കർത്താവിനോടു കൂടി പ്രത്യക്ഷപ്പെടുകയും ചെയ്യും എന്ന് ഏലിയാവിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

**ചോദ്യങ്ങൾ**

1. ഏലിയാവിന്റെ ജീവിതത്തിലെ വൈരുദ്ധ്യാനുഭവങ്ങൾ വിവരിക്കുക.
2. ഏലിയാവിന്റെ ജീവിതത്തിൽ നിന്നും പഠിക്കുന്ന പാഠങ്ങൾ ഏവ?

**പാഠം 5**

# ദൈവത്തിന്റെ പ്രതിനിധിയും യിസ്രായേലിന്റെ പ്രത്യാശയുമായ താപസശ്രേഷ്ഠൻ

❑ സത്യദൈവത്തിന്റെ പ്രതിനിധി ❑ യിസ്രായേലിന്റെ പ്രത്യാശ ❑ താപസശ്രേഷ്ഠൻ ❑ ക്രിസ്തുവുമായുള്ള കൂടിക്കാഴ്ച

മോശ കഴിഞ്ഞാൽ യിസ്രായേൽ ജനതയുടെ മനസ്സിൽ കൂടുതലായി തങ്ങിനില്ക്കുന്നത് ഏലിയാവിനെ സംബന്ധിച്ചുള്ള ഓർമ്മകളാണ്. അത്രമാത്രം ശ്രേഷ്ഠവും പ്രചോദനപ്രദവുമായിരുന്നു ഏലിയാവിന്റെ ജീവിതം. അതിന്റെ കാരണം ദൈവത്തോടു കൂടി ജീവിച്ച ഏലിയാവിന്റെ ജീവിതത്തിൽ ദൈവം ഉണ്ടായിരുന്നു എന്നുള്ളതാണ്.

### 1. സത്യദൈവത്തിന്റെ പ്രതിനിധി

ഏലിയാവിൽ തന്റെ പ്രവാചകവിളിയെ സംബന്ധിച്ചുള്ള ബോധം

തെളിഞ്ഞുകാണുന്നത് താൻ സത്യദൈവത്തിന്റെ പ്രതിനിധി എന്നുള്ള നിലയിൽ പ്രവർത്തിക്കുമ്പോഴാണ്. ഈ പദവിയെ സംബന്ധിച്ചുള്ള ബോദ്ധ്യവും അതിനനുയോജ്യമായ പ്രതികരണവുമാണ് ഏലിയാവിന്റെ ജീവിതശ്രേഷ്ഠതയ്ക്കുള്ള കാരണം. സത്യദൈവമായ യഹോവയ്ക്കു വേണ്ടി നിലകൊള്ളുകയും, സംസാരിക്കുകയും, പ്രവർത്തിക്കുകയും പോരാടുകയും ചെയ്യുക; തന്മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ പ്രത്യാശയോടും ധൈര്യത്തോടും ദൈവികമായി സഹിക്കുക എന്നിവ തന്റെ പ്രവാചകവിളിയുടെ ലക്ഷ്യങ്ങളായി കരുതി. ദൈവത്തിന്റെ പ്രതിനിധിയായിട്ടാണ് ആഹാബിനോട് ദൂത് അറിയിച്ചത്. 'ഞാൻ സേവിച്ചു നില്ക്കുന്ന യിസ്രായേലിന്റെ ദൈവമായ യഹോവയാണു ഞാൻ പറഞ്ഞല്ലാതെ ഈയാണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാകയില്ല എന്നു പറഞ്ഞു' (1 രാജാ. 17:1).

ക്ഷാമത്തിന്റെ മൂന്നാം ആണ്ടിൽ (1 രാജാ. 18:1) മഴയെക്കുറിച്ചുള്ള സദ്വാർത്ത അറിയിക്കുന്നതും ദൈവത്തിന്റെ പ്രതിനിധിയായിട്ടാണ്. ആഹാബു രാജാവ് "ബാൽ" ദൈവത്തെ ആരാധിക്കുന്നതു മൂലമാണ് യിസ്രായേലിലെ കഷ്ടപ്പാട് എന്നു പറയുന്നതും പ്രവാചകൻ സത്യദൈവത്തിന്റെ പ്രതിനിധിയായി നിലകൊള്ളുന്നു എന്ന ബോധ്യത്തിലാണ്. പ്രവാചകൻ ഏകനായി നിന്നു ദൈവത്തിനു വേണ്ടി പോരാടുന്നതായി കാണുന്നു. 'സൈന്യങ്ങളുടെ ദൈവമായ യഹോവയ്ക്കു വേണ്ടി ഞാൻ വളരെ ശുഷ്ക്കാന്തിച്ചിരിക്കുന്നു... ഞാൻ ഒരുത്തൻ മാത്രം ശേഷിച്ചിരിക്കുന്നു' (1 രാജാ. 19:10) എന്നുള്ള വാക്കുകൾ ശ്രദ്ധേയമാണ്.

സത്യദൈവമായ യഹോവയുടെ പ്രതിനിധിയായി ഏറ്റം ശോഭിച്ച അവസരമായിരുന്നു കർമേൽ മലയിൽ വച്ചു ബാൽ പ്രവാചകന്മാരുമായുള്ള സംഘട്ടനം (1 രാജാ. 18:19–40). ബാൽ ദേവന്റെയും അശേരാദേവിയുടെയും പ്രവാചകന്മാരെ കർമേലിൽ കൂട്ടിവരുത്തി അവരോടും സർവ്വജനത്തോടുമായി ഇപ്രകാരം പറഞ്ഞു. 'നിങ്ങൾ എത്രത്തോളം രണ്ടു തോണിയിൽ കാൽ വയ്ക്കും? യഹോവ ദൈവം എങ്കിൽ അവനെ അനുഗമിപ്പിൻ; ബാൽ എങ്കിലോ അവനെ അനുഗമിപ്പിൻ' (1 രാജാ. 18:21). തീകൊണ്ട് ഉത്തരമരുളുന്ന ദൈവത്തെ സത്യദൈവമായി വിശ്വസിക്കാം എന്നുള്ള ഏലിയാവിന്റെ ചിന്തയോടു സർവ്വജനങ്ങളും സമ്മതം കാട്ടി. സത്യദൈവം ബാലല്ല യഹോവയാണെന്നു കാണിക്കുവാൻ ഏലിയാവിനു സാധിച്ചു. ഒരു ഭരണാധിപന്റെയോ, രാജ്യത്തിന്റെയോ, പ്രതിനിധിക്കു പ്രത്യേക പദവികളും അധികാരങ്ങളും ഉള്ളതുപോലെ ദൈവത്തിന്റെ പ്രതിനിധികളായി പ്രവർത്തിക്കുന്നവർക്കും പ്രത്യേക പദവികളും അധികാരങ്ങളും ദൈവം കൊടുക്കും.

### 2. യിസ്രായേലിന്റെ പ്രത്യാശ

പില്ക്കാലത്ത് യിസ്രായേലിന്റെ വലിയൊരു പ്രത്യാശയായിരുന്നു

ഏലിയാ പ്രവാചകൻ. യുഗാന്ത്യ മുന്നോടിയായി താൻ പ്രത്യക്ഷപ്പെടും എന്ന് അവർ വിശ്വസിച്ചു. ഈ പ്രത്യാശയുടെ പരാമർശത്തോടെയാണ് മലാഖി പ്രവചനം അവസാനിക്കുന്നത്. യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിനു മുമ്പേ ഞാൻ നിങ്ങൾക്ക് ഏലിയാ പ്രവാചകനെ അയയ്ക്കും. ഞാൻ വന്നു ഭൂമിയെ സംഹാര ശപഥം കൊണ്ട് ദണ്ഡിപ്പിക്കാതിരിക്കേണ്ടതിന് അപ്പന്മാരുടെ ഹൃദയം മക്കളോടും മക്കളുടെ ഹൃദയം അപ്പന്മാരോടും നിരപ്പിക്കും (മലാഖി 4:5–6). അപ്പോക്രിഫാ പുസ്തകമായ ബാറാസിറായിലും ഈ പ്രത്യാശാ പ്രകടനം കാണാം. 'ദൈവത്തിന്റെ കോപം ഉഗ്രമായി പൊട്ടിപ്പുറപ്പെടും മുമ്പേ അതിനെ ശമിപ്പിക്കാനും പിതാവിന്റെ ഹൃദയം പുത്രനിലേക്കു തിരിക്കുവാനും യാക്കോബിന്റെ ഗോത്രങ്ങളെ പുനരുദ്ധരിക്കാനും നിർദ്ദിഷ്ടസമയത്തു നീ ഒരുങ്ങിനില്ക്കുന്നു എന്ന് എഴുതപ്പെട്ടിരിക്കുന്നു' (പ്രഭാഷകൻ/ബാറാസീറാ 48:10).

യിസ്രായേൽ ജനതയുടെ ഈ പ്രത്യാശ യോഹന്നാൻ സ്നാപകനിൽ നിറവേറിയതായി ക്രൈസ്തവ പാരമ്പര്യം മനസ്സിലാക്കുന്നു. യോഹന്നാൻ സ്നാപകനെപ്പറ്റി നമ്മുടെ കർത്താവ് അരുളിച്ചെയ്തത് 'നിങ്ങൾക്കു ഗ്രഹിപ്പാൻ മനസ്സുണ്ടെങ്കിൽ വരുവാനുള്ള ഏലിയാവ് അവൻ തന്നെ' എന്നാണ് (മത്തായി 11:14).

ഏലിയാ പ്രവാചകനെപ്പറ്റിയുള്ള ചിന്തയും പ്രത്യാശയും യഹൂദന്മാരുടെ ജീവിതത്തിൽ അലിഞ്ഞു ചേർന്നിരുന്നു. യിസ്രായേൽ ജനതയുടെ ചരിത്രമാകുന്ന പുഷ്പത്തിൽ നിന്നു ഇറുത്തു മാറ്റുവാൻ കഴിയാത്ത ഒരു ഇതളായി ഏലിയാവിന്റെ വ്യക്തിത്വം രൂപം പ്രാപിച്ചു. ഏകദേശം ഒമ്പതാം മണി സമയത്ത് ക്രിസ്തു കുരിശിൽ കിടന്നുകൊണ്ട് 'എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്' എന്നർത്ഥമുള്ള 'ഏലി, ഏലി ലമ്മാ ശബക്ക് ത്താനി' (സങ്കീ. 22:1a) എന്ന് നിലവിളിച്ചപ്പോൾ അവൻ ഏലിയാവേ വിളിക്കുന്നു എന്ന് അടുത്തുനിന്ന യഹൂദർ പറഞ്ഞു (മത്താ. 27:46–47). യോഹന്നാൻ മാംദ്ദാനയുടെ ജനനത്തെപ്പറ്റി ദൈവദൂതൻ സഖര്യാ പുരോഹിതനോട് അരുളിച്ചെയ്തത് 'അവൻ അപ്പന്മാരുടെ ഹൃദയങ്ങളെ മക്കളിലേക്കും വഴങ്ങാത്തവരെ നീതിമാന്മാരുടെ ബോധത്തിലേക്കും തിരിച്ചും കൊണ്ട് ഒരുക്കമുള്ളോരു ജനത്തെ കർത്താവിനു വേണ്ടി ഒരുക്കുവാൻ അവനു മുമ്പായി ഏലിയാവിന്റെ ആത്മാവോടും ശക്തിയോടും കൂടി നടക്കും' (ലൂക്കോ. 1:17) എന്നാണ്. യോഹന്നാന്റെ അസാധാരണമായ ജീവിതശൈലിയും ഉപദേശങ്ങളും മനസ്സിലാക്കിയ യഹൂദന്മാർ താൻ മശിഹായാണോ എന്നു ചോദിച്ചറിവാൻ പുരോഹിതന്മാരെയും ലേവ്യരേയും പറഞ്ഞയച്ചു. താൻ മശിഹായല്ല എന്നു യോഹന്നാൻ പറഞ്ഞു. അതിന് മശിഹാ അല്ല എങ്കിൽ പിന്നെ നീ ഏലിയാവോ? (യോഹ. 1:21) എന്നായിരുന്നു അവരുടെ അടുത്ത ചോദ്യം. ഇതിൽ നിന്നെല്ലാം

മനസ്സിലാക്കാവുന്നതു മശിഹാ കഴിഞ്ഞാൽ യിസ്രായേൽ ജനതയുടെ പ്രത്യാശയായി അവരുടെ ചിന്തയിൽ ഏലിയാ പ്രവാചകൻ മറ്റാരേക്കാളും കൂടുതലായി ഇഴുകിചേർന്നിരുന്നു എന്നാണ്.

### 3. താപസശ്രേഷ്ഠൻ

സത്യദൈവത്തിന്റെ പ്രതിനിധിയായും യിസ്രായേലിന്റെ പ്രത്യാശയായും തീരത്തക്കവണ്ണമുള്ള ജീവിതത്തിലേക്ക് ഏലിയാവിനെ എത്തിച്ചത് തന്റെ കഠിനമായ ആത്മശിക്ഷണവും നോമ്പും പ്രാർത്ഥനയുമാണ്. പഴയ നിയമത്തിൽ കഠിനമായ നോമ്പനുഷ്ഠിച്ചവരുടെ കൂട്ടത്തിൽ അതിശ്രേഷ്ഠന്മാരാണ് മോശയും ഏലിയാവും. ക്രൈസ്തവ പാരമ്പര്യത്തിൽ ക്രിസ്തുവിന്റെ കഠിനമായ 40 ദിവസത്തെ ഉപവാസത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട് (മത്താ. 4:2). കഠിനമായ ഉപവാസത്താലും പ്രാർത്ഥനയാലും സാത്താനെ തോല്പിച്ചവരുടെ പട്ടികയിൽ മോശയെയും, ഏലിയാവിനേയും ക്രിസ്തുവിനെയും ഒന്നിച്ച് ഉൾപ്പെടുത്തിയിരിക്കുന്നു.

### 4. ക്രിസ്തുവുമായുള്ള കൂടിക്കാഴ്ച

താപസശ്രേഷ്ഠരായ മോശയും ഏലിയാവും താബോർ മലമുകളിൽ വച്ച് ക്രിസ്തുവിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടതായി നാം വായിക്കുന്നു (മത്താ. 17:1–8). മോശ മരിച്ച് അടക്കപ്പെട്ടയാളും ഏലിയാവ് ശരീരത്തോടെ എടുക്കപ്പെട്ടയാളുമാണ്. യുഗാന്ത്യത്തിലെ ദൈവീക വെളിപാടിൽ വാങ്ങിപ്പോയ വിശുദ്ധന്മാരും ജീവനോടിരിക്കുന്ന വിശുദ്ധന്മാരും ഒന്നിച്ചു കാണപ്പെടും എന്നതിന്റെ മുൻകുറിയായി പിതാക്കന്മാർ ഈ കൂടിക്കാഴ്ചയെ മനസ്സിലാക്കുന്നു. മോശയെ വിവാഹിതരുടെ പ്രതിനിധിയായും ഏലിയാവിനെ അവിവാഹിതരുടെ പ്രതിനിധിയായും പിതാക്കന്മാർ ചിന്തിച്ചിട്ടുണ്ട്. ദൈവത്തിനു വേണ്ടി ജീവിക്കുന്ന വിവാഹിതരും, അവിവാഹിതരും ഒരുപോലെ ദൈവത്തിന്റെ പ്രത്യക്ഷതയിൽ തേജസ്സിന് അവകാശികളാണ് എന്ന് ഈ കൂടിക്കാഴ്ച അനുസ്മരിപ്പിക്കുന്നു. പ്രാർത്ഥനയിലും നോമ്പിലും ദൈവികമായി ജീവിച്ചു മറ്റുള്ളവർക്കു പ്രത്യാശ പകർന്നു കൊടുത്ത് ദൈവതേജസ്സിനു പങ്കാളികളായിത്തീരുവാനുള്ള പ്രചോദനം മേൽവിവരിച്ച കാര്യങ്ങളിൽ നിന്നും നമുക്കു ലഭിക്കുന്നുണ്ട്.

### ചോദ്യങ്ങൾ

1. ഏലിയാവ് സത്യദൈവത്തിന്റെ പ്രതിനിധി എന്ന പേരിന് എങ്ങനെ അർഹനായിരിക്കുന്നു?
2. വരുവാനുള്ള ഏലിയാവു വന്നുകഴിഞ്ഞു എന്ന് എങ്ങനെ വിശ്വസിക്കാം?

3. മറുരൂപമലയിലെ കൂടിക്കാഴ്ചയിൽ നിന്നു പഠിക്കുന്ന കാര്യങ്ങൾ എന്ത്?

## പാഠം 6

# ഏലിശാ

(1 രാജാ. 19:16–21; 2 രാജാ. 2:9–13; 20)

❑ പ്രവാചകശിഷ്യനായ ഏലിശാ ❑ ജീവിതത്തിലെ അത്ഭുതങ്ങൾ

ബി. സി. 9–ാം നൂറ്റാണ്ടിൽ ആഹാബ്, യെരോബയാം എന്നീ രാജാക്കന്മാരുടെ കാലത്തു യിസ്രായേലിൽ ജീവിച്ച പ്രവാചകനാണ് ഏലിശാ. ഏലിയാവിന്റെ ജീവിതത്തിനു ശേഷം ഏലിയാവിന്റെ ഇരട്ടി ആത്മാവോടെ പ്രവർത്തിച്ചതായി കാണാം.

## 1. പ്രവാചകശിഷ്യനായ ഏലിശാ: ദൈവവിളിയും അഭിഷേകവും

യിസ്രായേലിൽ ആബേൽ – മെഹോലയിൽ നിന്നുള്ള ധനിക കർഷകനായ സാഫാത്തിന്റെ മകനായിരുന്നു ഏലിശാ. 'ദൈവം രക്ഷിക്കുന്നു; ദൈവം രക്ഷകനാകുന്നു' എന്നെല്ലാമാണ് 'ഏലിശാ' എന്ന പദത്തിന്റെ അർത്ഥം. വയൽ ഉഴുതുകൊണ്ടിരുന്നപ്പോഴാണ് ഏലിയാവിൽക്കൂടി ഏലിശായ്ക്കു പ്രവാചകവിളി ഉണ്ടായത്. ഏലിശാ ആ വിളി കേട്ട് ഏലിയാവിനെ അനുധാവനം ചെയ്തു (1 രാജാ. 19:16–21).

## ഏലിയാവിന്റെ അവസാനത്തിന്റെ ദൃക്സാക്ഷി (2 രാജാ. 2)

ഏലിയാവിനെ ദൈവം ചുഴലിക്കാറ്റിൽ സ്വർഗത്തിലേയ്ക്ക് എടുത്തു എന്നതിന്റെ ദൃക്സാക്ഷി പ്രവാചകശിഷ്യനായ ഏലിശാ തന്നെയായിരുന്നു (2 രാജാ. 2:11–12). ഏലിയാവിന്റെ വേർപാടിനെ സംബന്ധിച്ചു ബഥേലിലേയും യെരീഹോവിലെയും പ്രവാചക ശിഷ്യന്മാർക്ക് അറിവുണ്ടായിരുന്നു. അത് ഏലിശായെ അറിയിക്കുകയും ചെയ്തു (2 രാജാ. 2; 3:5). ഏലിശാ ഗുരുവിനെ വിട്ടുപിരിയാതെ അനുയാത്ര ചെയ്തു. അവർ യോർദ്ദാനിൽ വന്നു ഏലിയാവിന്റെ പുതപ്പെടുത്തു വെള്ളത്തിൽ അടിച്ചു. വെള്ളം രണ്ടായി പിരിഞ്ഞു. ഉണങ്ങിയ പാതയിലൂടെ അവർ അക്കരെ എത്തി (2 രാജാ. 2:8). പിരിയുന്നതിനു മുമ്പ് ഒരു വരം ചോദിക്കുവാൻ ഏലിശായോട് ആവശ്യപ്പെട്ടു. ഏലിശാ ഗുരുവിന്റെ ഇരട്ടി ആത്മാവിനെ ചോദിച്ചു. ഏലിയാവിന്റെ വേർപാടു കാണാനിടയാകുന്നെങ്കിൽ തന്റെ ഇരട്ടി

ആത്മാവിനെ ലഭിക്കും എന്നു പറഞ്ഞു. അവർ സംസാരിച്ചുകൊണ്ടു നടക്കുമ്പോൾ അഗ്നിരഥവും കുതിരകളും വന്ന് അവരെ വേർപിരിച്ചു. അങ്ങനെ ഏലിയാവു ചുഴലിക്കാറ്റിൽ സ്വർഗത്തിലേയ്ക്കു കയറി (2 രാജാ. 12:11).

### പുതപ്പ് (2 രാജാ. 2:13)

ഏലിയാവിനെ ദൈവം സ്വർഗത്തിലേയ്ക്ക് എടുത്തു. ഏലിയാവിൽ നിന്നും പുതപ്പ് താഴേയ്ക്കു വീണു. അത് ഏലിശായ്ക്കു ലഭിച്ചു. അതോടെ ഏലിയാവിന്റെ ഇരട്ടി ആത്മാവും ഏലിശായ്ക്കു ലഭിച്ചു. ഏലിയാവിന്റെ ആത്മികശക്തിയുടെ പ്രതീകമായിരുന്നു ആ പുതപ്പ്. ഗുരുവിനെ ശുശ്രൂഷിച്ച ശിഷ്യനു ഗുരുവിന്റെ ആത്മാവിന്റെ ഇരട്ടി പങ്കു ലഭിച്ചതിൽ അതിശയിപ്പാനില്ല.

### 2. ഏലിശായുടെ ജീവിതത്തിലെ അത്ഭുതങ്ങൾ

ഏലിയാവിന്റെ ഇരട്ടി ആത്മാവു ലഭിച്ച ഏലിശായുടെ ജീവിതത്തിൽ പല അത്ഭുതങ്ങൾ നടന്നിട്ടുണ്ട്. ദൈവശക്തിയുടെ മഹത്വം വെളിപ്പെടുത്തുന്നവയാണ് അവയെല്ലാം.

#### (a) യോർദ്ദാനിലെ വെള്ളത്തെ ഭാഗിച്ചു (2 രാജാ. 2:13–14)

യോർദ്ദാനിൽ ഏലിശാ വന്നു നിന്നു. ഏലിയാവിൽ നിന്നും വീണ പുതപ്പ് എടുത്തു യോർദ്ദാനിലെ വെള്ളത്തെ അടിച്ചു. ഏലിയാവിന്റെ മദ്ധ്യസ്ഥതയിൽ ദൈവത്തെ വിളിച്ചു. അപ്പോൾ വെള്ളം രണ്ടായി മാറി. ഏലിശാ നദി കടന്നു മറുകരയിൽ ചെന്നു പ്രവാചക ശിഷ്യന്മാരോടു ചേർന്നു. അവർ ഏലിശായുടെ ശക്തിയെ അംഗീകരിച്ചു ബഹുമാനിക്കുവാൻ അവസരമായി.

#### (b) വെള്ളത്തെ പത്ഥ്യമാക്കി (2 രാജാ 2:19–22)

യോർദ്ദാനിന്റെ ഇക്കരയ്ക്കുള്ള യെറീഹോ പട്ടണത്തിൽ വച്ചു പ്രവാചകശിഷ്യന്മാരുടെ ആഗ്രഹപ്രകാരം അവിടുത്തെ വെള്ളത്തെ പത്ഥ്യമാക്കിത്തീർത്തു. മുമ്പ് അവിടുത്തെ വെള്ളം ഗർഭനാശകമായിരുന്നു. ഏലിശാ ഒരു പുതിയ തളികയിൽ ഉപ്പ് എടുത്ത് നീരുറവിന്റെ അരികിൽ ചെന്ന് അതിൽ ഉപ്പിട്ട് ആ വെള്ളത്തെ പത്ഥ്യമാക്കിത്തീർത്തു. ദൈവശക്തിയാൽ തിന്മയെ നന്മയാക്കി മാറ്റാമെന്നു തെളിയിച്ചു.

ഏലിശാ ബഥേലിലേക്കു പോകുമ്പോൾ ബാലന്മാർ തന്നെ പരിഹസിച്ചു. 'മൊട്ടത്തലയാ കയറിവാ, മൊട്ടത്തലയാ, കയറിവാ' എന്നു പറഞ്ഞു. ഏലിശാ തിരിഞ്ഞ് അവരെ ശപിച്ചു. കാട്ടിൽ നിന്നും രണ്ടു പെൺകരടികൾ ഇറങ്ങി അവരിൽ 42 ബാലന്മാരെ കീറിക്കളഞ്ഞു. ഈ സംഭവം പഴയ

നിയമ ചിന്താഗതിയിലും വീക്ഷണത്തിലുമേ ഗ്രഹിക്കാൻ കഴിയൂ. പ്രതികാരത്തിന്റെ ആത്മാവ് അവിടെ വ്യാപിച്ചു. കർത്താവ് തന്റെ ശിഷ്യന്മാരോട് ഒരവസരത്തിൽ ചോദിക്കുന്നു, 'നിങ്ങൾ ഏതാത്മാവിനുള്ളവർ എന്നറിയുന്നില്ലയോ' എന്ന്.

### (c) വിധവയുടെ ഭരണിയിലെ എണ്ണ വർദ്ധിപ്പിച്ചു (2 രാജാ. 4:1-7)

ഒരു പ്രവാചകശിഷ്യൻ മരിച്ചു. അയാളുടെ ഭാര്യയും രണ്ടു മക്കളും കടത്തിലായി. കടക്കാർ മക്കളെ അടിമകളാക്കാൻ ഒരുങ്ങിയപ്പോൾ വിവരം ആ സ്ത്രീ ഏലീശായെ അറിയിച്ചു. ഏലീശായുടെ നിർദ്ദേശപ്രകാരം ഒഴിഞ്ഞ ഭരണി കൊണ്ടുവന്നു തന്റെ ഭരണിയിലെ എണ്ണ പകർന്നു. ഭരണിയിലെ അൽപ്പമായ എണ്ണ വർദ്ധിച്ചു. അവളുടെ കടം വീട്ടുന്നതിനും ഉപജീവനത്തിനും വേണ്ടതു ലഭിച്ചു.

### (d) ശൂനേംകാരിയുടെ മകനെ ഉയിർപ്പിച്ചു (2 രാജാ. 4:8-37)

ശൂനേമിൽ ധനികയായൊരു സ്ത്രീ പ്രവാചകനെ അവളുടെ വീട്ടിൽ സ്വീകരിച്ചു. അവനു താമസിപ്പാനും വിശ്രമിപ്പാനും സ്ഥലവും സൗകര്യവും ചെയ്തുകൊടുത്തു. നന്ദിസൂചകമായി അവർക്ക് ഒരു മകനെ കൊടുക്കുന്നു. മക്കളില്ലാതിരുന്ന ആ സ്ത്രീ സന്തോഷിച്ചു. ഒരു ദിവസം മകൻ മരിച്ചു. ആ സ്ത്രീ ദൈവപുരുഷന്റെ അടുക്കൽ വന്ന് സങ്കടം ബോധിപ്പിച്ചു. ദൈവപുരുഷൻ അവളോടു കൂടി ചെന്നു പ്രാർത്ഥിച്ചു മകനെ ജീവിപ്പിച്ചു.

### (e) പായസത്തിലെ വിഷം മാറ്റി (2 രാജാ. 4:38-41)

ഏലീശാ ഗിൽഗാലിൽ താമസിക്കുമ്പോൾ പ്രവാചകശിഷ്യന്മാർക്കു പായസം ഉണ്ടാക്കുവാൻ ബാല്യക്കാരനോട് ആവശ്യപ്പെട്ടു. വിഷമുള്ള പേച്ചുര കൂടി കലത്തിലിട്ടു വേവിച്ചു. പായസത്തിൽ കയ്പ് അനുഭവപ്പെട്ട ശിഷ്യന്മാർ 'കലത്തിൽ മരണം, കലത്തിൽ മരണം' എന്നു നിലവിളിച്ചു. ആ കലത്തിൽ കുറെ മാവു കലർത്തി അതിലെ വിഷം മാറ്റി.

### (f) 20 അപ്പം വർദ്ധിപ്പിച്ച് 100 പേർക്ക് ഭക്ഷണം നൽകി (2 രാജാ. 4:42-44)

ഒരാൾ ദൈവപുരുഷനു കാഴ്ച കൊണ്ടുവന്ന 20 അപ്പം ജനത്തിനു തിന്മാൻ കൊടുപ്പാൻ പറഞ്ഞു. അതു തികയുകയില്ല എന്ന് ബാല്യക്കാരൻ പറഞ്ഞു. പ്രവാചകൻ പറഞ്ഞതുപോലെ വിളമ്പിയപ്പോൾ 100 പേർ തിന്നു തൃപ്തരാവുകയും അധികം ശേഷിക്കുകയും ചെയ്തു.

### (g) നയമാന്റെ കുഷ്ഠത്തെ മാറ്റി (2 രാജാ. 15:1-19)

ആരാം രാജാവിന്റെ സൈന്യത്തലവനായ നയമാൻ പരാക്രമശാലിയാ

യിരുന്നുവെങ്കിലും കുഷ്ഠരോഗി ആയിരുന്നു. അവന്റെ വീട്ടിലെ ബാല്യക്കാരിയായ യഹൂദ ബാലികയുടെ നിർദ്ദേശമനുസരിച്ചു നയമാൻ ഏലീശായെ കാണാൻ രാജകല്പനയുമായി പോയി. യോർദ്ദാനിൽ ഏഴു പ്രാവശ്യം കുളിക്കുവാനുള്ള പ്രവാചകന്റെ വാക്ക് അനുസരിച്ചപ്പോൾ നയമാന്റെ കുഷ്ഠം മാറി. നയമാൻ യഹോവ വിശ്വാസിയായിത്തീർന്നു. നയമാൻ കൊടുത്ത സമ്മാനങ്ങൾ ഒന്നും ഏലീശാ സ്വീകരിച്ചില്ല എന്നതു പ്രത്യേകം ശ്രദ്ധേയമാണ്. താൻ പ്രവർത്തിച്ച അത്ഭുതങ്ങൾക്കു ദൈവത്തെ മഹത്വപ്പെടുത്തുക മാത്രമാണു ചെയ്തത്.

നയമാൻ കൊണ്ടുവന്ന സമ്മാനങ്ങൾ സ്വീകരിക്കാതെ ഏലീശാ അവനെ തിരിച്ചുവിട്ടു. എന്നാൽ സമ്മാനങ്ങളിൽ ആകൃഷ്ടനായ ബാല്യക്കാരൻ ഗേഹസി പിറകെചെന്നു കള്ളം പറഞ്ഞു കുറച്ചു സമ്മാനങ്ങൾ സ്വീകരിച്ചു. ആത്മജ്ഞാനത്താൽ ഈ സംഗതി ഗ്രഹിച്ച പ്രവാചകൻ ഗേഹസിയെ വിളിച്ചു ചോദിച്ചപ്പോൾ കള്ളം പറഞ്ഞു. നയമാന്റെ കുഷ്ഠം ഗേഹസിക്കു വരുത്തി. സത്യവിരുദ്ധമായി സമ്മാനവും ധനവും സമ്പാദിക്കുന്നവർ അതിന്റെ കൂടെയുള്ള ദോഷങ്ങളും അനുഭവിക്കണമെന്നാണല്ലോ ഇതു സൂചിപ്പിക്കുന്നത്.

### (h) വെള്ളത്തിൽ വീണ കോടാലി പൊങ്ങിവന്നു (2 രാജാ. 6:1–7)

പ്രവാചക ശിഷ്യന്മാർ മരം മുറിക്കുന്നതിനായി യോർദ്ദാനിൽ പോയി. ഏലീശായും കൂടെ പോയി. ഒരാൾ മരം മുറിച്ചു കൊണ്ടിരുന്ന കോടാലി ഊരി വെള്ളത്തിൽ വീണു താണു. കടം വാങ്ങിയ കോടാലി നഷ്ടപ്പെട്ടതിൽ ശിഷ്യൻ നിലവിളിച്ചു. ഏലീശാ ഒരു മരക്കമ്പു വെട്ടി കോടാലി വീണ സ്ഥലത്തു വെള്ളത്തിൽ എറിഞ്ഞപ്പോൾ കോടാലി പൊങ്ങി വന്നു. അതു ശിഷ്യൻ എടുക്കുകയും ചെയ്തു.

### (i) ബാല്യക്കാരന്റെ അന്തർനേത്രം തുറക്കുകയും ആരാമ്യരെ അന്ധരാക്കുകയും ചെയ്തു (2 രാജാ. 6:8–22)

ആരാം സൈന്യം യിസ്രായേലിൽ കടക്കുന്ന വഴികളെക്കുറിച്ച് ഏലീശാ യിസ്രായേൽ രാജാവിനെ അറിയിച്ചു. ഈ കാര്യം മനസ്സിലാക്കി ആരാം രാജാവ് ഏലീശായെ പിടിപ്പാൻ സൈന്യത്തെ അയച്ചു. ഒരു ദിവസം രാവിലെ ഏലീശായുടെ ബാല്യക്കാരൻ ശത്രുസൈന്യത്തെ കണ്ട് അമ്പരന്നു. ഏലീശാ അവന്റെ കണ്ണു തുറന്നു. അവർക്കു ചുറ്റും അഗ്നിരഥങ്ങളും കുതിരകളും കൊണ്ടു മല നിറഞ്ഞിരിക്കുന്നതു കാണിച്ചുകൊടുത്തു ധൈര്യപ്പെടുത്തി. കൂടാതെ ആരാം സൈന്യത്തെ അന്ധത പിടിപ്പിച്ചു ശമര്യായുടെ നടുവിൽ എത്തിച്ചു. അവർക്ക് അപ്പവും വെള്ളവും കൊടുത്തു ജീവനോടെ പറഞ്ഞയച്ചു. പിന്നീട് ആരാമ്യ പടക്കൂട്ടങ്ങൾ യിസ്രായേലിനെ ആക്രമിച്ചില്ല.

### (j) ഏലീശായുടെ കല്ലറയിലെ അസ്ഥികളിൽ തൊട്ട മരിച്ചവൻ ജീവിച്ചു (2 രാജാ 13:20–21)

ഏലീശായുടെ ശക്തി താൻ ജീവനോടിരുന്നപ്പോൾ മാത്രമല്ല, തന്റെ മരണത്തിനു ശേഷവും ഉണ്ടായിരുന്നു. ഏലീശാ മരിച്ചതിന്റെ പിറ്റേ ആണ്ടിൽ മോവാബ്യ സൈന്യങ്ങൾ ദേശത്തെ ആക്രമിച്ചു. ചിലർ ഒരു മനുഷ്യനെ അടക്കം ചെയ്യുമ്പോൾ സൈന്യത്തെ കണ്ടിട്ട് അയാളെ ഏലീശായുടെ കല്ലറയിൽ ഇട്ടിട്ടുപോയി. മരിച്ചവൻ അതിൽ വീണ് ഏലീശായുടെ അസ്ഥികളെ തൊട്ടപ്പോൾ ജീവിച്ചു കാലൂന്നി എഴുന്നേറ്റു. വിശുദ്ധന്മാരുടെ ഭൗതീക അവശിഷ്ടങ്ങളിലും അത്ഭുതം നടക്കും എന്നതിന് ഒരു തെളിവാണിത്. എന്നാൽ അത് ഒരു ധനസമ്പാദന മാർഗമാക്കി അധഃപതിപ്പിക്കരുതെന്ന് മാത്രം. ഏലീശായുടെ ജീവിതകാലവും അതിനുശേഷവും ഇങ്ങനെ അത്ഭുതങ്ങൾ പ്രവർത്തിച്ചു ദൈവത്തെ മഹത്വപ്പെടുത്തി.

### ഏലീശായുടെ വ്യക്തിത്വം

ഏലിയാവിന്റെ ഇരട്ടി ആത്മാവ് ഏലീശായ്ക്കു ലഭിച്ചു എന്നു തെളിയിക്കുമാറ് ഏലീശാ വളരെ അത്ഭുതങ്ങൾ പ്രവർത്തിച്ചതായി നാം കണ്ടു. നമ്മെ ആകർഷിക്കേണ്ട പല സത്യങ്ങളും ആ വ്യക്തിത്വത്തിൽ പ്രതിഫലിച്ചു കാണാം.

1. ദൈവനിയോഗം സ്വീകരിക്കുന്നതിനുള്ള സന്നദ്ധതയും സന്തോഷവും. ഏലിയാവിൽകൂടി വിളിയുണ്ടായപ്പോൾ തന്റെ കാർഷികവൃത്തി വിട്ടു പ്രവാചകനെ പിൻപറ്റി.

2. തനിക്കു ലഭിച്ച ദൈവശക്തി സ്വാർത്ഥലാഭത്തിന് ഉപയോഗിച്ചില്ല. അതിനാൽ സൗഖ്യം പ്രാപിച്ച നയമാന്റെ പാരിതോഷികം അദ്ദേഹം നിരസിച്ചു. 'സൗജന്യമായി കിട്ടി; സൗജന്യമായി കൊടുക്കുക' എന്നുള്ള ക്രിസ്തുവിന്റെ അനുശാസനമാണ് ഇവിടെ ഓർക്കാവുന്നത്.

3. പല കാര്യങ്ങളിൽ ക്രിസ്തുവിന്റെ മുൻകുറിയായി ഏലീശായെ കാണാം. അപ്പം വർദ്ധിപ്പിച്ചു കൊടുക്കുന്നതിൽ, മരിച്ചവനു ജീവൻ നൽകുന്നതിൽ, ആരാമ്യനെ സൗഖ്യമാക്കുന്നതിൽകൂടി വിജാതീയർക്കും അനുഗ്രഹം നൽകുന്നതിൽ – ഇങ്ങനെ പല കാര്യങ്ങളിലും വരുവാനിരിക്കുന്ന ക്രിസ്തുവിന്റെ ശുശ്രൂഷയുടെ മുൻകുറി ഏലീശായിൽ കാണാം.

### ചോദ്യങ്ങൾ

1. ഏലീശായുടെ അത്ഭുതങ്ങളിൽ ക്രിസ്തീയ വീക്ഷണത്തിനു നിരക്കുന്നതും, നിരക്കാത്തവയുമായവ എടുത്തു കാണിക്കുക.
2. ഏലീശായുടെ ജീവിതത്തിൽ നിങ്ങളെ ആകർഷിച്ച വസ്തുതകൾ എന്തെല്ലാം?

# യൂണിറ്റ് 3

# ആമോസ് മുതൽ യെഹെസ്കേൽ വരെ

## പാഠം 1

## ആമോസും ഹോശേയായും

❑ നീതിയുടെ പ്രവാചകനായ ആമോസ് ❑ പശ്ചാത്തലം ❑ പ്രവാചകനും സന്ദേശവും ❑ ആമോസിന്റെ ദൈവദർശനം ❑ സ്നേഹത്തിന്റെ പ്രവാചകനായ ഹോശേയ ❑ പശ്ചാത്തലം ❑ പ്രവാചകനും സന്ദേശവും ❑ ഹോശേയായുടെ ദൈവദർശനം ❑ ആമോസും ഹോശേയായും

ആമോസും ഹോശേയായും ബി.സി. 8-ാം നൂറ്റാണ്ടിൽ ജീവിച്ച പ്രവാചകന്മാരാണ്. ഓരോരുത്തരെക്കുറിച്ചും കൂടുതലായി പഠിക്കുവാനുണ്ടെങ്കിലും സ്ഥലപരിമിതി മൂലം വളരെ ചുരുക്കമായി മാത്രമേ ഇവിടെ പ്രതിപാദിച്ചിട്ടുള്ളു.

### 1. നീതിയുടെ പ്രവാചകനായ ആമോസ്

#### (a) പശ്ചാത്തലം

ലിഖിത പ്രവാചകന്മാരിൽ ഒന്നാമനായ ആമോസ് യഹൂദാ രാജാവായ ഊസിയാവിന്റേയും (ബി. സി. 786-746) യിസ്രായേൽ രാജാവായ യെരോബയാം രണ്ടാമന്റേയും, (ബി. സി. 786-747) കാലത്താണ് ജീവിച്ചത്. ഭൂമികുലുക്കത്തിന് രണ്ടു വർഷം മുമ്പാണ് താൻ പ്രവചിച്ചത് എന്നു കാണുന്നു (ആമോ 1:1). ഹാസോറിൽ നടത്തിയ ഭൂഗർഭ ഗവേഷണത്തിൽ നിന്നും ഏകദേശം 758 നോട് അടുപ്പിച്ച് ഒരു ഭൂകമ്പം നടന്നതിന്റെ ലക്ഷണങ്ങൾ ഉള്ളതായി തെളിഞ്ഞിട്ടുണ്ട്. ആമോ. 2:3 മുതൽ; 3:14; 6:11; 9:1 ഇവയിലെല്ലാം ഭൂകമ്പത്തിന്റെ സൂചനയുള്ളതായി ചിന്തിക്കുന്നു. ഇവ ആമോസിന്റെ കാലത്തെക്കുറിച്ചുള്ള വെളിച്ചം വീശുന്നവയത്രേ. ഏകദേശം ബി. സി. 760 നോടു അടുത്താണ് പ്രവാചകൻ യിസ്രായേലിനേയും അയൽരാജ്യങ്ങളേയും പറ്റി പ്രവചിച്ചത് എന്നാണ് നിഗമനം.

ആമോസിന്റെ കാലത്തെ സാമൂഹ്യ സാമ്പത്തികസ്ഥിതി പ്രത്യേകം ശ്രദ്ധേയമാണ്. യെരോബയാം രണ്ടാമന്റെ കാലത്ത് യിസ്രായേലിൽ ധനസമ്പത്ത് വളരെയേറെ വർദ്ധിച്ചു. തെറ്റായ മാർഗത്തിലൂടെ അമിതമായ ധനവും തന്മൂലം ആഡംബരവും സുഖലോലുപതയും വർധിച്ചു. തൽഫലമായി വഷളത്വവും, അന്യായവും അനീതിയും വർദ്ധിച്ചു. ധനവാന്മാർ

ദരിദ്രരെ കൂടുതൽ പീഡിപ്പിക്കുകയും ചൂഷണം ചെയ്യുകയും ചെയ്തു (2:68; 4:1; 5:10–12; 8:4–6).

അന്നത്തെ ആദ്ധ്യാത്മിക സ്ഥിതിയും വളരെ അധഃപതിച്ചതായിരുന്നു. തെറ്റായ ധനസമ്പാദനവും പണത്തിന്റെ ദുരുപയോഗവും മൂലം വഷളത്വം പ്രബലപ്പെടുകയും, ചൂഷണം വർദ്ധിക്കുകയും ചെയ്തതിനാൽ ജനങ്ങൾ യഥാർത്ഥ മതത്തിന്റെ അർത്ഥത്തിൽ നിന്ന് അകന്നു; ബാഹ്യമായ മതാനുഷ്ഠാനങ്ങൾ കൊണ്ടു തൃപ്തിപ്പെട്ടു. ആചാരാനുഷ്ഠാനങ്ങൾ പുഷ്ടിപ്പെടുകയും ചെയ്തു. അർത്ഥം നഷ്ടപ്പെടുത്തിക്കൊണ്ട് ആക്ഷരികമായി നിയമങ്ങൾ പാലിച്ചു. ദേവാലയത്തിൽ ജനങ്ങൾ തിങ്ങിക്കൂടി നിയമാനുസൃത ബലിയർപ്പണം നടത്തി. ദശാംശവും നേർച്ചകളും കൊടുത്തു. ഹൃദയം ദൈവസ്നേഹത്തിൽ നിന്നും, മനുഷ്യസ്നേഹത്തിൽ നിന്നും, സാമൂഹ്യനീതിയിൽ നിന്നും വളരെ അകന്നതായിത്തീർന്നു. ആരാധനാകേന്ദ്രത്തിലെ കൂടിവരവ് അവരുടെ അതിക്രമവും പാപവും വർദ്ധിക്കുന്നതിനു മാത്രമാണിടയാക്കിയത് (4:4). അത് അശുദ്ധിയുടെയും അന്യദേവാരാധനയുടെയും രംഗമായിത്തീർന്നു (2:78; 5:26). ഈ ആദ്ധ്യാത്മികാധഃപതനത്തിന് മതനേതാക്കന്മാരും പുരോഹിതന്മാരും കൂട്ടുനിന്നു. സത്യത്തിനും, നീതിക്കും, ന്യായത്തിനും വേണ്ടി നിന്നവരെ പരിഹസിച്ചു (7:12–13). ഈ പശ്ചാത്തലത്തിൽ അധഃപതിച്ച ഒരു സമൂഹത്തോടും അതിന്റെ നേതാക്കന്മാരോടുമാണ് ആമോസ് ദൈവദൂത് അറിയിച്ചത്.

### (b) പ്രവാചകനും സന്ദേശവും

ആമോസ് എന്ന പേരിന്റെ അർത്ഥം 'ചുമട്ടുകാരൻ' എന്നാണ്. തെക്കേ ദേശമായ യഹൂദയിലെ ബേത്‌ലഹേമിന് ഏകദേശം എട്ടു കി. മീ. തെക്കുള്ള 'തെക്കോവ' ഗ്രാമമായിരുന്നു പ്രവാചകന്റെ സ്ഥലം. ഗ്രാമീണ കർഷകനായി ആടുകളെ മേയിച്ചും കാട്ടത്തിപ്പഴം പറിച്ചും ജീവിച്ചുവന്നപ്പോഴാണ് യഹോവ പ്രവാചകവൃത്തിക്കായി ആമോസിനെ വിളിച്ചു നിയോഗിച്ചത് (7:14–15). പുസ്തകത്തിൽ പ്രവാചകനെ സംബന്ധിച്ചു കൂടുതലായി ഒന്നും പറയുന്നില്ല. കാരണം ഗ്രന്ഥകാരന്റെ ദൃഷ്ടിയിൽ പ്രവാചകനേക്കാൾ പ്രവചന സന്ദേശത്തിനാണ് പ്രസക്തി.

യിസ്രായേൽ, ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമാകയാൽ (3:2) അവരുടെ പ്രമാണലംഘനമാണ് ദൈവശിക്ഷയുടെ അടിസ്ഥാനമായി പ്രവാചകൻ കണ്ടത് (2:4). അനുഗ്രഹത്തിനായി വിളിക്കപ്പെട്ട ജനത ശാപത്തിനിരയായിത്തീർന്നതിൽ പ്രവാചകൻ പ്രലപിക്കുന്നു (5:1 മുതൽ). ഗ്രാമീണ കർഷകന്റെ ലളിതവും ശ്രമബദ്ധവുമായ ജീവിതം നയിച്ച നീതിബോധമുള്ള ആമോസിന് യിസ്രായേലിലെ അധഃപതിച്ച സാമൂഹ്യവ്യവസ്ഥിതിയ്ക്കും മതാത്മകതയ്ക്കും എതിരെ മൗനമായിരിപ്പാൻ സാധിച്ചില്ല.

ഇതിനെതിരെ സധൈര്യം ദൈവദൂത് അറിയിച്ചു എന്നുള്ളതാണ് തന്റെ സന്ദേശത്തിന്റെ പ്രസക്തി. നീതി വിട്ടൊഴിഞ്ഞു ജീവിക്കുന്ന യിസ്രായേൽ ജാതിയുടെ മേലും അയൽജാതികളുടെമേലും ദൈവത്തിന്റെ ന്യായവിധി ഉണ്ടാകും എന്ന് അറിയിച്ചു.

ദൈവത്തെ മറന്നുള്ള ജീവിതനടപടികളും (2:7-8), അഹങ്കാരവും (6:8), സാമൂഹ്യഅനീതിയും (5:10; 6:12), അർത്ഥമില്ലാത്തതും ബാഹ്യവുമായ മതാനുഷ്ഠാനങ്ങളും (4:4) നിമിത്തം രാജ്യത്തിനും അതിലെ നിവാസികൾക്കും ഉണ്ടാകുവാനുള്ള ബഹുവിധ ശിക്ഷകളുടെയും, യിസ്രായേലിന്റെ ചിതറിപ്പോക്കിന്റെയും, അടിമത്വത്തിന്റെയും ദൂത് നാടെങ്ങും ആമോസ് അറിയിച്ചു. യഹോവയുടെ ദിവസം തങ്ങൾക്ക് വെളിച്ചമല്ല ഇരുട്ടത്രെ (5:18) എന്നും യിസ്രായേൽ സ്വദേശം വിട്ടുപോകേണ്ടിവരും എന്നും (7:11, 7) പ്രവചിച്ചു. ദൈവത്തിൽ നിന്നുള്ള അകല്ച്ച, അനീതി, അധാർമ്മികത ഇവ മൂലമാണ് ദൈവശിക്ഷ ഉണ്ടാകുന്നതെന്ന് പ്രഖ്യാപിച്ചും ആകയാൽ ദൈവത്തെ അന്വേഷിപ്പാനും (5:6), ദൈവകൃപ ലഭിപ്പാനും, നശിപ്പാതെ ജീവിച്ചിരിപ്പാനുമായി തിന്മ വിട്ടകന്നു നന്മ ചെയ്യുവാനും, ന്യായം പാലിപ്പാനുമുള്ള ആഹ്വാനം നൽകി (5:15). അനുതപിച്ചു ദൈവത്തിലേക്കു തിരിയുന്നതു മൂലം സ്വസ്ഥതയും സമാധാനവും വീണ്ടെടുപ്പും ഉണ്ടാകുമെന്നറിയിച്ചു (9:9-15). ദൈവകരുണ ലഭിപ്പാൻ തക്കവണ്ണം ന്യായം വെള്ളം പോലെയും നീതി വറ്റാത്ത തോടു പോലെയും കവിഞ്ഞൊഴുകണം (5:24) എന്നുള്ളതാണു നീതിപ്രവാചകനായ ആമോസിന്റെ പ്രധാന സന്ദേശം. അങ്ങനെ ചെയ്യുന്നവരെ പ്രവാസത്തിൽ നിന്നും വീണ്ടെടുക്കുകയും അവരുടെ അവകാശ ദേശത്ത് സ്ഥിരമായി നടുകയും ചെയ്യും. അനുതാപത്തിലും, വിശുദ്ധിയിലും, നന്മയിലും ദൈവത്തിലേക്കു തിരിയുന്നവർക്കു പ്രത്യാശയുടെ ദൂതിനെ കൊടുത്തുകൊണ്ട് പ്രവാചകൻ സന്ദേശം അവസാനിപ്പിക്കുന്നു.

### (c) ആമോസിന്റെ ദൈവദർശനം

വളരെ ശ്രേഷ്ഠമായ ഒരു ദൈവദർശനം ആമോസിൽ കാണാം. താത്ത്വികമെന്നതിലുപരി പ്രായോഗികമാണ് തന്റെ ദൈവത്തെക്കുറിച്ചുള്ള വീക്ഷണം.

(a) ആമോസ് യിസ്രായേലിനെക്കുറിച്ചു മാത്രമല്ലാതെ അയൽരാജ്യങ്ങളെക്കുറിച്ചും പ്രവചിക്കുന്നുണ്ട്. അതിൽ നിന്നും വ്യക്തമാകുന്നത് യഹോവയായ ദൈവം യിസ്രായേലിന്റെ മാത്രമല്ല സർവജാതിയുടെയും ദേശത്തിന്റെയും ദൈവമാണ് എന്നത്രേ. യിസ്രായേലിന്റെ ദൈവം എന്നതിലുപരി സൈന്യങ്ങളുടെ ദൈവം (4:13; 9:5) എന്നതാണ് പ്രാധാന്യം. ദൈവത്തെക്കുറിച്ചുള്ള സാർവത്രികദർശനം പ്രാധാന്യമർഹിക്കുന്നതാണ്.

(b) ദൈവം പ്രത്യേകലക്ഷ്യത്തോടെ തിരഞ്ഞെടുക്കുന്നവർക്കു പ്രത്യേക പദവികളും അതോടൊപ്പം ഉത്തരവാദിത്വങ്ങളും കൊടുക്കുന്ന വനാണ്. പ്രമാണലംഘകർക്ക് തക്കതായ ശിക്ഷയും കൊടുക്കുന്നു (2:4, 3:2).

(c) ദൈവം സൃഷ്ടാവും, സകലതും അറിയുന്നവനും സകലത്തെയും നിയന്ത്രിക്കുന്നവനുമാകുന്നു (4:13, 8:9). വിശ്വസ്തരായ തന്റെ ദാസന്മാർക്ക് രഹസ്യങ്ങൾ വെളിപ്പെടുത്തി കൊടുക്കുന്നവനാണ് ദൈവം (3:7).

(d) ദൈവം വിശുദ്ധനും (2:') നീതിമാനും ആകുന്നു. തൻനിമിത്തം തന്റെ ജനങ്ങളിൽ നിന്നും വിശുദ്ധിയും നീതിയും ന്യായവും എല്ലാവിധ നന്മയും പ്രതീക്ഷിക്കുന്നു (5:24). ഇവയിൽ നിന്നകന്നുള്ള ആരാധന ദൈവം വെറുക്കുന്നു (4:4). ദൈവത്തോടുള്ള വിശ്വസ്തതയും സമൂഹ ത്തോടു നീതിയും പുലർത്തികൊണ്ടുള്ള ആരാധനയിൽ മാത്രം ദൈവം പ്രസാദിക്കുന്നു. യാഗങ്ങൾ പ്രയോജനകരമാകുന്നതു നീതിപൂർവം ജീവി ക്കുമ്പോഴാണ് (5:21–23).

(e) മനുഷ്യന്റെ അഹങ്കാരത്തിലും ആഡംബരത്തിലും അവൻ നശി ക്കുവാൻ ഇടയാകുന്നതിനാൽ (6:4–7) പലവിധമായ ശോധനകളിലൂടെയും പ്രവാസത്തിലൂടെയും കടത്തിവിട്ട് രക്ഷയിലേക്കു ദൈവം കൊണ്ടു വരുന്നു.

(f) ദൈവം നീതിയോടു ന്യായം വിധിക്കുമ്പോൾ തന്നെ സ്നേഹവും കരുണയുമുള്ളവനാണ്. നീതിയുള്ളതിനാൽ അനീതിക്കു ശിക്ഷയും, കരു ണയും സ്നേഹവുമുള്ളതിനാൽ മനന്തിരിവിനു രക്ഷയും കൊടുക്കുന്ന ദൈവത്തെയാണ് ആമോസ് കാണുന്നത്. യഹോവയുടെ ദിവസത്തെക്കു റിച്ച് ആഴമായ ചിന്ത തന്നെ ഭരിച്ചിരുന്നു. ദൈവത്തിൽ നിന്ന് അകന്ന വർക്ക് ആ ദിവസം അന്ധകാരത്തിന്റെയും, ഭയത്തിന്റെയും, ദൈവത്തോട് അടുത്തവർക്ക് പ്രകാശത്തിന്റെയും, സന്തോഷത്തിന്റെയും ദിവസമായി രിക്കും (5:18–20). ഈ വിധമായ ഒരു ദൈവദർശനത്തിന്റെ അടിസ്ഥാന ത്തിലാണ് പ്രവാചകന്റെ എല്ലാ കാഴ്ചപ്പാടുകളും.

## 2. സ്നേഹത്തിന്റെ പ്രവാചകനായ ഹോശേയ

### (a) പശ്ചാത്തലം

യെരോബയാം രണ്ടാമന്റെ കാലത്താണ് ജീവിച്ചത്. ആമോസിന്റെ അവ സാനകാലത്തിലാണ് ഹോശേയാ പ്രവചിച്ചത്. അശൂർ സാമ്രാജ്യത്തിന്റെ ശക്തി വളർന്നുവന്ന കാലം. അശൂർ രാജാവിനു കപ്പം കൊടുത്തും ചില പ്പോൾ ഈജിപ്തിനോടു സഖ്യം ചെയ്തും യിസ്രായേൽ ജീവിച്ചു (7:11, 8:9). ഇതിലെല്ലാം കാണുന്നത് യഹോവയോടുള്ള അകൽച്ചയും

അവിശ്വസ്തതയുമാണ്. ദേശം രക്തപങ്കിലവും സമാധാനരഹിതവുമായി ത്തീർന്നു (1:4). മതസാമൂഹ്യപശ്ചാത്തലം ആമോസിന്റെ കാല ത്തിനേക്കാൾ അധഃപതിച്ചതായിരുന്നു (4:2, 6 മുതൽ, 13, 14). അർത്ഥശൂന്യ മായ ആരാധനയ്ക്കും അപ്പുറത്തു അന്യദേവന്മാരെ ആരാധിച്ച് സത്യവി ശ്വാസത്യാഗികളായി തീർന്നു (2:13). കള്ളം, മോഷണം, രക്തപാതകം ഇവ വർധിച്ചു (4:1–2). ഈ പശ്ചാത്തലത്തിലാണ് ഹോശേയാ പ്രവചനം നടത്തുന്നത്.

## (b) പ്രവാചകനും സന്ദേശവും

'യഹോവ സഹായിക്കുന്നു' എന്നാണ് പേരിന്റെ അർഥം. ചെറിയ പ്രവാ ചകന്മാരുടെ പുസ്തകം അടങ്ങിയ നാലാമത്തെ ചുരുളിൽ ആദ്യമായി കാണപ്പെടുന്നത് ഹോശേയായുടെ പുസ്തകമാണ്.

യിസ്രായേലിൽ ജനിച്ച് അവിടെത്തന്നെ പ്രവചിച്ച ആളാണ് ഹോശേയ. സ്വന്തം വിവാഹജീവിതത്തിന്റെ വെളിച്ചത്തിൽ (1–3) യിസ്രായേലും ദൈവ വുമായുള്ള ബന്ധത്തെ പ്രവാചകൻ വിലയിരുത്തി (4:13). യിസ്രായേലും ദൈവവുമായുള്ള ബന്ധം ഭാര്യാഭർത്തൃ ബന്ധം പോലെ ഉറ്റതാണ്. പ്രവാ ചകന്റെ ഭാര്യ തന്നോട് അവിശ്വസ്തത കാണിച്ചു. യഹോവയുമായുള്ള ഉടമ്പടിയുടെ കാര്യത്തിൽ യിസ്രായേലും അവിശ്വസ്തത കാണിച്ചു (1:2, 6:7). കനാന്യദേവനായ ബാലിനെ ആരാധിച്ച് (11:2) ബലി കഴിച്ചു (4:11 മുതൽ). സത്യവും ഭയവും ദൈവപരിജ്ഞാനവുമില്ലാതെ പെരുമാറി (4:1). വിഗ്രഹാരാധനയും ദുർമാർഗ്ഗവും വർദ്ധിച്ചു.

ദൈവം നീതിമാനാകയാൽ യിസ്രായേൽ ന്യായം വിധിക്കപ്പെടും. അവ ളുടെ അവിശ്വസ്തതയ്ക്കു ശിക്ഷ അനുഭവിക്കും. അതേസമയം ദൈവം സ്നേഹവാനായതുകൊണ്ട് അവിശ്വസ്തയും വ്യഭിചാരിണിയുമായ ഭാര്യയെ ഹോശേയാ സ്നേഹിച്ചതുപോലെ (1:2) നീതിയോടും, ന്യായ ത്തോടും, ഭയത്തോടും, കരുണയോടും, വിശ്വസ്തതയോടും കൂടി വ്യഭി ചാരിണിക്ക് വിവാഹനിശ്ചയം ചെയ്തതുപോലെ (2:19–20) ദൈവത്തോട് അവിശ്വസ്തത കാട്ടിയ യിസ്രായേലിനെയും സ്നേഹിക്കും. ആകയാൽ അനുതപിക്കുവാനും ദൈവത്തിലേക്കു തിരിയുവാനും (14:1) ദയയിലും ദൈവപരിജ്ഞാനത്തിലും വളരുവാനും പ്രവാചകൻ ആഹ്വാനം ചെയ്തു (5,15; 6:1–6). കാരണം ദൈവം രോഗത്തെ ചികിത്സിക്കുന്നവനും (6:1; 7:1; 11:3; 14:4) മരണത്തിന്റെ അധീനതയിൽ നിന്നും രക്ഷിക്കുന്നവനും (13:4 –5) ജീവൻ നൽകുന്നവനും (6:2) ആകുന്നു. ദൈവം പിതാവിനെ പ്പോലെയും (11:1–4) ഉത്തമനായ ഭർത്താവിനെപ്പോലെയും (2:16) സ്നേഹി ക്കുന്നു. ഹോശേയായുടെ ശാസനയും സന്ദേശവും പുരോഹിതവർഗ ത്തോടും രാജഗ്രഹത്തോടും ദേശനിവാസികളോടും ഉള്ളതായിരുന്നു (5:11).

ശിക്ഷാവിധിയിൽ നിന്നും രക്ഷപെടുവാൻ ദുർമാർഗം വിട്ടുതിരിഞ്ഞ് നീതിയും ന്യായവും പ്രവർത്തിപ്പാൻ ആമോസ് ആഹ്വാനം ചെയ്യുമ്പോൾ ഹോശേയ സ്നേഹവാനായ ദൈവത്തെക്കുറിച്ച് പറയുകയും, ദയയിലും ദൈവപരിജ്ഞാനത്തിലും വളർന്നു ദൈവത്തോട് സ്നേഹവും വിശ്വസ്ത തയും പുലർത്തി ഉടമ്പടി പാലിക്കുവാനും ആഹ്വാനം ചെയ്യുന്നു.

### (c) ഹോശേയായുടെ ദൈവദർശനം

ഹോശയായുടെ പുസ്തകത്തിൽ നിന്നും തന്റെ ദൈവദർശനത്തെക്കു റിച്ചു ഗ്രഹിക്കാം.

(1) യഹോവ മാത്രമാണ് സത്യദൈവം (13:4). മറ്റു ദേവന്മാരെ സ്നേഹി ക്കുന്നതു പരസംഗമാണ് (1:2b).

(2) ദൈവം സർവോപരി സ്നേഹവാനാണ്. ദൈവസ്നേഹത്തിന്റെ പ്രകടനം മാത്രമാണ് ശാസനയും, ശിക്ഷയും (2:14). പിതാവിന്റെ സ്നേഹം (11:1), ഭർത്തൃസ്നേഹം, (3:1)വൈദ്യന്റെ സ്നേഹം (6:1) എന്നീ സാദൃശ്യ ങ്ങളിലൂടെയാണ് പ്രവാചകൻ ദൈവസ്നേഹത്തെക്കുറിച്ചു പറയുന്നത്.

(3) ദൈവം സൗഖ്യദായകനും (6:1; 7:1, 11:3; 14:4), ജീവദായകനും (6:2) രക്ഷാദായകനും (13:4, 14) ആകുന്നു.

(4) ദൈവം തന്റെ ജനത്തെ മനന്തിരിവിനായി പ്രോത്സാഹിപ്പിക്കുന്ന വനും തിരിഞ്ഞുവരുന്നവരോടു കരുണയും, സ്നേഹവും കാണിച്ച് പ്രത്യാ ശയുള്ളവരാക്കുന്നവനും ആകുന്നു (14).

(5) വൈയക്തികമായ ബന്ധം പുലർത്തുന്നവനാണ് ദൈവം. സ്നേഹം, കരുണ, മനസ്സലിവ്, നീതി, ന്യായം ഇവയ്ക്ക് അപ്പോഴാണ് അർത്ഥമുണ്ടാകുന്നത്.

(6) ദൈവത്തിനു മനുഷ്യരോടുള്ള ബന്ധം ഉടമ്പടി ബന്ധ മാണ്(Covenant relation). ഉടമ്പടിയുടെ നിലനില്പിന് ആധാരം സ്നേഹവും, വിശ്വസ്തതയും, സന്മാർഗജീവിതവുമാണ്. ദൈവം വിശ്വ സ്തനാണ് ജനങ്ങളുടെ ഭാഗത്തുനിന്നുമുള്ള അവിശ്വസ്തത ഉടമ്പടി ലംഘ നത്തിനും, ദൈവത്തിൽ നിന്നുള്ള അകൽച്ചയ്ക്കും കാരണമാകും.

(7) കേവലം ബാഹ്യമായ കർമാനുഷ്ഠാനങ്ങളിൽ പ്രീതിപ്പെടുന്നവ നല്ല ദൈവം. കർമാനുഷ്ഠാനങ്ങളിലൂടെ ദൈവം ആഗ്രഹിക്കുന്നതു നീതി പൂർവമായ ജീവിതമാണ്. കർമാനുഷ്ഠാനങ്ങൾ ശരിയായി ദൈവബന്ധ ത്തിനിടയാകണമെങ്കിൽ ആരാധകർ ദയയിലും ദൈവപരിജ്ഞാനത്തിലും വളരണമെന്ന് ആഗ്രഹിക്കുന്നവനാണ് ദൈവം (6:6). അല്ലാത്തവർ ഇടറി വീഴും (14:9b).

(d) ആമോസും ഹോശേയായും രണ്ടു പേരും തമ്മിൽ വളരെ സാമ്യ മുണ്ട്. ചില ഊന്നലുകളിൽ വ്യത്യാസം ഉണ്ട് എന്നു മാത്രം. ഇരുവരും 8-ാം നൂറ്റാണ്ടിൽ ജീവിച്ച സമകാലികർ. രണ്ടുപേരുടെയും പശ്ചാത്തലം ഒന്നു തന്നെ. ധാർമികാധഃപതനം ഹോശേയായുടെ കാലത്ത് കൂടുതൽ വർദ്ധിച്ചുകൊണ്ടിരുന്നു. അധർമത്തിന്റെ ഫലമായ ശിക്ഷയെക്കുറിച്ചും ദൈവബന്ധത്തിന്റെ അടയാളമായ നീതിയെക്കുറിച്ചും ആമോസ് എടുത്തു പറഞ്ഞപ്പോൾ ദൈവസ്നേഹത്തിന് ഹോശേയ ഊന്നൽ കൊടുത്തു കൊണ്ട് ദൈവത്തോടു വിശ്വസ്തത പുലർത്താൻ ആഹ്വാനം ചെയ്തു. ആമോസു പ്രധാനമായും ധനവാന്മാരെ ശാസിക്കുമ്പോൾ ഹോശേയാ യുടെ ശാസന എല്ലാവരോടുമാണ് (5:1). മാനസാന്തരത്തിനുള്ള ആഹ്വാനം ഇരുവരിലും ഉണ്ട്. ബാഹ്യമായി മാത്രമുള്ള മതാനുഷ്ഠാനങ്ങളുടെ പൊള്ളത്തരത്തെ രണ്ടുപേരും ശക്തിയായി വിമർശിക്കുന്നു. മതകർമാനു ഷ്ഠാനങ്ങളുടെ വിവരണം കൂടുതലായി ഹോശേയായിലാണുള്ളത്. സന്മാർഗജീവിതത്തോടും നീതിബോധത്തോടും കൂടിയ ജീവിതത്തെ മാത്രമേ ദൈവം ഇഷ്ടപ്പെടുന്നുള്ളു എന്ന് രണ്ടു പേരും ശക്തിയായി പറഞ്ഞു. കാരണം ദൈവവും മനുഷ്യനുമായുള്ള ബന്ധമാണ് മതം. ചരി ത്രത്തിൽ ഇടപെടുന്ന ദൈവത്തെ രണ്ടുപേരും കാണുന്നു. രണ്ടുപേരു ടെയും ദൈവദർശനം ഏകദേശം ഒരുപോലെയാണ്.

### ചോദ്യങ്ങൾ

1. ആമോസിന്റെ ജീവിതവും, സന്ദേശവും, ദൈവദർശനവും വിവരി ക്കുക.
2. ഹോശേയായുടെ ജീവിതത്തിൽ നിന്നും പഠിച്ച പാഠങ്ങൾ എന്താണ്? തന്റെ ചിന്തയും സന്ദേശവും എന്താണ്?
3. ആമോസും ഹോശേയായും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരി ക്കുന്നു?

## പാഠം 2

# യെശയ്യാവ്

❑ വിമർശകവീക്ഷണം ❑ യെശയ്യാ ഒന്നാമൻ ❑ പശ്ചാത്തലം ❑ പ്രവാചകനും സന്ദേശവും ❑ ദൈവദർശനം

യെശയ്യാവിന്റെ പുസ്തകത്തെ സംബന്ധിച്ചുള്ള ഗവേഷണ പഠനങ്ങളി

ലൂടെ വളരെയേറെക്കാര്യങ്ങൾ പഠിതാക്കൾക്കു മനസ്സിലായിട്ടുണ്ട്. പ്രത്യേകിച്ചു പുസ്തകത്തിന്റെ ഗ്രന്ഥകർത്തൃത്വത്തെ സംബന്ധിച്ചും അതിന്റെ രചനാകാലത്തെ സംബന്ധിച്ചും ആശയങ്ങളിലുള്ള ഐക്യരൂപത്തെ സംബന്ധിച്ചും. അവയെക്കുറിച്ചു ചുരുക്കമായി പ്രതിപാദിക്കുവാൻ ഇവിടെ ശ്രമിക്കാം.

### 1. വിമർശക വീക്ഷണം

66 അദ്ധ്യായങ്ങളുള്ള യെശയ്യാവിന്റെ പുസ്തകത്തിന്റെ രചയിതാവ് ഒരാളല്ല എന്ന് ജെ. ജി. എയിക്കോൺ (1827), ബി. ഡൂം (1892) എന്നിവരുടെ ഗവേഷണ പഠനത്തിൽ നിന്നും മനസ്സിലായി. ബി. സി. 740 മുതൽ 300 വരെയുള്ള നീണ്ടകാലഘട്ടത്തിലെ വിവിധ പ്രവാചകന്മാരുടെ പ്രവചനങ്ങളാണ് ഈ ഗ്രന്ഥത്തിലുള്ളതെന്ന് അവർ സമർത്ഥിച്ചു. ഈ പുസ്തകത്തെ മൂന്നു പ്രവാചകന്മാരുടെ ഗ്രന്ഥങ്ങളായി അവർ തിരിച്ചു.

(a) 1-39 അദ്ധ്യായങ്ങൾ ബി. സി. 8-ാം നൂറ്റാണ്ടിൽ ജീവിച്ച യെശയ്യാവിന്റേതാണ് (740-700). ഇദ്ദേഹത്തെ യെശയ്യാവ് ഒന്നാമൻ എന്നു വിളിക്കാം.

(b) 40-55 അദ്ധ്യായങ്ങൾ ബി. സി. 6-ാം നൂറ്റാണ്ടിൽ (587-538) മറ്റൊരാൾ എഴുതിയതാണ്. ഇദ്ദേഹത്തെ യെശയ്യാവ് രണ്ടാമൻ എന്നു പറയാം.

(c) 56-66 അദ്ധ്യായങ്ങൾ ബി. സി. 6-ാം നൂറ്റാണ്ടിന്റെ അവസാനം (548 നു ശേഷം) മറ്റൊരാൾ എഴുതിയതാണ്. ഇതിന്റെ രചയിതാവിനെ യെശയ്യാവു മൂന്നാമൻ എന്നും പറയാം.

യെശയ്യാവ് ഒന്നാമൻ പ്രവാസത്തിനു മുമ്പും, രണ്ടാമൻ പ്രവാസകാലത്തും, മൂന്നാമൻ പ്രവാസത്തിനു ശേഷവും ജീവിച്ചു പ്രവചിച്ചവരാണ്.

യെശയ്യാവ് ഒന്നാമന്റെ ദൂതുകൾ ശിഷ്യന്മാർ പദ്യരൂപേണ എഴുതി സൂക്ഷിച്ചു (8:16). അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിനു ശേഷം ഓരോരോ കാലഘട്ടത്തിനും സന്ദർഭത്തിനും അനുയോജ്യമായ വിധത്തിലുള്ള പ്രഘോഷണങ്ങൾ ശിഷ്യന്മാർ നടത്തിയിരുന്നതായി കരുതുന്നു. അതും ആദ്യത്തേതിനോടു ചേർക്കപ്പെട്ടു. അങ്ങനെ യെശയ്യാവിന്റെ സ്കൂൾ (The School of Isaiah) അഥവാ യെശയ്യാവിന്റെ ശിഷ്യഗണം രൂപം കൊണ്ടു. യെരൂശലേമിന്റെ വീഴ്ചയ്ക്കും (ബി. സി. 578) പ്രവാസത്തിനു ശേഷവും ഈ ശിഷ്യഗണം നിലനിന്നിരുന്നു. പ്രവാസകാലത്ത് അജ്ഞാതനാമധേയനായ മറ്റൊരു വലിയ പ്രവാചകൻ യെശയ്യാവിന്റെ സന്ദേശത്തെ തന്റെ കാലഘട്ടത്തിനു യോജിച്ച വിധത്തിലുള്ള രൂപഭാവത്തോടെ ഘോഷിച്ചതാണ് യെശയ്യാവു രണ്ടാമന്റെ പേരിൽ അറിയപ്പെടുന്ന ഭാഗം. പ്രവാസകാലശേഷം യെരൂശലേമിന്റെ പുനരുത്ഥാനകാലത്തു മറ്റൊരു വലിയ

പ്രവാചകൻ കൂടി കടന്നുവന്നു. അജ്ഞാത നാമധേയനായ അദ്ദേഹത്തിന്റെ പ്രഘോഷണങ്ങളാണ് യെശയ്യാവു മൂന്നാം ഭാഗം.

ഈ പ്രവാചകന്മാരുടെ സന്ദേശത്തിന് അടിസ്ഥാനപരമായി യെശയ്യാവ് ഒന്നാമനോട് കടപ്പാടുണ്ട്. യഹോവ യിസ്രായേലിന്റെ പരിശുദ്ധനായ ദൈവവും ജനതകളെല്ലാം ദൈവത്തിന്റെ ഉപകരണങ്ങളുമാണ് എന്ന ആശയവും മൂന്നു പേരുടേയും സന്ദേശത്തിന്റെ കേന്ദ്രമാണ്. ചരിത്രത്തിൽ പ്രവർത്തിക്കുന്ന ദൈവം ശിക്ഷ നടത്തുന്നവൻ മാത്രമല്ല, ദാവീദിനോടു ചെയ്ത ഉടമ്പടി നിറവേറ്റുന്നവൻ കൂടിയാണ് (9:6–7,11:1–4). ദൈവോദ്ദേശ്യം യിസ്രായേലിലെ വിശ്വസ്തരുടെ ശേഷിപ്പിൽ (Faithful remnant) കൂടി നിറ വേറ്റും. ദൈവനഗരമായ യെരുശലേമിനെ യഹോവ തന്നെ സംരക്ഷിക്കും (29:5 മുതൽ; 37:33–35) എന്ന് യെശയ്യാവു വിശ്വസിക്കുകയും പ്രഘോഷി ക്കുകയും ചെയ്തു. സ്ഥലകാല പരിമിതിക്കപ്പുറത്തേക്കു കടക്കുന്ന യുഗാ ന്ത്യചിന്തകൾ (eschatological thoughts) വിശ്വസ്ത ശേഷിപ്പിനെക്കുറിച്ചുള്ള പ്രത്യാശ, മശിഹാ പ്രവചനങ്ങൾ (Messianic prophecies) യെരുശലേമിന്റെ രൂപാന്തരത്തെപ്പറ്റിയുള്ള ദർശനം (1:26, 2:2 മുതൽ, 32:1–5) ഇവയെപ്പറ്റി യെശയ്യാവിനുണ്ടായിരുന്ന ദർശനത്തിന്റെ പുരോഗമനപരമായ തുടർച്ച യാണ് മറ്റു രണ്ടുപേരിലും കാണുന്നത്. ഇവയെല്ലാം ചരിത്രകാലത്തു സംഭ വിക്കുന്നതാകയാൽ ദൈവജനത്തിനു ക്ഷേമവും പ്രത്യാശയും ഉണ്ടാകു മെന്നും സത്യദൈവത്തെ മറ്റു ജാതികൾ ആരാധിക്കും എന്നുള്ള ചിന്തയും മൂവരിലും കാണുന്നുണ്ട്.

ഇവരുടെ ചിന്തയിലുള്ള ഐക്യരൂപമാണ് ഇവരുടെ പ്രവചനകൃതി കളെ ഒന്നായിക്കാണുവാൻ പ്രസാധകരെ പ്രേരിപ്പിച്ചത്. ബി. സി. 400 നും 200 നും ഇടയ്ക്കുള്ള കാലഘട്ടത്തിലാണ് യെശയ്യാവിന്റെ പുസ്തകം ഇന്നു കാണുന്ന വിധത്തിൽ പ്രസാധനം ചെയ്യപ്പെട്ടത്. അപ്പോൾ യെശയ്യാവിന്റെ സന്ദേശത്തോടു ബന്ധമുള്ള രേഖകൾ എല്ലാംകൂടി ഒന്നിച്ചാക്കി. അങ്ങനെ 66 അദ്ധ്യായങ്ങൾ യെശയ്യാവിന്റെ പേരിൽ അറിയപ്പെടുവാനിടയായി. ചാവു കടൽ ചുരുളിൽ നിന്നും ലഭിച്ച യെശയ്യാവിന്റെ പുസ്തകത്തിലും മറ്റ് എബ്രായ കൈയെഴുത്തിലും ഇപ്രകാരമാണു കാണുന്നത്. എന്നാൽ വ്യത്യസ്ത എഴുത്തുകാരെയും കാലങ്ങളെയും കുറിക്കുവാനാണ് യെശ യ്യാവു ഒന്നാമൻ, രണ്ടാമൻ, മൂന്നാമൻ എന്നു തിരിച്ചിരിക്കുന്നത്.

## നിരൂപണ പഠനത്തിൽ നിന്നു വെളിപ്പെട്ട കാര്യങ്ങൾ

1. കാലക്രമമനുസരിച്ച് മൂന്നുപേരുടെയും സന്ദേശത്തെ പ്രത്യേകം പ്രത്യേകമായിട്ടാണ് പുസ്തകത്തിൽ പ്രതിപാദിക്കുന്നത്.

2. സാമുദായികവും രാഷ്ട്രീയവുമായ പശ്ചാത്തലങ്ങളിലുള്ള വ്യത്യാസം.

3. രചനാരീതിയിലും ഭാഷയിലും ഉള്ള വ്യത്യാസം.

4. ചിന്താധാരയ്ക്ക് ഒരു ഐക്യരൂപവും തുടർച്ചയും കാണാമെങ്കിലും ഉപദേശപരമായ ആശയത്തിൽ ചില വ്യത്യാസങ്ങൾ കാണാം. പ്രവാസത്തിനു മുമ്പും, പ്രവാസത്തിലും പ്രവാസത്തിനു ശേഷവുമുള്ള ഉപദേശങ്ങളിൽ സന്ദർഭോചിതമായ വ്യത്യാസങ്ങൾ ഉണ്ട്.

## 2. യെശയ്യാവ് ഒന്നാമൻ

ആമോസ്, ഹോശേയ ഇവരെപ്പോലെ ബി. സി. 8-ാം നൂറ്റാണ്ടിൽ എബ്രായമതം അധഃപതിച്ചപ്പോൾ അവരുടെ മനഃസാക്ഷിയെ തട്ടിയുണർത്തിയ പ്രവാചകനാണ് യെരൂശലേമിലെ യെശയ്യാവ്.

**1. പശ്ചാത്തലം:** യഹൂദാ രാജാവായ ഊസിയാവ് അദ്ദേഹത്തിന്റെ പിൻഗാമികളായ യോഥാം, ആഹാസ്, യെഹിസ്കിയാവ് എന്നിവരുടെയും യിസ്രായേലിലെ രാജാവായ യെരോബയാം രണ്ടാമന്റെയും കാലത്താണ് യെശയ്യാവ് തന്റെ ദൗത്യം നിറവേറ്റിയത്. ഉസ്സിയാവിന്റേയും യെരോബയാമിന്റെയും കാലത്ത് ശത്രുക്കളായ അശ്ശൂരിന്റെ ശക്തിയ്ക്ക് അല്പം ഉടവു സംഭവിച്ചു. ഈ സന്ദർഭം പ്രയോജനപ്പെടുത്തി യഹൂദയും യിസ്രായേലും രാഷ്ട്രീയ സ്വാതന്ത്ര്യവും സാമൂഹ്യ ഉന്നതിയും കുറെ നേടി. ഇതോടൊന്നിച്ച് അനീതിയും ധാർമ്മികാധഃപതനവും ഉണ്ടായി (1:21-23; 5:3-10; 10:1-4). ഊസിയാവിന്റെ മരണത്തോടെ വീണ്ടും അശ്ശൂരിന്റെ ശക്തി വളർന്നപ്പോൾ യഹൂദാ യിസ്രായേൽ ബലഹീനരായിത്തീർന്നതും മറ്റു രാജ്യങ്ങളുമായി സഖ്യതയുണ്ടാക്കിയതും എല്ലാം യഹോവയിലുള്ള വിശ്വാസരാഹിത്യവും ആശ്രയമില്ലായ്മയും മൂലമാണ് എന്നുള്ള ബോധത്തിന് സത്യദൈവത്തിന്റെ പ്രവാചകനായി യെശയ്യാവ് ശബ്ദിച്ചു (6:8). രാഷ്ട്രീയമായും സാമ്പത്തികമായും, ആത്മീയമായും, യിസ്രായേലും യഹൂദയും അധഃപതിച്ചിരുന്നതിനാൽ അത്യാഗ്രഹവും, അനീതിയും എങ്ങും നടമാടി. യഹോവയുമായുള്ള ഉടമ്പടി അവഗണിച്ച് വിഗ്രഹാരാധനയിലും വിജാതീയ ആചാരങ്ങളിലും ശ്രദ്ധിച്ച് അന്യരാജ്യ ശക്തിയിൽ ആശ്രയിച്ചു തങ്ങളുടെ ദൈവത്തെ മറന്നു. ബി. സി. 701 ൽ അശൂർ രാജാവായ സെൻഖരീബ് യെരുശലേമിൽ എത്തി. യെഹസ്കിയാവ് സമ്പത്തു മുഴുവൻ അശൂരിനു കാഴ്ചവച്ചു. ഇതിനെയെല്ലാം പ്രവാചകൻ എതിർത്തു. അശൂരിനു കീഴടങ്ങരുത് എന്ന് ഉപദേശിച്ചു. അവസാനം സെൻഹരീബു തിരിച്ചു പോയി. ഈ പശ്ചാത്തലത്തിലാണ് യെശയ്യാവിന്റെ സന്ദേശത്തെ ഗ്രഹിക്കേണ്ടത്.

**2. പ്രവാചകനും സന്ദേശവും:** ബി. സി. 765 നോടടുത്താണ് പ്രവാചകൻ ജനിച്ചതെന്നു കരുതുന്നു. ഇദ്ദേഹം പ്രഭു കുടുംബത്തിൽപ്പെട്ടവനും

യഹൂദാ പൗരനുമായിരുന്നു. ഇദ്ദേഹത്തിന്റെ എഴുത്തുകളെപ്പറ്റി 2 ദിന. 26:22 ലും 32:32 ലും രേഖപ്പെടുത്തിയിട്ടുണ്ട്. 'യഹോവയാകുന്നു രക്ഷ' 'യഹോവ രക്ഷിക്കുന്നു' എന്നെല്ലാമാണ് യെശയ്യാവിന്റെ അർത്ഥം. രാജ കൊട്ടാരവുമായി നല്ല ബന്ധമുണ്ടായിരുന്നു (36-39a). തന്റെ ദൈവവിളി ദർശനമായി ബന്ധപ്പെടുത്തി (6) അദ്ദേഹം ഒരു ദേവാലയ സ്ഥാനി ആയി രിക്കാനിടയുണ്ട് എന്നു ചിലർ ചിന്തിക്കുന്നു. ഏകദേശം 40 വർഷത്തോളം അദ്ദേഹം പ്രവർത്തിച്ചു. ബി. സി. 700 നു ശേഷം ഇദ്ദേഹത്തെപ്പറ്റി ഒന്നും അറിയുന്നില്ല. യെഹസ്കിയാവിന്റെ പിൻഗാമിയായ മനെശ്ശെയുടെ കാലത്ത് ദേശഭക്തനായ യെശയ്യാവു മരവാളാൽ അറക്കപ്പെട്ടു എന്നാണു പാര മ്പര്യം.

ദൈവശിക്ഷയേയും രക്ഷയേയും പറ്റി പ്രസംഗിക്കുകയും ജനത്തെ ഉപദേശിക്കുകയും ശിഷ്യന്മാരെ പഠിപ്പിക്കയും ചെയ്ത (8:16) പ്രവാചകൻ മറ്റുള്ളവരുടെ പാപത്തേക്കാൾ ഉപരിയായി സ്വന്തം പാപത്തെക്കുറിച്ചും അതു മാറ്റിക്കിട്ടുന്നതിനെക്കുറിച്ചും ബോധവാനായിരുന്നു (6:5). പ്രവാച കന്റെ ചിന്തയും സന്ദേശവുമെല്ലാം രൂപംകൊണ്ടതു സൈന്യങ്ങളുടെ ദൈവവും യിസ്രായേലിന്റെ പരിശുദ്ധ മഹത്വവാനുമായ (6:3) യഹോവ യെക്കുറിച്ചുള്ള ആഴമായ ബോധത്തിൽ നിന്നുമാണ് (6:1-4; 3:11-12, 17; 26:4; 30:18; 33:5). വിശുദ്ധിയുടെയും വിനയത്തിന്റെയും സന്ദേശമാണു പ്രവാ ചകനിൽ കാണുന്നത്.

അപ്പൻ മക്കളെ സ്നേഹിക്കുന്നതു പോലെ യഹോവ യിസ്രായേൽ മക്കളെ സ്നേഹിച്ചു പോറ്റിവളർത്തി. അവരിൽ നിന്നും വിശ്വസ്തതയും വിശുദ്ധിയും ആഗ്രഹിച്ചു. പക്ഷേ രാജാവും ജനങ്ങളും ഒരുപോലെ ദൈവത്തോടു മത്സരിച്ച് അവിശ്വസ്തരും അശുദ്ധരും ആയിത്തീർന്നു (1:2 -6b). തൽഫലമായുണ്ടാകുന്ന ശിക്ഷാവിധിയെക്കുറിച്ചു അറിയിച്ചു (1:7-8). അശൂർ മുഖാന്തരം അതു നടപ്പിൽ വരുത്തുമെന്ന് ബോധിപ്പിച്ചു (10:5-6). ബി. സി. 722-ൽ യിസ്രായേൽ വീഴുകയും ചെയ്തു. യിസ്രായേലും ദൈവവും തമ്മിലുള്ള ബന്ധം പ്രത്യേകതരമാണ്. കുടുംബത്തിന്റെയും (11:2-3) തോട്ടത്തിന്റെയും (5:1-7) ഉദാഹരണങ്ങളിലൂടെ അതു വ്യക്തമാക്കി.

യഹോവയോടു വിശ്വസ്തത പുലർത്തുന്ന ഒരു ചെറിയകൂട്ടം ശേഷി ക്കുമെന്നും അവരെ ദൈവം രക്ഷിക്കുമെന്നും പ്രവാചകൻ പ്രസംഗിച്ചു (1:9; 6:13,11; 28:5). ഇതിന്റെ സൂചനയായി തന്റെ ഒരു മകനു ശെയാർ യാശൂബ് (a remnant will return - ഒരു ശേഷിപ്പു തിരിച്ചുവരും) എന്നു പേരിട്ടു (10:20 മുതൽ).

നീതികെട്ട ജീവിതത്തോടു കൂടിയ ആരാധന ദൈവം നിരസിക്കുകയും വെറുക്കുകയും ചെയ്യുമെന്നു പഠിപ്പിച്ചു (1:1-15). തന്റെ നീതിബോധവും

ആമോസിന്റേതും ഒരുപോലെയുള്ളതാണ്. നീതി ചെയ്യുവാനുള്ള ആഹ്വാനം നടത്തി (1:16 മു.). അനുതപിച്ചു മാനസാന്തരപ്പെടുന്നവർക്കു പ്രത്യാശയുടെയും മത്സരികൾക്കു നാശത്തിന്റേയും ദൂതിനെ കൊടുത്തു (1:16–20, 27–28; 30:15). യിസ്രായേലിന്റെ ശത്രുക്കളോടു പക വീട്ടി (1:24–26). അതിനെ ദൈവം രക്ഷിക്കും എന്നു പ്രഖ്യാപിച്ചു (2:2–5; 511:9; 14:1). യെരുശലേമിന്റെ മഹത്വത്തെപ്പറ്റിയും നാശത്തെപ്പറ്റിയും പറഞ്ഞു.

പ്രത്യാശ നിറഞ്ഞ ഒരു യുഗാന്ത്യത്തെപ്പറ്റിയും പ്രവാചകൻ പഠിപ്പിച്ചു. അന്ത്യകാലമെന്ന ആശയത്തിലേറെ, കാലത്തികവിൽ, ഭാവിയിൽ എന്ന അർത്ഥമാണിവിടെ യുഗാന്ത്യത്തിനുള്ളത്. അന്നാളിൽ യെരുശലേമിനു ബഹുമാനം ലഭിക്കും. സകലജാതികളും സത്യദൈവത്തിലേക്കു തിരിയും (2:2–3). മറ്റു ജാതിയെക്കുറിച്ചുള്ള ദൈവത്തിന്റെ ചിന്തയും അറിയിച്ചു (13–23). യഹോവ യിസ്രായേലിന്റെ മാത്രമല്ല സകല ജാതികളുടെയും ദൈവമെന്നു ഘോഷിച്ചു (2:4a). യഹോവയിലല്ലാതെ മറ്റു രാജ്യങ്ങളിലും അവരുടെ സൈന്യബലത്തിലും ആശ്രയിക്കുന്നവർ ലജ്ജിക്കേണ്ടി വരും (31:1). ദൈവത്തിന്റെ ശത്രുക്കൾ നശിച്ചുപോകും (27:1).

പ്രവാചകന്റെ പ്രധാനപ്പെട്ട ഒരു സന്ദേശം മശിഹായെക്കുറിച്ചുള്ളതായിരുന്നു (8:14, 15; 9:6; 11:1 മുതൽ, 32:1–4). മശിഹാ രക്ഷകനും വീണ്ടെടുപ്പുകാരനുമായ രാജാവാണ്. അന്നാളിൽ നീതിയും, സമാധാനവും സന്തോഷവും പ്രത്യാശയും ഉണ്ടാകും (ഈ പ്രവചനങ്ങൾ ക്രിസ്തുവിൽ പൂർത്തികരിക്കപ്പെട്ടതായി ക്രൈസ്തവസഭ വിശ്വസിക്കുന്നു. ലൂക്കോ. 1:31, മത്തായി 1:22, 23, യെശ്ശ. 7:14 മായി ഒത്തുനോക്കുക).

ദൈവത്തെ മറന്ന് അഹങ്കരിക്കുന്നവർ നശിക്കുമെന്നും (14:12–17) അഹങ്കാരികളും ആഡംബരപ്രിയരും സുഖലോലുപരും കഷ്ടപ്പെടേണ്ടിവരും എന്നും (28:1) അറിയിച്ചു. ഇപ്രകാരമുള്ള പ്രവാചകന്മാർക്കും പുരോഹിതന്മാർക്കും എതിരെ പ്രവചിക്കുന്നതിനും താൻ മടിച്ചില്ല (28:7 മുതൽ). ദൈവത്തെ അറിയുന്നവർക്കു സ്വസ്ഥതയും സൗഖ്യവും, സമാധാനവും ഉണ്ടാകും എന്നു ബോദ്ധ്യമാകത്തക്കവണ്ണം ദൈവസമർപ്പണത്തോടു കൂടി ജീവിച്ച ഹിസ്കിയാ രാജാവിനെപ്പറ്റിയുള്ള വിവരണത്തോടെ തന്റെ സന്ദേശം അവസാനിപ്പിച്ചു.

### ദൈവദർശനം

ദൈവത്തെപ്പറ്റി തന്റെ സമകാലീന പ്രവാചകന്മാർക്കുണ്ടായിരുന്ന ബോധം തന്നെയാണു യെശയ്യാവിലും ഉള്ളത്. ചില സംഗതികൾ കൂടുതൽ ശക്തിയോടെ എടുത്തുകാണിച്ചു എന്നു മാത്രം. നീതിയും, ന്യായവും, ദയയും സ്നേഹവുമുള്ള ദൈവത്തിന്റെ വിശുദ്ധിയെക്കുറിച്ചും, മഹത്വത്തെക്കുറിച്ചും (6:3) യെശയ്യാവു കൂടുതൽ ബോധവാനായിരുന്നു.

വിശുദ്ധനായ ദൈവം ജനങ്ങളിൽ നിന്നും വിശുദ്ധിയും വിനയവും ആവശ്യപ്പെടുന്നു. ദൈവം എല്ലാവരുടെയും ദൈവമാണ് (6:3). ദൈവം വിദൂരസ്ഥനും, സമീപസ്ഥനുമാണ്. തന്റെ വിശുദ്ധിയിൽ വിദൂരസ്ഥനും ചരിത്രത്തിൽ ഇടപെടുന്നതു മൂലം സമീപസ്ഥനുമാണ്. ചരിത്രത്തിൽ ഇടപെട്ട് അതിനെ നിയന്ത്രിക്കുന്നു. ദൈവശിക്ഷ നടപ്പാക്കുവാനായി അശൂരിനെ ഉപയോഗിക്കുന്നു (10:5-6). ഉടമ്പടി ലംഘിക്കുന്നവർക്കു ശിക്ഷയും, വിശ്വസ്തതയും വിശുദ്ധിയും ഉള്ളവർക്കു രക്ഷയും കൊടുക്കുന്നവനാണ് ദൈവം. ആരാധനാ ജീവിതത്തിലൂടെ നീതിപൂർവമായ ജീവിതം ആവശ്യപ്പെടുന്നു (1:16 മുതൽ). ദൈവം തെരഞ്ഞെടുക്കുന്നവരുമായി പ്രത്യേകം ബന്ധമുള്ളവനും അവരിൽ നിന്നു ഉത്തരവാദിത്വപൂർണമായ ജീവിതം ആഗ്രഹിക്കുന്നവനുമാണ് (1, 2, 3, 5:1-7).

യഹോവയുടെ ദിവസത്തെപ്പറ്റി ആമോസിനെപ്പോലെ (5:18-20) യെശയ്യാവും ഗ്രഹിച്ചിരുന്നു (2:5-17). എക്കാലത്തും വിശ്വസ്തത പുലർത്തുന്നവരെ അവരുടെ കഷ്ടതയിൽ നിന്നും വിടുവിക്കുന്നവനാണു ദൈവം എന്ന് മശിഹാപ്രവചനങ്ങൾ വ്യക്തമാക്കുന്നു - ദൈവത്തിനു പൂർണമായി വിധേയപ്പെട്ടും വിനയപ്പെട്ടും ജീവിക്കുന്നവർക്കു മഹത്വവും, വിജയവും, സൗഖ്യവും, ജീവനും നൽകുന്നവനാണു യിസ്രായേലിന്റെ പരിശുദ്ധനായ സൈന്യങ്ങളുടെ യഹോവ (38). ഈവിധമായ ദൈവബോധത്തിൽ നിന്നും ഉടലെടുത്ത പ്രവാചകജീവിതവും സന്ദേശവും ശ്രദ്ധേയമത്രെ.

**ചോദ്യങ്ങൾ**

1. യെശയ്യാവിന്റെ പുസ്തകത്തിലെ വിഭജനങ്ങൾ ഏവ?
2. യെശയ്യാവ് ഒന്നാമന്റെ ജീവിതവും സന്ദേശവും എന്ത്?

## പാഠം 3

# മീഖാ, നാഹും

❑ മീഖാ പ്രവാചകൻ ❑ പശ്ചാത്തലം ❑ പ്രവാചകനും സന്ദേശവും ❑ മതബോധം ❑ മശിഹാപ്രതീക്ഷ ❑ ദൈവദർശനം ❑ നാഹും പ്രവാചകൻ ❑ പശ്ചാത്തലവും പ്രവാചകനും സന്ദേശവും ❑ ദൈവദർശനം

ബി. സി. 8-ാം നൂറ്റാണ്ടിൽ ജീവിച്ച മീഖായെക്കുറിച്ചും 7-ാം നൂറ്റാണ്ടിൽ ജീവിച്ച നാഹൂമിനെക്കുറിച്ചും ചുരുക്കമായി ഈ പാഠത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

## 1. മീഖാ പ്രവാചകൻ

### (a) പശ്ചാത്തലം

യെശയ്യാ ഒന്നാമന്റെ സമകാലീനനായിരുന്നു മീഖാ. ഇദ്ദേഹം യഹൂദയിൽ ജീവിച്ചു, യോഥാം ആഹാസ്, യെഹിസ്കിയാവ് എന്നീ രാജാക്കന്മാരുടെ കാലത്താണു പ്രവർത്തിച്ചത്. 8-ാം നൂറ്റാണ്ടിലെ അധഃപതിച്ച സാമൂഹ്യ സാമ്പത്തിക മതനിലവാരത്തിന് എതിരായാണു മീഖായും ശബ്ദമുയർത്തിയത്. യഹൂദരാജ്യം അയൽരാജ്യങ്ങളുമായി നല്ല കച്ചവടബന്ധം പുലർത്തിയതിനാൽ ധനികരും സമർത്ഥരും കൂടുതൽ ധനം സമ്പാദിക്കുകയും, സാധുക്കൾ കൂടുതൽ ചൂഷണവിധേയരാവുകയും ചെയ്തു. യെഹസ്കിയാവിന്റെ കാലത്ത് അശൂര്യർക്കു കപ്പം കൊടുക്കുന്നതിനും, നഗരത്തിന്റെ കോട്ടമതിലുകൾ ഉറപ്പിക്കുന്നതിനും ധാരാളം ധനം ആവശ്യമായി വന്നു. അതെല്ലാം ദേശത്തിലെ സാധുക്കളായ കർഷകരിൽ നിന്നും പിഴിഞ്ഞെടുക്കുകയാണു ചെയ്തത്. ഈ പശ്ചാത്തലത്തിലാണ് മീഖാ പ്രവാചകൻ ദൂതറിയിച്ചത്.

### (b) പ്രവാചകനും സന്ദേശവും

മീഖാ എന്ന വാക്കിന്റെ അർത്ഥം ‘യഹോവയ്ക്കു തുല്യൻ ആർ?’ (7:18) എന്നാണ്. പ്രവാചകന്റെ ജന്മസ്ഥലമായ മോറെഷെത്തു ഗാത്തും ആമോസിന്റെ ജന്മസ്ഥലമായ തെക്കോവയും തമ്മിൽ 27 കി. മീ. അകലമെ ഉണ്ടായിരുന്നുള്ളു. ആകയാൽ ആമോസിന്റെ നീതിബോധവും ധാർമ്മിക തീഷ്ണതയും മീഖാ പ്രവാചകൻ ചെറുപ്പം മുതലേ അറിഞ്ഞിരിപ്പാൻ ഇടയുണ്ട്. ‘ഉയിർത്തെഴുന്നേറ്റ ആമോസ്’ എന്നു ഒരു പണ്ഡിതൻ മീഖായെ വിളിക്കുന്നതു തികച്ചും അർത്ഥവത്താണ്. കർഷകരുടെയും, ഇടയന്മാരുടെയും നേതാവായി പ്രത്യക്ഷപ്പെട്ട മീഖാ കർഷകരുടെ അവശതകളിലും ജന്മിമാരിൽ നിന്നുമുള്ള ഉപദ്രവങ്ങളിലും അമർഷം പൂണ്ടു സാമ്പത്തിക അസമത്വത്തിലും, അനീതിയിലും രോഷാകുലനായിത്തീർന്നു.

സമൂഹത്തിലെ അഴിമതിക്കും, അധർമ്മത്തിനും എതിരായുള്ളതാണു പ്രവാചകന്റെ സന്ദേശം (1-3). ദേശത്ത് അനീതിയും അധർമ്മവും കളിയാടി (1:5-6; 3:9-11). സമൂഹത്തിന്റെ മനസ്സാക്ഷിയെ തട്ടിയുണർത്താൻ ചുമതലപ്പെട്ട തലവന്മാരും പ്രവാചകന്മാരും പുരോഹിതന്മാരും ഒരുപോലെ മരവിച്ച മനസ്സാക്ഷിയുടെ ഉടമകളായി മാറി. ‘മദ്യപന്മാരും വ്യാജം പ്രവർത്തിക്കുന്നവരും അവരുടെ പ്രവാചകന്മാരായി.’ ഈ ദുഃസ്ഥിതിയിൽ മീഖാ ദുഃഖിക്കുകയും ഗർജ്ജിക്കുകയും ചെയ്തു. തങ്ങളുടെ അതിക്രമവും അനീതിയും അധർമ്മവും (3:9) തലസ്ഥാന നഗരങ്ങളായ ശമര്യയും, യെരുശലേമും നശിക്കുമെന്ന് അറിയിച്ചു (1:6; 3:12). ദൈവനഗരമായ യെരുശലേം നശിക്കുകയില്ല എന്നായിരുന്നു ജനങ്ങളുടെ വിശ്വാസം. ഇതു തന്നെ

യിരമ്യാവും ഊരിയാവും പറയുകയുണ്ടായി (യിരെ. 26:6-20). ദൈവം വസിക്കുന്നിടത്തോളം കാലം മാത്രമേ സ്ഥലം ദൈവികവും മനുഷ്യൻ ദൈവികനും ആയിരിക്കുകയുള്ളു. ദൈവത്തിൽ നിന്നും അകലുമ്പോൾ രണ്ടും നാശയോഗ്യമായിത്തീരുന്നു.

മീഖായുടെ സന്ദേശത്തിനു രണ്ടു വശങ്ങൾ ഉണ്ട് - നാശത്തിന്റേയും രക്ഷയുടേതുമായ വശങ്ങൾ, അന്യായത്തിനും അനീതിക്കും എതിരെ തന്റെ കോപം ജ്വലിക്കുന്നതോടൊപ്പം, ദരിദ്രരേയും, സാധു കർഷകരേയും ചൂഷണം ചെയ്യുന്നതിനെ താൻ നിശിതമായി വിമർശിക്കുകയും ചെയ്യുന്നു. അന്യന്റെ വസ്തുവകകൾ അന്യായമായി കൈവശം വച്ച് അനുഭവിക്കുന്ന ജന്മിമാരെയും ധനികരേയും കുറ്റപ്പെടുത്തി, കൈക്കൂലി വാങ്ങി ന്യായം മറിച്ചിട്ടുള്ള ന്യായാധിപന്മാർക്കും സ്വാർത്ഥതാല്പര്യത്തോടെ ധർമ്മവും സത്യവും വിട്ടകന്നു പ്രവചിച്ചവർക്കും അധർമ്മം പ്രവർത്തിക്കുന്ന ഏവർക്കും എതിരായുള്ള ദൈവശിക്ഷയെ വിളിച്ചറിയിച്ചു (3:11, 12).

ശിക്ഷയോടൊപ്പം രക്ഷയുടെ ഘോഷണവും പ്രവാചകൻ നടത്തി. യഹോവ ഇടയനും ഗുണകാംക്ഷിയുമാണ്. ശിക്ഷ മൂലം ചിതറിക്കുമെങ്കിലും യഹോവയോടു വിശ്വസ്തത പുലർത്തുന്ന ജനത്തിലെ ശേഷിപ്പിനെ ഒരുമിച്ചു കൂട്ടി സമൃദ്ധിയിലേക്കു വീണ്ടും കൊണ്ടുവരും (2:12; 5:3) എന്നുള്ളതായിരുന്നു പ്രവാചകൻ നൽകിയ ആശ്വാസവചനം. സമാധാന രാജ്യത്തെ സംബന്ധിച്ചും അവരെ മോചിപ്പാനുള്ള പ്രഭുവിനെ സംബന്ധിച്ചുമുള്ള പ്രത്യാശയുടെ ദൂതും പ്രവാചകൻ കൊടുത്തു. ദൈവത്തിന്റെ നീതി, ന്യായവിധി ഇവ തന്നെ ഉൽബുദ്ധനാക്കി. ദൈവീകസ്നേഹവും ക്ഷമയും ജനങ്ങളെ ദൈവത്തോടു നിരപ്പിക്കുവാൻ മതിയായതാണെന്നുള്ള വിശ്വാസത്തോടെ പ്രവാചകൻ തന്റെ സന്ദേശത്തിനു തിരശീലയിട്ടു. മീഖായുടെ സന്ദേശം യെഹിസ്കിയാ രാജാവിനെ പിടിച്ചുകുലുക്കി. രാജാവിന്റെ മനസ്സു തിരിഞ്ഞു. യഹോവയിലേക്കു തിരിഞ്ഞു ദേശത്തു ആദ്ധ്യാത്മിക നവീകരണം വരുത്തി (യിരെ. 28:18-19).

### മതബോധം

മീഖായ്ക്കു വ്യക്തമായ ഒരു മതബോധം ഉണ്ടായിരുന്നു (6:6-8). യാഗകർമങ്ങൾ കൊണ്ടോ, ബാഹ്യമായ ആചാരാനുഷ്ഠാനങ്ങൾ കൊണ്ടോ മാത്രം ദൈവത്തെ പ്രസാദിപ്പിക്കാൻ സാദ്ധ്യമല്ല. അവ വേണ്ടെന്നല്ല; പിന്നെയോ നീതിപൂർവമായ ജീവിതത്തോടു കൂടിയ മത കർമാനുഷ്ഠാനങ്ങൾക്കേ അർത്ഥവും പ്രയോജനവും ഉള്ളു. ധാർമികബോധവും സാമൂഹ്യനീതിയും ഇല്ലാത്തവർക്കു ദൈവത്തെ യഥാർത്ഥമായി അറിയുവാനോ, ആരാധിക്കുവാനോ സാദ്ധ്യമല്ല എന്ന് അദ്ദേഹം വിശ്വസിച്ചു. നീതി, സ്നേഹം, താഴ്മ മുതലായവയാണു ദൈവം തന്റെ മക്കളിൽ നിന്നും

ആഗ്രഹിക്കുന്നത്. തന്റെ മതബോധം ഏറ്റം തെളിഞ്ഞു പ്രകാശിക്കുന്ന തങ്കവാക്യം കാണുക. 'മനുഷ്യാ നല്ലത് എന്തെന്ന് അവൻ നിനക്കു കാണിച്ചു തന്നിരിക്കുന്നു. ന്യായം പ്രവർത്തിപ്പാനും, ദയാതല്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നത്' (6:8).

ഇതു പ്രവാചക മതത്തിന്റെ 'മാഗ്നാക്കാർട്ട' എന്നു വിശേഷിപ്പിക്കാം. ആമോസിന്റെ നീതിബോധവും ഹോശേയായുടെ സ്നേഹദൂതും യെശയ്യാവിന്റെ വിശുദ്ധിയും വിനയവും എല്ലാം ഉൾക്കൊള്ളുന്നതായിരുന്നു തന്റെ മതദർശനം. അന്നത്തെപ്പോലെ തന്നെ ഇന്നും ഇതു പ്രസക്തമാണ്. ദൈവവിശ്വാസത്തിൽ നിന്ന് ഉടലെടുക്കുന്ന ആരാധന സജീവമായിരിക്കും. അതിൽ നിന്ന് ഉരുത്തിരിയുന്നതായിരിക്കണം വിശ്വാസിയുടെ സ്വഭാവവും, പെരുമാറ്റവും.

### (d) മശിഹാ പ്രതീക്ഷ

മശിഹായെ സംബന്ധിച്ചും വ്യക്തമായ ബോധം മീഖായ്ക്കുണ്ടായിരുന്നു. നാലും അഞ്ചും അദ്ധ്യായങ്ങളിൽ പുതിയ ദിവസത്തെയും മശിഹായുഗത്തെയും അന്ത്യനാളുകളെയും സംബന്ധിച്ചു പറഞ്ഞിട്ടുണ്ട്. മശിഹായെ സംബന്ധിച്ചുള്ള പ്രത്യാശ പഴയനിയമത്തിൽ പ്രത്യക്ഷത്തിൽ ആദ്യമായി കാണുന്നത് മീഖായിലാണ്. ദൈവജനത്തിന്റെ വീണ്ടെടുപ്പിനെപ്പറ്റി മാത്രമല്ല വീണ്ടെടുക്കുന്ന വ്യക്തിയെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. ദാവീദിന്റെ മാതൃകയിലുള്ള മശിഹായെക്കുറിച്ചുള്ള ചിന്തയുടെ ഉത്ഭവം ഇവിടെയാണു കാണുന്നത് (5:2-4).

### (e) ദൈവദർശനം

ബി. സി. 8-ാം നൂറ്റാണ്ടിലെ പ്രവാചകന്മാരുടെ പൊതുവായ ദൈവദർശനം മീഖായും പങ്കുവയ്ക്കുന്നു. യഹോവയാണ് സത്യദൈവം. ദൈവം അനീതിയേയും അധർമത്തെയും വെറുക്കുന്നവനും ശിക്ഷിക്കുന്നവനുമാണ്. നീതിയുള്ളവനും കാരുണ്യവാനുമാകയാൽ ദൈവത്തോടു വിശ്വസ്തത പുലർത്തുന്നവരെയും മനം തിരിയുന്നവരേയും വീണ്ടുകൊള്ളുന്നു. ദൈവം സദാ നിന്ദിതന്റെയും പീഡിതന്റെയും നീതി, ന്യായം, വിനയം, ദയ ഇവ കാണിക്കുന്നവന്റെയും പക്ഷത്താണ്. ഓരോരുത്തർക്കും ചെയ്യാൻ പ്രാപ്തിയുള്ളതു മാത്രം ആവശ്യപ്പെടുന്ന ദൈവത്തെയാണ് പ്രവാചകൻ കാണുന്നത്. ന്യായം പ്രവർത്തിപ്പാനും, ദയാതല്പരനായിരിപ്പാനും താഴ്മയായി ദൈവസന്നിധിയിൽ നടക്കുവാനും മാത്രമാണ് താൻ ആവശ്യപ്പെടുന്നത്.

### 2. നാഹൂം പ്രവാചകൻ

#### (a) പശ്ചാത്തലവും പ്രവാചകനും സന്ദേശവും

അശൂർ സാമ്രാജ്യത്തിന്റെ ക്രൂരതയുടെയും യുദ്ധഭ്രാന്തിന്റെയും ഫലമായി തലസ്ഥാനമായ നിനെവയുടെ നാശത്തെക്കുറിച്ചും, യിസ്രായേലിന്റെ വീണ്ടെടുപ്പിനെപ്പറ്റിയുമുള്ള പ്രത്യാശയുടെ പശ്ചാത്തലമാണ് പുസ്തകത്തിൽ കാണുന്നത്.

#### (b) പ്രവാചകനും സന്ദേശവും

യഹൂദയിലെ എൽകോശിലാണ് നാഹൂം ജീവിച്ചത്. എൽകോശിന്റെ സ്ഥാനനിർണയം ഇന്നും പൂർണമായിട്ടില്ല. യെരുശലേമിന് അടുത്തായിരിക്കാം എന്ന് കരുതുന്നു. ബി. സി. 664 നും 603 നും പ്രവചിച്ചതായി ചിന്തിക്കുന്നു. ആശ്വാസദായകൻ; ദൈവം ആശ്വസിപ്പിക്കുന്നു എന്നെല്ലാം നാഹൂമിനു അർത്ഥം കൊടുക്കുന്നു.

മറ്റു പ്രവാചകന്മാരെപ്പോലെ ജനമദ്ധ്യേയുള്ള തിന്മകളെക്കുറിച്ചു വിമർശിക്കുന്നതിനോ, വിശ്വാസത്തിൽ ജനങ്ങളെ ഉറപ്പിച്ചു നേർവഴി നടത്തുന്നതിനോ ഉള്ള ശ്രമം ഇദ്ദേഹത്തിൽ കാണുന്നില്ല. ദൈവജനത്തെ നശിപ്പിക്കുന്നവരെ ദൈവം നശിപ്പിക്കും എന്ന ദൂതു കൊടുത്തുകൊണ്ട് എബ്രായരെ ആശ്വസിപ്പിക്കുക എന്നതായിരുന്നു പ്രവാചകദൗത്യം. അഹങ്കാരിയായ നിനെവയ്ക്കു എതിരായ ഭീഷണികളും അവളുടെ നാശത്തെപ്പറ്റിയുള്ള ദൂതുകളുമാണ് പ്രധാന പ്രതിപാദ്യം. ബാബിലോണിന്റെ ആക്രമണത്തെ മുന്നറിയിക്കുന്നുണ്ട് (2:1–2, 3:8) മുതലുള്ള വാക്യങ്ങളിൽ ഈജിപ്തിലെ തേബ്സ് പട്ടണത്തിനു നേരിട്ട നാശത്തെ വിളിച്ചറിയിച്ചുകൊണ്ടാണ് നിനെവയുടെ നാശത്തെ ചൂണ്ടിക്കാണിക്കുന്നത്. 2:4 മുതൽ 8 വരെ നിനെവയുടെ നാശത്തെക്കുറിച്ചു പറയുന്നു. ബാബിലോൺ ശക്തിപ്പെടുകയും ബി. സി. 612 –ൽ നിനെവ നശിക്കുകയും ചെയ്തു.

#### (c) ദൈവദർശനം

യഹോവയായ ദൈവം ചരിത്രത്തിന്റെ വിധാതാവാണ്. ഇതത്രേ പ്രവാചകദർശനം. എല്ലാ പ്രകൃതിശക്തിക്കും അതീതമാണ് ദൈവത്തിന്റെ അനന്തരശക്തി. തന്റെ ഇഷ്ടം പോലെ അതുപയോഗിക്കുകയും ചെയ്യും (1:3–5). തെരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ കഷ്ടതയിൽ ദൈവം മൗനമായിരിക്കുകയില്ല. അവരുടെ ശത്രുക്കളെ നശിപ്പിച്ച് (2:13; 3:1–7) അവരെ അപമാനിക്കും. ആകയാൽ യഹോവ യിസ്രായേലിനെ വീണ്ടും മഹത്വപ്പെടുത്തും (2:2) എന്നുള്ള ഇതിലെ ദൈവദർശനമാണ് ഈ പുസ്തകത്തെ എബ്രായർക്ക് പ്രിയതരമാക്കിത്തീർത്തത്. യഹോവ പ്രകൃതിയേയും ചരിത്രത്തേയും നിയന്ത്രിക്കുന്നവൻ മാത്രമല്ല തിന്മയെ ശിക്ഷിക്കുകയും

നശിപ്പിക്കുകയും ചെയ്യുന്നവനാണ്. മറ്റു പ്രവാചകരിൽ കാണുന്ന മത ബോധമോ, നീതിബോധമോ, ധർമപരിപാലനമോ, ഈ പ്രവചനത്തിൽ കാണുന്നില്ലെങ്കിലും ഇതിലെ ദൈവദർശനം ശ്രേഷ്ഠമത്രെ.

### ചോദ്യങ്ങൾ

1. മീഖായെ ബി. സി. എട്ടാം നൂറ്റാണ്ടിലെ മറ്റു പ്രവാചകന്മാരുമായി തട്ടിച്ചു നോക്കി മീഖായുടെ ഉപദേശത്തിന്റെ ശ്രേഷ്ഠത വിവരിക്കുക?
2. മറ്റു പ്രവചനങ്ങളിൽ നിന്നും നാഹൂമിന്റെ പ്രവചനത്തിന്റെ വ്യത്യാസമെന്ത്? നാഹൂമിന്റെ പ്രധാന ഉപദേശം എന്ത്?

## പാഠം 4

# ഹബക്കുക്, സെഫന്യാവ്

❑ ഹബക്കുക് പ്രവാചകൻ ❑ പശ്ചാത്തലം ❑ പ്രവാചകനും സന്ദേശവും ❑ ദൈവദർശനം ❑ ഹബക്കുക്കിൽ നിന്ന് പൗലോസും യാക്കോബും ❑ സെഫന്യാവു പ്രവാചകൻ ❑ പശ്ചാത്തലം ❑ പ്രവാചകനും സന്ദേശവും ❑ ദൈവദർശനം

ബി. സി. 7–ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന രണ്ടു പ്രവാചകന്മാരാണ് ഹബക്കുകും, സെഫന്യാവും. ഇവരെക്കുറിച്ച് ഈ പാഠത്തിൽ പ്രതിപാദിക്കുന്നു.

### 1. ഹബക്കുക് പ്രവാചകൻ

### (a) പശ്ചാത്തലം

യഹൂദയിലാണ് പ്രവാചകൻ ജീവിച്ചത്. ബി. സി. ഏഴാം നൂറ്റാണ്ടിന്റെ അവസാനമായപ്പോൾ ബാബിലോൺ വളരെ ശക്തിപ്രാപിച്ചു. ബി. സി. 605 –ൽ നെബുഖദ്നേസർ കർക്കമേശ് യുദ്ധത്തിൽ വച്ച് ഈജിപ്തിനെ കീഴടക്കി വിജയാളിയായി മുന്നേറി. ഇതേസമയം യഹൂദാ ദേശത്ത് ദുഷ്ടത വർധിച്ച് ധാർമികാധഃപതനമുണ്ടായി. നീതിമാന്മാർ പീഡിപ്പിക്കപ്പെട്ടു. ഇതിൽ യഹോവ മൗനമായിരിക്കുന്നതെന്ത്? ദുഷ്ടനോടു കൂടി നീതിമാനെ നശിപ്പിക്കുമോ? ഈ ചിന്തയും യഹോവയിലുള്ള അടിയുറച്ച വിശ്വാസവുമാണ് ഈ പ്രവചനത്തിന്റെ പശ്ചാത്തലം.

### (b) പ്രവാചകനും സന്ദേശവും

ബി. സി. 605 നും 597 നും മധ്യേ പ്രവചിച്ചതായി കരുതുന്നു. 'ദൈവ ത്തിനു പ്രിയൻ' എന്ന അർത്ഥമാണ് ഹബക്കുകിനുള്ളത്. അക്കാഡിയൻ ഭാഷയിൽ 'ഫലവൃക്ഷം' എന്ന അർത്ഥമാണിതിന്. അദ്ദേഹം ദേവാലയ ഗായകനാണ് എന്നു ചിന്തിക്കുന്നു (3:19 കാണുക). നാഹൂം, സെഫന്യാവ്, യിരെമ്യാവ് ഇവരുടെ സമകാലീനനായിരുന്നു. ബി. സി. 8-ാം നൂറ്റാണ്ടിലെ പ്രവാചകചിന്തയുടെ സ്വാധീനം ഇദ്ദേഹത്തിൽ വളരെയേറെ കാണുന്നുണ്ട്. വിഷമഘട്ടത്തെ നേരിട്ട ഒരുവനായിരുന്നു പ്രവാചകൻ. സമൂഹത്തിൽ നട മാടിയ അനീതിയിൽ ദുഃഖിക്കുന്ന ഹൃദയവുമായി ദൈവത്തിന്റെ അടു ക്കൽച്ചെന്ന് ആശ്വാസം കണ്ടെത്തി എന്നുള്ളതാണ് പ്രവാചകന്റെ ശ്രേഷ്ഠത. ദൈവസന്നിധിയിൽ പ്രവേശിച്ച് ദൈവത്തിന്റെ വഴികളെക്കു റിച്ച് ധ്യാനിക്കുമ്പോഴാണ് തനിക്ക് പ്രവചനദർശനങ്ങൾ ലഭിച്ചത്.

യഹൂദയിൽ തിന്മ വർദ്ധിക്കുകയും ദുഷ്ടന്മാർ തഴച്ചു വളരുകയും നീതി മാന്മാർ കഷ്ടത അനുഭവിക്കുകയും ചെയ്യുന്നതു കണ്ടു നില്ക്കാനാവാതെ പ്രവാചകൻ ദൈവത്തോടു സംവാദം ചെയ്യുന്നു (1:1-4, 13, 14). യിരെമ്യാ വിലും (2:1) ഈയോബിലും ഇതുപോലെയുള്ള ചിന്ത കാണാം. ഇതു സംബന്ധമായി ദൈവത്തിൽ നിന്നും തനിക്കു ലഭിച്ച ദൂതുകളാണ് ഇതിലെ പ്രധാന സന്ദേശങ്ങൾ.

(1) ദുഷ്ടൻ തന്റെ നീതികേടിൽ നശിക്കും. ആകയാൽ യഹൂദ തന്റെ ദുഷ്ടത നിമിത്തം ശിക്ഷിക്കപ്പെടും. അതു നടപ്പിൽ വരുത്തുന്നത് ബാബി ലോണായിരിക്കും (1:5-10), യഹൂദയുടെ ദുഷ്ടതയെ ബാബിലോണിന്റെ ദുഷ്ടത കൊണ്ടു നശിപ്പിക്കും. ബാബിലോണും ദുഷ്ടത മൂലം നശിക്കു വാനിടയാകും. ദുഷ്ടത സ്വന്തനാശത്തിന്റെ കാരണമായിത്തീരും (1:16; 2:12). അതുകൊണ്ട് തിന്മയിൽ നിന്നും മാറി നന്മ ചെയ്യുവാനുള്ള ആഹ്വാ നമാണ് പരോക്ഷമായി ഇതിൽ കാണുന്നത്.

2. നീതിമാനോ വിശ്വാസത്താൽ ജീവിച്ചിരിക്കും. തിന്മയെ ദൈവം ശിക്ഷിക്കുന്നതു പോലെ നന്മയെ രക്ഷിക്കുകയും ചെയ്യും. നീതിമാൻ നശി ക്കുന്നത് എന്ത്? എന്ന ചോദ്യത്തിന് ലഭിച്ച ദൂതാണ് നീതിമാനോ വിശ്വാ സത്താൽ ജീവിച്ചിരിക്കും (2:4) എന്നത്. യഹോവയോടു വിശ്വസ്തത പുലർത്തുന്നവർ ശേഷിച്ചിരിക്കും എന്ന ആശയത്തിൽ നിന്നാണ് ഈ വിശ്വാസം ഉണ്ടാകുന്നത്.

(3) രക്ഷയ്ക്കായി ആഗ്രഹിക്കുന്നവർ ഊമ വിഗ്രഹങ്ങളിലല്ല (2:18-19) യഹോവയിലത്രെ ആശ്രയിക്കേണ്ടത് (യെശ. 7:9). കാരണം യഹോവ മാത്ര മാണ് നിത്യനും, പരിശുദ്ധനും, മഹത്വവാനും, സ്തുത്യനും (1:12, 2:14, 20; 3:3), ചരിത്രത്തെ നിയന്ത്രിക്കുന്നവനും (3:5-6). ലോകത്തിന്റെയും

ചരിത്രത്തിന്റെയും നാഥനായ ദൈവത്തിലുള്ള വിശ്വാസമാണ് മൂന്നാം അദ്ധ്യായത്തിൽ കാണുന്ന പ്രാർത്ഥനാഗീതം.

(4) ദ്രവ്യാഗ്രഹം (2:6–8) രക്തപാതകം, കവർച്ച, ആഡംബരം (2:9–12), മദ്യപാനം, അഹങ്കാരം (2:5, 15–16), വിശ്വാസത്യാഗം (2:18–19) ഇവയ്ക്കെതിരായും പ്രവാചകൻ ശബ്ദം ഉയർത്തി.

(5) യഥാർത്ഥ സന്തോഷവും സമാധാനവും ഭൗതികനേട്ടങ്ങളിലോ, അനുഗ്രഹങ്ങളിലോ അല്ല. ദൈവത്തിൽ യഥാർത്ഥമായി വിശ്വസിക്കുകയും, ആശ്രയിക്കുകയും സന്തോഷിക്കുകയും ചെയ്യുന്നതിലാണ് (3:17–19).

### (c) ദൈവദർശനം

ദൈവത്തോടുള്ള സംവാദത്തോടു കൂടി ആരംഭിച്ച് ദൈവസന്നിധിയിൽ നിന്നുള്ള ശരിയായ ദർശനത്തോടെ പ്രത്യാശ നിറഞ്ഞ ചിന്തയിൽ പ്രവാചകൻ അവസാനിപ്പിക്കുന്നു. ദൈവം നീതിമാനാണ്. നീതികേടിനെ ശിക്ഷിക്കുന്നവനും, നീതിക്കു തക്ക ഫലം കൊടുക്കുന്നവനുമാണ്. ദൈവത്തിൽ വിശ്വസിച്ച് നീതി പ്രവർത്തിക്കുന്നവർക്ക് അഭൗതിക സന്തോഷവും നിത്യജീവനും കൊടുക്കുന്ന ദൈവത്തെയാണ് പ്രവാചകൻ ദർശിച്ചത്.

### (d) ഹബക്കുക്കിൽ നിന്ന് പൗലോസും, യാക്കോബും

ഹബക്കുക്ക് പ്രവാചകൻ പൗലോസിനെ ആകർഷിച്ചിരുന്നതായി കാണാം. 'വിശ്വാസത്താലുള്ള നീതീകരണം' എന്ന സിദ്ധാന്തത്തിന് ആധാരമായി പൗലോസ്, ഹബക്കുക്കിനെ ഉദ്ധരിക്കുന്നു (റോമ. 4:3; 5:1; ഹബ. 2:4). നീതിമാനാണ് വിശ്വാസത്താൽ ജീവിക്കുന്നത് എന്ന് പ്രവാചകൻ പറയുമ്പോൾ, വിശ്വാസം മൂലമാണ് ഒരുവൻ ദൈവത്തോട് അനുരഞ്ജനപ്പെടുന്നത് (നീതീകരിക്കപ്പെടുന്നത്) എന്ന് പൗലോസ് വാദിക്കുന്നു. വിശ്വാസം നീതിപ്രവർത്തികളിലൂടെയാണു തെളിയിക്കേണ്ടത് എന്ന് യാക്കോബു ശ്ലീഹാ സമർത്ഥിക്കുന്നു (യാക്കോ. 2:17, 20). വിശ്വാസവും നീതിയും തമ്മിലുള്ള ബന്ധം ഇവിടെയെല്ലാം അല്പസ്വല്പം വ്യത്യാസങ്ങളിൽകൂടിയെങ്കിലും പ്രകടമാക്കിയിട്ടുള്ളതു കാണാം.

## 2. സെഫന്യാവ് പ്രവാചകൻ

### (a) പശ്ചാത്തലം

ബി. സി. ഏഴാം ശതകത്തിന്റെ മധ്യഘട്ടത്തിൽ അശൂർ രാജ്യം ശക്തി പ്രാപിച്ചു. യഹൂദാ രാജാവായ മനശ്ശെ (687–642) അശൂരുമായി സഖ്യതയിലായി. സങ്കരവിശ്വാസം ജനങ്ങളിൽ വർധിച്ചു. ബഹുദൈവങ്ങളിൽ ഒന്നു മാത്രമായി യഹോവയെയും കണ്ടു. ദേശത്തു മത്സരവും മലിനതയും പീഡനവും വർധിച്ചു (3:1). ജനങ്ങളും, പുരോഹിതന്മാരും, പ്രവാചകന്മാരും

വിശ്വാസപാതകം ചെയ്തു; അശുദ്ധരായിത്തീർന്നു. ഈ പശ്ചാത്തലത്തി ലാണ് പ്രവാചകന്റെ ശബ്ദം ഉയരുന്നത്.

### (b) പ്രവാചകനും സന്ദേശവും

യഹൂദ്യനായിരുന്ന പ്രവാചകൻ യഹൂദ രാജാവായ യോശീയാവിന്റെ കാലത്താണ് (ബി. സി. 640–609) ജീവിച്ചത്. ഇദ്ദേഹം രാജവംശജനായി രുന്നു എന്നും (1:1) യിരെമ്യാവിന്റെ സമകാലികൻ ആയിരുന്നു എന്നും കരുതുന്നു. യോശിയാ രാജാവിന്റെ മതപരിഷ്കരണം ബി. സി. 622-ൽ നടന്നതിനു മുമ്പുള്ള പശ്ചാത്തലത്തിലാണ് പ്രവാചകദൗത്യം നിറവേറ്റി യത്. യോശീയാവിന്റെ പരിഷ്കരണത്തിനുള്ള പ്രചോദനം പ്രധാനമായും പ്രവാചകസന്ദേശത്തിൽ നിന്നുണ്ടായി എന്ന് ചിന്തിക്കുന്നതിൽ തെറ്റില്ല. 'യഹോവ സംരക്ഷിക്കുന്നു' എന്നാണ് സെഫന്യാവിന്റെ അർത്ഥം.

ആമോസ്, യെശയ്യാ എന്നിവരുടെ സ്വാധീനം സെഫന്യാവിൽ കാണുന്നുണ്ട്. അവരുടെ സന്ദേശത്തിനു കൂടുതൽ ചൈതന്യം പകർന്നു കൊണ്ട് അവതരിപ്പിച്ചു. ദേശത്തിലെ സാമൂഹ്യനീതിക്കെതിരെ ശബ്ദമു യർത്തി (3:1–5). വിഗ്രഹാരാധനയ്ക്കും (1:4–6) വിദേശനയത്തിനും (1:8) മത്സരത്തിനും, വഷളത്തത്തിനും, മർദ്ദനത്തിനും (3:1) എതിരായുള്ള ദൈവ ശിക്ഷയെ അറിയിച്ചു. രക്ഷക്കായി മനംതിരിയാനുള്ള ആഹ്വാനവും കൊടുത്തു (2:3). യെരുശലേമിനെ പ്രത്യേകം ഓർത്തുകൊണ്ട് സർവലോക ത്തോടും ഉള്ളതായിരുന്നു ശിക്ഷയുടേയും രക്ഷയുടേതുമായ തന്റെ സന്ദേശം.

'യഹോവയുടെ ദിവസം' (1:7, 14) സമീപിച്ചിരിക്കുന്നു എന്ന ദൂതാണ് പ്രവാചകൻ ആദ്യം അറിയിച്ചത്. യഹോവയുടെ ദിവസം ദുഷ്ടത പ്രവർത്തിക്കുന്നവർക്ക് ശിക്ഷയുടേയും (1:14–16) ദൈവഭക്തിയും, നീതിയും, ന്യായവും, സൗമ്യതയും ഉള്ളവർക്ക് രക്ഷയുടേയും ദിനമായി രിക്കും. പ്രധാനമായും യഹോവയുടെ ദിവസം കൊണ്ട് പ്രവാചകൻ വിവ ക്ഷിച്ചത് യെഹൂദയ്ക്കും യെരുശലേമിനും നേരെയുള്ള ദൈവശിക്ഷ എന്നാണ്. എന്നാൽ യഹോവയുടെ ദിവസം സ്വദേശിയരെയും വിദേശി യരേയും ഒരുപോലെ സന്ദർശിക്കും. തിന്മ പ്രവർത്തിക്കുന്ന ഏവർക്കും ആ ദിവസം കഠിനതരമായിരിക്കും. ദൈവസന്നിധിയിൽ വിനയപ്പെടുന്ന വർക്കു മാത്രമേ അത് പ്രത്യാശാ ദിനമായിരിക്കുകയുള്ളു. യഹോവയുടെ ദിവസത്തിനു യുഗാന്ത്യകാല ചിന്തയും പ്രവാചകൻ കൊടുക്കുന്നുണ്ട്. യഹോവയുടെ ദിവസത്തെ സന്തോഷദിനമായും ഉത്സവദിനമായും കാണുന്നു. യഹോവയുടെ ദിവസത്തിലെ കർതൃയാഗത്തെപ്പറ്റിയുള്ള ദൂത് ഈ പ്രവചനത്തിലാണ് കാണുന്നത് (1:7, 8). ഈ യാഗസദ്യയിൽ പങ്കു ചേരുന്നവർ അതിനു യോജിച്ച വസ്ത്രം ധരിക്കണം. ഇത് വിശുദ്ധിയുടെ

വസ്ത്രമായി ചിന്തിക്കുന്നു. ജീവിതവിശുദ്ധിയും, നീതിപ്രവർത്തനങ്ങളും, ദൈവത്തോടുള്ള വിശ്വസ്തതയുമാണ് ഈ യാഗസദ്യയിൽ പങ്കുചേരുന്നതിനുള്ള യോഗ്യതകൾ. ഈ കർതൃയാഗമാണ് യേശുക്രിസ്തു കാൽവറിയിൽ നിറവേറ്റിയത് (മർക്കോ. 10:45, 1 കൊരി. 11:23 മുതൽ).

അനുതപിച്ചു മനംതിരിയുവാനുള്ളതായിരുന്നു മറ്റൊരു ദൂത്. ഈ മാനസാന്തര ദൂത് പ്രഭുക്കന്മാർക്കും, ന്യായം മറിച്ചു കളഞ്ഞ ന്യായാധിപന്മാർക്കും വഞ്ചനയോടും കപടതയോടും കൂടി പ്രവർത്തിച്ച പ്രവാചകന്മാർക്കും ആരാധനാജീവിതത്തെ അലക്ഷ്യമാക്കിയ പുരോഹിതന്മാർക്കും ദുഷ്ടത നിറഞ്ഞ സാധാരണക്കാർക്കും ഒരുപോലെ ബാധകമായിരുന്നു (3:1–4). മാനസാന്തര ദൂത് 8–ാം നൂറ്റാണ്ടിലെ പ്രവാചകന്മാരുടേതുപോലെ ശക്തിയേറിയതായിരുന്നു. അനുതപിക്കുന്നില്ലായെങ്കിൽ ന്യായവിധി സ്വജാതിയരുടെ മേലും വിജാതീയരുടെ മേലും വരും എന്നും ഓർമ്മിപ്പിച്ചു.

വിശ്വസ്തതയോടെ ജീവിക്കുന്ന ഒരു ശേഷിപ്പിനെക്കുറിച്ച് പ്രവാചകൻ പറയുന്നുണ്ട്. ഈ വിശ്വസ്ത ശേഷിപ്പിൽ ഓഹരിക്കാരാകുവാൻ താഴ്മയും, വിനയവും ദാരിദ്ര്യമനോഭാവവും ദൈവാശ്രയവും ഉള്ളവരായിരിപ്പാനും, നീതികേടിൽ നിന്നും, ഭോഷ്കിൽ നിന്നും അകലുവാനും പ്രവാചകൻ ആവശ്യപ്പെട്ടു (3:12–13). രക്ഷയുടെ ഒരു സദ്വാർത്താദൂതോടു കൂടിയാണ് പ്രവചനം അവസാനിക്കുന്നത്. ഭാവിയെപ്പറ്റിയുള്ള പ്രത്യാശയാണ് അവസാനം പ്രവാചകനിൽ കാണുന്നത് (3:16–20).

### (c) ദൈവദർശനം

തിന്മയെ വെറുക്കുകയും നശിപ്പിക്കുകയും അനുതപിച്ചു മനംതിരിയുന്നവരെ രക്ഷിക്കുകയും ചെയ്യുന്ന ദൈവത്തെയാണ് പ്രവാചകൻ ദർശിക്കുന്നത്. ജനങ്ങളിൽ നിന്ന് വിശ്വസ്തതയും വിശുദ്ധിയും ആഗ്രഹിക്കുന്നവനാണ് ദൈവം. ദൈവസ്വഭാവം തന്റെ ജനങ്ങളിൽ പ്രതിഫലിച്ചു കാണുവാൻ ദൈവം ആഗ്രഹിക്കുന്നു.

### ചോദ്യങ്ങൾ

1. ഹബക്കുക് പ്രവാചകന്റെ പ്രധാന സന്ദേശങ്ങൾ എന്ത്? പുതിയ നിയമ ചിന്തയുമായുള്ള ബന്ധം എന്ത്?

2. സെഫന്യാവിന്റെ ദൂത്എന്ത്? യഹോവയുടെ ദിവസത്തെ എങ്ങനെ മനസ്സിലാക്കിയിരിക്കുന്നു?

## പാഠം 5

# യിരെമ്യാവ്

❑ പശ്ചാത്തലം ❑ പ്രവാചകനും സന്ദേശവും ❑ ദൈവദർശനം

ബി. സി. 7- ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും 6 -ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലും യെരുശലേമിൽ ജീവിച്ചിരുന്ന യിരെമ്യാ പ്രവാചകനെ സംബന്ധിച്ചാണ് ഇതിൽ വിവരിക്കുന്നത്.

### പശ്ചാത്തലം

യഹൂദാ രാജാവായ യോശിയാവിന്റെയും അവന്റെ മക്കളായ യെഹോയാക്കീമിന്റെയും സിദെക്കിയാവിന്റെയും കാലത്താണ് യിരെമ്യാവു തന്റെ ദൂതറിയിച്ചത് (1:2-3). തന്റെ പ്രവർത്തനം പ്രവാസത്തിന്റെയും യെരുശലേമിന്റെ വീഴ്ചയുടെയും നാൾ വരെ നീണ്ടുനിന്നു. യഹൂദയുടെ നാശത്തിന്റെ നാളിൽ ശിക്ഷയുടെയും രക്ഷയുടെയും ദൂതിനെ അറിയിക്കുവാനായി ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവനത്രെ ഇദ്ദേഹം.

അശ്ശൂർ സാമ്രാജ്യം ക്ഷയിച്ചുകൊണ്ടിരുന്ന ആ കാലത്ത് ബാബിലോൺ ശക്തിപ്രാപിച്ചുകൊണ്ടിരുന്നു. ബാബിലോണിന്റെ ഉയർച്ചയുടെയും യഹൂദയുടെ നാശത്തിന്റെയും പശ്ചാത്തലത്തിലാണ് പ്രവാചകൻ ദൂതറിയിച്ചത്. മതപരവും സാമൂഹ്യവുമായ പശ്ചാത്തലം വളരെ അധഃപതിച്ചതായിരുന്നു. യഹോവാവാദിയായ യോശിയാവിന്റെ ഭരണകാലത്ത് മതത്തേയും ആരാധനയേയും പരിഷ്കരിച്ചു. യെരുശലേമിനെ ഏക ആരാധനാകേന്ദ്രമാക്കി. പെസഹാപെരുന്നാൾ പ്രത്യേകം ആഘോഷിച്ചു. ഉടമ്പടിബന്ധം പുതുക്കി. എങ്കിലും പരിവർത്തനം കേവലം ബാഹ്യവും ഉപരിപ്ലവവും ആയിരുന്നു. മനെശ്ശെയുടെ ദുർഭരണം മൂലം വർദ്ധിച്ചുവന്ന വിഗ്രഹാരാധനയും ധാർമികാധഃപതനവും (7; 22:13) മാറ്റി യെഹൂദയെ പൂർണമായും ഒരു ദൈവാധിപത്യ രാഷ്ട്രമാക്കാനുള്ള പരിശ്രമം പരാജയപ്പെട്ടു. പരിഷ്കരണത്തിലൂടെ യഥാർത്ഥമായ ഹൃദയപരിവർത്തനം ഉണ്ടായില്ല. സത്യവിശ്വാസികളെ പീഡിപ്പിച്ചു. അന്യദേവന്മാർ ദേവാലയത്തിൽ സ്ഥാനം പിടിച്ചു (7:30). നീതിയും ന്യായവും നഷ്ടപ്പെട്ടു (22:13-14). വിശ്വസ്തത ഇല്ലാതായി (5:1). ദ്രവ്യാഗ്രഹം വർദ്ധിച്ചു (6:13). ഈ പശ്ചാത്തലത്തിലാണ് പ്രവാചകന്റെ പ്രവർത്തനത്തെ മനസ്സിലാക്കേണ്ടത്.

### പ്രവാചകനും സന്ദേശവും

മറ്റേതൊരു പ്രവാചകനേക്കാളും കൂടുതലായി പുസ്തകത്തിൽ നിന്നും എഴുത്തുകാരനെപ്പറ്റി മനസ്സിലാക്കാൻ സാധിക്കും. ബി. സി. 647 മുതൽ 587 വരെയുള്ള കാലമെന്നു കരുതുന്നു. പ്രവചനഘട്ടം 627/26 നും 587/6

നും ഇടയിലാണ്. യെശയ്യാവിനെപ്പോലെ ഇദ്ദേഹവും രാഷ്ട്രീയ കാര്യങ്ങളിൽ ഇടപെട്ട് ദൈവഹിതം വെളിപ്പെടുത്തി. ബന്യാമീൻ വംശജനായ ഇദ്ദേഹം യെരുശലേമിനടുത്ത് അനാഥോത്തു എന്ന പട്ടണത്തിൽ ഹിൽക്കിയാ പുരോഹിതന്റെ മകനായി ജനിച്ചു (1:1). തന്റെ ശിഷ്യനായ ബാരുക്കിനാൽ എഴുതപ്പെട്ടു എന്നു കരുതുന്ന ജീവചരിത്രത്തിൽ നിന്നും (36:4) അദ്ദേഹത്തിന്റെ ആത്മകഥനത്തിൽ നിന്നും തന്റെ വ്യക്തിത്വത്തെക്കുറിച്ചു മനസ്സിലാക്കുവാൻ കഴിയും. പ്രവാചകന്മാരും പുരോഹിതന്മാരും വ്യാജം പ്രവർത്തിച്ചപ്പോൾ യിരെമ്യാവ് യഹോവയിൽ നിന്നുള്ള സത്യദൂതിനെ അറിയിച്ചു. അവർക്കെതിരെ ദൈവദൂതിനെ അറിയിച്ചപ്പോൾ അവർ തനിക്കെതിരായി തീർന്നു (26:8). പശ്ഹൂർ പുരോഹിതൻ തന്നെ അടിച്ചു തടവിലാക്കി (20:1–2; 37:14–16) താൻ പരിഹാസവിഷയമായിത്തീർന്നു (20:7–8). വളരെ കഷ്ടപ്പെട്ടു (20:18). ഇതിലെല്ലാം യഹോവയ്ക്കു വേണ്ടി പ്രവാചകൻ നിലകൊണ്ടിരുന്നു. അദ്ദേഹം ശിക്ഷയുടെയും വീണ്ടെടുപ്പിന്റെയും ദൂതിനെ അറിയിച്ചു (30:11). ദൈവത്തിനായി ജീവിച്ചു മരിച്ചു. 'ദൈവം ഉയർത്തട്ടെ' എന്നുള്ളതാണ് യിരമ്യാവ് എന്ന പദത്തിന്റെ അർത്ഥം.

ബാബിലോൺ രാജാവായ നെബുഖദ്നേസർ ബി. സി. 605 –ൽ കർക്കമേശിൽ വച്ച് സിറിയൻ – ഈജിപ്റ്റു കൂട്ടുകെട്ടിനെ പരാജയപ്പെടുത്തി. യെഹോയാക്കീം നെബുഖദ്നേസറിന്റെ ശക്തിയെ മനസ്സിലാക്കി ആദ്യം കൂറു പ്രഖ്യാപിച്ചു എങ്കിലും പിന്നീട് ഈജിപ്റ്റുമായുള്ള സഖ്യതയിൽ ബാബിലോണിനോട് എതിർത്തു. തൽഫലമായി ബി. സി. 598 –ൽ നെബുഖദ്നേസർ യഹൂദയെ ആക്രമിച്ചു. 597 –ൽ യെഹോയാക്കിം മരിച്ചു; യഹൂദാ ബാബിലോണിനു കീഴടങ്ങി. നെബുഖദ്നേസർ സിദെക്കിയാവിനെ ഭരണചുമതല ഏല്പിച്ചു കപ്പം സ്വീകരിച്ചുവന്നു. സിദെക്കിയാവ് ഈജിപ്റ്റുമായി സഖ്യത്തിലായി. ബാബിലോണിനെ എതിർക്കാൻ ശ്രമിച്ചപ്പോൾ നെബുഖദ്നേസർ വീണ്ടും യഹൂദയെ ആക്രമിച്ചു. ബി. സി. 587 –ൽ യെരുശലേം പട്ടണവും ദേവാലയവും ചുട്ടുനശിപ്പിച്ചു. രാജാവിനെയും അനേക പ്രജകളെയും വധിച്ചു (2 രാജാ. 25:1–7, യിരെ. 40:7–41:18). യിരെമ്യാവിനോടു കരുണാപൂർവം പെരുമാറി (39:11–14). ബാബിലോണിലേക്കു ക്ഷണിച്ചു എങ്കിലും അദ്ദേഹം യെരുശലേമിൽ ശേഷിച്ച ജനങ്ങളോടൊത്തു വസിക്കാൻ ആഗ്രഹിച്ചു (40:4–6). യെഹൂദയെ ഒരു പ്രവിശ്യയാക്കി ഗെദല്യാവിനെ ഗവർണറാക്കി. ചില യഹൂദർ ഗെദല്യാവിനെ വധിച്ചു (41:2). അതിൽ ഭയപ്പെട്ട് ഈജിപ്റ്റിലേക്ക് ഓടിപ്പോയവർ യിരെമ്യാവിനെയും ബലാല്ക്കാരം ചെയ്തു കൂടെ കൊണ്ടുപോകയും (43:6–7) അവിടെ വച്ചു കല്ലെറിയിച്ചു കൊല്ലുകയും ചെയ്തു എന്നാണ് പാരമ്പര്യം.

ബി. സി. 590 –ൽ സിദെക്കിയാ രാജാവിന്റെ കാലത്തുള്ള ഓട്ടുകഷണ

ങ്ങളിലുള്ള ലാഖീശ് ലിഖിതങ്ങളിൽ നിന്നും (യഹൂദാ പട്ടാളക്കാർ തമ്മിലുള്ള കത്തിടപാടുകൾ) യിരെമ്യാവിന്റെ കാലത്തുള്ള ചില വിവരങ്ങൾ അറിയാൻ സാധിച്ചിട്ടുണ്ട്.

## പ്രവാചകവിളിയും പ്രചോദനവും

മറ്റു പ്രവാചകന്മാരെപ്പോലെ തന്റെ വിളിയെപ്പറ്റിയും ദൈവനിയോഗത്തെപ്പറ്റിയും ഉത്തമബോദ്ധ്യം യിരെമ്യാവിന് ഉണ്ടായിരുന്നു. (1) ശമുവേലിനെപ്പോലെ മാതാവിന്റെ ഉദരത്തിൽ വച്ചു തന്നെ പ്രവാചകവൃത്തിക്കായി ദൈവത്താൽ വേർതിരിക്കപ്പെട്ടവനായിരുന്നു (1:5). മോശയെപ്പോലെ താനും ബലഹീനതകളെ ഉയർത്തിപ്പിടിച്ച് ദൗത്യത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ ശ്രമിച്ചുവെങ്കിലും (1:6) ദൈവനിയോഗത്തിനു സ്വയം കീഴ്പ്പെട്ടു (1:7–10). യഹോവയുടെ അരുളപ്പാടും ദർശനവും തനിക്ക് ലഭിച്ചു (1:11–17). തന്റെ സന്ദേശം സർവദേശത്തിനും യഹൂദാ രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും പുരോഹിതന്മാർക്കും എല്ലാ ജനങ്ങൾക്കും വേണ്ടിയുള്ളതായിരുന്നു (1:18–19).

പൂർവ പ്രവാചകന്മാരുടെ ജീവിതവും സന്ദേശവും തനിക്കു പ്രചോദനം പകർന്നുകൊടുത്തു. മോശയും ശമുവേലും തന്നെ വളരെ സ്വാധീനിച്ചു (15:1). അതുപോലെ 8–ാം നൂറ്റാണ്ടിലെ പ്രവാചകന്മാരും ആമോസിന്റെയും മീഖായുടെയും മതബോധവും നീതിബോധവും (6:19–20) ഹോശേയായിലെ ദൈവസ്നേഹവും കരുണയും (2:2; ഹോശേ. 2:14, 15) യെശയ്യാവിലെ വിശുദ്ധിയും ദൈവത്തോടുള്ള വിശ്വസ്തതയും (1:16) യിരമ്യാവിന്റെ ജീവിതത്തിനും സന്ദേശത്തിനും പ്രചോദനം പകർന്നു. മരണത്തോളം സഹിച്ചുനിന്ന് പ്രവാചകദൗത്യം നിറവേറ്റിയ പ്രവാചകനെ യഹോവയുടെ കഷ്ടപ്പെടുന്ന ദാസനായും (രണ്ടാം യെശയ്യാ) മശിഹായുടെ പ്രതീകമായും ചിന്തിക്കുന്നു. ക്രിസ്തുവിനെപ്പോലെ ഉപമകളിലൂടെ സംസാരിച്ച (13:1–11; 18:1–3; 19:1–27:2) പ്രവാചകന്റെ ജീവിതം തന്നെ ഒരു ഉപമയായി തോന്നും. ക്രിസ്തു മനോവ്യഥയനുഭവിച്ചതുപോലെ (യോഹ. 12:27) യിരെമ്യാവും മനോവേദന അനുഭവിച്ചു (20:14–18). ക്രിസ്തുവിനോടു ചെയ്തതുപോലെ പുരോഹിതവർഗ്ഗം തന്നെ എതിർക്കുകയും പരിഹസിക്കുകയും തടവിലാക്കുകയും സ്വജനങ്ങൾ വധശ്രമം നടത്തുകയും (26:8; 38:4) ചെളിക്കുഴിയിൽ ഇറക്കുകയും ചെയ്തു (38:6). ക്രിസ്തുവിന്റെ സഹനത്തിന്റെ മുൻകുറി യിരെമ്യാ പ്രവാചകനിൽ കാണുന്നുണ്ട്.

### സന്ദേശം

പ്രവാചകൻ യിസ്രായേലിന്റെ ആദ്യകാലഭക്തിയെയും സ്നേഹത്തെയും ഓർമ്മിപ്പിക്കുന്നു (2:2–3). അതിൽനിന്ന് അകന്നു യഹോവയോട് അവിശ്വസ്തതയും അന്യദേവന്മാരോടു ഭക്തിയും, ദൈവബലത്തിൽ

ആശ്രയിക്കുന്നതിനു പകരം രാഷ്ട്രീയ ശക്തിയിൽ ആശ്രയിക്കുകയും ധാർമികപ്രമാണങ്ങൾ വിട്ടകലുകയും ചെയ്ത നേതാക്കന്മാരോടും ജനങ്ങളോടും ദൈവത്തിന്റെ ശിക്ഷയെ അറിയിച്ചു. യഹോവയോടു വിശ്വസ്തത പുലർത്തുന്നവരോടു രക്ഷയെക്കുറിച്ചും അറിയിച്ചു. ഇവയാണ് പ്രവാചകസന്ദേശത്തിലെ പ്രസക്തഭാഗങ്ങൾ (1:10).

### അടിമത്തം

ദൈവത്തോടുള്ള ആദ്യകാല ഭക്തിയും സ്നേഹവും (2:2) വിട്ടകന്ന് ഉടമ്പടി ലംഘനവും (2:7–8) അവിശ്വസ്തതയും വിശ്വാസപാതകവും (3:6 –10) അന്യായവും (8:7) ചെയ്തതുമൂലം ദേശം നശിക്കുമെന്നും നിവാസികൾ അടിമത്തത്തിലേക്കു പോകുമെന്നും അറിയിച്ചു (2:14–15; 16:11–13; 17:4; 20:5–6; 22:10). ചണത്തിന്റെയും (18) ഉടഞ്ഞപാത്രത്തിന്റെയും (18) നുകത്തിന്റെയും (27) ഉദാഹരണങ്ങളിലൂടെയാണ് ശിക്ഷയെപ്പറ്റി പ്രഖ്യാപിച്ചത്. യഹോവയിലേക്കു മടങ്ങിവരുന്നവർക്കു കരുണയുടെയും സ്നേഹത്തിന്റെയും രക്ഷയുടെയും ദൂതിനെ കൊടുത്തുകൊണ്ട് അനുതപിക്കുവാൻ ആഹ്വാനം ചെയ്തു (8:12; 4:1; 14:18; 11:26:13; 31:21).

### വീണ്ടെടുപ്പ്

അടിമത്തം ദൈവേഷ്ടപ്രകാരം ആയതിനാൽ ഉടനെ തിരികെവരുവാൻ ഉത്സാഹിക്കേണ്ട എന്നും എഴുപതുവർഷം പ്രവാസം നീണ്ടുനില്ക്കുമെന്നും എഴുതി അറിയിച്ചു. പ്രവാസത്തിൽ താമസിച്ച് ഭവനങ്ങൾ പണിതു കുടുംബജീവിതം നയിച്ച് ദേശത്തിന്റെ നന്മ അന്വേഷിച്ചും ദൈവത്തെ അറിഞ്ഞും ജീവിക്കുവാൻ ആവശ്യപ്പെട്ടു. അതിനുശേഷം വീണ്ടെടുപ്പ് ഉണ്ടാകും എന്നു വെളിപ്പെടുത്തി (29:1–14). ദൈവം കരുണയുള്ളവനാകയാൽ പ്രവാസത്തിലുള്ളവർക്കു ദൈവത്തെ അന്വേഷിപ്പാൻ അവസരം ലഭിക്കും. അപ്പോൾ അവരുടെ പ്രാർത്ഥന കേൾക്കുകയും അവരെ തിരികെ സ്വന്തദേശത്തു പാർപ്പിക്കുകയും ചെയ്യും (29:12–14; 30:3). വീണ്ടെടുപ്പിന്റെ നാളുകളിൽ അവർക്കു നല്ല ഇടയനെപ്പോലെ ദൈവത്തിൽ നിന്നു സ്നേഹവും, കരുണയും, കരുതലും സന്തോഷവും ലഭിക്കും (31:3–14).

### പുതിയ ഉടമ്പടി

യഹോവയായ ദൈവം പിതാക്കന്മാരോടു ചെയ്ത ഉടമ്പടി ഓർമ്മിപ്പിച്ചുകൊണ്ട് അതു പാലിക്കുവാനും ദൈവവും ജനങ്ങളും തമ്മിലുള്ള ബന്ധം നിലനിർത്തി ദൈവവാഗ്ദത്ത നിവർത്തിക്കായി കാത്തിരിക്കുവാനും ആവശ്യപ്പെട്ടു (11:4). ദൈവം വീണ്ടെടുക്കുന്ന സമൂഹത്തോട് ഒരു പുതിയ ഉടമ്പടി ചെയ്യും. മോശയുടെ കാലത്ത് കല്പലകയിൽ എഴുതിയ നിയമവും കല്പനയും പോലെയല്ല, പ്രത്യുത പുതിയനിയമം

എഴുതുന്നത് മനുഷ്യഹൃദയത്തിലാണ് (31:31-34). മനുഷ്യഹൃദയമാണ് നന്മയുടെയും തിന്മയുടെയും ഉറവിടം എന്ന് യിരെമ്യാവ് വിശ്വസിച്ചു. ദൈവത്തിൽ നിന്ന് അകലുന്നവരുടെ ഹൃദയത്തിൽ തിന്മയും (5:23; 17:1, 9; 23:17) ദൈവത്തോട് അടുക്കുന്നവരുടെ ഹൃദയത്തിൽ നന്മയും ഉണ്ടാകും. ദൈവവുമായി വ്യക്തിപരമായ ബന്ധം ഉള്ളവർ ഭാഗ്യവാന്മാരാകും. പുതിയ ഹൃദയം പുതിയ സൃഷ്ടിയെ കുറിക്കുന്നു. ക്രിസ്തുവിലുള്ള പുതിയ സൃഷ്ടിയുടെയും പുതിയ ഉടമ്പടിയുടെയും മുൻകുറിയായി ഇതിനെ കാണാവുന്നതാണ്.

### ദൈവബന്ധം

പുതിയ ഉടമ്പടിയിലൂടെ ദൈവവുമായുള്ള സജീവബന്ധത്തെക്കുറിച്ച് പ്രവാചകൻ ഊന്നിപ്പറഞ്ഞു. കാരണം മനുഷ്യന്റെ നന്മയിൽ സൃഷ്ടി രക്ഷപെടുകയും മനുഷ്യന്റെ തിന്മയിൽ സൃഷ്ടി നശിക്കുകയും ചെയ്യും (12:4). ദൈവവുമായുള്ള ബന്ധത്തിലൂടെ മനുഷ്യൻ നല്ലവനാവുകയും നന്മ ചെയ്യുകയും വേണം. നന്മ ചെയ്യുന്നവന് നന്മയും, തിന്മ ചെയ്യുന്നവന് തിന്മയും ഫലം ലഭിക്കും (17:10). ദൈവവുമായുള്ള ബന്ധത്തിലൂടെ നല്ല മനസ്സിന്റെ ഉടമയായിരുന്ന പ്രവാചകൻ തിന്മ മൂലം ശൂന്യമായിത്തീർന്ന ദേശത്തെപ്പറ്റി കരയുന്നതാണ് 'വിലാപങ്ങൾ.'

### ആരാധന

മനുഷ്യനും ദൈവവുമായുള്ള ബന്ധം ആരാധനാജീവിതത്തിലൂടെയാണ് പ്രകടമാകുന്നത്. നീതി വിട്ടൊഴിഞ്ഞ ജീവിതവും ശരിയായ ആരാധനയും തമ്മിൽ പൊരുത്തപ്പെടുകയില്ല (6:19-20). ജീവന്റെ ഉറവിടമായ ദൈവത്തോടുള്ള സജീവബന്ധവും ആ ബന്ധത്തിൽ നിന്ന് ഉടലെടുക്കുന്ന നീതിന്യായ പ്രമാണങ്ങളുടെ ആചരണവുമാണ് ആരാധനയുടെയും മതപാരമ്പര്യങ്ങളുടെയും സത്ത എന്നു പ്രവാചകൻ ഉദ്ബോധിപ്പിച്ചു (2:13; 22:3-4). ദൈവവും മനുഷ്യനുമായുള്ള വ്യക്തിപരമായ ബന്ധത്തെ ചിത്രീകരിച്ച ഒന്നാമത്തെ പ്രവാചകനാണ് യിരെമ്യാവ്.

### പ്രത്യാശ

യിരെമ്യാവ് നാശത്തിന്റെ ദൂതിനെ മാത്രമല്ല രക്ഷയുടെയും പ്രത്യാശയുടെയും ദൂതിനെയും കൊടുത്തു (29:4-14). മശിഹായെക്കുറിച്ചുള്ള പ്രവചനവും (23:6) പ്രത്യാശാജനകമായിരുന്നു. പ്രവാചകന്റെ ജീവിതം തന്നെ പ്രത്യാശ നിറഞ്ഞതായിരുന്നു. തന്മൂലമാണ് വളരെയേറെ കഷ്ടതകളിൽകൂടി കടക്കുവാനുള്ള സഹനശക്തി പ്രവാചകനു ലഭിച്ചത്.

ദൈവനീതി പ്രവാചകന്റെ ഉള്ളിൽ പൊന്തിവന്ന ഒരു പ്രശ്നമാണ്. ദുഷ്ടന്റെ വളർച്ചയും നീതിമാന്റെ കഷ്ടതയും (12:1) പ്രത്യക്ഷത്തിൽ

ഉത്തരം കൊടുത്തിട്ടില്ലെങ്കിലും പ്രവചനത്തിൽ നിന്നും പൊതുവേ ഉത്തരം മനസ്സിലാക്കാവുന്നതാണ്. ആത്യന്തികമായി ദൈവനീതി നടപ്പാകും. തിന്മയ്ക്ക് ആത്യന്തികമായി ശിക്ഷയും നന്മയ്ക്കു രക്ഷയും ഉണ്ടാകും. ദുഷ്ടന്റെ വളർച്ചയും നീതിമാന്റെ കഷ്ടതയും താല്ക്കാലിക പ്രതിഭാസങ്ങൾ മാത്രമാണ്. ഇതിൽ പതറാതെ ദൈവനീതിക്കായി കാത്തിരിക്കുകയാണാവശ്യം. പ്രവാസത്തെ തന്നെ രക്ഷയ്ക്കായി ദൈവം നൽകിയ ശിക്ഷയായിക്കാണുവാൻ പ്രവാചകൻ പ്രേരിപ്പിക്കുന്നു.

### ദൈവവചനം

പ്രവാചകന്റെ സന്ദേശത്തിന്റെ ശക്തി ദൈവവചനത്തെ സംബന്ധിച്ചുള്ള ബോദ്ധ്യം മൂലമാണ്. ദൈവവചനത്തിൽ സന്തോഷിക്കുവാനും ആനന്ദിക്കുവാനും സാധിക്കണം എന്നുള്ള ചിന്ത പ്രവാചകനുണ്ടായിരുന്നു. കാരണം ദൈവവചനം ശക്തിയുള്ളതാണ് (15:16–17). ഭയം കൂടാതെ വചനം ഘോഷിപ്പാൻ (1:4) പ്രവാചകനു സാധിച്ചു.

### ശേഷിപ്പ്

ജനത്തിലെ വിശ്വസ്തശേഷിപ്പിനെക്കുറിച്ചുള്ള ചിന്തയും പ്രവാചകനിൽ ഉണ്ട്. ദൈവദാസനെ സേവിക്കുന്നവരും (27:11) എളിയവരും ദരിദ്രരും (39:10) വിശ്വസ്തരുമായവർ ശേഷിച്ച് ദേശം കൈവശമാക്കും. 'സ്വർഗരാജ്യം ദരിദ്രന്മാർക്കാണ്' എന്ന പുതിയനിയമ ആശയത്തിന് (ലൂക്കോ. 6:20; മത്താ. 5:3) യിരെമ്യാവ് 39:10 ന്റെ പശ്ചാത്തലമുണ്ട് എന്നു ചിന്തിക്കുന്നു. 'ജനത്തിൽ ഒന്നുമില്ലാത്ത എളിയവരെ അകമ്പടി നായകനായ നെബൂസർ – ആദാൻ യഹൂദാ ദേശത്തു പാർപ്പിച്ച് അവർക്ക് അന്നു മുന്തിരിത്തോട്ടങ്ങളും നിലങ്ങളും കൊടുത്തു.'

### 3. ദൈവദർശനം

യഹോവയായ ദൈവമാണ് സത്യേകദൈവം എന്നും ദൈവം സ്രഷ്ടാവും പരിപാലകനും (27:5) ആണെന്നു പ്രവാചകൻ പഠിപ്പിച്ചു. കുശവന്റെയും മണ്ണിന്റെയും ഉദാഹരണം എടുത്തുകാട്ടുന്നു (18:6). ദൈവം ആശ്രയിപ്പാൻ മതിയായവനും (17:7) മഹത്വവാനുമാണ്.

ദൈവം ചരിത്രത്തിൽ ഇടപെടുന്നവനും ചരിത്രത്തെ നിയന്ത്രിക്കുന്നവനുമാണ്. നെബുഖദ്നേസറിനെ 'ദൈവദാസനാ'യി തെരഞ്ഞെടുക്കുന്നതിൽ നിന്നുമാണ് ഇതു വ്യക്തമാക്കുന്നത് (27:6). പ്രവാസം ദൈവഹിതപ്രകാരം സംഭവിച്ചതാണ്. ചരിത്രത്തിൽ ഇടപെടുന്നതായി കാണുന്നു.

മനുഷ്യന്റെ ദൈനംദിന ജീവിതവുമായി സജീവവും ചലനാത്മകവും വ്യക്തിപരവുമായ ബന്ധം പുലർത്തുന്ന ഒരു ദൈവത്തെയാണ്

പ്രവാചകൻ ദർശിച്ചത്. അതുകൊണ്ട് ഹൃദയത്തിന്റെ പുതുക്കത്തെ സംബന്ധിച്ചും ഹൃദയത്തിലെഴുതുന്ന നിയമത്തെ സംബന്ധിച്ചും പ്രവാചകൻ പറഞ്ഞിരിക്കുന്നു.

ദൈവം നീതിമാനാണ്. ആകയാൽ ജനത്തിൽ നിന്നു നീതിയും നന്മയും ആവശ്യപ്പെടുന്നവനാണ്. നീതിമാനായ ദൈവം ഓരോരുത്തരുടെയും പ്രവർത്തിക്കു തക്ക ഫലം കൊടുക്കുന്നു (17:10; 32:19). ദൈവം മനുഷ്യനെ അളക്കുന്നതു ബാഹ്യമായ പ്രവർത്തനങ്ങളിലുപരിയായി ഹൃദയത്തെ പരിശോധിച്ചുകൊണ്ടാണ് (20:12).

ദൈവം സ്നേഹവാനും കരുണയുള്ളവനും പാപികളുടെ മനംതിരിവിനായി കാത്തിരിക്കുന്നവനുമാണ് (4:1; 32:19). എളിയവരെയും വിശ്വസ്തരെയും രക്ഷിക്കുന്നവനാണ് (20:13; 39:10). ഈവിധമായ ഉയർന്ന ദൈവദർശനം ജനങ്ങൾക്ക് കൊടുക്കയും താൻ അതിൽ ജീവിക്കുകയും ചെയ്തു.

**ചോദ്യങ്ങൾ**

1. യിരെമ്യാ പ്രവാചകന്റെ പശ്ചാത്തലം എന്ത്? താൻ സഹനത്തിന്റെ പ്രവാചകനാണ് എന്ന് സമർത്ഥിക്കുക?
2. യിരെമ്യാവിന്റെ പ്രധാന സന്ദേശങ്ങൾ ഏതെല്ലാം?
3. യിരെമ്യാവിന്റെ ദൈവദർശനം എന്തായിരുന്നു?

## പാഠം 6

# യെഹെസ്കേൽ

❑ പശ്ചാത്തലം ❑ പ്രവാചകനും സന്ദേശവും ❑ ദൈവദർശനം

ബി. സി. ആറാം നൂറ്റാണ്ടിൽ ബാബിലോൺ പ്രവാസകാലത്തു ജീവിച്ചു പ്രവാസികളുടെ ഇടയിൽ പ്രവർത്തിച്ച വ്യക്തിയാണ് യെഹെസ്കേൽ പ്രവാചകൻ.

### 1. പശ്ചാത്തലം

ബി. സി. 597 –ൽ നെബുഖദ്നേസർ യഹൂദയെ കീഴടക്കി രാജാവുൾപ്പെടെ പതിനായിരത്തോളം ജനങ്ങളെ അടിമകളാക്കി ബാബിലോണിലേക്കു കൊണ്ടുപോയി. അക്കൂട്ടത്തിൽ യെഹെസ്ക്കേലും ഉൾപ്പെട്ടി

രുന്നു (1:1). ബി. സി. 587 -ൽ വീണ്ടും ബാബിലോൺ യഹൂദയെ ആക്രമിച്ചു നശിപ്പിച്ചപ്പോൾ അടിമത്തം പൂർണമായി. പ്രവാസം എഴുപതു വർഷം നീണ്ടുനില്ക്കുമെന്നും അതിനു തയ്യാറായിക്കൊള്ളണമെന്നും യിരെമ്യാവ് ജനങ്ങളോടു ഉപദേശിച്ചിരുന്നു (യിരെ. 29:1–14). ബാബിലോണിൽ പ്രവാസികൾക്കു കുറെയൊക്കെ മതസ്വാതന്ത്ര്യം ലഭിച്ചിരുന്നു; യഹൂദ മൂപ്പന്മാർ യെഹെസ്കേലിന്റെ നേതൃത്വത്തിൽ യഹോവയെ ആരാധിച്ചിരുന്നു (8:1; 20:1).

ചില യഹൂദർ യെരുശലേമിന്റെ പതനത്തെ യഹോവയുടെ ബലഹീനതയും പരാജയവുമായി കരുതി. അവർ ബാബിലോണിലെ മതാനുഷ്ഠാനങ്ങളിലും സംസ്ക്കാരങ്ങളിലും ആകൃഷ്ഠരായി. ഒരുകൂട്ടം യഹൂദർ യഹോവയിൽ ഉറച്ചുനിന്നു കൊണ്ടു യെരുശലേമിൽ തിരിച്ചെത്തുവാനും യഹോവയ്ക്കു ബലിയർപ്പിക്കുവാനും തിടുക്കം കൂട്ടി. പ്രവാസകാലത്തു യെരുശലേമിൽ താമസിച്ചുകൊണ്ടിരുന്ന യഹൂദന്മാരാണു പ്രവാചകന്മാർ പറഞ്ഞിരുന്ന ജനത്തിലെ 'വിശ്വസ്ത ശേഷിപ്പ്' എന്ന ചിന്ത പ്രവാസത്തിലുള്ള യഹോവാപക്ഷക്കാരെ നിരാശപ്പെടുത്തി. യെരുശലേം നശിപ്പിക്കപ്പെടുകയില്ല എന്നു വിശ്വസിച്ച ഒരുകൂട്ടം യഹൂദന്മാരും ഉണ്ടായിരുന്നു. സ്വദേശത്തു നിന്നും, സ്വവിശ്വാസത്തിൽ നിന്നും അകന്ന് അന്യമതാനുഷ്ഠാനങ്ങളിൽ ഇഷ്ടപ്പെട്ടു വിഗ്രഹാരാധന നടത്തുകയും കള്ളപ്രവാചകന്മാരുടെ ഉപദേശങ്ങളിൽ വഴിതെറ്റി നടക്കുകയും ചെയ്ത പ്രവാസികളെ ധൈര്യപ്പെടുത്തി സത്യവിശ്വാസത്തിൽ തിരിച്ചുകൊണ്ടുവരേണ്ടത് അത്യാവശ്യമായിത്തീർന്നു. ഈ പശ്ചാത്തലത്തിലാണു യെഹെസ്കേൽ പ്രവാചകന്റെ ദൂതിനെ മനസ്സിലാക്കേണ്ടത്. നീണ്ട പ്രവാസത്തിനു ജനങ്ങളെ ഒരുക്കിക്കൊണ്ടു യഹോവയോടു വിശ്വസ്തത പുലർത്തുവാൻ പ്രവാചകൻ ഉത്സാഹിപ്പിച്ചു.

## 2. പ്രവാചകനും സന്ദേശവും

### പ്രവാചകൻ

യെഹെസ്കേൽ യിരെമ്യാവിന്റെ സമകാലീനനായിരുന്നു. സാദോക്കു പുരോഹിതന്റെ വംശത്തിൽ പെട്ട ബൂസിയയുടെ മകനായ യെഹെസ്കേൽ ഒരു പുരോഹിതനും പ്രവാചകനും ആയിരുന്നു. പ്രവാസിയായി ബാബിലോണിൽ താമസിക്കുമ്പോഴാണു തനിക്കു പ്രവാചകവിളി ഉണ്ടായത് (1:1–3). ഇദ്ദേഹത്തിനു പ്രവാസികളുടെയിടയിൽ വലിയ സ്ഥാനം ഉണ്ടായിരുന്നു (8:1; 14:1; 20:1). പുരോഹിതൻ, പ്രവാചകൻ (1:3), ഇടയൻ, കാവൽക്കാരൻ (3:17), തത്വചിന്തകൻ, ദൈവദർശകൻ എന്നീ നിലകളിലെല്ലാം അദ്ദേഹം ശോഭിച്ചു. ബി. സി. 593 – 571 വരെയുള്ള 22 വർഷമാണ് (1:1; 29:17) പ്രവചനകാലഘട്ടമായി കരുതുന്നത്. പുതിയ യഹൂദാ

മതത്തിന്റെ സംഘാടകനായി യെഹെസ്കേൽ അറിയപ്പെടുന്നു. ധാരാള മായി പുസ്തകത്തിൽ കാണുന്ന ദർശനങ്ങളും ഹർഷോന്മാദാനുഭവ ങ്ങളും, പ്രതീക പ്രവൃത്തികളും ആരാധനാവിവരണങ്ങളും തന്റെ അതുല്യ വ്യക്തിത്വത്തെ എടുത്തുകാണിക്കുന്നു. ദൈവത്തിന്റെ ബലം, ദൈവം ശക്തനാക്കട്ടെ എന്നീ അർത്ഥങ്ങളാണ് 'യെഹെസ്കേൽ' എന്ന പദത്തി നുള്ളത്.

### പുരോഹിതനും പ്രവാചകനും

പ്രവാചകന്മാർ അധികവും ആരാധനയേക്കാൾ അധികമായി നീതിക്കും ധർമ്മത്തിനും പ്രാധാന്യം കൊടുത്തുകൊണ്ടു പ്രവചിച്ചവരാണ്. അവർ മതാനുഷ്ഠാനങ്ങൾക്ക് എതിരല്ലായിരുന്നു. നീതി വിട്ടൊഴിഞ്ഞ ആരാധനാ ജീവിതത്തിന്റെ പൊള്ളത്തരത്തെയാണ് അവർ എതിർത്തതും, എടുത്തു കാണിച്ചതും. പുരോഹിതൻ കൂടിയായിരുന്ന യെഹെസ്കേൽ പ്രവാച കൻ പൗരോഹിത്യത്തിന്റെ ശ്രേഷ്ഠതയും ആരാധനയുടെ മഹത്വവും പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മറ്റു പ്രവാചകന്മാരിൽ നിന്നും വ്യത്യ സ്തമായി യെഹെസ്കേലിൽ കാണുന്നതു പൗരോഹിത്യ പാരമ്പര്യവും പ്രവാചകപാരമ്പര്യവും തന്റെ സന്ദേശത്തിൽ യോജിപ്പിക്കുന്നു എന്നുള്ള താണ്. പൗരോഹിത്യവിളിയെക്കുറിച്ചും പ്രവാചകനിയോഗത്തെക്കുറി ച്ചുമുള്ള തന്റെ പൂർണമായ ബോധവും ബോദ്ധ്യവുമാണ് ഇതിന് ഇടയാ ക്കിയത്. പുരോഹിതൻ ദൈവനിയോഗത്താൽ പ്രവാചകനായിത്തീർന്ന ചരിത്രമത്രെ യെഹെസ്കേലിൽ നാം കാണുന്നത്. വെളിപാടു സാഹിത്യ ത്തിന്റെ ആരംഭവും ഈ പ്രവാചകനിൽ നാം കാണുന്നു.

### സന്ദേശം

ആത്മവിശ്വാസം നശിച്ചു ബാബിലോണിൽ പ്രവാസത്തിൽ കഴിഞ്ഞ ജനങ്ങൾക്കു പ്രത്യാശ പകർന്നുകൊടുത്തുകൊണ്ടു നീതിപൂർവവും ദൈവ ത്തോടു വിശ്വസ്തത കാട്ടുന്നതുമായ ജീവിതത്തിനായി അവരെ ശക്തി പ്പെടുത്തുന്നതായിരുന്നു തന്റെ സന്ദേശങ്ങൾ. മത്സരിക്കുന്ന യിസ്രായേൽ ഗൃഹത്തോട് (17:12) നാശത്തെക്കുറിച്ചും മനംതിരിഞ്ഞ് (18:32) അനുസ രിക്കുന്നവരോടു രക്ഷയുടെ പ്രത്യാശയെക്കുറിച്ചും അറിയിച്ചു. യഹോവ യുടെ നഗരമായ യെരുശലേമിന്റെയും പ്രത്യേക വാസസ്ഥലമായ ദേവാ ലയത്തിന്റെയും പുനരുദ്ധാരണത്തെക്കുറിച്ചും ആരാധനയുടെയും, ന്യായ പ്രമാണത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചും (41-48) പ്രവാചകൻ അറി യിച്ചു. ഇതെല്ലാം ജനങ്ങളെ അറിയിക്കുവാനുള്ള കാവല്ക്കാരനായിട്ടാണ് (3:17) തന്നെ ദൈവം വിളിച്ചിരിക്കുന്നതെന്നു താൻ ഉറച്ചു വിശ്വസിച്ചു.

വിശ്വാസത്യാഗം, അവിശ്വസ്തത (16) അശുദ്ധി, അധർമം വിഗ്രഹാരാ ധന (29:39) രക്തപാതകം (22:2) മുതലായ പാപങ്ങളെ ദൈവം

വെറുക്കുകയും എതിർക്കുകയും ചെയ്യുമെന്നും പാപം ചെയ്യുന്ന ദേഹി മരിക്കുമെന്നും അറിയിച്ചു (18:4). പാപങ്ങളെ വെറുക്കുന്ന നീതിമാൻ നിശ്ച യമായും ജീവിച്ചിരിക്കും എന്നും പ്രഖ്യാപിച്ചു (18:5-9). പാപത്തിന്റെ ഫല മായാണു പ്രവാസത്തിലേക്കു കടക്കേണ്ടി വന്നത് (11:9). പ്രവാസത്തിലൂടെ തന്റെ മക്കളുടെ ശുദ്ധീകരണമാണു ദൈവം പ്രതീക്ഷിക്കുന്നത് (11:16). ശുദ്ധീകരണകാലം തികയുമ്പോൾ അവരെ വീണ്ടെടുത്തു രക്ഷിച്ചു യഥാ സ്ഥാനത്താക്കും. അതിലേക്കു വരുവാൻ തക്കവണ്ണം അവൻ അവർക്കു പുതിയൊരു ഹൃദയവും ആത്മാവും കൊടുക്കും (11:19; 36:28). ഉടമ്പടിയെ പുതുക്കുകയും ചെയ്യും (11:20). അവർക്കു പ്രത്യാശയും സന്തോഷവും ഉണ്ടാവുകയും ചെയ്യും.

ചരിത്രത്തിന്റെ നാഥനായ ദൈവത്തിന്റെ നോട്ടം മറ്റു രാജ്യങ്ങളുടെ മേലും ഉണ്ട്. ദൈവഇഷ്ടം നടപ്പാക്കുവാൻ തനിക്കിഷ്ടമുള്ള ജനതയെ ഉപയോഗിക്കുന്നു. ഇപ്രകാരം യിസ്രായേലിനെ ശിക്ഷിക്കുവാൻ ദൈവം ബാബിലോണിനെ തെരഞ്ഞെടുത്തു. ചരിത്രസംഭവത്തിലൂടെ ദൈവത്തെ അറിയുവാൻ ഇടയാകണം (20:38; 36:38).

വ്യക്തിക്കു വലിയ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള സന്ദേശമായി രുന്നു പ്രവാചകന്റേത്. വ്യക്തിഗത മതത്തിന്റെയും ജീവിതത്തിന്റെയും പ്രാധാന്യം താൻ ചുണ്ടിക്കാണിച്ചു. തങ്ങളുടെ പിതാക്കന്മാരുടെ പാപം മൂലമാണു തങ്ങൾ കഷ്ടമനുഭവിക്കുന്നത് എന്നു പ്രവാസികൾ പറഞ്ഞു. അപ്പന്മാർ പച്ച മുന്തിരിങ്ങാ തിന്നു, മക്കളുടെ പല്ലു പുളിച്ചു എന്നു പറയു ന്നതിനെ യിരെമ്യാവിനെപ്പോലെ യെഹെസ്കേലും എതിർത്തു (18:2, യിരെ. 31:29). ഓരോരുത്തന്റെയും പാപത്തിന് അവനവൻ തന്നെയാണ് ഉത്തര വാദി എന്നും അതിനു തക്ക ശിക്ഷ ഓരോരുത്തരും അനുഭവിക്കണമെന്നും പഠിപ്പിച്ചു (18:4, യിരെ. 31:3). നീതിമാൻ രക്ഷപെടുകയും ചെയ്യും. നീതി മാൻ നീതികേടു മൂലം നശിക്കുവാനും ദുഷ്ടൻ നീതിയാൽ രക്ഷപെടു വാൻ ഇടയായിത്തീരും എന്നു പറഞ്ഞു (18:21-24). സാമൂഹ്യമായ പാപ ത്തിനും ഉത്തരവാദിത്വത്തിനും ഉപരി വ്യക്തിപരമായ നീതി ജീവിതത്തെ ക്കുറിച്ചും ഉത്തരവാദിത്വത്തെക്കുറിച്ചു പഠിപ്പിച്ചുകൊണ്ടു ദൈവനീതിയി ലുള്ള ജനത്തിന്റെ വിശ്വാസത്തെ ഉറപ്പിച്ചു. വ്യക്തിപരമായ ദൈവബന്ധ ത്തിന്റെ പ്രാധാന്യത്തെ സൂചിപ്പിച്ചു. ഹൃദയത്തിന്റെ ആന്തരിക മതത്തിന് ഊന്നൽ കൊടുത്തു (11:19, 18:31; 33, 12-16; 36:24-27).

ദൈവത്തോടു മത്സരിക്കുന്നവർ ശിക്ഷാർഹരാണ്. അവർക്കുവേണ്ടി മദ്ധ്യസ്ഥത വഹിക്കേണ്ടതില്ല. വ്യക്തിഗതപാപത്തിന് അവരവർ ശിക്ഷി ക്കപ്പെടണം. രക്ഷയുടെ ആധാരം വ്യക്തിഗത മാനസാന്തരമാണ് (18:20 മുതൽ). മാനസാന്തരത്തിലൂടെ മാത്രമേ ദൈവത്തിനു സ്വീകാര്യമുള്ള വരായിത്തീരുകയുള്ളു. പുതിയ ഹൃദയവും ആത്മാവും സ്വീകരിപ്പാൻ

തക്കവണ്ണം ഒരുക്കത്തോടെ ജീവിപ്പാൻ ജനങ്ങളെ ആഹ്വാനം ചെയ്തു. 'മനുഷ്യപുത്രൻ' എന്ന ആശയം ധാരാളമായി തന്റെ സന്ദേശത്തിൽ കാണാം (2:1, 3:1, 4:1; 5:1). ദൈവം സൃഷ്ടാവും മനുഷ്യൻ സൃഷ്ടിയു മാണ് എന്നുള്ള ബോധം തന്നെ ആഴമായി ഭരിച്ചിരുന്നു. ദൈവാ ശ്രയബോധത്തിലേക്കു മനുഷ്യപുത്രന്റെ നിലനില്പ് അങ്ങനെയുള്ളവരെ ദൈവിക പ്രവർത്തനത്തിൽ ദൈവം പങ്കുചേർക്കും. മനുഷ്യപുത്രൻ എന്ന പദം 87 പ്രാവശ്യം ഇതിൽ ഉപയോഗിച്ചിരിക്കുന്നു. യേശുക്രിസ്തു തന്നെ ക്കുറിച്ചു പറയുമ്പോൾ 'മനുഷ്യപുത്രൻ' എന്ന നാമം സ്വീകരിച്ചത് അർത്ഥ വത്താണ്.

ജീവന്റെ അടിസ്ഥാനം ദൈവമാണ് എന്നു പ്രവാചകൻ പഠിപ്പിച്ചു. നിർജ്ജീവമായ വസ്തുവിൽ ദൈവികശ്വാസം ഊതിയപ്പോഴാണു മനു ഷ്യൻ ജീവനുള്ളവനായിത്തീർന്നത് (ഉല്പ. 2:7). ദൈവബന്ധമാണു ജീവന്റെ അടിസ്ഥാനം. ജീവന്റെ ഉറവിടം ദൈവമാണ് എന്നു കാണിക്കു ന്നതിനായി മൂന്നു ദർശനങ്ങൾ വിവരിക്കുന്നു.

1. ഉണങ്ങിയ അസ്ഥികൾ ജീവിക്കുന്നത് (37:1–14).
2. ദേവാലയത്തിൽ നിന്ന് ഉത്ഭവിക്കുന്ന നദി (47:1–12).
3. ഉണ്ടാകുവാനിരിക്കുന്ന പുതിയ നഗരം (48:30–35).

ഇതിന്റെയെല്ലാം അർത്ഥം പ്രവാസത്തിലിരിക്കുന്നവർക്കു പുതുജീവൻ പകർന്നുകൊടുപ്പാൻ ദൈവം ശക്തനാണ് എന്നും അതിനായി ദൈവവു മായുള്ള ബന്ധത്തിൽ നിലനില്ക്കണം എന്നുമാണ്. ദൈവത്തോടുള്ള അകൽച്ച മരണവും ബന്ധം ജീവനുമാണ്.

യെരുശലേം നഗരത്തിന്റെയും ദേവാലയത്തിന്റെയും പുനരുദ്ധാരണ ത്തിലുള്ള പ്രത്യാശയും പ്രവാചകൻ പ്രകടിപ്പിച്ചു. ദൈവവുമായുള്ള സജീവബന്ധം നിലനിർത്തുന്നതിനു ദേവാലയവും മതാനുഷ്ഠാനങ്ങളും അവശ്യമാണ് എന്ന് അദ്ദേഹം പഠിപ്പിച്ചു. അതോടൊപ്പം മുൻ പ്രവാച കന്മാരെപ്പോലെ, ദൈവബന്ധത്തിന്റെ ഫലം നീതിയും ധർമ്മവുമാണ് എന്നും ഊന്നിപ്പറഞ്ഞു. ദേവാലയത്തിന്റെ കിഴക്കോട്ടുള്ള നിലയെ സംബ ന്ധിച്ചും (47:1) കിഴക്കിന്റെ പ്രാധാന്യത്തെ സംബന്ധിച്ചു (11:1; 43:1, 2; 44:1, 2; 46:1; 47:2). ദേവാലയക്രമീകരണത്തെ സംബന്ധിച്ചും ആരാധനയെ സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ് (41–48). പ്രവാ ചകനിലെ പുരോഹിതബോധത്തിന്റെ പ്രകാശനമാണ് ഇവിടെ കാണുന്നത്. തന്മൂലം ദേവാലയം, ആരാധന, ന്യായപ്രമാണം ഇവയുടെ പ്രാധാന്യത്തെ ക്കുറിച്ചും ജനങ്ങളെ പഠിപ്പിക്കുവാൻ സാധിച്ചു. ന്യായപ്രമാണത്തിന്റെ ആധികാരികതയും ദൈവിക വിശുദ്ധിയുടെയും മഹത്വത്തിന്റെ ഔന്നത്യവും, നീതിയുടെയും ധർമ്മത്തിന്റെയും പ്രാധാന്യവും ഒരുപോലെ

പ്രവാചകൻ ചൂണ്ടിക്കാണിച്ചു. വിശുദ്ധനും മഹത്വവാനുമായ ദൈവത്തിൽ നിന്ന് അകന്ന ജനത്തിനു ശിക്ഷയെ പ്രഖ്യാപിച്ചുകൊണ്ടു രംഗപ്രവേശം ചെയ്ത പ്രവാചകൻ, ദൈവാത്മാവിലും ശക്തിയിലും കൂടി പുതുക്കം പ്രാപിച്ചു രക്ഷപെട്ട ഒരു സമൂഹം ദൈവസന്നിധിയിൽ വിധേയപ്പെട്ടു സന്തോഷത്തോടെ ജീവിക്കുന്ന വിവരണത്തോടെയാണു സന്ദേശം അവ സാനിപ്പിക്കുന്നത്. പ്രത്യാശയിലും ദൈവസാന്നിദ്ധ്യബോധത്തിലും ജീവി ക്കുവാൻ വായനക്കാർക്കു പ്രചോദനവും നൽകുന്നു.

### 3. ദൈവദർശനം

ദൈവത്തെപ്പറ്റി വളരെ ഉന്നതമായ ഒരു ദർശനമാണ് പ്രവാചകനുണ്ടാ യിരുന്നത്. ദൈവത്തിന്റെ മഹത്വം (1:28b; 3:12) ശക്തി (1:4), വിശുദ്ധി (9:6b എന്നിവയ്ക്കാണു കൂടുതൽ ഊന്നൽ കൊടുത്തത്.

ദൈവത്തിന്റെ സ്നേഹത്തെപ്പറ്റിയും പറയുന്നുണ്ട്. മരിക്കുന്നവന്റെ മര ണത്തിൽ ഇഷ്ടമില്ലാത്ത ദൈവത്തിൻ പ്രവാചകൻ കാണുന്നതു ദൈവ സ്നേഹമാണ് (18:32; 33:11). തന്റെ സ്നേഹം മൂലമാണു പാപികളുടെ മനന്തിരിവിനും രക്ഷയ്ക്കും താൻ ആഗ്രഹിക്കുന്നത്.

ദൈവത്തിന്റെ സൃഷ്ടിശക്തിയെ സംബന്ധിച്ചുള്ള ആഴമായ ബോധം തനിക്കുണ്ടായിരുന്നു. പുതിയ ഹൃദയവും ആത്മാവും, ജീവനും കൊടുത്തു കൊണ്ടുള്ള പുതിയ സൃഷ്ടിയിലൂടെയാണ് (11:9) പ്രവാചകൻ ഇതു വെളി വാക്കുന്നത്. സ്രഷ്ടാവായ ദൈവം ജീവന്റെ ഉറവിടവുമാണ് (37:1-14).

ചരിത്രത്തിൽ ഇടപെട്ട് അതിനെ നിയന്ത്രിക്കുന്ന ദൈവത്തെയാണു പ്രവാചകൻ ദർശിച്ചത് (18:4, 25-32). നീതിമാനായ ദൈവം ഓരോരു ത്തർക്കും അവരവരുടെ പ്രവർത്തിക്കു തക്ക ഫലം കൊടുക്കുന്നവനാണ് (18:30; 33:20).

ആരാധനയും നീതിയും ഒരുപോലെ ആവശ്യപ്പെടുന്നവനാണു ദൈവം. അധർമ്മത്തെ ദൈവം വെറുക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു (18). ദൈവത്തിന്റെ സർവ്വശക്തി, സർവ്വജ്ഞാനം, സർവ്വ വ്യാപകത്വം, പരിശു ദ്ധത, മഹത്വം, ഔന്നത്യം, കർത്തൃത്വം ഇവയെല്ലാം പ്രവാചകൻ ആഴ മായി ഗ്രഹിച്ചു. പുരോഹിതനിലേയും പ്രവാചകനിലെയും ദൈവദർശ നങ്ങൾ താൻ ഒന്നിച്ചു മനസ്സിലാക്കി. അങ്ങനെ തന്റെ പുരോഹിതധർമ്മ ത്തോടും പ്രവാചകധർമ്മത്തോടും നീതിപുലർത്തിക്കൊണ്ടു യെഹെ സ്കേൽ തന്റെ ദൗത്യം നിറവേറ്റി.

### ചോദ്യങ്ങൾ

1. യെഹെസ്കേലിന്റെ പ്രധാന സന്ദേശങ്ങൾ എന്ത്? എന്തു പശ്ചാത്ത

ലത്തിൽ താൻ പ്രവർത്തിച്ചു?

2. ദേവാലയം, ആരാധന, ഇവയ്ക്കു പ്രവാചകൻ കൊടുക്കുന്ന പ്രാധാന്യം എന്ത്?

3. പ്രവാചകന്റെ ദൈവദർശനം വിവരിക്കുക?

# യൂണിറ്റ് 4

# യെശയ്യാവ് (II) മുതൽ ദാനിയേൽ വരെ

## പാഠം 1

## യെശയ്യാവു രണ്ടാമൻ (40–55)

❑ പശ്ചാത്തലം ❑ പ്രവാചകനും സന്ദേശവും ❑ യഹോവയുടെ കഷ്ട പ്പെടുന്ന ദാസൻ ❑ ദൈവദർശനം

ബി. സി. 6–ാം നൂറ്റാണ്ടിൽ ജീവിച്ച പ്രവാചകനെക്കുറിച്ചുള്ളതാണ് ഈ പാഠം. അദ്ദേഹത്തെ യെശയ്യാവു രണ്ടാമൻ എന്നു നമുക്കു വിളിക്കാം. അദ്ദേഹത്തിന്റെ യഥാർത്ഥനാമം നമുക്ക് അറിവില്ല. യെഹെസ്കേലിനെപ്പോലെ ഇദ്ദേഹവും പ്രവാസകാല പ്രവാചകനാണ്. ഇദ്ദേഹത്തിന്റെ സന്ദേശം യെശയ്യാവു 40 മുതൽ 55 വരെയുള്ള അദ്ധ്യായങ്ങളിൽ കാണാം.

### 1. പശ്ചാത്തലം

പ്രവാസത്തിൽ ക്ഷീണിച്ചു തളർന്ന ജനത്തോട് ദൈവദൂത് അറിയിച്ച് അവരെ ശക്തിപ്പെടുത്തി അവർക്ക് പ്രത്യാശ പകർന്നു കൊടുക്കുന്നതാണ് ഇതിന്റെ പശ്ചാത്തലം. പേർഷ്യൻ രാജാവായ കോരേശിന്റെ കാലത്താണ് (ബി. സി. 559–530) ഇദ്ദേഹം പ്രവർത്തിച്ചത് (44:28; 45:1). യെരൂശലേം നഗരവും ദേവാലയവും നശിച്ചുകഴിഞ്ഞിരുന്നു. ജനങ്ങൾ പ്രവാസത്തിൽ ക്ഷീണിതരായിത്തീർന്നു. ബാബിലോണിന്റെ ശക്തിയും ക്ഷയിക്കാൻ തുടങ്ങി. പേർഷ്യൻ സാമ്രാജ്യം ശക്തിപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ് നിരാശയിൽ കഴിയുന്ന ജനങ്ങൾക്ക് പ്രത്യാശയുടെ ദൂതിനെ പകർന്നു കൊണ്ട് പ്രവാചകൻ രംഗപ്രവേശം ചെയ്യുന്നത് (40:1). പ്രവാസത്തിൽ നിന്നും സ്വദേശത്തേക്കു മടങ്ങിപ്പോകുന്നതിനെക്കുറിച്ചുള്ള ദൈവദൂത് അറിയിക്കുന്നതാണ് പശ്ചാത്തലം.

### 2. പ്രവാചകനും സന്ദേശവും

#### പ്രവാചകൻ

പ്രവാചകകാലത്തെ സംബന്ധിച്ചല്ലാതെ പ്രവാചകനെപ്പറ്റി ഒന്നും തന്നെ പുസ്തകത്തിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നില്ല. പേർഷ്യൻ രാജാവായ കോരേശ് ബാബിലോണിനെ തോല്പിച്ച് പ്രവാസികൾക്കു സ്വാതന്ത്ര്യം കൊടുക്കുമെന്നുള്ള കാര്യം ദൈവികമായി

ഗ്രഹിച്ചുകൊണ്ട് അതേക്കുറിച്ചുള്ള ആശ്വാസവചനങ്ങളോടു കൂടിയാണ് തന്റെ സന്ദേശം ആരംഭിക്കുന്നത്. കോരേശ് ബാബിലോണിനെ തോല്പിച്ചത് ബി. സി. 538 -ൽ ആയിരുന്നു. പ്രവചനകാലം ബി. സി. 546 നും 538 നും മദ്ധ്യേയാണ് എന്ന് പണ്ഡിതർ കരുതുന്നു. പ്രവാസത്തിൽ കഴിയുന്നവർക്കു ആസന്നഭാവിയിൽ വിമോചനം ലഭിക്കും എന്നറിയിക്കുവാൻ ദൈവത്താൽ നിയുക്തനായിരുന്നു. രക്ഷയുടെ സുവിശേഷത്തെ (40:3-11) മരുഭൂമിയിൽ വിളിച്ചറിയിക്കുന്ന ശബ്ദമായിട്ടാണ് (40:3) പ്രവാചകൻ സ്വയം അവതരിപ്പിക്കുന്നത്. ദൈവവചനത്തിന്റെ പിന്നിലെ ഒരു ശബ്ദമായി മാത്രം പ്രവാചകൻ നിലകൊള്ളുവാൻ ആഗ്രഹിച്ചുകൊണ്ട് വചനം നിറവേറപ്പെടും എന്നു ശക്തിയായി അദ്ദേഹം വിശ്വസിച്ചു (55:11).

യെശയ്യാവ് 40-55 അദ്ധ്യായങ്ങളുടെ ഗ്രന്ഥകർത്തൃത്വം ഒരു വിവാദ വിഷയമായിരുന്നു. എന്നാൽ പഠനത്തിൽ നിന്നും മനസ്സിലായി ബി. സി. 8-ാം നൂറ്റാണ്ടിലെ യെശയ്യാവല്ല ഇത് എഴുതിയതു എന്ന്. അദ്ദേഹത്തിന്റെ ചിന്തയോടു ചേർന്ന് ബി. സി. 6-ാം നൂറ്റാണ്ടിൽ ജീവിച്ച ശിഷ്യഗണത്തിൽപ്പെട്ടവരാണ് ഇത് എഴുതിയതെന്നു വിശ്വസിക്കുന്നു. യെശയ്യാവ് ഒന്നാമന്റെ ദൂതുകളും ഉപദേശങ്ങളും ആനുകാലികപ്രസക്തിയോടെ പ്രവാസികളെ അറിയിക്കുവാനായി എഴുതിയ ഈ ഭാഗവും യെശയ്യാവിന്റെ പുസ്തകത്തോടു ചേർത്തു ചിന്തിപ്പാൻ ഇടയായി. ചാവുകടൽ ചുരുളിൽ നിന്നും ലഭിച്ച യെശയ്യായുടെ പ്രതിയിലും 1-66 അദ്ധ്യായങ്ങൾ തുടർച്ചയായി ചേർത്തിരിക്കുകയാണ്. കാവ്യാത്മകമായ ശൈലികളുടെ പ്രയോഗത്തിലും നാടകീയമായ അവതരണത്തിലും പ്രവാചകന്റെ പാടവം കാണുന്നുണ്ട്.

### സന്ദേശങ്ങൾ

സൃഷ്ടി, ചരിത്രം, രക്ഷ ഇവയാണ് പ്രധാനവിഷയങ്ങൾ. പ്രധാന കഥാപാത്രം ദൈവമാണ്. സൃഷ്ടി, നോഹിന്റെ കാലത്തെ ജലപ്രളയം, അബ്രഹാമിന്റെ വിളി, യിസ്രായേലിന്റെ തെരഞ്ഞെടുപ്പ്, മിസ്രയീമിൽ നിന്നുള്ള പുറപ്പാട്, മരുഭൂമിയിലെ വാസം, ദാവീദുമായുള്ള ഉടമ്പടി മുതലായവ ചരിത്രത്തിലെ പ്രധാന സംഭവങ്ങളായി അവതരിപ്പിച്ചിരിക്കുന്നു. പേർഷ്യൻ രാജാവായ കോരേശും കഥാപാത്രമാണ്. യിസ്രായേലിന്റെ തെരഞ്ഞെടുപ്പ് (41:8-9) അവളുടെ ദൗത്യം (42:6-7; 51:1) പരാജയങ്ങൾ (42:18-20) ശിക്ഷകൾ, വീണ്ടെടുപ്പ് (43:1-7) ഇതെല്ലാം വിവരിച്ചിട്ടുണ്ട്. ചരിത്രസംഭവങ്ങളേക്കാൾ ഉപരി യിസ്രായേലിന്റെ കഷ്ടതയുടെ രഹസ്യവും അവയുടെ ദൈവീകമായ ലക്ഷ്യവുമാണ് പ്രവാചകചിന്തയുടെ പ്രധാന കേന്ദ്രബിന്ദു.

പ്രവാസികൾക്ക് ആശ്വാസത്തിന്റെ സന്ദേശമാണ് പ്രവാചകൻ ആദ്യമായി പകർന്നുകൊടുത്തത് (40:1, 2). ആശ്വാസത്തോടൊപ്പം ദൈവശക്തിയുടെയും (40:28, 31) ധൈര്യത്തിന്റെയും (41:8-17; 43:5; 44:8)

പ്രത്യാശയുടെയും ദൂതിനേയും കൊടുത്തു (42:3; 43:19). വിഗ്രഹങ്ങളെ ആരാധിക്കുന്നവരുടെ ഭോഷത്വത്തെ അറിയിച്ചുകൊണ്ട് (40:19; 44:9–19; 46:1–2, 5–7) യഹോവ മാത്രമാണ് സത്യദൈവം എന്നു പ്രഖ്യാപിച്ചു (46:8–10). യിസ്രായേലിന്റെ വീണ്ടെടുപ്പിനെക്കുറിച്ച് പറഞ്ഞുകൊണ്ട് (44:23; 48:20) അതിനായി ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ടവനാണ് പേർഷ്യൻ രാജാവായ കോരേശ് എന്നു പ്രഖ്യാപിച്ചു (45:1). ബാബിലോണിന്റെ നാശത്തെക്കുറിച്ചും പറഞ്ഞിരിക്കുന്നു (47). പ്രവാസം യിസ്രായേലിന്റെ നാശത്തിന്നായിട്ടല്ല പ്രത്യുത, കഷ്ടതയാകുന്ന ചൂളയിലൂടെ ശോധന ചെയ്ത് ശുദ്ധീകരിച്ച് രക്ഷിക്കുന്നതിനത്രേ (48:10). ദൈവത്തെ അറിയുന്നവരെ ദൈവം ശത്രുക്കളിൽ നിന്നും രക്ഷിക്കും (54:17) എന്നു വിളിച്ചറിയിച്ചുകൊണ്ട് യിസ്രായേലിന്റെ മനംതിരിവിനായി ആഹ്വാനം ചെയ്തു (55:6–9). സീയോനിൽ ദൈവം തന്റെ രാജ്യം അറിയിക്കുമെന്ന് അറിയിച്ചു (51:17–52:12). വിശുദ്ധിയിലൂടെയാണ് വീണ്ടെടുപ്പിനർഹരാകുന്നത് (43:14; 54:5). ധാർമ്മിക നിലവാരം ഉയർത്തുവാനായി ഉത്സാഹിപ്പിച്ചു (40:14; 51:7–8). പ്രവാചകന്റെ സന്ദേശത്തിൽ നിന്ന് അഞ്ചു കാര്യങ്ങൾ ഗ്രഹിക്കാം.

1. യഹോവ സ്രഷ്ടാവും ചരിത്രത്തിന്റെ നാഥനുമാണ്. ഇതേപ്പറ്റിയുള്ള മുൻ പ്രവാചകചിന്തകളെ യെശയ്യാവ് ഉയർത്തിക്കാണിച്ചിരിക്കുന്നു. സ്രഷ്ടാവായ ദൈവം ഒരു പുതിയ സമൂഹത്തെ സൃഷ്ടിക്കുന്നതായി പ്രവാചകൻ കാണുന്നു. പ്രവാചകന്റെ ചിന്തയിൽ സൃഷ്ടി, പുറപ്പാട് ഇവയ്ക്കു വളരെ പ്രാധാന്യം ഉണ്ട് (ഉല്പത്തിയിലെ). ആദ്യ സൃഷ്ടിയിലും (പുറപ്പാടിലെ) ആദ്യ പുറപ്പാടിലും പ്രവർത്തിച്ച ദൈവശക്തി തന്നെയാണ് രണ്ടാമത്തെ സൃഷ്ടിയിലും പുറപ്പാടിലും പ്രവർത്തിക്കുന്നത് (51:9–11). ശിക്ഷയിലൂടെ കടത്തി ശുദ്ധി ചെയ്ത ഒരു പുതിയ സമൂഹത്തെ സൃഷ്ടിക്കുകയാണു ദൈവോദ്ദേശ്യം. ദൈവജനത്തിന്റെ തോല്‌വി ദൈവത്തിന്റെ തോല്‌വിയല്ല പ്രത്യുത ജനങ്ങളുടെ പാപഫലവും പ്രവചന സാക്ഷാത്കാരവുമാണ്. യിസ്രായേലിന്റെ നാശകാരണക്കാർ തന്നെ രക്ഷയ്ക്കു കാരണക്കാരായി തീരും. ... ദൈവം യിസ്രായേലിനെ ഒരിക്കലും തള്ളിക്കളഞ്ഞിട്ടില്ല (50:1–2). തെരഞ്ഞെടുപ്പ് അസാധുവാക്കിയിട്ടുമില്ല. യഹോവയെ വിട്ടകന്നതിന്റെ ശിക്ഷ നൽകി എന്നു മാത്രം. ശിക്ഷയുടെ ലക്ഷ്യം രക്ഷയാണ് (48:10).

(2) ചരിത്രത്തിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നത് യഹോവ മാത്രമാണു ദൈവമെന്നാണ്. മുമ്പു തന്നെ ഉണ്ടായിരുന്ന ഏകദൈവവിശ്വാസത്തെ ഇദ്ദേഹം അരക്കിട്ടുറപ്പിച്ചു. അന്യദൈവങ്ങളെ ആരാധിക്കുകയും വിഗ്രഹങ്ങളെ സേവിക്കുകയും ചെയ്തപ്പോഴാണു സത്യദൈവവിശ്വാസത്തിന് ഊന്നൽ കൊടുത്തു പഠിപ്പിക്കേണ്ടി വന്നത് (44:9–16).

(3) പ്രവാചകന്റെ സാർവദേശീയ കാഴ്ചപ്പാട് ശ്രദ്ധേയമാണ്. സ്രഷ്ടാവും ചരിത്രനാഥനുമായ ദൈവം എല്ലാ രാജ്യങ്ങളുടെയും ജാതികളുടെയും ദൈവമാണ് (42:1–6; 49:6b).

(4) ദൈവം തെരഞ്ഞെടുത്ത ജനതയ്ക്കു ഒരു ഉത്തരവാദിത്തമുണ്ട്. അത് ദൈവത്തോടും ലോകത്തോടും മറ്റു ജനതകളോടുമുള്ളതാണ്. ദൈവം തെരഞ്ഞെടുക്കുന്നവർ ജനത്തിന്റെ നിയമവും ജാതികളുടെ പ്രകാശവുമായിരിക്കണം (42:6). ദൈവരക്ഷ ഭൂമിയുടെ അറ്റത്തോളം എത്തിക്കേണ്ടതിനു ജാതികൾക്കു പ്രകാശമാക്കി വച്ചിരിക്കുന്നവരാണ് (49:6). നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു (മത്താ. 5:14) എന്നുള്ള ക്രിസ്തുവിന്റെ അരുളപ്പാടിൽ ഈ ഉത്തരവാദിത്തമാണു കാണുന്നത്.

(5) പ്രവാചകദൂതിൽ അതിശ്രേഷ്ഠമായതു ദാസഗീതങ്ങളിൽ (42:1–9; 49:1–6; 50:4–9; 52:13–53:12) കാണുന്ന കഷ്ടതയെക്കുറിച്ചുള്ള മഹത്വമേറിയ പ്രത്യാശാദർശനമാണ്. പാപഫലമായുള്ള കഷ്ടതയല്ല ദാസഗീതങ്ങളിൽ കാണുന്നത്. പ്രത്യുത നീതിമാന്റെ കഷ്ടതയും (righteous suffering) (50:89) മറ്റുള്ളവർക്കു വേണ്ടി സ്വമനസ്സാ സഹിക്കുന്ന കഷ്ടതയും (Vicarious Suffering) (53:4-7) ആണ്. നീതിമാന്റെ കഷ്ടതയുടെ മഹത്വം, പ്രയോജനം ഇവയെക്കുറിച്ചു മറ്റാരേക്കാളും ഉപരിയായി ബോദ്ധ്യമുണ്ടായിരുന്നു ഈ പ്രവാചകന്.

## 3. ദാസഗീതങ്ങളിലെ യഹോവയുടെ കഷ്ടപ്പെടുന്ന ദാസൻ

യഹോവയുടെ കഷ്ടപ്പെടുന്ന ദാസനെക്കുറിച്ചു നാലു ഗീതങ്ങളിലാണ് കൊടുത്തിരിക്കുന്നത്. (1) 42:1–7 (2) 49:1 –6 (3) 50: 4–9 (4) 52:13–53:12). മാനുഷികദൃഷ്ടിയിൽ ദാസൻ കഷ്ടപ്പെടുന്നവനും നിന്ദിതനും ബലഹീനനും, പരാജിതനും ആയി തോന്നുമെങ്കിലും യഹോവയുടെ ദൃഷ്ടിയിൽ ദാസൻ ബഹുമാനിതനും, വിജയിയും മഹത്വവാനുമാണ്, ലോകത്തിന്റെ ന്യായാധിപനും, ജനത്തിന്റെ നിയമവും ലോകത്തിന്റെ പ്രകാശവുമാണ്; കഷ്ടതകളിലൂടെയും മരണത്തിലൂടെയും ലോകത്തെ രക്ഷിച്ചു കഷ്ടതയേയും മരണത്തെയും അതിജീവിക്കുന്നവനാണ്.

കൊടുങ്കാറ്റു പോലെ പ്രവേശിച്ച കോരേശിനെ അവതരിപ്പിച്ചതിനു ശേഷം നിശബ്ദനായി ജനത്തിനു പ്രത്യാശ പകർന്നുകൊണ്ടു പ്രവേശിച്ച ദാസനെ അവതരിപ്പിക്കുന്നു. നീതിയോടു ന്യായം വിധിപ്പാനും, ജനത്തിനു നിയമവും ജാതികൾക്കു പ്രകാശവുമായിത്തീരുവാനും ദാസനു ദൈവം തന്റെ ആത്മാവിനെ കൊടുത്തു പ്രത്യേകം തെരഞ്ഞെടുക്കുന്നതായി ഒന്നാം ഗീതത്തിൽ പറഞ്ഞിരിക്കുന്നു (42:1–7). ദൈവരാജ്യം സ്ഥാപിക്കുക എന്നതാണു ദാസന്റെ ദൗത്യം. അതിനു ദാസനെ ശക്തനാക്കുന്നതു ദൈവമാണ്.

ലോകത്തെ രക്ഷിപ്പാനും, ജാതികൾക്കു പ്രകാശം കൊടുപ്പാനുമായി ദൈവത്തിനു വേണ്ടി പോരാടുവാൻ ജനനം മുതലെ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവനായി ദാസനെ രണ്ടാം ഗീതത്തിൽ ചിത്രീകരിച്ചിരിക്കുന്നു (49:1–6). ദൈവവചനമാകുന്ന അമ്പും വാളും (49:2) എടുത്തു പ്രയോഗിച്ച് ദൈവരക്ഷയെ ഘോഷിക്കുക എന്നതാണ് ഇവിടെ ദാസന്റെ ദൗത്യം. സ്വയ ശക്തിയാലല്ല ദൈവശക്തിയിലാണ് ദാസന്റെ ആശ്രയം (49:4). യിസ്രായേലിന്റെ മനംതിരിവിനും, കൂടിവരവിനും, ലോകത്തിന്റെ മുഴുവൻ രക്ഷയ്ക്കും ദാസൻ കാരണക്കാരനാകും.

ദൈവവചനങ്ങൾക്കായി ക്ഷമയോടെ കാത്തിരിക്കുന്ന ദാസനെയാണു മൂന്നാംഗീതത്തിൽ (50:4–9) അവതരിപ്പിക്കുന്നത്. എല്ലാ പീഡനവും നിന്ദയും സഹിച്ചിട്ടും പിന്മാറാതെ ദൈവശിഷ്യനാകുവാനുള്ള വിളിയെ കേൾക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന ദാസന്റെ ക്ഷമയും സഹനവും വർണ്ണനാതീതമാണ്.

വിരൂപിയും, നിന്ദിതനും, പീഡിതനും, രോഗിയും ബലഹീനനുമായ ദാസന്റെ അപ്രതീക്ഷിതമായ മഹത്വീകരണത്തെപ്പറ്റി പ്രതിപാദിക്കുന്നതാണു നാലാമത്തെ ഗീതം (52:13–53:12). ദൈവദാസന്റെ കഷ്ടതയും, സഹനവും അനേകരുടെ രക്ഷയ്ക്കുവേണ്ടിയായിരുന്നു. മറ്റുള്ളവരുടെ രക്ഷയ്ക്കുവേണ്ടി കഷ്ടപ്പെടുവാനുള്ള പ്രചോദനം പ്രവാചകൻ മറ്റുള്ളവർക്കു കൊടുക്കുന്നു.

കഷ്ടപ്പെടുന്ന ദാസൻ ആര് എന്നുള്ളതു പുസ്തകത്തിൽ തന്നെ വ്യക്തമല്ലാത്തതിനാൽ വളരെയേറെ ചിന്തയ്ക്കും വിവാദത്തിനും വഴി തെളിച്ചിട്ടുണ്ട്. യഹൂദാ പാരമ്പര്യമനുസരിച്ച് യിസ്രായേലിനെയാണ് യഹോവയുടെ ദാസനായി കരുതുന്നത്. അതായത് ഒരു ആദർശ യിസ്രായേൽ സമൂഹത്തെ മാതൃകയായി വരച്ചുകാട്ടിയിരിക്കുന്നു. മോശ, ഏലിയാവ്, യിരെമ്യാവ് തുടങ്ങി യിസ്രായേലിൽ കഷ്ടത അനുഭവിച്ചിട്ടുള്ള പലരുടേയും പേരുകളും പ്രവാചകന്റെ തന്നെയും സെരൂബാബേലിന്റെയും പേരുകൾ ദാസനോടു ചേർത്തു പലരും ചിന്തിച്ചിട്ടുണ്ട്. ക്രൈസ്തവ പാരമ്പര്യമനുസരിച്ച് ദാസഗീതങ്ങളിൽ കാണുന്നത് മശിഹായെക്കുറിച്ചാണ്. യേശുക്രിസ്തു സ്വയം ചിത്രീകരിച്ചത് ശുശ്രൂഷിക്കുവാനും കഷ്ടപ്പെടുവാനും അനേകരുടെ രക്ഷയ്ക്കുവേണ്ടി മരിക്കുവാനും വന്ന ദാസനായിട്ടത്രെ (മർക്കോ. 10:45). ക്രിസ്തുവും കഷ്ടതകളിലൂടെ മഹത്വപ്പെട്ടവനാണ് (ലൂക്കോ. 24:25–26). ഈ ദാസഭാവങ്ങൾ ഓരോ വ്യക്തിയിലും ഉണ്ടാകണം.

### 4. ദൈവദർശനം

ഏറ്റം ഉന്നതമായ ദൈവദർശനമാണ് ഈ കൃതിയിലുള്ളത്. യഹോവ

മാത്രമാണ് ദൈവം എന്ന് ശക്തിയായി പഠിപ്പിച്ചു (43:11-12, 45:5, 18b; 46:9). ദൈവം മഹത്വവാനും (40:5) നിത്യനും (40:28) ഗ്രഹണാതീതനും (45:15) പരിശുദ്ധനും (54:5) ആണ്. ദൈവം സ്രഷ്ടാവും (40:28; 43:1; 44:2; 54:5) സംരക്ഷകനും (43:2; 45:15) വീണ്ടെടുപ്പുകാരനും ശക്തീകരിക്കുന്നവനും (40:31) സ്നേഹവാനും (43:4) സഹായിയും (41:10) ഇടയനും (41:11) ആശ്വസിപ്പിക്കുന്നവനും (40:1) ആകുന്നു. താൻ പ്രത്യാശ കൊടുക്കുന്നു, (43:2) ധൈര്യപ്പെടുത്തുന്നു, (41:10, 43:5, 44:8) ചരിത്രത്തെ നിയന്ത്രിക്കുന്നു (45:1) തിന്മയെ ശിക്ഷിക്കുന്നു (48:18-19). ശിക്ഷയിലൂടെ രക്ഷിക്കുന്നു (48:10) ദൈവം ദയവാനും കാരുണ്യവാനും (54:8) എന്ന് പഠിപ്പിച്ചു. ദൈവത്തിനു വേണ്ടി നിലകൊള്ളുകയും കഷ്ടപ്പെടുകയും ചെയ്യുന്നവരെ അവിടുന്ന് മഹത്വപ്പെടുത്തുന്നവനാണ്. ഈ വിധത്തിലുള്ള ഉന്നതമായ ദൈവദർശനമാണ് ദ്വിതീയ യെശയ്യാവിനുണ്ടായിരുന്നത്. മുൻപ്രവാചകന്മാരുടെ ദൈവദർശനങ്ങൾ എല്ലാം തന്നെ സമഗ്രമായി ഇദ്ദേഹത്തിൽ ഉൾക്കൊള്ളുന്നു എന്നുള്ളതു പ്രത്യേകം പ്രാധാന്യം അർഹിക്കുന്നു.

### ചോദ്യങ്ങൾ

1. യെശയ്യാവു രണ്ടാമന്റെ പശ്ചാത്തലം, സന്ദേശം, ദൈവദർശനം ഇവയെപ്പറ്റി എഴുതുക?
2. ദാസഗീതങ്ങൾ ഏതെല്ലാം? അവയിലെ പ്രധാന ആശയങ്ങൾ എന്ത്? ദാസൻ ആര്?

## പാഠം 2

# ഹഗ്ഗായി - സെഖര്യാവ് I

❑ പശ്ചാത്തലം ❑ പ്രവാചകനും സന്ദേശവും ❑ ദൈവദർശനം

പ്രവാസത്തിനു ശേഷമുള്ള പ്രവാചകന്മാരെക്കുറിച്ചാണ് ഇനിയും പഠിക്കുവാനുള്ളത്. ബി. സി. 6-ാം നൂറ്റാണ്ടിൽ ജീവിച്ച ഹഗ്ഗായി, സെഖര്യാവ് I എന്നീ പ്രവാചകന്മാരെക്കുറിച്ചുള്ളതാണ് ഈ പാഠം.

### ഹഗ്ഗായി പ്രവാചകൻ

#### 1. പശ്ചാത്തലം

ബി. സി. 538 -ൽ കോരേശ് ബാബിലോണിനെ കീഴടക്കിയതോടെ ബാബിലോൺ പേർഷ്യൻ സാമ്രാജ്യത്തിന്റെ ഭാഗമായിത്തീർന്നു.

അതോടെ പലസ്തീനും പേർഷ്യൻ രാജ്യത്തിൽ ലയിച്ചു. കോരേശ് പ്രവാസത്തിൽ കഴിഞ്ഞ യഹൂദരെ സ്വദേശത്തേയ്ക്കു മടങ്ങാൻ അനുവദിച്ചു. പലസ്തീനിന്റെ ചുമതല ദാവീദു വംശജനായ സെരുബാബേലിനെ ഏല്പിച്ചു. അദ്ദേഹത്തിന്റെയും പുരോഹിതനായ യോശുവായുടേയും നേതൃത്വത്തിൽ പ്രവാസത്തിൽ നിന്നും തിരികെവന്നവർ ജീവിച്ചു. മടങ്ങി വന്നപ്പോഴേയ്ക്കും ദേവാലയം പണിയുവാനും ആരാധന നടത്തുവാനുമുള്ള പ്രവാസകാലത്തെ ഉൽസാഹം കെട്ടടങ്ങി. തങ്ങൾക്കു വസിക്കുവാൻ നല്ല ഭവനങ്ങൾ നിർമ്മിക്കാനായിരുന്നു ശ്രമം. ദേശത്തു വരൾച്ച, ക്ഷാമം, കൃഷിപ്പിഴ, പണത്തിന്റെ മൂല്യശോഷണം ഇവയുണ്ടായി (1:6; 9–10; 2:17–19). കഠിനാദ്ധ്വാനം കൊണ്ടുപോലും അഹോവൃത്തിക്കു ബുദ്ധിമുട്ടായി. ഈ സാഹചര്യത്തിൽ ദേവാലയനിർമ്മാണം അവഗണിക്കപ്പെട്ടു. അക്കാര്യത്തിനു ജനങ്ങളെ ഉൽസാഹിപ്പിക്കേണ്ടതായി വന്നു. ഇതാണ് പ്രവാചകന്റെ പ്രവർത്തന പശ്ചാത്തലം.

## 2. പ്രവാചകനും സന്ദേശവും

ഹഗ്ഗായി 1:1; എസ്രാ 5:1; 6:14 ഇവയിൽ പ്രവാചകനെക്കുറിച്ചു പരാമർശിച്ചിട്ടുണ്ട്. പ്രവാസത്തിൽ നിന്ന് മടങ്ങിവന്നവരുടെയിടയിൽ ദൂതറിയിപ്പാനായി വിളിക്കപ്പെട്ടവനാണ് താൻ എന്നുള്ള ബോധം പ്രവാചകനെ ഭരിച്ചിരുന്നു. അദ്ദേഹം ദേവാലയ പുനർനിർമ്മാണത്തിനു ജനങ്ങളെ ഉത്സാഹിപ്പിച്ചു. ദേശാധിപതിയോടും പുരോഹിതനോടും ജനങ്ങളോടും സംസാരിച്ചു (1:1, 13). 'ഉൽസവം' എന്നർത്ഥമുള്ള 'ഹഗ്ഗ്' എന്ന വാക്കുമായി പേരിനു ബന്ധമുള്ളതിനാൽ ഒരു ഉത്സവദിവസത്തിലാണു പ്രവാചകന്റെ ജനനം എന്നു കരുതുന്നു. 'ഹഗ്ഗായി' എന്നതിന് 'എന്റെ ഉത്സവം' എന്നാണർത്ഥം. പേർഷ്യൻ രാജാവായ ദാര്യാവേശിന്റെ ഭരണകാലത്താണു താൻ ജീവിച്ചത് (527–486).

ഹഗ്ഗായിയുടെ പുസ്തകത്തിൽ പ്രധാനമായും നാലു പ്രവചനങ്ങൾ അടങ്ങിയിരിക്കുന്നു.

i) യിസ്രായേലിന്റെ കഷ്ടതകൾക്കും പ്രയാസങ്ങൾക്കും കാരണം ദേവാലയത്തെ അവഗണിച്ചതാണെന്നും ദേവാലയത്തിന്റെ പണി വേഗം തീർത്തെങ്കിലേ ദൈവത്തിൽ നിന്ന് അനുഗ്രഹം ലഭിക്കുകയുള്ളു എന്നും അറിയിച്ചു. ദേശാധിപതിയും, പുരോഹിതനും ജനങ്ങളും പ്രവാചകന്റെ വാക്കുകൾ കേട്ട് ഉണർന്നു ദേവാലയത്തിന്റെ പുനർനിർമ്മാണം ആരംഭിച്ചു (1:1–15).

ii) ദേവാലയ നിർമ്മാണത്തിനിടയിൽ അതിന്റെ ഭംഗിയെപ്പറ്റി സംശയിച്ചവരോട് യഹോവ പുതിയ ദേവാലയത്തെ പഴയതിനേക്കാൾ മഹത്വപ്പെടുത്തും എന്നും സകല ജാതികളും അതിലേയ്ക്കു കടന്നുവരും എന്നും

(2:7–9) അറിയിച്ചുകൊണ്ട് ഉത്സാഹമായി പണി പൂർത്തിയാക്കുവാൻ ഉത്സാഹിപ്പിച്ചു (2:4).

(iii) 2:10–19 വരെ കാണുന്ന മൂന്നാമത്തെ പ്രവചനത്തിന്റെ സാരം പുരോഹിതന്മാരുടെ അശുദ്ധി മൂലം ഭൂമി മുഴുവൻ അശുദ്ധമായി എന്നും തന്മൂലം ഫലം പുറപ്പെടുവിക്കാതിരിക്കുകയാണെന്നും ദേവാലയപ്പണി തുടങ്ങിയ നാൾ മുതൽ അവർക്കു ദൈവാനുഗ്രഹം ലഭിക്കുമെന്നും അറിയിച്ചു.

(iv). 2:20–23 വരെയുള്ള വാക്യങ്ങൾ സെരുബാബേലിനെക്കുറിച്ചുള്ളതാണ്. സെരുബാബേലിനെ ദൈവം തെരഞ്ഞെടുത്ത് അവനിൽക്കൂടിയും അവന്റെ വംശത്തിൽക്കൂടിയും രക്ഷാപ്രവർത്തനങ്ങൾ നിറവേറും എന്നുള്ളതാണു സാരം.

ആരാധനയിൽ അധിഷ്ഠിതമായ ഒരു പ്രായോഗിക ജീവിതത്തിനായി ജനങ്ങളെ ഉണർത്തിയ പ്രവാചകൻ എന്ന നിലയിൽ ഹഗ്ഗായി പ്രശംസ അർഹിക്കുന്നു.

### 3. ദൈവദർശനം

മുൻപ്രവാചകന്മാരെപ്പോലെ പ്രത്യക്ഷമായ ഒരു ദൈവദർശനം ഇതിൽ കാണുന്നില്ല. യഹോവയോടു വിശ്വസ്തത പുലർത്തുന്നവർ ദൈവത്തിനും, ദൈവാലയത്തിനും ആരാധനയ്ക്കും ദൈവികമായ കാര്യങ്ങൾക്കും, മുൻഗണന ആവശ്യപ്പെടുന്ന ദൈവത്തെയാണു പ്രവാചകൻ അവതരിപ്പിക്കുന്നത്.

## സെഖര്യാവ്

ബി. സി. 6–ാം നൂറ്റാണ്ടിൽ പ്രവാസത്തിനു ശേഷം ജീവിച്ച പ്രവാചകനാണു സെഖര്യാവ്. സെഖര്യാവിന്റെ പുസ്തകത്തെ രണ്ടു ഭാഗങ്ങളായി പണ്ഡിതന്മാർ തിരിച്ചിട്ടുണ്ട്. 1 മുതൽ 8 വരെയുള്ള അദ്ധ്യായങ്ങൾ ഹഗ്ഗായിയുടെ സമകാലീനനായ സെഖര്യാവിന്റേതാണ്. ഇദ്ദേഹത്തെ സെഖര്യാവ് ഒന്നാമൻ എന്നു വിളിക്കുന്നു. 9 മുതൽ 14 വരെയുള്ള അദ്ധ്യായങ്ങൾ ഇദ്ദേഹത്തിന്റേതല്ല. 1–8 അദ്ധ്യായങ്ങളിൽ കാണുന്ന ചില ആശയങ്ങൾ ദൈവകാവൽ (2:5; 9:8), വീണ്ടെടുപ്പ്, രക്ഷായുഗം 9–14 അദ്ധ്യായങ്ങളിലും കാണാം. ഈ സാദൃശ്യങ്ങൾ ഉള്ളതിനാൽ 9–14 അദ്ധ്യായങ്ങൾ പിൽക്കാലത്ത് ആദ്യഭാഗത്തോടു ചേർത്തു ക്രമീകരിച്ചതാണ്. രണ്ടാം ഭാഗത്തിന്റെ ഗ്രന്ഥകാരനെ സെഖര്യാവ് രണ്ടാമൻ എന്നു സൗകര്യാർത്ഥം വിളിക്കാം. ഇദ്ദേഹത്തിന്റെ കാലം ബി. സി. മൂന്നാം നൂറ്റാണ്ടിന്റെ അവസാനമോ, രണ്ടാം നൂറ്റാണ്ടിന്റെ ആരംഭമോ ആണെന്നു കരുതുന്നു.

# സെഖര്യാവ് ഒന്നാമൻ (1–8)

❑ പശ്ചാത്തലം ❑ പ്രവാചകനും സന്ദേശവും ❑ ദൈവദർശനം

സെഖര്യാവിന്റെ പുസ്തകം 1 മുതൽ 8 വരെയുള്ള അദ്ധ്യായങ്ങളാണു പ്രതിപാദന വിഷയം.

**1. പശ്ചാത്തലം**

സെഖര്യാ പ്രവാചകൻ, ഹഗ്ഗായിയുടെ സമകാലീനനാകയാൽ (എബ്രാ. 5:1; 6:14) ഹഗ്ഗായിയിൽ കണ്ട പശ്ചാത്തലം തന്നെയാണ് ഇതിനുമുള്ളത്. യെശയ്യാവു പ്രവചിച്ച സുന്ദരമായഭാവി ഒരു സ്വപ്നമായി മാത്രം ജനങ്ങൾക്കു തോന്നി. കാരണം, പ്രവാസത്തിൽ നിന്നും മടങ്ങിവന്നു കുറച്ചു കഴിഞ്ഞപ്പോൾ ജീവിതത്തിൽ വളരെ ബുദ്ധിമുട്ടും കഷ്ടനഷ്ടങ്ങളും അനുഭവപ്പെട്ടു. അദ്ധ്വാനത്തിനു തക്ക ഫലം ലഭിച്ചില്ല. ഈ സാഹചര്യത്തിൽ ദേവാലയത്തോടും ദൈവത്തോടും ജനങ്ങൾക്കു വിരസത തോന്നി. ദേവാലയ പുനർനിർമാണ പദ്ധതി തണുത്തു. ആകയാൽ ദേവാലയ നിർമ്മാണത്തിനും ദൈവത്തിലേയ്ക്കു തിരിയുന്നതിനും ജനങ്ങളെ ഉത്സാഹിപ്പിക്കേണ്ടി വന്നു. ഇതാണ് സെഖര്യാവിന്റെ പശ്ചാത്തലം.

**2. പ്രവാചകനും സന്ദേശവും**

ഹഗ്ഗായിയും സെഖര്യാവും സമകാലീനന്മാരായിരുന്നു. എന്നു മാത്രമല്ല ഇരുവരും സഹപ്രവർത്തകരും സമവീക്ഷണം ഉള്ളവരും ആയിരുന്നു (എബ്രാ 5:1, 6:14). പ്രവാചകനും പുരോഹിതനുമായിരുന്ന സെഖര്യാവ് ഇദ്ദോ പ്രവാചകന്റെ മകനായ സെഖര്യാവിന്റെ മകനായിരുന്നു. ബി. സി. 521 നും 519 നും മദ്ധ്യേ യെരുശലേമിൽ പ്രവർത്തിച്ചു. പൂർവ്വപിതാക്കന്മാരുടെയും പ്രവാചകന്മാരുടെയും ഉപദേശങ്ങൾ നല്ലവണ്ണം പഠിച്ചിരുന്നു (1:5–6). യെഹെസ്കേലിനെപ്പോലെയും പിന്നീട് ദാനിയേലിനെപ്പോലെയും ദർശനങ്ങളിലൂടെയാണു പ്രധാനമായും ദൈവസന്ദേശം അവതരിപ്പിച്ചത്. പ്രവാചകനുണ്ടായ എട്ടു ദർശനങ്ങൾ വെളിപ്പാടു രൂപത്തിൽ കൊടുത്തിരിക്കുന്നു (1:7–6:8). പ്രവാചകനിലെ ധർമ്മതീക്ഷ്ണതയും പുരോഹിതനിലെ ആരാധനാ താല്പര്യവും രണ്ടും കൂടി ചേർന്നതാണു സെഖര്യാവിന്റെ ആളത്വം. ഇദ്ദേഹം ഒരു പ്രായോഗിക പ്രവാചകനായിരുന്നു. ദേവാലയം പണിയുന്നതിനും ദേവാലയസ്ഥാനികളെ ക്രമീകരിക്കുന്നതിനും ആരാധന മെച്ചപ്പെടുത്തുന്നതിനും പരിശ്രമിച്ചു (1:16; 4:9; 6:12–13). 'ദൈവം ഓർത്തു', 'ദൈവത്തിന്റെ ഓർമ്മ' എന്നെല്ലാമാണു സെഖര്യാവിന്റെ അർത്ഥം.

ദേവാലയത്തിന്റെ പുനർനിർമ്മാണ പ്രവർത്തനമാണു മുഖ്യവിഷയം.

ഇതിനു തിടുക്കം കാട്ടുന്നതിന്റെ കാരണം മശിഹാകാലം (ദൈവരാജ്യം) തുടങ്ങുന്നു എന്നുള്ളതാണ് (2:10; 8:3). അന്നാളിൽ ദൈവം തന്റെ ജനത്തെ വീണ്ടെടുത്ത് ഉടമ്പടി പുതുക്കും (8:8). ദേവാലയം – ദൈവസാന്നിദ്ധ്യത്തിന്റെ പ്രത്യേക സ്ഥലം ആയിരിക്കും (2:10; 8:3). വിശുദ്ധീകരിക്കപ്പെട്ട ഒരു പൗരോഹിത്യത്തിന്റെ ആവശ്യകതയെ ചൂണ്ടിക്കാണിച്ചു (3:1–10). പ്രത്യാശയുടെയും ധൈര്യത്തിന്റേതുമായ സന്ദേശമാണു പ്രവാചകൻ അറിയിച്ചത്. ദേവാലയം വീണ്ടും പണിയുമെന്നും (1:16; 4:9; 6:12) സെരുബാബേൽ രാജാവായും യോശുവാ പുരോഹിതനായും അഭിഷിക്തരാകുമെന്നും (6:9–13) അടിമത്വത്തിൽ കഴിയുന്ന എല്ലാവരേയും മടക്കി വരുത്തുമെന്നും (8:7–8) സുഭിക്ഷതയും സമാധാനവും വേഗത്തിൽ ഉണ്ടാകുമെന്നുമുള്ളതിനാൽ ഭയപ്പെടാതെ ധൈര്യമായിരിക്കുക എന്നും പ്രവാചകൻ അറിയിച്ചു (8:11–13). യെരുശലേം 'സത്യനഗരം' എന്നു വിളിക്കപ്പെടും. യഹോവ തന്നെ അതിനെ സംരക്ഷിക്കും (2:4–5). 5 വർഷം കൊണ്ടു ദേവാലയ പണി പൂർത്തിയായി (ബി. സി. 516).

ആരാധനാ ജീവിതത്തോടു ചേർന്നുള്ള നീതി, ധർമ്മം ഇവയെക്കുറിച്ചും പഠിപ്പിച്ച് പൂർവപ്രവാചകന്മാരുടെ വഴികളെ കാണിച്ചുകൊടുത്തു. മനുഷ്യർ നീതിയുള്ളവരും കരുണയുള്ളവരും അനാഥരേയും വിധവകളേയും പരദേശികളേയും സംരക്ഷിക്കുന്നവരും പരസ്പരം ദോഷം നിരൂപിക്കാത്തവരും (7:9–10, 8:16–17). സത്യവും സമാധാനവും ഇഷ്ടപ്പെടുന്നവരും (8:9) ആയിത്തീരണം എന്ന് ഉപദേശിച്ചു.

നീതി, ന്യായം, ദയ, കരുണ, സത്യം, സമാധാനം ഈവിധ നന്മയിലാണ് ദൈവം പ്രസാദിക്കുന്നത്. 8–ാം നൂറ്റാണ്ടിലെ പ്രവാചകന്മാരുടെ, ഉപവാസത്തെക്കുറിച്ചുള്ള ചിന്തകൾ ഇദ്ദേഹത്തെയും ആകർഷിച്ചിരുന്നു (7:5–7). ബാഹ്യമായ ആചരണത്തിൽ മാത്രമല്ല, അതിന്റെ ആന്തരീയാനുഭവത്തിലൂടെയാണു ദൈവപ്രസാദം ലഭിക്കുന്നത്. ഉപവാസത്തിലൂടെ സത്യവും സമാധാനവും ഉള്ളവരായിരിപ്പാൻ ആവശ്യപ്പെട്ടു (8:19). നീതിയോടു കൂടിയ ജീവിതത്തിന്റെ അഭാവത്തിൽ ദേവാലയവും അതിലെ കർമ്മാനുഷ്ഠാനങ്ങളും അർത്ഥശൂന്യമാണ്. തുടക്കത്തിൽതന്നെ അനുതപിക്കുവാൻ ആഹ്വാനം ചെയ്തു (1:3). അവരുടെ പൂർവപിതാക്കന്മാരുടെ അനുസരണക്കേടിനു ലഭിച്ച ശിക്ഷയെ ഓർമിപ്പിച്ചുകൊണ്ടാണ് അനുതാപത്തിന്റെ ദൂതിനെ അറിയിച്ചത് (1:4–6).

അനുതാപത്തോടൊപ്പം വിശുദ്ധിയുടെ ആവശ്യകതയെയും ചൂണ്ടിക്കാണിച്ചു. വിശുദ്ധിയിലൂടെ മാത്രമേ പരിശുദ്ധനായ ദൈവത്തിന്റെ ജനമായിരിപ്പാൻ സാധിക്കുകയുള്ളു. അശുദ്ധിയെയും പാപത്തെയും ദൈവം നശിപ്പിക്കും (5:1–4). ജനങ്ങളുടെയും, പുരോഹിതന്റെയും പാപം

ഓർമിപ്പിക്കുവാനാണ് പുരോഹിതന്റെ മലിന വസ്ത്രത്തിന്റെ ദർശനം ഉണ്ടായത് (3:3). മനംതിരിവിലൂടെയും വിശുദ്ധിയിലൂടെയും ലഭിക്കുന്ന ദൈവ മഹത്വത്തെക്കുറിച്ചും അറിയിച്ചു (3:4-5).

ദൂതന്മാരെ സംബന്ധിച്ചുള്ള പ്രവാചകന്റെ ധാരണ പ്രത്യേകം ശ്രദ്ധേയമാണ് (1:9-11, 19; 3:1; 4:1; 5:5; 6:4). പ്രവാസകാലത്തിനു മുമ്പുള്ള പ്രവാചകന്മാരിൽ ദൂതന്മാരെപ്പറ്റി അധികം ഒന്നും കാൺമാനില്ല. അന്നു പ്രവാചകർക്ക് ദൈവത്തിൽ നിന്നു നേരിട്ടത്രെ ദൂതുകൾ ലഭിച്ചിരുന്നത്. പ്രവാസകാലം മുതൽ ദൂതന്മാരെപ്പറ്റിയുള്ള ചിന്തകൾ യിസ്രായേലിൽ പുരോഗമിച്ചു. ഏകദൈവവിശ്വാസം, ഉറച്ചതോടു കൂടി ദൈവം പരിശുദ്ധനും ഉന്നതനും മഹത്വവാനും സകലത്തിനും അതീതനുമാണ് എന്ന ബോധ്യം വർദ്ധിച്ചു. ഇപ്രകാരമുള്ള ദൈവം അശുദ്ധനും ബലഹീനനുമായ മനുഷ്യനോട് മധ്യവർത്തികളായ ദൂതന്മാർ മൂലമാണു ബന്ധപ്പെടുന്നത് എന്ന വിശ്വാസം വളർന്നു. ഈ ചിന്ത പിൽക്കാലത്തു കൂടുതൽ രൂഢമൂലമായി. പഴയനിയമ പുതിയനിയമ ഇടക്കാല ചരിത്രത്തിൽ ഇതു ശക്തിയായിക്കാണാം.

മശിഹായെ സംബന്ധിച്ചും മശിഹായുഗത്തെ സംബന്ധിച്ചുമുള്ള പ്രവാചകന്റെ ചിന്തകൾ വളരെ പ്രധാനപ്പെട്ടവയാണ് (16:12-13, മർക്കോ. 14:58, 2:4-12, 8:3-8, 12, 13, 15) പ്രവാചക ദർശനങ്ങളിലൂടെ തെളിഞ്ഞു കാണുന്നത്. യഹോവ തന്റെ രാജത്വം യെരുശലേമിൽ സ്ഥാപിക്കും. രാജാവും പുരോഹിതനും ചേർന്നു ദേശത്തു സമാധാനവും അഭിവൃദ്ധിയും ഉണ്ടാക്കും (6:13b). ദൈവരാജ്യത്തിൽ എല്ലാ ജാതികൾക്കും പങ്കാളിത്തം ഉണ്ടാകും (8:20-23). സകല മനുഷ്യരുടെയും രക്ഷയും സന്തോഷവുമാണ് മശിഹായുടെ ലക്ഷ്യവും, മശിഹാ യുഗത്തിന്റെയും, മശിഹാരാജ്യത്തിന്റെയും ഉദ്ദേശ്യവും. സകലരും അതിലായിത്തീരണമെന്നുള്ളതാണു പ്രവാചകന്റെ പ്രതീക്ഷ. സമാധാനത്തിന്റെയും സന്തോഷത്തിന്റേതുമായ ദൈവരാജ്യത്തിന്റെ വിവരണത്തോടെയാണ് പ്രവാചകദൂത് അവസാനിക്കുന്നത്.

### 3. ദൈവദർശനം

വളരെ ഉന്നതമായ ഒരു ദൈവദർശനമാണ് സെഖര്യാവിൽ കാണുന്നത്. യഹോവ മാത്രമാണു ദൈവം. യഹോവ നീതിമാനും (1:2) കരുണയുള്ളവനും (1:3, 16) തിന്മയെ ശിക്ഷിക്കുന്നവനും (1:6) മഹത്വവാനും തന്റെ ഭക്തരെ രക്ഷിക്കുന്നവനും (2:5) ആണ്. ദൈവം സർവ്വശക്തൻ എന്ന ആശയമാണു സൈന്യങ്ങളുടെ യഹോവ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. എല്ലാ ശക്തികൾക്കും അതീതനാണ് ദൈവം. സാന്നിദ്ധ്യത്തിൽ സമീപസ്ഥനായ ദൈവം (7:10) പരിശുദ്ധിയിലും മഹത്വത്തിലും ഔന്നത്യത്തിലും വിദൂരസ്ഥനാണ്. ആകയാൽ ദൂതന്മാരിൽ കൂടിയാണ് ദൈവം തന്റെ ഇഷ്ടം

വെളിപ്പെടുത്തുന്നത്. നീതിമാനായ ദൈവം തന്റെ ആരാധകരിൽ നിന്നും വിശുദ്ധിയും (3:3–5) ന്യായവും ദയയും കരുണയും (7:9–10) സത്യവും സമാധാനവും (8:19) ആവശ്യപ്പെട്ടു. ദൈവത്തോടു വിശ്വസ്തത പുലർത്തുന്നവരെ രക്ഷിച്ചു തന്റെ രാജ്യത്തിൽ സന്തോഷത്തോടു വസിപ്പിക്കുന്നു. ആദിമസഭയ്ക്കു വളരെ പ്രചോദനം നൽകിയ ദർശനമായിരുന്നു സെഖര്യാവിന്റേത്.

**ചോദ്യങ്ങൾ**

1. ഹഗ്ഗായി പ്രവാചകന്റെ പ്രധാന ദൗത്യം എന്തായിരുന്നു. അതിന്റെ പശ്ചാത്തലം എന്തായിരുന്നു?
2. സെഖര്യാവിന്റെ എട്ടു ദർശനങ്ങളിലൂടെ വെളിവാകുന്നത് എന്താണ്?
3. സെഖര്യാവിന്റെ സന്ദേശവും ദൈവദർശനവും എന്തായിരുന്നു?

## പാഠം 3

# യെശയ്യാവ്, ഓബദ്യാവ്

❑ യെശയ്യാവ് മൂന്നാമൻ (56–66) ❑ പശ്ചാത്തലം ❑ പ്രവാചകനും സന്ദേശവും ❑ ദൈവദർശനം ❑ ഓബദ്യാവ് ❑ പശ്ചാത്തലം ❑ പ്രവാചകനും സന്ദേശവും ❑ മറ്റു പ്രവാചകന്മാരുടെ സ്വാധീനം ❑ ദൈവദർശനം

പ്രവാസത്തിനു ശേഷമുള്ള പ്രവാചകന്മാരായ യെശയ്യാവ് മൂന്നാമൻ, ഓബദ്യാവ് ഇവരെക്കുറിച്ച് ഈ പാഠത്തിൽ കൊടുത്തിരിക്കുന്നു. ബി. സി. ആറും അഞ്ചും, നൂറ്റാണ്ടുകളിലായി ഇവരുടെ പ്രവർത്തനം വ്യാപിച്ചുകിടക്കുന്നു.

### യെശയ്യാവു മൂന്നാമൻ (56–66)

**(a) പശ്ചാത്തലം**

യെശയ്യാവ് 56 മുതൽ 66 വരെയുള്ള ഭാഗത്തിന്റെ ഗ്രന്ഥകാരനെയാണ് 'യെശയ്യാവു മൂന്നാമൻ' എന്നു വിളിക്കുന്നത്. ദ്വിതീയ യെശയ്യാവിന്റെ പശ്ചാത്തലത്തിൽ നിന്നും വ്യത്യസ്തമായ പശ്ചാത്തലമാണ് ഈ ഭാഗത്തിനുള്ളത്. പ്രവാസകാലത്തിനു ശേഷമുള്ള പശ്ചാത്തലമാണ് ഇതിൽ കാണുന്നത്. ബി. സി. 538 -ൽ കോരേശിന്റെ വിളംബരത്തെ തുടർന്ന്

അടുത്ത വർഷത്തിൽ തന്നെ പ്രവാസികൾ മടക്കയാത്ര ആരംഭിച്ചു. പ്രവാസികളുടെ തിരിച്ചുവരവ്, യെരുശലേമിനെ പുതുക്കി പണിയുന്നതിനുള്ള ഒരുക്കം (60:4; 14) അതിനെ സമ്പന്നമാക്കി സുരക്ഷിതത്വവും മഹത്ത്വവുമുള്ളതാക്കുന്നതിനുള്ള ശ്രമം (60:18-19) ഇവയെല്ലാം പശ്ചാത്തലത്തിൽ കാണാം. ദേവാലയത്തിൽ ആരാധന നടക്കുന്നുണ്ട് എങ്കിലും (60:7) നഗരഭിത്തികൾ പൊളിഞ്ഞു തന്നെ കിടക്കുന്നു (60:10). പുസ്തകത്തിൽ ചിതറിക്കിടക്കുന്ന പ്രവചനങ്ങളുടെ പഠനത്തിൽ നിന്നും മനസ്സിലാക്കുന്നതു പ്രവാസത്തിൽ നിന്നും മടങ്ങിയ കാലത്തിനും (ബി. സി. 537) നെഹമിയാവിന്റെ രംഗപ്രവേശത്തിനുമിടയ്ക്കുള്ള (ബി. സി. 445) പശ്ചാത്തലമാണ് പുസ്തകത്തിൽ കാണുന്നത്.

### (b) പ്രവാചകനും സന്ദേശവും

ഈ പ്രവാചകൻ യെശയ്യാവു രണ്ടാമന്റെ ഒരു ശിഷ്യനായിരിക്കണം. കാരണം ആശയാവിഷ്കരണത്തിൽ ഇദ്ദേഹം രണ്ടാമനെ മാതൃകയാക്കിയിരിക്കുന്നു. ഗ്രന്ഥത്തിൽ നിന്നും അദ്ദേഹത്തെ സംബന്ധിച്ച് ഒന്നും മനസ്സിലാക്കുവാൻ കഴിയുന്നില്ല. ആശ്വാസത്തിന്റെയും രക്ഷയുടെയും സദ്‌വാർത്ത അറിയിക്കുവാനായി ദൈവത്താൽ നിയുക്തനാണ് എന്ന ബോദ്ധ്യം പ്രവാചകനുണ്ടായിരുന്നു (61:1-3). നിരാശയിൽ കഴിയുന്ന ജനങ്ങളുടെ ധാർമികബോധത്തെ ഉണർത്തിക്കൊണ്ടും (58:6-8) അവരുടെ തെറ്റിനെ ചൂണ്ടിക്കാണിച്ചും (59:1-15) രക്ഷാദൂതിനെ നൽകിയും (59:1) യെരൂശലേമിന്റെ മഹത്വത്തെക്കുറിച്ചു വർണിച്ചും (60-62) പ്രത്യാശയുടെ ദൂതിനെ പകർന്നുമാണ് (66:12) തന്റെ ദൗത്യം നിറവേറ്റിയത്.

### രക്ഷയുടെ സന്ദേശം

രക്ഷയുടെ സന്ദേശം നൽകിക്കൊണ്ടാണ് പ്രവാചകൻ തുടങ്ങുന്നത് (56:1, 57:18-19). ആരാധനയിലൂടെയും (56:7) തൽഫലമായുണ്ടാകേണ്ട ന്യായം, നീതി, വിശുദ്ധി, നന്മ (56:1-2), അനുതാപം (59:1-2) ഇവയിലൂടെയും ദൈവത്തിന്റെ ദാനമാകുന്ന രക്ഷ അനുഭവിപ്പാൻ ആഹ്വാനം ചെയ്തു (59:1-2). തങ്ങളുടെ ജീവിതത്തിലെ തെറ്റുകളെ ചൂണ്ടിക്കാണിച്ചുകൊണ്ട് (57:3-13a) മനംതിരിയുവാനും യഹോവയിൽ ആശ്രയിച്ച് ആശ്വാസം കണ്ടെത്തുവാനും ആവശ്യപ്പെട്ടു (57:13b-15).

### ഉപവാസത്തിന്റെ സത്ത

ദൈവത്തിൽ നിന്ന് അകന്ന് നന്മ വിട്ടിട്ടുള്ള മതകർമാനുഷ്ഠാനങ്ങളുടെ പൊള്ളത്തരത്തെ പ്രവാചകൻ വിമർശിച്ചു. നോമ്പിന്റെ ബാഹ്യപ്രകടനങ്ങളേക്കാൾ ഉപരി അതിന്റെ അന്തസത്തയെന്തെന്നു വ്യക്തമാക്കി. ഉപവാസത്തിലൂടെ ദൈവത്തോട് അടുക്കണമെന്നും നീതിപ്രവൃത്തികൾ

ചെയ്യണമെന്നും ഇതു ബോധിപ്പിച്ചു (58:2-8). 'അന്യായ ബന്ധനങ്ങളെ അഴിക്കുക; നുകത്തിന്റെ അമിക്കയറുകളെ അഴിക്കുക, പീഡിതരെ സ്വത ന്ത്രരായി വിട്ടയയ്ക്കുക, എല്ലാ നുകത്തെയും തകർക്കുക, ഇതല്ലയോ എനിക്ക് ഇഷ്ടമുള്ള ഉപവാസം? വിശപ്പുള്ളവന് നിന്റെ അപ്പം നുറുക്കി ക്കൊടുന്നതും അലഞ്ഞുനടുക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർത്തു കൊള്ളുന്നതും നഗ്നനെ കണ്ടാൽ ഉടുപ്പിക്കുന്നതും നിന്റെ മാംസരക്ത ങ്ങളായിരിക്കുന്നവർക്കു നിന്നെത്തന്നെ മറയ്ക്കാതിരിക്കുന്നതും അല്ലയോ (58:6-7) ദൈവത്തിന് ഇഷ്ടമുള്ള ഉപവാസം എന്നു പ്രവാചകൻ ചോദി ക്കുന്നു. ഈ ചിന്ത ക്രിസ്തുവിലും ആഴമായി കാണുന്നുണ്ട് (യെശ. 61:1-37, ലൂക്കോ. 4:17-19, മത്താ. 25:31-45). ആരാധനയിലധിഷ്ഠിതമായ നീതി പ്രവർത്തികളിലൂടെയാണ് ദൈവമഹത്വം ഉണ്ടാകുന്നത് (58:8). സൽപ്രവർത്തിയിലൂടെ ദൈവതേജസ്സ് നമ്മിലേക്കു വരും (58:6-8, 60:1). വിശുദ്ധിയിലൂടെയും നന്മയിലൂടെയുമാണ് ദൈവസാന്നിദ്ധ്യം അനുഭവി ക്കേണ്ടത് (61:1-3).

## ദൈവമഹത്വവും വിശ്വസ്ത ശേഷിപ്പും

ദൈവമഹത്വം ഘോഷിപ്പാനായി ഒരു വിശ്വസ്ത ശേഷിപ്പിനെ ദൈവം ഒരുക്കും എന്ന് പ്രവാചകൻ അറിയിച്ചു. തങ്ങളുടെ ബലഹീനത മനസ്സി ലാക്കി നിസ്സഹായത സമ്മതിക്കുമ്പോഴാണ് ദൈവം തന്റെ ശക്തിയും സഹായവും തരുന്നത് (59:16). യെരുശലേമിന്റെ മഹത്വകരമായ അവസ്ഥയെക്കുറിച്ചു പ്രവാചകൻ അറിയിച്ചു (60-62). യെരുശലേമിന്റെ മഹത്വം ദൈവത്തോടുള്ള വിശ്വസ്തതയുടെ ഫലമായിരിക്കും. മത്സരി കൾക്ക് പ്രതിപകരം ലഭിക്കും (63:4, 65:11 -12). തിന്മ നശിക്കണമെന്നു ള്ളത് ദൈവനീതി മാത്രമാണ്. നന്മയും വിശ്വസ്തതയും ഉള്ളവർ സന്തോ ഷിച്ചാനന്ദിക്കും; മത്സരികൾ ദുഃഖിക്കും (65:13-14). എളിയവനേയും മനസ്സു നുറുങ്ങിയവനേയും ദൈവവചനം പ്രമാണിക്കുന്നവനേയും ദൈവം കടാ ക്ഷിക്കും (66:2). ഒരു വിശ്വസ്ത ശേഷിപ്പിനെ ഒരുക്കുന്നത് ദൈവമഹത്വം വെളിപ്പെടുത്തുന്നതിനും ഘോഷിക്കുന്നതിനുമാണ് (66:19). പ്രത്യാശയുടെ ദൂതിനെ പകർന്നുകൊണ്ടാണ് പ്രവാചകൻ തന്റെ സന്ദേശം അവസാനി പ്പിക്കുന്നത് (65:17-25; 66:22-24).

## (c) ദൈവദർശനം

ഗുരുവിന്റെ ചിന്താധാരയിൽ നിന്നുകൊണ്ട് ദൈവദൂതിനെ പകർന്നു കൊടുത്ത യെശയ്യാവു മൂന്നാമന്റെ ദൈവദർശനവും ഉന്നതമായിരുന്നു.

(i) തേജസ്സിനെ നൽകുന്ന ഏകസത്യദൈവം. യഹോവയാണ് ഏക സത്യദൈവം എന്നു പറഞ്ഞുകൊണ്ട് (64:4) ഏകദൈവ വിശ്വാസത്തെ ഉറപ്പിച്ചു. ദൈവം ഉന്നതനും (57:15) മഹത്വവാനും (63:15) ആണ്.

സ്നേഹവാനായ സ്രഷ്ടാവും വീണ്ടെടുപ്പുകാരനുമാണ് ദൈവം (63:16b; 64:8; 65:17; 66:22). ആരാധകരിൽ നിന്നു വിശുദ്ധി, നീതി, ന്യായം (56:1–2) നന്മ (58:6–8; 61:1–3) ഇവ ആവശ്യപ്പെടുന്ന ദൈവത്തെയാണു പ്രവാചകൻ ദർശിക്കുന്നത്. ദൈവം ആശ്വസിപ്പിക്കുന്നവനും (57:18–19). ബലഹീനരേയും, വിനീതരേയും, മനസ്സു നുറുങ്ങിയവരേയും സഹായിച്ചു ശക്തിപ്പെടുത്തുന്നവനുമാണ് (57:15b; 59:16; 66:2). ദൈവത്തോടു വിശ്വസ്തത പുലർത്തുന്നവർക്ക് അവിടുത്തെ പ്രകാശവും തേജസ്സും കൊടുക്കുന്നു (60:19).

### ത്രിത്വവിശ്വാസത്തിന്റെ നിഴൽ

ത്രിത്വവിശ്വാസത്തിന്റെ നിഴൽ യെശയ്യാ മൂന്നാമന്റെ ദൈവദർശനത്തിൽ കാണാം. പിതാവാം ദൈവത്തെ സംബന്ധിച്ചു (63:16; 64:8) ദൈവത്തിന്റെ വചനത്തെ സംബന്ധിച്ചും (56:1; 65:13; 66:1) പരിശുദ്ധാത്മാവിനെ സംബന്ധിച്ചും (63:10, 11, 14) പ്രവചനത്തിൽ ഉണ്ട്. പരിശുദ്ധാത്മാവിന്റെ ആളത്ത്വത്തെക്കുറിച്ചുള്ള പ്രത്യേക ബോധവും ഉണ്ടായിരുന്നു (63:10). പരിശുദ്ധാത്മാവിൽ ദൈവം സമീപസ്ഥനാണ് (63:11). വി. ത്രിത്വത്തിന്റെ പൂർണമായ വെളിപാടു ക്രിസ്തുവിൽ കൂടിയാണെങ്കിലും ത്രിത്വവിശ്വാസത്തിനുതകുന്ന ഭാഗങ്ങൾ, അവ്യക്തമാണെങ്കിലും, പഴയനിയമത്തിൽ പ്രത്യേകിച്ചും യെശയ്യാവു മൂന്നാമനിൽ ഉണ്ട്. ഇതെല്ലാം ക്രൈസ്തവ ദൈവദർശനത്തിന് അടിസ്ഥാനമായിത്തീർന്നു.

## 2. ഓബദ്യാവ്

### (a) പശ്ചാത്തലം

5-ാം നൂറ്റാണ്ടിലെ ഒരു പ്രവചനമാണിത്. യാക്കോബും ഏശാവും തമ്മിലുള്ള ശത്രുതയെക്കുറിച്ചുള്ള കഥ ഇതിന്റെ പിമ്പിലുണ്ട്. യിസ്രായേലും ഏദോമും തമ്മിലുള്ള ശത്രുതയും കാണാം. സാഹോദര്യസ്നേഹത്തിനു പകരം ഏദോം യിസ്രായേലിനോടു ശത്രുത പുലർത്തി. യിസ്രായേൽ നശിപ്പിക്കുന്നതിനു കൂട്ടുനില്ക്കുകയും നാശത്തിൽ സന്തോഷിക്കുകയും ചെയ്തു. ഈ പശ്ചാത്തലമാണു പ്രവാചകന്റെ മനസ്സിൽ നില്ക്കുന്നത്.

### (b) പ്രവാചകനും സന്ദേശവും

പഴയനിയമത്തിലെ ഏറ്റവും ചെറിയ പുസ്തകമായ (21 വാക്യങ്ങൾ) ഇതിൽ നിന്നും പ്രവാചകനെയും കാലത്തെയും സംബന്ധിച്ചു സൂചനകൾ ഒന്നും ഇല്ല. ഓബദ്യാവ് എന്ന പേരിന്റെ അർത്ഥം 'ദൈവത്തിന്റെ ദാസൻ' എന്നാണ്. യെരുശലേമിന്റെ നാശത്തിനു ശേഷവും (ബി. സി. 586) ഏദോമിന്റെ നാശത്തിനു മുമ്പും (ബി. സി. 460) ഉള്ള കാലഘട്ടത്തിലെഴുതിയതാകാം.

400 വരെയുള്ള കാലയളവും ചില പണ്ഡിതർ കൊടുക്കുന്നുണ്ട്.

### സന്ദേശം

പ്രധാനമായി രണ്ടു സന്ദേശങ്ങളാണിതിലുള്ളത്.

(i) വീഴ്ചയിൽ സന്തോഷിക്കുന്നവന്റെ നാശം (1-14 വാക്യങ്ങൾ). യെരുശലേമിനെ നശിപ്പിക്കുന്നതിനു കൂട്ടുനില്ക്കുകയും അവളുടെ വീഴ്ചയിൽ സന്തോഷിക്കുകയും ചെയ്ത ഏദോം നശിപ്പിക്കപ്പെടും (1-15). അഹങ്കാരത്തിന്റെ ഫലം നാശമാണ് (3-4). സഹോദരനെ പകയ്ക്കുന്നവർ ലജ്ജിക്കുകയും നശിക്കുകയും ചെയ്യും (10). സഹോദരന്റെ നാശത്തിനു കൂട്ടുനില്ക്കുകയും അതിൽ രസിക്കുകയും കഷ്ടതയിൽ കുറ്റം പറയുകയും, ബലഹീനതയെ ചൂഷണം ചെയ്യുകയും പാടുള്ളതല്ല (11-14). ഇപ്രകാരമെല്ലാം യിസ്രായേലിനോടു ചെയ്ത ഏദോമിന്റെ നാശത്തെക്കുറിച്ചാണു സന്ദേശത്തിന്റെ ആദ്യഭാഗം.

(ii) യഹോവയുടെ ദിവസം (15-21): സന്ദേശത്തിന്റെ രണ്ടാം ഭാഗം യഹോവയുടെ ദിവസത്തെക്കുറിച്ചായിരുന്നു. യഹോവയുടെ ദിവസം യെരുശലേമിനും എല്ലാ ജാതികൾക്കും ന്യായവിധിയുടെ ദിവസം ആയിരിക്കും. ദൈവത്തോടു വിശ്വസ്തത പുലർത്തിയവർക്കു സന്തോഷത്തിന്റെയും അവനെ നിന്ദിച്ചവർക്കു നാശത്തിന്റെയും ദിനമായിരിക്കും. വിശ്വസ്തത പുലർത്തുന്ന ഒരു രക്ഷിതഗണത്തെ ശേഷിപ്പിക്കും (17). യഹോവ സീയോനിൽ രാജാവായി വാഴും. യെരുശലേം മഹത്വപ്പെടും. യഹോവയുടെ രാജത്വം സ്ഥാപിക്കും (21) എന്നുള്ള സന്ദേശവും അറിയിച്ചു.

### (c) മറ്റു പ്രവാചകന്മാരുടെ സ്വാധീനം

മറ്റു പ്രവാചകന്മാരുടെ സ്വാധീനം ഓബദ്യാവിൽ കാണുന്നുണ്ട്. കാരണം യഹോവയുടെ ദിവസം (ഓബ. 15, ആമോ. 5:18; യെശ. 34:8; 63:4) ശേഷിക്കുന്ന രക്ഷിതഗണം (ഓബ. 17, യിരെ. 37:10; സെഫ. 3:12 -13) ഇവ മുൻ പ്രവാചകരിൽ പലരിലും കാണുന്ന ആശയങ്ങളാണ്. ഓബദ്യാവ് 1-10 വരെയും യിരെ. 49:7-22 വരെയുള്ള ഭാഗങ്ങളിലെ ആശയ പൊരുത്തവും ഐക്യരൂപവും പ്രത്യേകം ശ്രദ്ധേയമാണ്. അവർ പരസ്പരം കടപ്പെട്ടിരിക്കുന്നു എന്നതിനേക്കാൾ രണ്ടുപേരും പൊതുവായ ഒരു പൂർവ രേഖയോടു കടപ്പെട്ടിരിക്കുന്നു എന്ന നിഗമനത്തിനാണു മുൻതൂക്കം.

### (d) ദൈവദർശനം

പ്രവചനം ചെറുതെങ്കിലും വളരെ വ്യക്തമായ ഒരു ദൈവദർശനം ഇതിലുണ്ട്. അഹങ്കാരത്തെയും സ്നേഹമില്ലായ്മയെയും, സാഹസത്തെയും വെറുക്കുന്ന ദൈവം വിനയം, സ്നേഹം, വിശ്വസ്തത തുടങ്ങിയ

സുകൃതത്തെ നമ്മിൽനിന്നും ആഗ്രഹിക്കുന്നു. വിശ്വസ്തർക്കു രക്ഷയും അവിശ്വസ്തർക്കു നാശവും കൊടുക്കുന്നവനാണു ദൈവം. അതാണു ദൈവത്തിന്റെ പ്രതികാരദിവസം. ദൈവനീതിയുടേയും നന്മയുടെയും പ്രകടനമാണ് ആ ദിവസം. അശുദ്ധിക്കും തിന്മയ്ക്കും ദൈവത്തിൽ സ്ഥാനമില്ലാത്തതിനാൽ ദൈവം അവയെ നശിപ്പിക്കുന്നവനാണ്.

**ചോദ്യങ്ങൾ**

1. യെശയ്യാവ് മൂന്നാമന്റെ പശ്ചാത്തലം, സന്ദേശം, ദൈവദർശനം ഇവയെക്കുറിച്ച് എഴുതുക?
2. ഓബദ്യാവു ചെറിയ പുസ്തകമെങ്കിലും വലിയ ആശയങ്ങൾ ഉൾക്കൊള്ളുന്നു. സമർത്ഥിക്കുക?

### പാഠം 4

# മലാഖി, സെഖര്യാവ് II

❑ പശ്ചാത്തലം ❑ പ്രവാചകനും സന്ദേശവും ❑ ദൈവദർശനം ❑ സെഖര്യാവ് രണ്ടാമൻ ❑ പശ്ചാത്തലം ❑ പ്രവാചകനും സന്ദേശവും ❑ ദൈവദർശനം ❑ സെഖര്യാവും (II) പുതിയനിയമവും

പ്രവാസത്തിനു ശേഷമുള്ള പ്രവചനങ്ങളാണു മലാഖിയുടെയും സെഖര്യാവ് രണ്ടാമന്റെയും പുസ്തകത്തിൽ കാണുന്നത്. മലാഖി 1:1; സെഖര്യാവ് 9:1; 12:1 ഇവ മൂന്നും ഒരാളുടെ എഴുത്തുകളാണ് എന്ന് അവയുടെ പ്രവാചകം എന്ന തുടക്കം കണ്ടുകൊണ്ടു ചിന്തിക്കുന്നവരുണ്ട്. ബി. സി. 200 നോടു കൂടി നിയമകാനോൻ രൂപീകരിച്ചപ്പോൾ പ്രവാചകന്മാരുടെ പുസ്തകം തിട്ടപ്പെടുത്തി. 12 എന്ന സംഖ്യ തികയ്ക്കാനായി രണ്ടാം സെഖര്യാവിനെ (9–14) ഒന്നാം സെഖര്യാവോടും ബാക്കിയുള്ളതു മലാഖി എന്ന തലക്കെട്ടോടും കൂടി ഒരു പ്രത്യേക പ്രവചന പുസ്തകമാക്കി എന്നു ചില പണ്ഡിതന്മാർ കരുതുന്നു.

## മലാഖി

### (a) പശ്ചാത്തലം

പ്രവാസത്തിൽ നിന്നും മടങ്ങിവന്നതിനുശേഷം നേരിട്ട കഷ്ടനഷ്ടങ്ങൾ മൂലം ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചു ജനങ്ങൾ സംശയമുള്ളവരായിത്തീർന്നു (1:2; 3:14–15). ദേശത്ത് അവിശ്വാസവും ദുർന്നടപ്പും

വർദ്ധിച്ചു (3:5). പുരോഹിതന്മാരും ദൈവത്തിൽ നിന്നകന്നു ദേവാലയം അശുദ്ധമാക്കി (1:7, 8, 14). ആരാധനയിലുള്ള അലസത മൂലം ധർമ്മച്യുതി സംഭവിച്ചു. വിവാഹമോചനം സാധാരണയായി, മിശ്രവിവാഹം വർദ്ധിച്ചു. അന്യദേവന്മാരെ ആരാധിച്ചു. അനീതിയും, അധർമ്മവും ചൂഷണവും പീഡനവും വർദ്ധിച്ചു (3:5). ഈ പശ്ചാത്തലത്തിലാണു മലാഖിയുടെ സന്ദേശം.

## (b) പ്രവാചകനും സന്ദേശവും

പ്രവാചകനെ സംബന്ധിച്ചു പുസ്തകത്തിൽ നിന്ന് ഒന്നും ഗ്രഹിക്കുന്നില്ല. 3:1 -ൽ കാണുന്ന 'എന്റെ ദൂതൻ' എന്നതിന്റെ എബ്രായ പദമാണു മലാഖി. അതു തലക്കെട്ടായി 1:1 -ൽ ചേർത്തിരിക്കുന്നു. ഗ്രന്ഥകർത്താവ് ആരാണ് എന്നറിയില്ല. പിൽക്കാലത്തു ഗ്രന്ഥകർതൃത്വം എസ്രായ്ക്കു ആരോപിച്ചതായി പഴയനിയമത്തിന്റെ അറമായ വിവർത്തനമാകുന്ന താർഗുമിൽ നിന്നും മനസ്സിലാക്കുന്നു. ദേവാലയപണി തീർന്ന പശ്ചാത്തലവും എന്നാൽ എസ്രാ, നെഹമ്യാവ് ഇവരുടെ മതപരിഷ്കാരത്തിനു മുമ്പുള്ള കാലഘട്ടവുമാണ് പുസ്തകത്തിൽ കാണുന്നത്. 5 -ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്തോട് അടുത്തായിരിക്കണം ഇത് എഴുതിയത്. എന്നാൽ പ്രവചനങ്ങളുടെ അന്ത്യമെന്നവിധം 4:4-6 വരെ ഭാഗം പിന്നീടു കൂട്ടിച്ചേർത്തതാണ് എന്നു കരുതുന്നു. ആഗാധമായ ദേശീയബോധവും മതഭക്തിയും ഉള്ള പ്രവാചകൻ ഒരു പുരോഹിതനായിരുന്നിരിക്കണം.

### സന്ദേശം

ചോദ്യോത്തര രൂപത്തിലാണു പ്രവാചകസന്ദേശം കൊടുത്തിരിക്കുന്നത് (1:2, 7; 3:2, 8). ദേവാലയത്തിനും ആരാധനയ്ക്കും പൗരോഹിത്യത്തിനും പ്രാധാന്യം കൊടുത്ത പ്രവാചകൻ, ദുഷിച്ച പ്രവണതകൾക്കെതിരെ ശബ്ദമുയർത്തി.

1. ദൈവസ്നേഹത്തിൽ സംശയിക്കുകയും, ദൈവസ്നേഹം, ബഹുമാനം ഇവ നഷ്ടപ്പെടുകയും ചെയ്ത ജനങ്ങളെ ശാസിച്ചുകൊണ്ടു ദൈവം സ്നേഹവാനാണ് എന്ന് അറിയിച്ചു (1:1-5).

2. ദൈവത്തെ അനാദരിക്കുന്നവർ നിന്ദിക്കപ്പെടും. ദൈവത്തെ നിന്ദിച്ചു ദേവാലയത്തേയും ആരാധനയേയും അവഗണിച്ചു അശുദ്ധമാക്കിയതിനെതിരെ ശബ്ദമുയർത്തി (1:6-2:9). സ്വന്തജനം ദൈവത്തെ അനാദരിക്കുമ്പോൾ മറ്റു ജാതികളെല്ലാം തന്നെ ബഹുമാനിക്കുന്നു എന്നറിയിച്ചു (1:11). ദൈവത്തെ നിന്ദിച്ച പുരോഹിതന്മാർ നിന്ദയനുഭവിക്കേണ്ടിവരും.

3. വിവാഹമോചനത്തിനും, മിശ്രവിവാഹത്തിനും, അന്യദേവാരാധനയ്ക്കും എതിരെയുള്ളതായിരുന്നു തന്റെ മറ്റൊരു ദൂത് (2:10-16). ജനങ്ങൾ യൗവനത്തിലേ സ്വന്തം ഭാര്യയെ ഉപേക്ഷിച്ചിട്ടു കൂടുതൽ സൗന്ദര്യ

വതികളായ അന്യസ്ത്രീകളെ വിവാഹം കഴിച്ചു. അതോടുകൂടി അവരുടെ ദേവന്മാരെ ആരാധിക്കുവാനും തുടങ്ങി. ഇതെല്ലാം ദൈവത്തോടുള്ള അവിശ്വസ്തത മൂലം എന്നും അതിനു ശിക്ഷ അനുഭവിക്കണം എന്നുമുള്ള അർത്ഥമാണു പ്രവാചകസന്ദേശത്തിലുള്ളത്.

4. യഹോവയുടെ ദിവസത്തെ സംബന്ധിച്ചുള്ള ദൂതാണ് 2:17 മുതൽ 4:6 വരെ കാണുന്നത്. യഹോവയുടെ ദിവസം ന്യായവിധിയുടെ ദിവസമായിരിക്കും (2:17). ദൈവത്തിൽ നിന്ന് അകന്നവർക്കു ഭയവും നിരാശയും ശിക്ഷയും (3:5) ദൈവത്തെ ഭയപ്പെടുന്നവർക്കു പ്രത്യാശയും ഉണ്ടാകും (4:2). ശരിയായ ആരാധന അന്നാളിൽ ഉണ്ടാകും (3:3–4). ദൈവത്തിലേക്കു മടങ്ങിവരുവാനും ദശാംശവും വഴിപാടും സമർപ്പിച്ച് അനുഗ്രഹം പ്രാപിപ്പാനും ആജ്ഞാപിച്ചു (3:7–12). ദശാംശത്തെ സംബന്ധിച്ചുള്ള വചനം ശ്രദ്ധേയമാണ്. 'എന്റെ ആലയത്തിൽ ആഹാരം ഉണ്ടാക്കേണ്ടതിനു നിങ്ങൾ ദശാംശം മുഴുവനും ഭണ്ഡാരത്തിലേക്കു കൊണ്ടുവരുവീൻ. ഞാൻ നിങ്ങൾക്ക് ആകാശത്തിന്റെ കിളിവാതിലുകളെ തുറന്ന്, സ്ഥലം പോരാതെ വരുവോളം നിങ്ങളുടെമേൽ അനുഗ്രഹം പകരുകയില്ലയോ?' (3:10).

5. ദൈവശുശ്രൂഷ ഒരിക്കലും ഫലരഹിതമാകയില്ല. നീതിമാന്മാർ ബഹുമാനിക്കപ്പെടും. അവർക്കു പ്രതിഫലവും ലഭിക്കും. അവർ ദൈവത്തിനു നിക്ഷേപമായിരിക്കുകയും അവരുടെ പേർ ഓർമയുടെ പുസ്തകത്തിനു ചേർക്കയും ചെയ്യും എന്ന് പറഞ്ഞ് ആശ്വസിപ്പിച്ചു (3:13–18).

6. യുഗാന്ത്യ മുന്നോടിയായി ഏലിയാ പ്രവാചകൻ ദൈവത്തിൽ നിന്നു വരും. അനുതപിക്കുവാൻ ഒരു അവസരം കൊടുക്കും. മോശയുടെ ന്യായപ്രമാണം എല്ലാവരും പാലിക്കണം (4:4). പരസ്പരം സമാധാനത്തിൽ വസിക്കുന്നവരെ ദൈവം രക്ഷിക്കും (4:5–6). മലാഖി പ്രവചനമനുസരിച്ചുള്ള ഏലിയാവാണു യോഹന്നാൻ മാംദാന എന്നു ക്രിസ്തു സാക്ഷിച്ചിട്ടുണ്ട് (മത്തായി 11:14).

## (c) ദൈവദർശനം

വളരെ ഉന്നതവും വിശാലവുമായ ദൈവദർശനമാണു മലാഖിയിൽ കാണുന്നത്.

1. ദൈവം സ്നേഹമാണ് (1:2). എന്നാൽ ദൈവത്തെ നിന്ദിക്കുന്നവരെ നിന്ദിക്കുകയും (2:9) തന്നിൽ നിന്ന് അകന്നവരുടെ ആരാധന സ്വീകരിക്കാത്തവനുമാണ് (2:10).

2. ദൈവം എല്ലാവരുടെയും ദൈവമാണ്. സാർവത്രിക കാഴ്ചപ്പാടാണു ദൈവത്തെ സംബന്ധിച്ചുള്ളത്. ദൈവം സ്രഷ്ടാവും എല്ലാവരുടെയും പിതാവുമാണ് (2:10).

3. ദൈവികമായ വഴി ശരിയാക്കാൻ ദൂതന്മാരെ മുന്നോടിയായി അയക്കുന്നവനാണു ദൈവം (3:1). അനുതാപത്തിന് ഒരു അവസരം കൊടുക്കുന്നവനാണു ദൈവം (4:5–6).

4. ദൈവം ന്യായം വിധിക്കുന്നവനാണ്. തിന്മയെ നശിപ്പിക്കുകയും നന്മക്കു രക്ഷയും നല്ല ഫലവും കൊടുക്കുകയും ചെയ്യുന്നു (4:1–2). എസ്രാ, നെഹമ്യാവ് ഇവരുടെ പ്രവർത്തനങ്ങൾക്കു വഴിതെളിച്ചതു മലാഖിയാണ എന്നു കരുതുന്നു.

# സെഖര്യാവ് II (9-14)

## (a) പശ്ചാത്തലം

ബി. സി. മൂന്നാം നൂറ്റാണ്ടിന്റെ അവസാനമോ രണ്ടാം നൂറ്റാണ്ടിന്റെ ആദ്യമോ എഴുതിയ സെഖര്യാവ് 9–14 വരെയുള്ളതിന്റെ പശ്ചാത്തലം പുസ്തകത്തിൽ നിന്നും ഗ്രഹിക്കാവുന്നതാണ്. യഹൂദന്മാർ ജാതികളെ ദ്വേഷിക്കുകയും അവരുടെ നാശം ആഗ്രഹിക്കുകയും ചെയ്ത കാലം (9:1–8, 13–15). ലോകഭരണത്തിൽ മടുത്ത ജനങ്ങൾ മശിഹാ യുഗത്തിനായി കാത്തിരിക്കുന്നു (9:9–10; 14:3). യവനഭരണത്തിന്റേയും സംസ്കാരത്തിന്റേയും വേലിയേറ്റം യവനരെക്കുറിച്ചുള്ള ശത്രുഭീതിയും പശ്ചാത്തലത്തിൽ കാണാം (9:13). മക്കാബിയരുടെ കാലവുമായി ബന്ധപ്പെടുത്തി ചിന്തിക്കുന്നവരുമുണ്ട്.

## (b) പ്രവാചകനും സന്ദേശവും

പ്രവാചകനെ സംബന്ധിച്ച് ഒന്നും തന്നെ പുസ്തകത്തിൽ നിന്നും ലഭിക്കുന്നില്ല. അജ്ഞാത നാമധേയനാണ്. പ്രവചനം തീരാറായ കാലം (13:4–6). വെളിപ്പാടു സാഹിത്യത്തിന്റെ ശൈലി കൂടി കാണുന്നതിനാൽ ഗ്രന്ഥകാരനെ വെളിപ്പാടു പ്രവാചകനായി കരുതുന്നവരുമുണ്ട്. മലാ. 1:1, സെഖ. 9:1, 12:1, ഇതെല്ലാം ഒരാൾ എഴുതിയതായി കരുതപ്പെടുന്നു. ഏതായാലും യഹൂദ മതതീഷ്ണതയും മശിഹായുടെ പ്രതീക്ഷയുമുള്ള ഒരാളായിരുന്നു പ്രവാചകൻ. ചരിത്ര സംഭവത്തിന്റെ വെളിച്ചത്തിൽ (അലക്സാണ്ടറുടെ ആക്രമണം) ദൈവീകമായ കാര്യം (യഹോവയുടെ ദിവസം) വെളിപ്പെടുത്തുന്നതിന് ഉത്സാഹിച്ചയാളാണ്.

### സന്ദേശം

യുഗാന്ത്യം, മശിഹാകാലവും ഭരണവും, വിശ്വസ്തശേഷിപ്പ്, ശരിയായ ആരാധന ഇവയെക്കുറിച്ചുള്ള സന്ദേശമാണ് സെഖര്യാവു രണ്ടാമനിൽ പ്രധാനമായും കാണുന്നത്. യുഗാന്ത്യ വർണ്ണനയ്ക്കു വളരെ പ്രാധാന്യം കൊടുത്തിരിക്കുന്നു. ലോകത്തെ വിധിച്ച് തിന്മയെ നശിപ്പിക്കുന്നതിനും

നമ്മയെ രക്ഷിക്കുന്നതിനുമായി യഹോവ വരുന്നു. തന്റെ ജനത്തെ അവൻ ശത്രുക്കളിൽ നിന്നും രക്ഷിക്കും (9:1-8). ദൈവത്തിന്റെ അഭിഷിക്തൻ രക്ഷകനായി വരും (9:9-10). അവൻ ശാന്തനും, വിനയമുള്ള രക്ഷകനും രാജാവുമായിരിക്കും.

ദൈവാനുഗ്രഹം ലൗകികസമ്പത്തിലല്ല എന്ന ആശയം പ്രവാചകൻ പഠിപ്പിച്ചു (11:5b). ദൈവരക്ഷ അനുഭവിക്കുന്നതത്രെ അനുഗ്രഹം (11:6) എന്നു പരോക്ഷമായി പറഞ്ഞിരിക്കുന്നു.

അജപാലനധർമത്തെ സംബന്ധിച്ചു പ്രവാചകൻ എടുത്തു പറഞ്ഞിട്ടുണ്ട്? നിരുത്തരവാദിത്വത്തോടു ജീവിക്കുന്ന ഇടയന്മാരെയും നേതാക്കന്മാരെയും നശിപ്പിക്കും എന്നു ശക്തിയായി പറഞ്ഞു. 'ആട്ടിൻകൂട്ടത്തെ ഉപേക്ഷിച്ചുകളയുന്ന തുമ്പുകെട്ട ഇടയന് അയ്യോ 'കഷ്ടം' എന്നു നിലവിളിച്ചു (11:15-17). ഏല്പിച്ചിരിക്കുന്ന ജോലി വിശ്വസ്തതയോടെ ചെയ്യണമെന്ന് ഉദ്ബോധിപ്പിച്ചു.

യെരുശലേമിന്റെ വിജയത്തെ സംബന്ധിച്ചും ദൈവവിജയ മഹത്വം ഇവയെ സംബന്ധിച്ചും അറിയിച്ചു (12-14). അന്നാളിൽ ദൈവം ഒരു വിശ്വസ്ത ശേഷിപ്പിനെ ഒരുക്കും. കഷ്ടതയാകുന്ന ചൂളയിലൂടെ കടന്നു ശോധന ചെയ്ത അവരെ രക്ഷിക്കും. അവർ ഉടമ്പടി കാത്തുസൂക്ഷിക്കുന്ന ദൈവജനം ആയിരിക്കും (13:7-9). കഷ്ടതയുടെ പ്രാധാന്യം പ്രവാചകൻ മനസ്സിലാക്കിയിരുന്നു. സ്നേഹിതന്റെ വീട്ടിൽ വെച്ചു അടികൊണ്ടു പീഡ സഹിക്കുന്ന ദൈവദാസന്റെ വിവരണം ശ്രദ്ധേയമാണ്. യഹോവയുടെ വിജയഘോഷണത്തിന്റെ കാലത്തു യെരുശലേമിൽ ശരിയായ ആരാധന നടക്കും (14). യെരുശലേം ദേവാലയം പണിത് ആരാധന നടക്കുന്നതിനുള്ള സെഖര്യാവ് ഒന്നാമന്റെ ആഗ്രഹം സഫലമായതായിട്ടാണ് കാണുന്നത്.

### c) ദൈവദർശനം

ദൈവത്തെ സംബന്ധിച്ചു വ്യക്തമായ കാഴ്ചപ്പാട് പ്രവാചകനുണ്ടായിരുന്നു. ദൈവം ഏകനാണ് (14:9). സ്രഷ്ടാവും (12:1) രക്ഷിതാവും (9:8) ശക്തീകരിക്കുന്നവനും (12:5) ശുദ്ധീകരിക്കുന്നവനും (13:1) പ്രത്യാശ നൽകുന്നവനുമാണ് (9:9). മനുഷ്യനുമായി ബന്ധമുള്ള ദൈവം ഉത്തരവാദിത്വജീവിതമാണു മനുഷ്യനിൽ നിന്നും പ്രതീക്ഷിക്കുന്നത്. ദൈവം വിശ്വസ്തത ആവശ്യപ്പെടുന്നു (11:15-17).

### (d) സെഖര്യാവും പുതിയനിയമവും

ആദിമക്രൈസ്തവരെ വളരെ സ്വാധീനിച്ചിട്ടുള്ള പുസ്തകമാണിത്. ഇതിലെ പല പ്രയോഗങ്ങളും ക്രിസ്തുവുമായി ബന്ധിച്ചു പുതിയനിയമ

ത്തിൽ ചേർത്തിട്ടുണ്ട്. (1) ക്രിസ്തുവിന്റെ യെരുശലേം പ്രവേശനം (9:9-10; മത്താ. 21:4). (2) യൂദാസിന്റെ ഒറ്റിക്കൊടുക്കൽ (11:12-13, മത്തായി 26:14-16). (3) 'കുത്തിയവനിലേക്കു നോക്കും' (12:10, യോഹ. 19:37). (4) സ്നേഹിത ന്മാരുടെ വീട്ടിൽ വച്ച് അടികൊണ്ടത് (13:6, ലൂക്കോ. 22:46-47). ക്രൈസ്തവ സഭയ്ക്കു വളരെ വിലപ്പെട്ട ഒരു പുസ്തകമാണ് ഇത്.

**ചോദ്യങ്ങൾ**

1. മലാഖിയുടെ പശ്ചാത്തലവും സന്ദേശവും ദൈവദർശനവും എന്ത്?
2. സെഖര്യാവിന്റെ പ്രധാന ദൂത് എന്ത്? ഇതു ക്രൈസ്തവസഭയ്ക്കു വളരെ താല്പര്യമുള്ള പുസ്തകമാണ് എന്നു സമർത്ഥിക്കുക?

## പാഠം 5

# യോവേൽ, യോന

❑ പശ്ചാത്തലം ❑ പ്രവാചകനും സന്ദേശവും ❑ ദൈവദർശനം ❑ യോന ❑ പശ്ചാത്തലം ❑ പ്രവാചകൻ ❑ പ്രവാചകസന്ദേശം ❑ സന്ദേശം ❑ ദൈവദർശനം

ബി. സി. 4-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട പ്രവചനമാണ് യോവേലും യോനയും എന്നു കരുതുന്നു. യോനയുടെ ഗ്രന്ഥം നാലാം നൂറ്റാണ്ടിൽ എഴുതിയതാണ്. എങ്കിലും അത് പുരാതന പാരമ്പര്യകഥകളുടെ അടി സ്ഥാനത്തിലുള്ളതാണ്.

## 1. യോവേൽ പ്രവാചകൻ

### (1) പശ്ചാത്തലം

തുള്ളൽ, വെട്ടുക്കിളി, വിട്ടിൽ, പച്ചപ്പുഴു ഇവ കൃഷി നശിപ്പിച്ചു. ദേശത്തു കഠിനമായ വരൾച്ച ഉണ്ടായി. സാമ്പത്തിക അധഃപതനവും ദാരിദ്ര്യവും അനുഭവപ്പെട്ടു. ഭോജനയാഗവും, പാനീയയാഗവും നടത്തുന്നതിനുള്ള ധാന്യം, വീഞ്ഞ് ഇവ ലഭിക്കാതെയായി. യാഗം നിന്നുപോയി (1:4, 9, 13). ശത്രുക്കളുടെ ആക്രമണവും നേരിട്ടു (1:6). ഇതിന്റെയെല്ലാം പശ്ചാത്തല ത്തിൽ ദൈവത്തിൽ നിന്ന് കരുണ ലഭിപ്പാൻ എല്ലാവരും ദേവാലയത്തിൽ കൂടി ഉപവസിച്ചു പ്രാർത്ഥിച്ചു. ദൈവത്തിലേക്കു തിരിയുവാൻ പ്രേരിപ്പി ക്കുന്നതാണ് ഈ പ്രവചനം(1:14). ബി. സി. നാലാം നൂറ്റാണ്ടാണ് കാല ഘട്ടം. ഗ്രീക്കു ഭരണകാലത്തെക്കുറിച്ച് സൂചനയുണ്ട് (3:6).

### (2) പ്രവാചകനും സന്ദേശവും

യോവേൽ പ്രവാചകൻ പെഥുവേലിന്റെ മകൻ ആണെന്നു പുസ്തകത്തിൽ നിന്നും ഗ്രഹിക്കാം (1:1). യെരൂശലേമിനെക്കുറിച്ചും യഹൂദയെക്കുറിച്ചും അതീവ താല്പര്യമുള്ള പ്രവാചകൻ (3:20) യഹൂദനായിരിക്കണം. ദേവാലയത്തോടും, പൗരോഹിത്യത്തോടും യാഗാദികർമങ്ങളോടും സജീവ താല്പര്യം കാണിച്ചിരുന്ന യോവേൽ ഒരു പുരോഹിത പ്രവാചകനാണ് എന്ന് പലരും കരുതുന്നു. യഹൂദന്മാരെക്കുറിച്ചു മാത്രം കരുതലുള്ള പ്രവാചകൻ തികഞ്ഞ യഹൂദ മതഭക്തനായിരുന്നു. യോവേൽ എന്നതിന്റെ അർത്ഥം 'യഹോവയാകുന്നു ദൈവം' എന്നാണ്.

#### സന്ദേശം

ദൈവത്തിൽ നിന്നകന്നതു മൂലം കഷ്ടനഷ്ടങ്ങൾ നേരിട്ടവരോടു അനുതപിക്കുവാനുള്ള ആഹ്വാനം, യുഗാന്ത്യത്തെ സംബന്ധിച്ചുള്ള യഹോവയുടെ ദിവസം, പ്രബോധനം ഇവയുൾക്കൊള്ളുന്നതാണ് യോവേൽ പ്രവാചകന്റെ സന്ദേശം.

#### (1) അനുതാപം

ദൈവത്തിൽ നിന്നും അകന്ന ജീവിതം മൂലമാണ് കൃഷിപ്പിഴയും, വരൾച്ചയും ദാരിദ്ര്യവും നേരിട്ടിരിക്കുന്നത്. ആകയാൽ എല്ലാവരും അനുതപിച്ച് ദൈവത്തിലേക്കു തിരിഞ്ഞാൽ ദൈവം കടാക്ഷിക്കുമെന്നുള്ളതായിരുന്നു പ്രവാചകന്റെ പ്രഥമ സന്ദേശം (1:8, 13). അനുതാപസൂചകമായി എല്ലാവരും ദേവാലയത്തിൽ കൂടി ഉപവസിക്കുവാനാവശ്യപ്പെട്ടു (1:14; 2:12, 15). യഹോവയുടെ വലുതും ഭയങ്കരവും സഹിച്ചുകൂടാൻ വയ്യാത്തതുമായ ദിവസം (2:11) അടുത്തുവരുന്നതുകൊണ്ടു കൂടിയാണ് അനുതപിക്കുവാൻ നിർബന്ധിച്ചത്. അനുതാപം യഥാർത്ഥമായിരിക്കണമെന്നും ബാഹ്യപ്രകടനങ്ങൾ കൊണ്ടു തൃപ്തിയടയാതെ നുറുങ്ങിയ ഹൃദയവുമായി ദൈവത്തിലേക്കു തിരിയണമെന്ന് ആവശ്യപ്പെട്ടു (2:13). അനുതപിക്കുന്നവരിൽ കരുണ കാണിക്കുന്ന ദൈവത്തെക്കുറിച്ചും പറഞ്ഞു (2:13b). ഉപവാസത്തോടു കരഞ്ഞു ശുദ്ധിപ്രാപിപ്പാനുള്ള ആഹ്വാനം ആബാലവൃദ്ധം ജനങ്ങളും കേട്ടു.

#### (2) മദ്ധ്യസ്ഥത

പുരോഹിതന്മാർ ദൈവമുമ്പിൽ ജനങ്ങൾക്കു വേണ്ടിയും തങ്ങൾക്കു വേണ്ടിയും മദ്ധ്യസ്ഥത അണക്കേണ്ടവരാണ് എന്നുള്ള ബോധം പ്രവാചകനുണ്ടായിരുന്നു. ഇപ്രകാരം മദ്ധ്യസ്ഥത അണക്കണമെന്നുള്ള സന്ദേശത്തെ പുരോഹിതന്മാർ കേട്ടു. അവർ ദൈവസന്നിധിയിൽ കരഞ്ഞു മദ്ധ്യസ്ഥപ്രാർത്ഥന നടത്തി (2:17). പുരോഹിതന്മാരുടെ മദ്ധ്യസ്ഥതയുടെ

പ്രാധാന്യം പ്രത്യേകം ഓർക്കണം. ജനങ്ങളുടെ അനുതാപവും പുരോഹിതന്മാരുടെ മധ്യസ്ഥതയും നിമിത്തം ദൈവം അവരിൽ കരുണചെയ്ത് അവർ ദൈവത്തെ സ്തുതിക്കുവാൻ ഇടയാകും എന്നും അറിയിച്ചു (2:18–27). കാരണം യഹോവ മാത്രമാണ് സത്യദൈവം (2:27). ദൈവസാന്നിദ്ധ്യത്തിൽ ധൈര്യം കൊള്ളുവാനും ആവശ്യപ്പെട്ടു (2:20–21).

### (3) യുഗാന്ത്യചിന്തയും ദൈവാത്മദാനവും

പ്രവാചകസന്ദേശത്തിൽ പ്രധാനപ്പെട്ട മറ്റൊന്ന് യുഗാന്ത്യചിന്തയായിരുന്നു. യഹോവയുടെ ദിവസത്തെക്കുറിച്ചു പ്രവാചകൻ പറയുന്നുണ്ട്. അത് വലുതും ഭയങ്കരവുമാണ്. സഹിച്ചുനില്ക്കുവാൻ പ്രയാസവുമാണ് (2:11). അത് ന്യായവിധിയുടെ ദിവസം ആയിരിക്കും (2:2, 14). ദൈവത്തിൽ നിന്ന് അകന്നവർക്കു ശിക്ഷയും ദൈവത്തെ അറിഞ്ഞു ജീവിക്കുന്നവർക്ക് രക്ഷയും ലഭിക്കും. അന്നാളിൽ ദൈവത്തെ അറിയുന്ന ഏവർക്കും ദൈവം തന്റെ ആത്മാവിനെ പകർന്നുകൊടുക്കും (2:28–32). ഇതു പെന്തിക്കോസ്തു നാളിൽ സംഭവിച്ചു (അപ്പോ. പ്ര. 2:16–21). അങ്ങനെ ദൈവത്തെ അറിയുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്ന ഒരു രക്ഷിതഗണത്തെ ശേഷിപ്പിക്കും (2:32b).

### (4) ദൈവജനത്തിന്റെ സൗഖ്യവും വിജയവും മോചനവും ആലയത്തിൽനിന്നുള്ള ഉറവയും

വിശുദ്ധ യുദ്ധം നടത്തുന്നവർക്കു വിജയം വാഗ്ദാനം ചെയ്യുന്നു. വിശുദ്ധ ജീവിതം നടത്തുന്നവരുടെ കൂടെ യഹോവ വസിക്കും (3:3–16). ദൈവജനത്തിന്റെ ശത്രുക്കളെ ദൈവം നശിപ്പിക്കും (3:19). യഹൂദയേയും യെരുശലേമിനെയും ദൈവം സ്ഥിരമാക്കും (3:20). വിശുദ്ധാലയത്തോടുള്ള ബന്ധവും വിശുദ്ധജീവിതവും നയിക്കുന്നവർക്ക് സൗഖ്യദായകമായ ജീവജലം ലഭിക്കും. 'യഹോവയുടെ ആലയത്തിൽ നിന്നും ഒരു ഉറവ പുറപ്പെടും' (3:18b). പാപത്തിന്റെയും മാലിന്യത്തിന്റെയും ഉറവയെക്കുറിച്ച് സെഖര്യാവും സാക്ഷിച്ചിട്ടുണ്ട് (13:1). ജീവദായകവും സൗഖ്യദായകവുമായ ആലയത്തിൽ നിന്നുള്ള ഉറവയെപ്പറ്റി യെഹെസ്കേൽ പ്രവചിച്ചിട്ടുണ്ട് (47:1–12). ദാഹം ശമിപ്പിക്കുന്ന വെള്ളത്തെപ്പറ്റി യെശയ്യാവ് പ്രവചിച്ചു (55:1). ഈ പ്രവചനങ്ങളുടെ പൂർത്തീകരണം ക്രിസ്തുവിൽ നാം കാണുന്നുണ്ട് (യോഹ. 4:10, 15; 13:8b; 19:34). ഇതെല്ലാം വി. കുർബാനയുടെ നിഴലായി പിതാക്കന്മാർ പഠിപ്പിക്കുന്നു. ദൈവജനം തങ്ങളെത്തന്നെ ശുദ്ധീകരിക്കുമ്പോൾ ദൈവം പാപം മോചിക്കുകയും അവരിൽ വസിക്കുകയും സന്തോഷവും പ്രത്യാശയും പകർന്നുകൊടുക്കുകയും ചെയ്യും. ഈ വിധമായ സന്ദേശങ്ങൾ നൽകി പ്രവാചകൻ ജനങ്ങളുടെ വർത്തമാന കാല കഷ്ടതകളെ മറക്കുവാനും ആശ്വാസം കൈക്കൊള്ളുവാനും പ്രേരിപ്പിച്ചു.

### 3. ദൈവദർശനം

വളരെ വിശാലവും ശ്രേഷ്ഠവും സാർവത്രികവുമായ ഒരു ദൈവദർശനത്തിന്റെ ഉടമയാണ് യോവേൽ പ്രവാചകൻ. ഏകദൈവവിശ്വാസത്തെ ഉറപ്പിച്ചിരിക്കുന്നു (3:27). തിന്മയെ ശിക്ഷിക്കുന്നവനും (1:5) പ്രതിപകരം ചെയ്യുന്നവനും (3:19) ആണ്. നിലവിളി കേൾക്കുന്ന ദൈവത്തെയാണ് പ്രവാചകൻ പരിചയപ്പെടുത്തുന്നത് (1:14). ദൈവം ന്യായം വിധിക്കുന്നവനാണ് (2:1; 3:14). അതേസമയം മനുഷ്യന്റെ മനംതിരിവിനും രക്ഷയ്ക്കും ആഗ്രഹിക്കുകയും ചെയ്യുന്നു (2:12). ദൈവം കൃപയും കരുണയും ദീർഘക്ഷമയും മഹാദയയും ഉള്ളവൻ ആകുന്നു (2:13b). പ്രായഭേദം, സ്ഥാനവ്യത്യാസം, സ്ത്രീപുരുഷ വ്യത്യാസം ഇവ കൂടാതെ ആത്മാവിനെ ദാനം ചെയ്യുന്ന ദൈവത്തെ പ്രവാചകൻ കാണുന്നു (3:28–29). വിശുദ്ധനെ സംരക്ഷിക്കുകയും (3:16b) അവരുടെ പാപം മോചിക്കുന്നവനുമാണ് ദൈവം (3:21).

## യോന

### (a) പശ്ചാത്തലം

ബി. സി. 8–ാം നൂറ്റാണ്ടിൽ അസ്സീറിയായുടെ തലസ്ഥാനമായ നിനെവ വളരെ പ്രധാനപ്പെട്ട നഗരമായിരുന്നു. നിനെവയിൽ ദുഷ്ടത വർദ്ധിച്ചു. അധർമം പെരുകി (1:2b). അവർ നശിക്കാതിരിപ്പാൻ മാനസാന്തരപ്രസംഗം നടത്തുന്നതും പ്രസംഗം കേട്ടു മാനസാന്തരപ്പെട്ടതിന്റെ ഫലമായി നഗരം രക്ഷപ്പെടുന്നതുമാണ് ഇതിന്റെ പശ്ചാത്തലം.

### (b) പ്രവാചകൻ

പ്രവാചകനെ സംബന്ധിച്ചു മനസ്സിലാക്കുന്നത് അമീത്ഥായിയുടെ മകനാണെന്നാണ്. 2. രാജാ. 14:25 –ൽ യെരോബയാം രണ്ടാമന്റെ കാലത്ത് അമീത്ഥായിയുടെ മകനായ യോനയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഇതു രണ്ടും ഒരാൾ ആണെങ്കിൽ യോനാ ബി. സി. 8–ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ആമോസു പ്രവാചകന്റെ സമകാലീനനാണ്. അന്നു നിനെവ പ്രധാനപ്പെട്ട പട്ടണവുമായിരുന്നു. എന്നാൽ യോന അന്ന് നിനെവയിൽ പോയി ദൂതറിയിച്ചതായി തെളിവുകൾ ഒന്നും ചരിത്രത്തിലില്ല. യോനായും നിനെവയും ഒക്കെ 8–ാം നൂറ്റാണ്ടിനെ സൂചിപ്പിക്കുന്നുവെങ്കിലും യോനായുടെ പുസ്തകം ബി. സി. 4–ാം നൂറ്റാണ്ടിലേതു മാത്രമാണ് എന്ന് പണ്ഡിതന്മാർ സമ്മതിക്കുന്നുണ്ട്. പുരാതന ചരിത്രത്തിന്റെയും പുരാണങ്ങളുടെയും പ്രവചനങ്ങളുടെയും വെളിച്ചത്തിൽ അതിൽനിന്നെല്ലാമുള്ള കാര്യങ്ങൾ കൂട്ടിച്ചേർത്ത് ചില സത്യങ്ങൾ വെളിപ്പെടുത്തുവാൻ രചിച്ച ഒരു പ്രവാചകകഥ (Prophetic Novel) യാണു യോനായെന്ന് ഇന്നു പൊതുവെ കരുതപ്പെടുന്നു. യോനാ ചരിത്രപുരുഷനാണ്. നിനെവ ചരിത്രപട്ടണവുമാണ്.

എന്നാൽ ഈ പുസ്തകത്തിലെ സംഭവത്തിന്റെ ചരിത്രപ്രാധാന്യത്തേക്കാൾ ഉപരി അതിലുൾക്കൊള്ളുന്ന സന്ദേശത്തിനാണ് പ്രാധാന്യം.

## (c) പ്രവാചകകഥ

മഹാനഗരമായ നിനെവയിൽ ദുഷ്ടത വർദ്ധിച്ചു. അതിനോട് മാനസാന്തര പ്രസംഗം നടത്തുവാനായി യഹോവ യോനായോടു കല്പിച്ചു (1:1–2). കല്പന അനുസരിക്കാതെ യോനാ തർശീശിലേയ്ക്കുള്ള കപ്പലിൽ കയറി. യാത്രാമദ്ധ്യേ കടൽക്ഷോഭം വർദ്ധിച്ചു. കപ്പൽ നശിക്കുമെന്നായി (1:4–11). ചരക്കുകൾ വലിച്ചെറിഞ്ഞു അവർ ഭാരം കുറച്ചു (1:5). യോനയുടെ നിർദ്ദേശപ്രകാരം കപ്പൽക്കാർ യോനയെ കടലിൽ എറിഞ്ഞു (1:12–15). യഹോവ കല്പ്പിച്ചാക്കിയ വലിയ മത്സ്യം യോനയെ വിഴുങ്ങി. മൂന്നു രാവും മൂന്നു പകലും മത്സ്യത്തിന്റെ വയറ്റിൽ കിടന്നു (1:17). യോന മത്സ്യത്തിന്റെ വയറ്റിൽ കിടന്നു നിലവിളിച്ചു. മത്സ്യം യോനയെ കരയ്ക്കു ഛർദ്ദിച്ചു. (2) വീണ്ടും യഹോവയുടെ കല്പന യോനായ്ക്കു ലഭിച്ചു. യോനാ നിനെവയിലേക്ക് ചെന്നു മാനസാനന്തരപ്രസംഗം നടത്തി. അനുതപിച്ചില്ല എങ്കിൽ 40 ദിവസത്തിനകം നിനെവ നശിക്കുമെന്നുള്ള ദൂതു കേട്ടു രാജാവും ജനങ്ങളും മൃഗങ്ങളും എല്ലാം നാല്പതു ദിവസം ഉപവസിച്ചു പ്രാർത്ഥിച്ചു. യഹോവ നിനെവ നഗരത്തിന്റെ അനുതാപം കേട്ട് അതിനെ രക്ഷിച്ചു. (3) യോനായിൽ മാനുഷികചിന്തകൾ ഉണർന്നു. നിനെവയുടെ നാശം കാണാൻ സാധിക്കാത്ത യോനാ മരിക്കാൻ ആഗ്രഹിച്ചു (4:3). ദൈവം തണലിനായി ഒരു ആവണക്ക് മുളപ്പിച്ചു. അതു വാടിപ്പോയപ്പോൾ പ്രവാചകൻ കോപിച്ചു. ക്ഷീണിതനും നിരാശനുമായി മരിപ്പാൻ ആഗ്രഹിച്ചു (4:8). ആവണക്കിൽ നിന്നു യോനായെ ദൈവം ഒരു സത്യം ഗ്രഹിപ്പിച്ചു. ആവണക്കു നശിക്കാതിരിക്കാൻ യോന ആഗ്രഹിച്ചതുപോലെ മഹാനഗരമായ നിനെവയിലെ മനുഷ്യരും മൃഗങ്ങളും നശിക്കുന്നതിൽ ദൈവത്തിനും ഇഷ്ടമില്ല എന്നും ആകയാൽ അവരുടെ അനുതാപഫലമായി അവരെ രക്ഷിച്ചു എന്നും (4:10–11) ഉള്ളതാണ് ആ സത്യം.

യോനാ, നിനെവ,  ഇവ ചരിത്രത്തിൽ നിന്നും മഹാമത്സ്യം, ആവണക്ക് ഇവ പുരാണത്തിൽ നിന്നും ദൈവത്തിന്റെ സാർവത്രിക കാഴ്ചപ്പാടും സകലരുടേയും രക്ഷയും മരിക്കാനാഗ്രഹിച്ച ഏലിയാവിന്റെ ചരിത്രവും (1 രാജാ. 19:4–8) നാഹൂമിന്റെ നിനെവയെക്കുറിച്ചുള്ള വിവരണവും യോവേൽ പ്രവചനത്തിലെ ഉപവാസവും പ്രവചനചരിത്രത്തിൽ നിന്നും എടുത്ത് എല്ലാം കൂടി കൂട്ടിച്ചേർത്തു ചില സത്യങ്ങൾ പഠിപ്പിക്കുവാനായി ഉണ്ടാക്കിയതത്രെ ഈ പ്രവചനകഥ. ഇതു പഴയനിയമത്തിലെ അമൂല്യ ഗ്രന്ഥമാണ്. ഇതിലെ സന്ദേശങ്ങൾ അതിശ്രേഷ്ഠവും ദൈവദർശനം അതിവിശാലവുമാണ്.

## (d) സന്ദേശം

യോനായുടെ കഥയിൽ നിന്നും പല സന്ദേശങ്ങൾ ഗ്രഹിപ്പാനുണ്ട്.

(i) വഷളത്വവും ദുഷ്ടതയും അധർമ്മവും പെരുകുമ്പോൾ ദൈവം അങ്ങനെയുള്ള ദേശത്തെയും ജനതയേയും ശിക്ഷിക്കും.

(ii) അനുതപിക്കുവാൻ ദൈവം ഒരു അവസരം നൽകും. അതു പാഴാക്കാതിരുന്നാൽ രക്ഷ അനുഭവിക്കാം.

(iii) ദൈവത്തിന്റെ വിളിയിൽ നിന്നും പിടിയിൽ നിന്നും ഒഴിഞ്ഞുമാറുവാൻ സാധിക്കുകയില്ല. ഒഴിഞ്ഞുമാറിയാൽ നാശം സംഭവിക്കും. ഒഴിഞ്ഞുമാറാൻ പരിശ്രമിച്ചാൽ അനുതപിച്ചു തിരികെ വരണം.

(iv) ആത്മാർത്ഥമായ ഉപവാസത്തിലും പ്രാർത്ഥനയിലും കൂടെ അനുതപിച്ചാൽ ദൈവകോപം മാറി രക്ഷ ലഭിക്കും.

(v) എല്ലാ ജനതയും ദൈവത്തിന്റേതാണ്. എല്ലാവരെയും രക്ഷിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. രക്ഷ യഹൂദന്മാർക്കു മാത്രമേയുള്ളു എന്ന യാഥാസ്ഥിതിക ചിന്ത തിരുത്തുവാനാണ് ഈ കഥ ആവിഷ്കരിച്ചിരിക്കുന്നത്. ഈ ഉദ്ദേശ്യം തന്നെ രൂത്തിന്റെ പുസ്തകത്തിലും കാണാം. ദൈവസ്നേഹം യിസ്രായേലിനോടു മാത്രമല്ല എല്ലാവരോടുമുള്ളതാണ്. രക്ഷ ഒരു പ്രത്യേക വിഭാഗത്തിന്റേതു മാത്രമല്ല, ദൈവവചനം കേട്ട് അനുസരിച്ച് ദൈവത്തിൽ ജീവിക്കുന്ന എല്ലാവർക്കുമുള്ളതാണ്. അജ്ഞത മൂലം ആരെയും ദൈവം നശിപ്പിക്കുകയില്ല. അറിയുവാൻ ഒരു അവസരം കൊടുക്കും. ലഭിക്കുന്ന അവസരം പാഴാക്കരുത്.

## (e) ദൈവദർശനം

ദൈവത്തെ സംബന്ധിച്ച് ഒരു സാർവത്രിക കാഴ്ചപ്പാടാണ് ഇതിലുള്ളത്. ദൈവം ഏകനാണ്. എല്ലാവരുടേയും ദൈവവും അനുതപിക്കുന്ന എല്ലാവരെയും രക്ഷിക്കുന്നവനുമാണ്. ദൈവത്തിന്റെ അതുല്യ സ്നേഹവും സർവ്വസൃഷ്ടിയേയും രക്ഷിക്കുന്നതിനുള്ള ദൈവത്തിന്റെ ആഗ്രഹവും മനസ്സിലാക്കിയ ഈ ഭക്ത രചയിതാവ് പഴയനിയമ ദൈവദർശനത്തിന്റെ അത്യുന്നതപടിയിൽ നില്ക്കുന്നയാളുകളിൽ ഒരാളാണ്. യഹൂദന്മാരുടെ നിഷ്ഠൂരതയിൽ നിന്നും മനസ്സു തിരിപ്പിക്കാനെഴുതിയ ഇത് അമൂല്യഗ്രന്ഥമാണ്.

### ചോദ്യങ്ങൾ

1. യോവേൽ പ്രവാചകന്റെ പശ്ചാത്തലം, സന്ദേശം, ദൈവദർശനം ഇവയെന്ത്? പുരോഹിത മദ്ധ്യസ്ഥതയുടെ പ്രാധാന്യം എന്ത്?

2. യോനായുടെ പുസ്തകത്തിന്റെ ചരിത്രപരത എന്ത്? സന്ദേശവും ദൈവദർശനവും എന്ത്?

## പാഠം 6

# ദാനിയേൽ

❑ പ്രവചനമോ, വെളിപ്പാടോ ❑ പ്രവചനവും വെളിപ്പാടും തമ്മിലുള്ള വ്യത്യാസം ❑ പുസ്തക പശ്ചാത്തലം ❑ ദാനിയേൽ ❑ സന്ദേശം ❑ ദൈവദർശനം

## (a) ദാനിയേലിന്റെ പുസ്തകം

### പ്രവചനമോ, വെളിപ്പാടോ?

യഹൂദ കാനോനനുസരിച്ചു പ്രവാചകന്മാരുടെ ഗണത്തിലല്ല ദാനിയേലിന്റെ പുസ്തകം ഉൾപ്പെടുത്തിയിരിക്കുന്നത്. ലിഖിതങ്ങളുടെ കൂട്ടത്തിലാണ്. എന്നാൽ സ്പെറ്റ്വജിന്റിൽ പ്രവചന പുസ്തകങ്ങളോടുകൂടിത്തന്നെയാണ്. ബി. സി. 200 ആയപ്പോഴേക്കും എബ്രായ പ്രവചന കാനോൻ രൂപംകൊണ്ടു കഴിഞ്ഞു. ഏകദേശം ബി. സി. നാലാം നൂറ്റാണ്ടോടു കൂടി യിസ്രായേലിൽ പ്രവചനം മിക്കവാറും നിന്നുപോയി. പിന്നെ ക്രിസ്തുവിനുശേഷം ഒന്നാം നൂറ്റാണ്ടു വരെയുള്ള 400 വർഷങ്ങളിലായി പ്രവചന സാഹിത്യത്തിന്റെ തുടർച്ചയെന്നോണം രൂപം കൊണ്ടതാണ് വെളിപ്പാടു സാഹിത്യം. ബി. സി. രണ്ടാം നൂറ്റാണ്ടിൽ എഴുതിയ ദാനിയേലിന്റെ പുസ്തകം ഒരു വെളിപ്പാടു സാഹിത്യമാണ് (Apocalyptic literature). Apocalypcian എന്ന ഗ്രീക്കു വാക്കിന്റെ അർത്ഥം അനാവരണം ചെയ്യുക എന്നാണ്. ഈ കാലഘട്ടങ്ങളിൽ തന്നെയുള്ളതാണ് ജ്ഞാനസാഹിത്യവും (Wisdom literature). ജ്ഞാനസാഹിത്യത്തിന്റെ ഉദാഹരണമാണ് ഈയോബിന്റെ പുസ്തകം. ഗ്രന്ഥകാരനു പറയാനുള്ള കാര്യങ്ങൾ പുരാതന വീരപുരുഷന്മാരുടെ പേരിൽ അവതരിപ്പിക്കുന്ന രീതിയാണ് ഈ രണ്ടു സാഹിത്യത്തിലും കാണുന്നത്.

### പ്രവചനവും വെളിപ്പാടും തമ്മിലുള്ള വ്യത്യാസം

പ്രവചനസാഹിത്യത്തിൽ നിന്നും രൂപംകൊണ്ടതാണ് വെളിപ്പാടു സാഹിത്യമെങ്കിലും ഇവ തമ്മിൽ പല വ്യത്യാസങ്ങൾ ഉണ്ട്.

1. പ്രവാചകന്മാർ ദൈവദൂതിനെ തങ്ങളുടേതായി അറിയിച്ചു.

ദൈവത്തിൽ നിന്നുമുള്ള കാര്യങ്ങൾ അറിയുന്നതിന്റെ ഉത്തരവാദിത്വം പ്രവാചകന്മാർ തന്നെ ഏറ്റെടുത്തു. ആകയാൽ എഴുതിയവരുടെ പേരുകൾ മിക്കവാറും മനസ്സിലാക്കാൻ സാധിക്കും. വെളിപ്പാടു സാഹിത്യകാരന്മാർ ആരും തന്നെ സ്വന്തം പേരു വെളിപ്പെടുത്തിയിട്ടില്ല. പുരാതന വീരപുരുഷന്മാരുടെ പേരുകളിൽ പ്രതീക നിഗൂഢഭാഷയിൽ ആണ് (Symbolic Cryptic language) അവ പ്രസിദ്ധീകരിച്ചിരുന്നത്. ഇതിനു രണ്ടു കാരണങ്ങളാണ്. 1) ജനസമ്മതിയുള്ള പ്രാചീന കഥാനായകന്മാരെ അവതരിപ്പിക്കുമ്പോഴുള്ള അംഗീകാരം. 2) മതപീഡന കാലത്തുള്ളവ ആയതിനാലും ഭരണകൂടത്തിനെതിരായി പറയേണ്ടിവന്നതിനാലും പേരു വെളിപ്പെടുത്താൻ ധൈര്യപ്പെടാഞ്ഞതു ജീവനെ ഭയന്നിട്ടല്ല. മതഭക്തിയോടെ പോരാടേണ്ടിയിരുന്നതുകൊണ്ടാണ്.

2. പ്രവാചകന്മാർ ഭാവികാര്യങ്ങളെക്കുറിച്ചു പറഞ്ഞിട്ടുണ്ടെങ്കിലും പ്രധാനമായി ചരിത്രസംഭവങ്ങളെയും വർത്തമാനകാല പശ്ചാത്തലങ്ങളെയും എടുത്തുകൊണ്ട് അതിലൂടെ ദൈവീക പ്രവർത്തനങ്ങളെ വ്യാഖ്യാനിച്ചു പ്രബോധനം നടത്തുന്നവരായിരുന്നു. വെളിപ്പാടു സാഹിത്യകാരന്മാർ സമകാലീന ചരിത്രത്തിനു പ്രാധാന്യം കൊടുക്കുന്നില്ല. വർത്തമാനകാലത്തെ ചരിത്രത്തിൽ പ്രത്യാശയുള്ളവരും അല്ല. ഭാവിയിൽ ദൈവം അത്ഭുതകരമായി പ്രവർത്തിക്കും എന്നുള്ള ആശ പകർന്നുകൊടുക്കുകയാണ് അവർ പ്രധാനമായും ചെയ്യുന്നത്. പ്രവാചകന്മാർ വർത്തമാനകാല ചുമതലകളെക്കുറിച്ചും ഭാവി വാഗ്ദാനങ്ങളെക്കുറിച്ചും പറഞ്ഞു. വെളിപ്പാടുകാർ ഭാവികാര്യങ്ങൾ സ്ഥലകാല നിർണയത്തോടെ അറിയിച്ചു (ദാനി. 12:12).

3. ഭാഷാപ്രയോഗത്തിലും വ്യത്യാസമുണ്ട്. പ്രവാചകന്മാർ അധിക കാര്യങ്ങളും പ്രത്യക്ഷമായിത്തന്നെ പറഞ്ഞു. ചിലപ്പോൾ പ്രതീകഭാഷയും ആലങ്കാരികഭാഷയും ഉപയോഗിച്ചിട്ടുമുണ്ട്. 'യഹോവ ഇപ്രകാരം അരുളിച്ചെയ്തു' എന്നു പ്രവാചകന്മാർ പറയുമ്പോൾ ഞാൻ കണ്ടു, കേട്ടു എന്നെല്ലാമാണു വെളിപ്പാടുകാർ പറയുന്നത്. പ്രതീകഭാഷയും നിഗൂഢ ഭാഷയും സൂചനാവാക്കുകളും ധാരാളമായി ഉപയോഗിച്ചു. മൃഗങ്ങൾ, സംഖ്യകൾ (ദാനി. 7:3) ഇവയെല്ലാം ധാരാളമായി വെളിപ്പാടിൽ കാണാം. പ്രവാചകന്മാരുടെ ഭാഷ എല്ലാവർക്കും ഗ്രഹിക്കാമായിരുന്നു. വെളിപ്പാടുകാരുടെ ഭാഷ ആർക്ക് എഴുതിയോ അവർക്കു മാത്രമേ ഗ്രഹിക്കുവാൻ സാധിക്കുകയുള്ളു. അതുകൊണ്ട് യഥേഷ്ടമുള്ള വ്യാഖ്യാനം തെറ്റിലേക്കു നയിക്കുവാനിടയുണ്ട്. പുതിയനിയമത്തിലെ ഏക വെളിപ്പാടു സാഹിത്യമായ യോഹന്നാന്റെ വെളിപ്പാടു പുസ്തകവും യഥേഷ്ടം വ്യാഖ്യാനിക്കുമ്പോഴുള്ള തെറ്റു മൂലം അതിന്റെ ഉപയോഗം പോലും സഭ വളരെ പരിമിതപ്പെടുത്തിയിരിക്കുന്നു. നിഗൂഢഭാഷ അനാവരണം ചെയ്യാൻ ഇന്നു സാധിക്കാത്തതു മൂലമാണത്. അല്ലാത്ത ഭാഗങ്ങൾ വളരെ പ്രയോജനപ്രദവുമാണ്.

## പുസ്തക പശ്ചാത്തലം

ബി. സി. രണ്ടാം നൂറ്റാണ്ടാണു പുസ്തകത്തിന്റെ കാലം. ബി. സി. 165 നോടടുത്ത് അന്തിയോക്കസ് എപ്പിഫാനസ്സിന്റെ യഹൂദമത പീഡനത്തിന്റെയും യവന സംസ്കാര മുന്നേറ്റത്തിന്റെയും കാലത്തു രചിച്ചതാണു ഈ പുസ്തകം. ബി. സി. 171 മുതൽ 165 വരെയാണ് എപ്പിഫാനസ്സിന്റെ ഭരണകാലം. 168 മുതൽ 165 വരെ പീഡനകാലവും.

യഹൂദന്മാരും വിജാതീയരും തമ്മിലുള്ള സംഘട്ടനമാണ് പുസ്തകത്തിലെ പശ്ചാത്തലം. ബി. സി. 332 -ൽ പലസ്തീൻ പിടിച്ചടക്കിയ അലക്സാണ്ടർ യവനസംസ്കാരത്തിന്റെ അപ്പോസ്തോലനായിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം സൈന്യത്തലവന്മാർ തമ്മിൽ രാജ്യം പങ്കിട്ടു. ബി. സി. 175 -ൽ സിറിയയിലെ അന്തിയോക്ക്യ കേന്ദ്രമാക്കി എപ്പിഫാനസ്സ് ഭരണം ഏറ്റു. യവനസംസ്കാരം എല്ലാവരിലും അടിച്ചേല്പ്പിക്കുവാൻ ഉൽസാഹിച്ച എപ്പിഫാനസ്സിന്റെ കറുത്തതും ബലിഷ്ഠവുമായ കൈ യഹൂദന്മാരുടെ മേലും വന്നു. ഇതിനെ ചെറുത്തുനിന്ന യഹൂദർ വളരെയധികം പീഡയേറ്റു. അവരുടെ ദേവാലയം നശിപ്പിച്ചു നിന്ദ്യമായ പന്നിയെ ബലി കഴിച്ചു ദേവാലയം അശുദ്ധമാക്കി. 'ശൂന്യമാക്കുന്ന മ്ലേച്ഛത' യെന്നാണ് ഇതിനെക്കുറിച്ചു പറഞ്ഞിരിക്കുന്നത് (11:31; 12:11). യഹൂദസംസ്കാരവും യഹൂദമതവിശ്വാസവും പുലർത്തുവാൻ ആഗ്രഹിച്ചവർ ശക്തിയോടെ പോരാടിയതാണ് മക്കാബിയരുടെ ചരിത്രം. ഈ പോരാട്ടത്തിൽ തളരാതെ നില്ക്കുവാൻ പ്രോത്സാഹിപ്പിക്കുന്നതാണു ദാനിയേലിന്റെ പുസ്തകത്തിന്റെ പശ്ചാത്തലം.

## ദാനിയേൽ

ദാനിയേലിന്റെ പേരിലാണു പുസ്തകം എഴുതിയതെങ്കിലും ദാനിയേൽ ബി. സി. 6 -ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ആളാണ്. ബാബിലോൺ പ്രവാസകാലത്തു പ്രവാസികളായി കൊണ്ടുപോയവരിൽ ഉള്ളയാളായിരുന്നു. 1 ദിന. 3:1 ലും, എസ്രാ 8:2 -ലും ഒരു ദാനിയേലിനെക്കുറിച്ചു പറയുന്നുണ്ട്. ദാനിയേലിനെ സംബന്ധിച്ചു പാരമ്പര്യമായി വിശ്വസിച്ചുപോരുന്ന പല വീരകഥകളും ഉണ്ടായിരുന്നു. അതെല്ലാം യഹോവയായ സത്യദൈവത്തിന്റെ ശക്തിയേയും ദൈവത്തിൽ ആശ്രയിക്കുമ്പോഴുണ്ടാകുന്ന ജ്ഞാനത്തേയും വെളിവാക്കുന്നവയായിരുന്നു.

മേൽപ്പറഞ്ഞ കഥകൾ എല്ലാം കൂട്ടിച്ചേർത്തു, മതപീഡനം സഹിക്കുന്നവർക്കു ശക്തി പകർന്നുകൊടുക്കാനും അങ്ങനെയുള്ളവർക്കു ആശ്വാസവും ബലവും മഹത്വവുമായി സത്യദൈവമുണ്ടെന്നു കാണിക്കുവാനുമായി രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരു ഭക്തനായ യഹൂദശാസ്ത്രി

രചിച്ചതാണിത്. ഗ്രന്ഥകാരനെപ്പറ്റി മറ്റൊന്നും അറിയുവാൻ സാധിക്കുന്നില്ല. പശ്ചാത്തലത്തിൽ നിന്നും കാലനിർണയം മാത്രം നടത്താം.

### സന്ദേശം

ഗ്രന്ഥകാരൻ ആരാണെന്നുള്ളതല്ല പ്രധാനം. അദ്ദേഹത്തിന്റെ സന്ദേശം എന്തായിരുന്നു എന്നുള്ളതാണ്. ആ സന്ദേശം അന്നെന്നപോലെ ഇന്നും പ്രസക്തമാണ്.

ആദ്യത്തെ ആറ് അദ്ധ്യായങ്ങളിൽ കാണുന്നതു ദാനിയേലിന്റെയും സ്നേഹിതന്മാരുടെയും ബാബിലോൺ കൊട്ടാരത്തിലെ അനുഭവത്തെ അടിസ്ഥാനപ്പെടുത്തിയുള്ളവയാണ്. പ്രമാണങ്ങൾ കാത്തുസൂക്ഷിപ്പാൻ ദൈവം ശക്തികൊടുക്കുന്നു. (1) തീച്ചൂളയിൽ നിന്നും (2) സിംഹക്കുഴിയിൽ നിന്നും (3) തന്റെ ഭക്തന്മാരെ രക്ഷിപ്പാൻ കഴിവുള്ളവനാണ് ദൈവം. തന്റെ ഭക്തന്മാർക്കു വിവേകവും, വിജ്ഞാനവും, ബഹുമാനവും, മഹത്വവും, അധികാരവും കൊടുക്കുന്നവനാണ് (2:4, 5). ദൈവത്തിന്റെ നിയമം പാലിക്കുന്നവരെ ദൈവം സംരക്ഷിക്കും.

7 മുതൽ 11 വരെയുള്ള അദ്ധ്യായങ്ങളിൽ കാണുന്ന 4 ദർശനങ്ങളുടെ സാരം, സാമ്രാജ്യങ്ങളുടെ വളർച്ചയും തളർച്ചയും ദൈവരാജ്യത്തിന്റെ ആത്യന്തിക വിജയവുമാണ്. പ്രതീകപ്രയോഗങ്ങളും നിഗൂഢ ഭാഷാശൈലികളും ഈ ഭാഗത്താണു കാണുന്നത്. 7-ാം അദ്ധ്യായത്തിലെ നാലു മൃഗങ്ങളായ സിംഹം, കരടി, പുലി, ഘോരമൃഗം എന്നിവ യഥാക്രമം ബാബിലോൺ, മേദ്യ, പേർഷ്യ, ഗ്രീക്ക് എന്നീ രാഷ്ട്രങ്ങളാണ്. ഘോരമൃഗത്തിന്റെ 10 കൊമ്പുകൾ 10 രാജാക്കന്മാരാണ്. ചെറിയകൊമ്പ് പീഡകനും അഹങ്കാരിയുമായ അന്തിയോക്കസ് എപ്പിഫാനസ്സിനെക്കുറിക്കുന്നു. ഈ സാമ്രാജ്യങ്ങളെയെല്ലാം ദൈവം ന്യായം വിധിക്കുകയും തകർക്കുകയും എല്ലാറ്റിനും മേലായി ദൈവരാജ്യം സ്ഥാപിച്ചു ശക്തിപ്പെടുത്തുകയും തന്റെ ഭക്തന്മാർക്കു പ്രതിഫലം നൽകി ബഹുമാനിക്കുകയും ചെയ്യും. 9-ാം അദ്ധ്യായത്തിൽ കാണുന്ന ദാനിയേലിന്റെ അനുതാപപ്രാർത്ഥന ആർക്കും അനുകരണീയമാണ് (9:4 -19). ദാനിയേൽ സ്വന്തപാപത്തിനു വേണ്ടിയും യിസ്രായേൽ ജനങ്ങൾക്കു വേണ്ടിയും പ്രാർത്ഥിച്ചു (9:20). പ്രവാചക ധർമങ്ങളിൽ പ്രധാനമായ മദ്ധ്യസ്ഥതയാണ് ഇവിടെ കാണുന്നത്. ഇവിടെ വെളിപ്പാടുകാരനേക്കാൾ ഉപരിയായി പ്രവാചകനെയാണു ദാനിയേലിൽ കാണുന്നത്. 12-ാം അദ്ധ്യായം വളരെ പ്രാധാന്യമർഹിക്കുന്നു. മരണാനന്തര ജീവിതത്തെപ്പറ്റി പറയുന്ന പുരാതന പഴയനിയമ ഭാഗമാണിത്. കഷ്ടതയുടെയും പീഡയുടേയും അന്ത്യം മഹത്വമായിരിക്കുമെന്നും ന്യായവിധിക്കായി ഒരു പുനരുത്ഥാനം ഉണ്ടെന്നും പറഞ്ഞിരിക്കുന്നു. എല്ലാവരും ഉയിർത്തെഴുന്നേൽക്കും, നല്ലവർക്കു നിത്യജീവനും ദുഷ്ടന്മാർക്കു നിത്യ ലജ്ജയും ലഭിക്കും (12:2, 13).

അപ്പോക്രിഫാ പുസ്തകത്തിൽ കാണുന്നതും നവീകരണവിഭാഗക്കാർ അംഗീകരിക്കാത്തതുമായ ചില ഭാഗങ്ങൾ കൂടി ദാനിയേലിന്റെ പുസ്തകത്തോടു ചേർന്നുണ്ട്. ദാനിയേലുമായി ബന്ധപ്പെട്ട മൂന്നു കഥകൾ ആണ് ദാനിയേലിന്റെ പുസ്തകത്തിന്റെ അനുബന്ധങ്ങളായി ഗ്രീക്ക് വിവർത്തനത്തിൽ കൊടുത്തിരിക്കുന്നത്.

### 1. മൂന്നു ബാലന്മാരുടെ പാട്ടുകൾ

ദാനിയേൽ 3:23; 24. വാക്യങ്ങൾക്ക് ഇടയിൽ കൂട്ടിച്ചേർത്തിരിക്കുന്നു. അഗ്നിചൂളയിൽ നിന്നു രക്ഷപെട്ട ദാനിയേലിന്റെ സ്നേഹിതരായ മൂന്നു യുവാക്കളും സർവശക്തനായ ദൈവത്തെ സ്തുതിക്കുന്നതാണ് വിഷയം. സങ്കീർത്തനം 103, 148 ഇവയോടു സാമ്യമുള്ളതാണ് ഈ പാട്ടുകൾ. ദൈവം സർവശക്തനും തന്റെ ഭക്തരെ രക്ഷിക്കുന്നവനുമാണ് എന്നു വെളിപ്പെടുത്തുന്നു.

### 2. ദാനിയേലും സൂസന്നയും

പതിവ്രതയായ സൂസന്നയുടെ മേൽ കാമാന്ധനായ രണ്ടു യഹൂദാ മൂപ്പന്മാർ വ്യഭിചാരകുറ്റം ചുമത്തിയപ്പോൾ വിജ്ഞാനിയായ ദാനിയേൽ അവളെ വിസ്തരിച്ചു സത്യാവസ്ഥ മനസ്സിലാക്കി അവളുടെ അപമാനത്തിൽ നിന്നും രക്ഷിക്കുന്നതാണ് സാരം. ദൈവഭക്തന്മാർക്ക് ദൈവം ജ്ഞാനവും വിവേകവും നൽകുമെന്നും സത്യസന്ധരായ തന്റെ മക്കളെ അപമാനത്തിൽ നിന്നും ശിക്ഷയിൽ നിന്നും രക്ഷിക്കുമെന്നും കാണിക്കുന്നു.

### 3. ദാനിയേലും, ബേൽ ദേവനും, മഹാസർപ്പവും

ബേൽ ദേവനും, മഹാസർപ്പവും ദൈവമല്ലെന്നു ദാനിയേൽ തെളിയിക്കുന്നതാണ് കഥകൾ. യഹോവ മാത്രമാണു സത്യദൈവമെന്നു തെളിയിച്ചിരിക്കുന്നു. വിഗ്രഹാരാധനയെ പരിഹസിക്കുക എന്ന ലക്ഷ്യത്തോടെ എഴുതിയതാണ്.

### ദൈവദർശനം

വളരെ ലളിതമെങ്കിലും ഗഹനമായ ദൈവദർശനമാണ് ദാനിയേലിന്റെ പുസ്തകത്തിൽ കാണുന്നത്. ഏകദൈവ വിശ്വാസത്തിന്റെ ഊന്നലാണു പ്രധാനം. യഹോവ മാത്രമാണു സത്യദൈവം. ദൈവത്തിനു വേണ്ടി അനുഭവിക്കുന്ന കഷ്ടതകൾക്കു പ്രതിഫലം നൽകുന്ന ദൈവദർശനം കഷ്ടപ്പെടുന്ന ദൈവമക്കൾക്കു പ്രത്യാശ പകർന്നുകൊടുക്കുന്നതാണ്. എല്ലാ ശക്തികൾക്കും മേലായി ദൈവം തന്റെ ശക്തിയെ സ്ഥാപിക്കുന്നു. തന്റെ ഭക്തന്മാർക്കു ദിവ്യജ്ഞാനം നൽകി രഹസ്യങ്ങൾ വെളിപ്പെടുത്തുവാൻ

പ്രാപ്തരാക്കുന്ന ദൈവത്തെയാണ് ഇതിൽ കാണുന്നത്. ഈ ലോകത്തിൽ വച്ചു പ്രതിഫലം ലഭിക്കണമെന്നില്ല. അങ്ങനെയെങ്കിൽ അതിനുള്ള സാദ്ധ്യത പുനരുത്ഥാനത്തിലാണ്. ന്യായവിധിക്കായി ദൈവം എല്ലാവരേയും ഉയിർപ്പിക്കുന്നു (12:2, 13).

സ്വർഗസ്ഥനായ ദൈവം (2:18), മഹാദൈവം (2:45) അത്യുന്നതനായ ദൈവം (4:2), ജീവനുള്ള ദൈവം (6:20) ദൈവാധി ദൈവവും കർത്താധി കർത്താവും എന്നിങ്ങനെ വിശേഷിപ്പിച്ചിരിക്കുന്നു. ദൈവം മദ്ധ്യവർത്തികളായ ദൂതന്മാരിൽക്കൂടി പ്രവർത്തിക്കുന്നു (3:28b, 6:22). മനുഷ്യരുടെ അനുതാപത്തിൽ മനസ്സലിയുന്നു (9:20). അവിടുന്നു സകല വംശങ്ങളാലും ജാതികളാലും ആരാധിക്കപ്പെടുന്നവനാണ് (7:13-14).

## ക്രൈസ്തവസഭയിലുള്ള സ്ഥാനം

ദാനിയേലിന്റെ പുസ്തകത്തിനു ക്രൈസ്തവസഭയിൽ വലിയ സ്ഥാനമുണ്ടായിരുന്നു. ആദിമസഭയ്ക്കും വളരെ പീഡ അനുഭവിക്കേണ്ടി വന്നതിനാൽ ശക്തി പകർന്നുകൊടുക്കാൻ മതിയായിരുന്നു ഈ പുസ്തകം. പഴയനിയമ പുതിയനിയമ ഇടക്കാല വേളയിൽ ഉടലെടുത്ത പല ആശയങ്ങളും ഇതിലുണ്ട്. അവ ക്രൈസ്തവ പാരമ്പര്യത്തിലും കാണാം. 'മനുഷ്യപുത്രൻ' (ദാനി. 7:13, മത്തായി 20:64) 'ശൂന്യമാക്കുന്ന മ്ലേച്ഛത' (ദാനി. 11:13, മർക്കോ. 13:14) തുടങ്ങിയ പ്രയോഗങ്ങൾ ക്രൈസ്തവ പാരമ്പര്യത്തിലുണ്ട്. ദൈവഭക്തിക്കു മുമ്പിൽ ലോകശക്തിക്കു നിലനില്ക്കാൻ കഴിയുകയില്ല എന്ന സത്യം ഗ്രഹിക്കുവാൻ ഇതു സഹായിച്ചു. ദൂതന്മാരെക്കുറിച്ചും (6:22) പുനരുത്ഥാനത്തെക്കുറിച്ചും (12:2) മരണാനന്തര പ്രതിഫലത്തെക്കുറിച്ചും (12:13) ഉള്ള ക്രൈസ്തവ ചിന്തകൾക്ക് അടിസ്ഥാനം ഇതിൽ കാണാം.

## ചോദ്യങ്ങൾ

1. വെളിപാടു സാഹിത്യത്തിന്റെ പ്രത്യേകത എന്ത്? പ്രവചനത്തിൽ നിന്നും എങ്ങനെ വ്യത്യസ്തപ്പെട്ടിരിക്കുന്നു?
2. ദാനിയേലിന്റെ പുസ്തകത്തിന്റെ പശ്ചാത്തലവും സന്ദേശവും ദൈവദർശനവും എന്ത്?